# ഐതിഹ്യമാല 10

## കൊട്ടാരത്തിൽ ശങ്കുണ്ണി



# ഐതിഹ്യമാല

(ഭാഗം 10)

കൊട്ടാരത്തിൽ ശങ്കുണ്ണി

സായാഹ്ന ഫൗണ്ടേഷൻ
തിരുവനന്തപുരം
2020

**Aithihyamāla**
Malayalam myths and legends
by **Koṭṭārathil Śankuṇṇi**
First published: 1909

First PDF/WIKI version published: 2013
Second PDF/WIKI version published: 2017
Current PDF FOR PHONE version published: 2020

These electronic versions are released under the provisions of Creative Commons Attribution Share Alike license for free download and usage.

The electronic versions were generated from sources available at WikiSource, futher marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. A cloud based framework namely, ഇതൾ (ITHAL) has been used to process the documents and generate various output formats.

The base font used was traditional script of Rachana, contributed by KH Hussain, *et al.*, and maintained by Rachana Institute of Typography. The font used for Latin script was TeX Gyre Pagella developed by GUST, the Polish TeX Users Group.

Cover: Reconstruction, a painting by Paul Klee (1879–1940). The image is taken from Wikimedia Commons and is gratefully acknowledged.

Illustrations in this book are created by Abijith KA, Padur, Palakkad, Kerala.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014

URL: http://www.sayahna.org

# ഉള്ളടക്കം


ഉള്ളടക്കം . . . . . . . . . . . . . . . . . . . . . . . . . . . iv

പ്രസ്താവന . . . . . . . . . . . . . . . . . . . . . . . . . . . v

കൊട്ടാരത്തിൽ ശങ്കുണ്ണി . . . . . . . . . . . . . . . . . . vi

91 പനയന്നാർ കാവ് . . . . . . . . . . . . . . . . . . 1

92 ഉത്രം തിരുനാൾ തിരുമനസ്സുകൊണ്ടും കഥകളിയോഗവും . . . . . . . . . . . . . . . . . . . . . 2

93 കപ്ലിങ്ങാട്ടു നമ്പൂരിയും ദേശമംഗലത്തു വാര്യരും . . . . . . . . . . . . . . . . . . . . . . . . . . . . 4

94 വിജയാദ്രി മാഹാത്മ്യം . . . . . . . . . . . . . 5

95 നടുവിലേപ്പാട്ട് ഭട്ടതിരി . . . . . . . . . . . . . . 7

96 ആറന്മുള ദേവനും മങ്ങാട്ടു ഭട്ടതിരിയും . . 10

97 മുണ്ടേമ്പിള്ളി കൃഷ്ണമാരാർ . . . . . . . . . . . . 11

98 മണ്ണാറശ്ശാല മാഹാത്മ്യം . . . . . . . . . . . . 13

99 ഒരു സ്വാമിയാരുടെ ശാപം . . . . . . . . . . 15

100 പുല്ലങ്കോട്ട് നമ്പൂരി . . . . . . . . . . . . . . . . . . 16

# പ്രസ്താവന

മലയാള ഭാഷയുടെ പരിഷ്കാരാഭിവൃദ്ധികൾക്കായി സർവ്വാത്മനാ പരിശ്രമിച്ചു കൊണ്ടിരുന്ന മഹാനും 'മലയാള മനോരമ' പത്രം, 'ഭാഷാപോഷിണി' മാസിക എന്നിവയുടെ നിർമ്മാതാവുമായ പരേതനായ കെ. ഐ. വർഗീസുമാപ്പിള അവർകൾ കോട്ടയത്തു വന്നു സ്ഥിരതാമസം തുടങ്ങിയ കാലം മുതൽ ആജീവനാന്തം അദ്ദേഹം ഭാഷാവിഷയമായി ചെയ്തിട്ടുള്ള പരിശ്രമങ്ങളെല്ലാം എന്നെക്കൂടി ഒരു ഭാഗഭാക്കാക്കി വെച്ചുകൊണ്ടാണ് ഇരുന്നിരുന്നതെന്നുള്ള വാസ്തവം അദ്ദേഹത്തെയും എന്നെയും പറ്റി അറിവുള്ളവർക്കൊക്കെ അറിയാവുന്നതാണ്. ഞങ്ങൾ രണ്ടുപേരുംകൂടി മനോരമ ആപ്പീസിലിരുന്നു പത്രസംബന്ധമായും മറ്റും ഓരോന്ന് എഴുതുക, വായിക്കുക, തിരുത്തുക മുതലായി അന്നന്നു തീർക്കേണ്ടുന്ന ജോലികൾ ചെയ്തു തീർത്താൽ പകലേ നാലുമണിക്കുശേഷം കുറച്ചു സമയം സൈ്വരസല്ലാപം ചെയ്തു വിശ്രമിക്കുന്നതിനുകൂടി അദ്ദേഹം നിശ്ചയിച്ചിരുന്നു. ആ സമയത്ത് അദ്ദേഹത്തിന്റെയും എന്റെയും സ്നേഹിതന്മാരും സരസന്മാരുമായി ചില മാന്യന്മാർകൂടി വന്നുചേരുകയും പതിവായിരുന്നു. അങ്ങനെ ഞങ്ങൾ എല്ലാവരുംകൂടി ചില നേരമ്പോക്കുകളും ഫലിതങ്ങളും പറഞ്ഞു രസിച്ചുകൊണ്ടിരുന്ന മദ്ധ്യേ പ്രസംഗവശാൽ ഒന്നുരണ്ടു ദിവസം ഞാൻ ചില ഐതിഹ്യങ്ങൾ പറയുകയും അവ വറുഗീസുമാപ്പിള അവർകൾക്കു വളരെ രസിക്കുകയും അതിനാൽ പിന്നെയും ചിലപ്പോൾ വല്ല ഐതിഹ്യങ്ങളും പറയുന്നതിന് അദ്ദേഹം ആവശ്യപ്പെടുകയും ഞാൻ പറയുകയും ചെയ്തു. ക്രമേണ മിക്കവാറും അതൊരു പതിവായിത്തീരുന്നു. അങ്ങനെ കുറച്ചുകാലം കഴിഞ്ഞപ്പോൾ ഒരു ദിവസം മിസ്റ്റർ വറുഗീസുമാപ്പിള, "ഈ ഐതിഹ്യങ്ങളെല്ലാം ഇങ്ങനെ വെറുതെ പറഞ്ഞുകളഞ്ഞാൽ പോരാ, ഇവയിൽ അനേകം നേരമ്പോക്കുകളും അതിശയോക്തികളും അസംബന്ധങ്ങളും ഉണ്ടെങ്കിലും നാം അറിഞ്ഞിരിക്കേണ്ടുന്നവയായ പല തത്ത്വങ്ങളും സാരാംശങ്ങളുംകൂടിയുണ്ട്. അതിനാൽ ഇവയെല്ലാം ഒന്നെഴുതണം. നമുക്കു മനോരമയിലും ഭാഷാപോഷിണിയിലുമായി പ്രസിദ്ധപ്പെടുത്താം. ഏതു തരം വായനക്കാർക്കും ഈവക ഐതിഹ്യങ്ങൾ രുചിക്കാതെവരുമെന്നു തോന്നുന്നില്ല. സാരാംശങ്ങൾ ഗ്രഹിക്കാൻ ശക്തിയുള്ളവർ അവയെ ഗ്രഹിക്കും. അതില്ലാത്തവർ നേരമ്പോക്കിനായിട്ടെങ്കിലും ഈവക ഉപന്യാസങ്ങൾ വായിക്കാതെ ഇരിക്കുകയില്ല" എന്നു പറയുകയും മറ്റു ചില മാന്യന്മാർ അതിനെ അനുസരിച്ചു പറയുകയും ചെയ്തു. അതിന്റേശേഷം യഥാവസരം ഞാൻ ചില ഐതിഹ്യോപന്യാസങ്ങൾ എഴുതാനും മിസ്റ്റർ വർഗീസുമാപ്പിള അവയെ യഥായോഗ്യം 'മനോരമ'യിലും 'ഭാഷാപോഷിണി' മാസികയിലുമായി പ്രസിദ്ധപ്പെടുത്താനും തുടങ്ങി. ആ ശേഖരത്തിൽ ഞാൻ എഴുതിയ 'പറയിപെറ്റ പന്തിരുകുലം' എന്ന ഉപന്യാസം 1073-ൽ കുംഭം, മീനം, മേടം എന്നീ മാസങ്ങളിലെ 'ഭാഷാപോഷിണി' മാസികയിൽ ചേർത്തു പ്രസിദ്ധപ്പെടുത്തിയിരുന്നു. അതിനെപ്പറ്റി ആയിടയ്ക്ക് ഒരു 'യോഗ്യൻ' ഒരു വർത്തമാനപത്രത്തിൽ, "ഭാഷാപോഷിണീസഭവകമാസിക മിസ്റ്റർ വറുഗീസുമാപ്പിളയുടെയും കൊട്ടാരത്തിൽ ശങ്കുണ്ണി അവർകളുടെയും തറവാട്ടുവക അല്ലാത്തതിനാൽ കേവലം നിസ്സാരങ്ങളും യാതൊരുപയോഗവുമില്ലാത്തവയുമായ 'പറയിപെറ്റ പന്തിരുകുലം' എന്നും മറ്റുമുള്ള ഉപന്യാസങ്ങൾ അതിൽ ചേർക്കുന്നതു ന്യായമല്ല. മിസ്റ്റർ ശങ്കുണ്ണിയുടെ ഈവക ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിയതിലേക്കു ചെലവായിട്ടുള്ള കടലാസ്സുകളുടെ വിലയും അച്ചടിക്കൂലിയും ശങ്കുണ്ണി അവർകളിൽനിന്ന് ഈടാക്കി, 'കേരളപാണിനീയ'ത്തെപ്പറ്റിയും മറ്റും പ്രൗഢങ്ങളായ ലേഖനങ്ങളെഴുതുന്ന ശേഷഗിരിപ്രഭു അവർകൾക്കു കൊടുക്കേണ്ടതാണ്" എന്നു പ്രസ്താവിച്ചിരിക്കുന്നതായി കണ്ടു. എങ്കിലും അതിനുമുമ്പായിത്തന്നെ കേരളവർമ്മ വലിയ കോയിത്തമ്പുരാൻ സി. എസ്സ്. ഐ. തിരുമനസ്സുകൊണ്ടു മുതലായ പല മഹാന്മാരും പ്രൗഢലേഖനകർത്താവായ ശേഷഗിരിപ്രഭു എം. ഏ. അവർകൾതന്നെയും മിസ്റ്റർ വറുഗീസുമാപ്പിളയുടെ പേർക്ക് "കൊട്ടാരത്തിൽ ശങ്കുണ്ണി അവർകൾ എഴുതുന്ന 'പറയിപെറ്റ പന്തിരുകുലം' മുതലായ ലേഖനങ്ങൾ സരസങ്ങളും സാരസംയുക്തങ്ങളുമായിരിക്കുന്നു. ഈ വക ഐതിഹ്യങ്ങൾ ഒരു കാലത്തു വളരെ വിലയുള്ളവയായിരുന്നതും ഇവയിൽ നിന്ന് നമുക്ക് അനേകം തത്ത്വങ്ങൾ ഗ്രഹിക്കാവുന്നതുമാണ്. അതിനാൽ മിസ്റ്റർ ശങ്കുണ്ണിയെ ഉത്സാഹിപ്പിച്ച് ഈ വക ലേഖനങ്ങൾ കഴിയുന്നതും വിസ്തരിച്ച് എഴുതിക്കാൻ നിങ്ങൾ ശ്രമിച്ചാൽ കൊള്ളാം" എന്നും മറ്റും എഴുതിയയച്ചിരുന്ന അനേകം എഴുത്തുകൾ ഞാൻ കണ്ടിട്ടുള്ളതിനാൽ മേല്പറഞ്ഞ 'യോഗ്യ'ന്റെ അഭിപ്രായപ്രകടനം എനിക്ക് ഇച്ഛാഭംഗത്തിനോ നിരുത്സാഹതയ്ക്കോ കാരണമായിട്ടില്ല. അതിനാൽ വീണ്ടും ഞാൻ ഓരോന്ന് എഴുതിക്കൊണ്ടും മിസ്റ്റർ വറുഗീസുമാപ്പിള അവയെ പ്രസിദ്ധപ്പെടുത്തിക്കൊണ്ടുമിരുന്നു.

മനോരമയിലേക്ക് എന്നുദ്ദേശിച്ച് എഴുതുന്ന ലേഖനങ്ങൾ പത്രത്തിനെ സ്ഥലദൌർലഭ്യം വിചാരിച്ച് ഞാൻ അധികം വിസ്തരിക്കാതെ ചുരുക്കി എഴുതുന്നതു കണ്ടിട്ട് ഒരിക്കൽ മിസ്റ്റർ വറുഗീസുമാപ്പിള, "ഈ വക ഐതിഹ്യങ്ങൾ ചുരുക്കി എഴുതിയാൽ നന്നായിരിക്കുകയില്ല. കഴിയുന്നതും വിസ്തരിച്ചുതന്നെ എഴുതിക്കൊള്ളൂ. പത്രത്തിൽ സ്ഥലം മതിയാകാതെ വന്നാൽ രണ്ടോ മൂന്നോ ലക്കങ്ങളിലായി തുടരെ ചേർത്തു പ്രസിദ്ധപ്പെടുത്താമല്ലോ. ഇവയെല്ലാംകൂടി ചേർത്ത് ഒടുക്കം ഒരു പുസ്തകമാക്കി പ്രസിദ്ധപ്പെടുത്തണമെന്നുകൂടി ഞാൻ വിചാരിച്ചിട്ടുണ്ട്. അതിനാൽ ഒട്ടും ചുരുക്കണമെന്നില്ല" എന്നു പറഞ്ഞു. അപ്പോൾ ഞാൻ "ഇതു പുസ്തകമാക്കണമെങ്കിൽ എല്ലാം മാറ്റിയെഴുതണമല്ലോ. ഇപ്പോൾ ഞാൻ ഇവയെല്ലാം ലേഖനരീതിയിലാണല്ലോ എഴുതിയിരിക്കുന്നത്" എന്നു പറഞ്ഞു. അതിന് വറുഗീസ് മാപ്പിള അവർകൾ, "മാറിയെഴുതുകയൊന്നും വേണ്ട. പുസ്തകമാകുമ്പോൾ കുറച്ചുകൂടി പ്രൌഢതയും അർത്ഥഗാംഭീര്യവും ചമത്കാരവുമൊക്കെ ഉണ്ടായിരുന്നാൽ കൊള്ളാം. എങ്കിലും ഈ രീതിയിൽത്തന്നെ ഇരുന്നാലും പോരെന്നില്ല. പിന്നെ പുസ്തകമായി അച്ചടിക്കുന്ന കാലത്തു വല്ലതും തിരുത്തണമെന്നു തോന്നിയാൽ നമുക്ക് അങ്ങിനെയും ചെയ്യാമല്ലോ. അതൊക്കെ അപ്പോൾ നിശ്ചയിക്കാം. ഇപ്പോൾ ഈ രീതിയിൽതന്നെ കഴിയുന്നതും വിസ്തരിച്ചെഴുതിക്കോളൂ; അതു മതി" എന്നാണ് മറുപടി പറഞ്ഞത്. അതിനാൽ ഞാൻ അതില്പിന്നെ എഴുതിയ ഉപന്യാസങ്ങൾ എല്ലാം ചുരുക്കാതെയും മുൻരീതിയിൽത്തന്നെയുമാണ്. എങ്കിലും വറുഗീസുമാപ്പിള അവർകളുടെ അകാല നിര്യാണം നിമിത്തം എന്റെ ഉപന്യാസങ്ങൾക്കു പുസ്തകരൂപേണ പുറത്തുവരാനുള്ള ഭാഗ്യം ഏതത്കാലപര്യന്തം സിദ്ധിച്ചിട്ടില്ല. മിസ്റ്റർ വറുഗീസുമാപ്പിളയുടെ വിയോഗത്തോടുകൂടി ഈവക ഉപന്യാസങ്ങളെഴുതുവാൻ എനിക്ക് തീരെ ഉത്സാഹമില്ലാതെയായി. എങ്കിലും ചില ഉപന്യാസങ്ങൾ അതിൽ പിന്നീടും ഞാൻ എഴുതീട്ടുണ്ട്. വറുഗീസുമാപ്പിള അവർകൾ കുറച്ചുകാലംകൂടി സ്വസ്ഥശരീരനായി ജീവിച്ചിരുന്നെങ്കിൽ ഞാൻ ഈവക ഉപന്യാസങ്ങൾ ഇതിലധികമായി എഴുതുന്നതിനും അവയെല്ലാം ഇതിനുമുമ്പു പുസ്തകാകൃതിയിൽ പുറത്തുവരുന്നതിനും ഇടയാകുമായിരുന്നു എന്നുള്ളതിനു സംശയമില്ല. വറുഗീസുമാപ്പിള അവര്കൾ കഴിഞ്ഞതിന്റെ ശേഷം ഈ ഉപന്യാസങ്ങൾ പുസ്തകരൂപേണ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തണമെന്നോ ആരെങ്കിലും പ്രസിദ്ധപ്പെടുത്തുമെന്നോ ഉള്ള വിചാരം ഒരിക്കലും ലേശംപോലും എനിക്കുണ്ടായിരുന്നില്ല.

അങ്ങനെയിരിക്കുമ്പോൾ ഇക്കഴിഞ്ഞ മകരമാസത്തിൽ 'ലക്ഷ്മീഭായി' എന്ന മാസികയുടെ മാനേജരായ വെള്ളായ്ക്കൽ നാരായണമേനോനവർകൾ എന്റെ ഈവക ഉപന്യാസങ്ങൾ അദ്ദേഹം പ്രസിദ്ധപ്പെടുത്തിവരുന്ന 'ലക്ഷ്മീഭായിഗ്രന്ഥാവലി'യിൽ ചേർത്തു പുസ്തകരൂപേണ പ്രസിദ്ധപ്പെടുത്തുന്നതിന് എനിക്ക് സമ്മതമുണ്ടോ എന്ന് എന്നോട് എഴുതിച്ചോദിക്കുകയും അതിന് ഞാൻ സന്തോഷസമേതം സമ്മതിച്ചു മറുപടി അയച്ചുകൊടുക്കുകയും ചെയ്തു. ഞാൻ മനോരമയിലും ഭാഷാപോഷിണിയിലും മറ്റും എഴുതീട്ടുള്ള ഐതിഹ്യോപന്യാസങ്ങളെല്ലാം ശേഖരിക്കുന്നതിന് അദ്ദേഹത്തിന് സൌകര്യമില്ലാത്തതിനാൽ അതുകൂടി ഞാൻ ചെയ്താൽ കൊള്ളാമെന്ന് അദ്ദേഹം വീണ്ടും എഴുതി അയയ്ക്കുകയാൽ ഈ ഒന്നാംഭാഗം പുസ്തകത്തിലേക്ക് ആവശ്യപ്പെട്ട ഇരുപത്തൊന്ന് ഉപന്യാസങ്ങൾ ഞാൻ ഉടനെ ശേഖരിച്ച് അയച്ചു കൊടുക്കുകയും ചെയ്തു. എന്നാൽ എന്റെ ഇതര കൃതികളുടെ ബാഹുല്യം നിമിത്തം അവയെ ആകപ്പാടെ മാറ്റിയെഴുതി ശരിപ്പെടുത്തുന്നതിന് എനിക്ക് സാധിച്ചില്ല. സ്വല്പമായി ചില ഭേദഗതികൾ വരുത്തി ക്രമപ്പെടുത്തുന്നതിനു മാത്രമേ തരപ്പെട്ടുള്ളൂ. അതിനാൽ വാചക രീതിയിലും മറ്റും ഇതിൽ കാണുന്ന ന്യൂനതകൾ സജ്ജനങ്ങളായ വായനക്കാർ ക്ഷമിച്ചുകൊള്ളുമെന്നു വിശ്വസിക്കുന്നു.

ഇത്രയും പറഞ്ഞുകൊണ്ട് 'ഐതിഹ്യമാല' എന്ന ഈ പുസ്തകത്തിൽക്കാണുന്ന ഉപന്യാസങ്ങൾ ഞാൻ പലപ്പോഴായി എഴുതുകയും മലയാളമനോരമ, ഭാഷാപോഷിണി മാസിക മുതലായവയിൽ ചേർത്തു പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുള്ളവയാണെന്നും ഇവയെ ഇപ്പോൾ ഇപ്രകാരം അച്ചടിപ്പിച്ചു പുറത്തിറക്കീട്ടുള്ളത് ഭാഷാപോഷണാർത്ഥം പല പ്രകാരത്തിൽ പരിശ്രമിച്ചുകൊണ്ടിരിക്കുന്ന എന്റെ പ്രിയമിത്രമായ വെള്ളായ്ക്കൽ നാരായണമേനോനവർകളാണെന്നും സ്പഷ്ടമായിട്ടുണ്ടല്ലോ. എന്നാൽ ഇതിൽ ഇരുപത്തൊന്നാമതായി ചേർത്തിരിക്കുന്ന 'കിടങ്ങൂർ കണ്ടങ്കോരൻ' എന്ന ആനയെക്കുറിച്ചുള്ള ഉപന്യാസം 'വിദ്യാവിനോദിനി' എന്നു പ്രസിദ്ധിയോടുകൂടി പ്രചരിച്ചിരുന്ന മാസികയിലേക്ക് ഞാൻ 'ഭക്തപ്രിയൻ' എന്ന പേരുവച്ച് എഴുതിയയയ്ക്കുകയും 1078 തുലാത്തിലെ വിനോദിനിയിൽ ചേർത്തു പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. ഇപ്രകാരം ഞാൻ എഴുതുകയും മനോരമയിലും ഭാഷാപോഷിണിയിലും മറ്റും ചേർത്തു പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുള്ളവയും ഈ ഒന്നാം ഭാഗത്തിൽ ഉൾപ്പെടാത്തവയുമായി ഇനി ചില ഉപന്യാസങ്ങൾകൂടിയുണ്ട്. ഈ ഒന്നാംഭാഗം വായനക്കാർക്കു രുചിക്കുന്നപക്ഷം അവയെല്ലാംകൂടി ചേർത്ത് രണ്ടാംഭാഗമായി ഒരു പുസ്തകംകൂടി പ്രസിദ്ധപ്പെടുത്താൻ ഈ പ്രസാധകൻതന്നെ വിചാരിച്ചിട്ടുണ്ടെന്നുള്ള വിവരവും വായനക്കാരെ അറിയിച്ചുകൊണ്ടും എന്റെ ഈ ഉപന്യാസങ്ങളെ ഇപ്രകാരം പുസ്തകരൂപേണ പ്രസിദ്ധപ്പെടുത്തുകയും ഇതിൽ എന്റെ ജീവചരിത്രസംക്ഷേപംകൂടി എഴുതിച്ചുചേർക്കുകയും ചെയ്തിട്ടുള്ളതിൽ പ്രസാധകന്റെ പേരിൽ എനിക്കുള്ള കൃതജ്ഞത സീമാതീതമായിരിക്കുന്നു എന്നുള്ള വാസ്തവംകൂടി പ്രസ്താവിച്ചുകൊണ്ടും ഈ പ്രസ്താവനയെ ഇവിടെ സമാപിപ്പിച്ചുകൊള്ളുന്നു.

കോട്ടയം　　　　　　　　　　　　കൊട്ടാരത്തിൽ ശങ്കുണ്ണി
5-9-1084 (17-4-1909)

# കൊട്ടാരത്തിൽ ശങ്കുണ്ണി



കൊല്ല വർഷം 1030 മീനം 23-ന (ക്രി. വ. 1855 മാർച്ച് 23) കോട്ടയത്ത് വാസുദേവനുണ്ണിയുടെ രണ്ടാമത്തെ പുത്രനായി ജനിച്ചു. യഥാർത്ഥ പേര് വാസുദേവൻ. അച്ഛന്റെ പേരും ഇതുതന്നെയായിരുന്നതിനാൽ ആദ്യം തങ്കു എന്നും പിന്നീട് തങ്കു മാറി 'ശങ്കു' എന്നും വിളിപ്പേരു വന്നു. ജാതിപ്പേരായ ഉണ്ണി ചേർത്ത് പിൽക്കാലത്ത് ശങ്കുണ്ണി എന്നു പ്രസിദ്ധനായി. പത്തുവയസ്സുവരെ ആശാന്മാരുടെ വീടുകളിൽ ചെന്നു പഠിച്ചു (സ്കൂൾ വിദ്യാഭ്യാസം ഉണ്ടായിട്ടില്ല). പതിനേഴാമത്തെ വയസ്സിൽ മണർകാട്ട് ശങ്കരവാര്യരിൽ നിന്നും 'സിദ്ധരൂപം'പഠിച്ചു. പിന്നീട് വയസ്കര ആര്യൻ നാരായണം മൂസ്സതിൽനിന്ന് രഘുവംശം, മാഘം, നൈഷധം തുടങ്ങിയ കാവ്യങ്ങളും സഹസ്രയോഗം, ഗുണപാഠം, ചികിത്സാക്രമം, അഷ്ടാംഗഹൃദയം തുടങ്ങിയ പാരമ്പര്യവൈദ്യശാസ്ത്രഗ്രന്ഥങ്ങളും പഠിച്ചു. 1881-ൽ ഗൃഹഭരണം ഏറ്റെടുക്കേണ്ടി വന്നതോടെ ഗുരുവിനെ വിട്ട് പഠനം സ്വയം തുടർന്നു.

കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ നിർബന്ധത്തിനു വഴങ്ങിയാണ് 36-മത്തെ വയസ്സിൽ (1891) സുഭദ്രാഹരണം മണിപ്രവാളം എഴുതിയത്. പിന്നീട് കേശവദാസചരിതം രചിച്ചതും തമ്പുരാന്റെ നിർബന്ധത്താലായിരുന്നു. 1881 മുതൽ പന്ത്രണ്ടു വർഷത്തോളം ശങ്കുണ്ണി വിദേശീയരായ ബ്രിട്ടീഷ് ഉദ്യോഗസ്ഥരേയും മറ്റും മലയാളം പഠിപ്പിക്കുവാൻ തുടങ്ങി. 1893-ൽ മാർ ദിവാന്നാസ്യോസ് സെമിനാരി ഹൈസ്കൂളിലെ ആദ്യ മലയാളം മുൻഷിയായി ജോലിയിൽ പ്രവേശിക്കുന്നതുവരെ ഇതായിരുന്നു അദ്ദേഹത്തിന്റെ പ്രധാന വരുമാനമാർഗ്ഗം. അതിനിടെ അദ്ദേഹം തന്റെ വിവിധങ്ങളായ സാഹിതീസപര്യയ്ക്കു തുടക്കം കുറിച്ചു. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കവി കേരളവർമ്മ വലിയകോയിത്തമ്പുരാൻ തുടങ്ങിയ പ്രമുഖരുമായി അക്കാലത്ത് ഏറെ ഇടപഴകി. ആയിടെ കണ്ടത്തിൽ വറുഗീസ് മാപ്പിള കോട്ടയത്തു തുടങ്ങിവെച്ച മലയാള മനോരമയിലും (1888) ഭാഷാപോഷിണിസഭയിലും (1892) സഹകരിച്ചു. കൊ. വ. 1073 (1898) മുതൽ ഐതിഹ്യമാലയുടെ രചന തുടങ്ങി. വറുഗീസ് മാപ്പിളയുടെ പ്രേരണ മൂലം മനോരമയിലും ഭാഷാപോഷിണിയിലും ഖണ്ഡശഃ പ്രസിദ്ധീകരിക്കാനായിട്ടായിരുന്നു ഐതിഹ്യമാല തുടങ്ങിവെച്ചതെങ്കിലും പിന്നീട് ഏതാണ്ട് ശങ്കുണ്ണിയുടെ മരണം വരെ രചന തുടർന്നു പോന്ന ഒരു പുസ്തകപരമ്പരയായി ഐതിഹ്യമാല മാറി.

തിരുവിതാംകൂർ, കൊച്ചി, ബ്രിട്ടീഷ് മലബാർ എന്നീ രാജസദസ്സുകളിൽ നിന്നും എണ്ണമറ്റ സ്ഥാനങ്ങളും സമ്മാന അദ്ദേഹത്തെ തേടി എത്തി. ഇക്കൂട്ടത്തിൽ 1904-ൽ കൊച്ചി രാജാവ് സമ്മാനിച്ച 'കവിതിലകം' എന്ന സ്ഥാനവും സ്വർണ്ണമെഡലും എടുത്തുപറയേണ്ടതാണ്.

മലയാളസാഹിത്യസോപാനത്തിന്റെ ഉത്തുംഗശീർഷങ്ങളിലേക്ക് സ്വപ്രയത്നം ഒന്നുകൊണ്ടുമാത്രം അടിവെച്ചു കയറിയ ആ സ്ഥിരോത്സാഹി 1937 ജൂലൈ 22-ന (1112 കർക്കടകം 7-ന്) ഇഹലോകവാസം വെടിഞ്ഞു.

കൊ. വ. 1048-ൽ ശങ്കുണ്ണിയുടെ മാതാവു മരിച്ചു. കൊ. വ. 1056-ൽ കഴിച്ച ആദ്യവിവാഹത്തിലെ ഭാര്യ ഒരു വർഷത്തിനുള്ളിൽ മരണമടഞ്ഞു. പിന്നീട് 1062-ൽ പുനർവിവാഹം ചെയ്തു. സന്താനലബ്ധിയില്ലാഞ്ഞ് 1081-ൽ മൂന്നാമതൊരിക്കൽ കൂടി അദ്ദേഹം വിവാഹം ചെയ്തു. രണ്ടാം ഭാര്യ 1083-ൽ മരിച്ചു. അനപത്യതാവിമുക്തിയ്ക്കു വേണ്ടി 1090-ൽ ഏവൂർ പനവേലി കൃഷ്ണശർമ്മയുടെ രണ്ടാമത്തെ പുത്രൻ വാസുദേവൻ ഉണ്ണിയെ ദത്തെടുത്തു വളർത്തി.

ശങ്കുണ്ണിയുടെ മൂന്നാമത്തെ പത്നി ക്രി. വ. 1973 ഫെബ്രുവരി 23-നും ദത്തുപുത്രൻ വാസുദേവനുണ്ണി 1973 ഡിസംബർ 3-നും നിര്യാതരായി. വാസുദേവനുണ്ണിയുടെ ഏകപുത്രൻ നാരായണനൻ ഉണ്ണി പിന്നീട് കുടുംബത്തിന്റെ കാരണവരായി തുടർന്നു.


മണിപ്രവാള കൃതികൾ, നാടകങ്ങൾ, പരിഭാഷകൾ, കല്പിതകഥകൾ, ആട്ടക്കഥകൾ, കിളിപ്പാട്ട്, കൈകൊട്ടിപ്പാട്ട്, തുള്ളൽപ്പാട്ട്, വഞ്ചിപ്പാട്ട് ഗദ്യപ്രബന്ധങ്ങൾ എന്നീ വിഭാഗങ്ങളിലായി അറുപത് കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ട്.

## പനയന്നാർ കാവ്

കേരളത്തിലുള്ള ഭദ്രകാളീക്ഷേത്രങ്ങളിൽവെച്ച പ്രാഥമ്യവും പ്രാധാന്യവും തിരുമാന്ധാംകുന്ന കാവ്, കൊടുങ്ങല്ലൂർക്കാവ്, പനയന്നാർ കാവ് എന്നിവയ്ക്കാണെന്നുള്ളതു പ്രസിദ്ധമാണല്ലോ. ഈ ക്ഷേത്രങ്ങൾ ആകൃതിയിലും മറ്റും ഏകദേശം തുല്യങ്ങളായിട്ടാണ കാണപ്പെടുന്നത്. എന്നാൽ ഇവയിൽ പ്രാധാന്യം തിരുമാന്ധാംകുന്നിനാണെന്ന ബ്രിട്ടീഷ് മലബാറിലുള്ളവരും അതല്ല, കുരുംബക്കാവിനാണെന്ന കൊച്ചിക്കാരും അതുമല്ല, പനയന്നാർ കാവിനാണെന്ന തിരുവിതാംകൂറിലുള്ളവരും വിചാരിക്കുകയും പറയുകയും ചെയ്തുപോരുന്നുണ്ട്. ഇതു സ്വദേശാഭിമാനം കൊണ്ടെന്നല്ലാതെ മറ്റൊന്നും വിചാരിക്കാനുണ്ടെന്ന തോന്നുന്നില്ല. പനയന്നാർകാവു സ്ഥിതിചെയ്യുന്നത് തിരുവിതാംകൂർ സംസ്ഥാനത്തു തിരുവല്ലാത്താലൂക്കിൽ പരുമലദേശത്താണ്.

ഇവിടെ കടപ്രദേശത്തു "ശ്രായിക്കൂർ" (ചിറവായിൽ) എന്നൊരു കോവിലക(രാജമന്ദിര)മുണ്ട്. അവിടേക്കു പണ്ടു ദേശാധിപത്യവും നാട്ടുവാഴ്ചയുമുണ്ടായിരുന്നു. ആ കോയിക്കലെ തമ്പുരാൻ പണ്ട് പരദേശത്തു പനയന്നൂർ(പനയൂർ)ക്കാവിൽപ്പോയി ഭഗവതിയെ സേവിച്ചു പ്രത്യക്ഷമാക്കി, തന്നോടുകൂടി തന്റെ ദേശത്തു വന്നു തന്റെ കുടുംബപരദേവതയായിക്കുടിയിരിക്കണമെന്ന് അപേക്ഷിക്കുകയും അതിനു മറുപടിയായി ഭഗവതി, "നിങ്ങൾ മുമ്പേ പൊയ്ക്കൊള്ളണം. ഞാൻ എന്റെ അച്ഛന്റെ അടുക്കൽ വന്നുകൊള്ളാം. ഞാൻ അവിടെ വരുന്ന സമയം എന്തെങ്കിലും അടയാളം കാണും. അപ്പോൾ എന്നെ അവിടെ യഥാവിധി കുടിയിരുത്തിക്കൊള്ളണം" എന്നരുളിച്ചെയ്യുകയും ചെയ്തു.

കടപ്രദേശത്തു മേല്പറഞ്ഞ ചിറവായിൽക്കോവിലകമിരിക്കുന്ന സ്ഥലത്തിന്റെ കിഴക്കുവശം നദിയാണ്. ആ നദിയുടെ കിഴക്കേക്കരയിൽ നാലുവശവും ഒരു തുരുത്തും അതിന്റെ പടിഞ്ഞാറേ അറ്റത്തു നദീതീരത്തു തന്നെ പശ്ചിമാഭിമുഖമായി പരശുരാമനാൽ പ്രതിഷ്ഠിക്കപ്പെട്ട ശിവന്റെ ഒരു ക്ഷേത്രവുമുണ്ട്. ഭദ്രകാളിയുടെ പിതൃസ്ഥാനം വഹിക്കുന്നത് ശിവനാകയാൽ ദേവി അരുളിച്ചെയ്തതിന്റെ സാരം താൻ ഈ ക്ഷേത്രസന്നിധിയിൽ വന്നുകൊള്ളാമെന്നാണെന്നു മനസ്സിലാക്കിക്കൊണ്ടു തമ്പുരാൻ തിരിച്ചു പോരികയും ശിവന്റെ ക്ഷേത്രത്തിൽ ചുറ്റമ്പലത്തിനകത്തുതന്നെ ദേവിയെ പ്രതിഷ്ഠിക്കുന്നതിനു വേണ്ടുന്ന സ്ഥലങ്ങളൊക്കെ ഉണ്ടാക്കിച്ചുകൊണ്ടു കാത്തിരിക്കുകയും ചെയ്തു.



അങ്ങനെയിരുന്നപ്പോൾ ഒരു വെള്ളിയാഴ്ചനാൾ അർദ്ധരാത്രിസമയത്തു കിഴക്കുനിന്ന് ഏറ്റവും വലിയതായ ഒരഗ്നിഗോളം ആകാശമാർഗ്ഗേണ പടിഞ്ഞാട്ടു മേല്പറഞ്ഞ ശിവക്ഷേത്രത്തിന്റെ അടുക്കൽ നിന്നിരുന്ന ഒരു കരിമ്പനയുടെ അഗ്രഭാഗംവരെ വരുന്നതും അവിടെ അത് സ്വല്പനേരം ജ്വലിച്ചുകൊണ്ടിരിക്കുന്നതും പലരും കണ്ടു. അതു ഭഗവതിയുടെ വരവാണെന്നു വിശ്വസിച്ചു തമ്പുരാൻ അടുത്ത ഒരു ദിവസം ശുഭമുഹൂർത്തത്തിൽ ഭഗവതിയെ സപരിവാരം പ്രതിഷ്ഠിപ്പിച്ചു. ഭഗവതിയെ ആ ക്ഷേത്രത്തിൽ ഒരു സ്ഥലത്തു മാത്രമല്ല പ്രതിഷ്ഠിച്ചത്. പടിഞ്ഞാട്ടു ദർശനമായി അവിടെ പരശുരാമൻ ഒരു ശിവലിംഗം പ്രതിഷ്ഠിച്ചിട്ടുണ്ടെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ആ ശിവന്റെ ശ്രീകോവിലിനു തെക്കുവശത്തു തിടപ്പള്ളി സ്ഥാനത്ത് മാതൃശാലയോടു ചേർത്തുതന്നെ കിഴക്കോട്ട് ദർശനമായിട്ടാണ് ദേവിയെ ആദ്യം പ്രതിഷ്ഠിച്ചത്. ആ പ്രതിഷ്ഠ ഭഗവതി ദാരുകവധോദ്യുക്തയായി ഏറ്റവും കോപത്തോടുകൂടി യുദ്ധഭൂമിയിൽ നിന്നിരുന്ന ആ ധ്യാനത്തോടുകൂടിയായിരുന്നതിനാൽ ദേവി അവിടെ അത്യുഗ്രമൂർത്തിയായിത്തീർന്നു. പിന്നെ ഭഗവതിയുടെ പ്രതിഷ്ഠ വടക്കോട്ട് ദർശനമായി ഒന്നു കൂടി നടത്തിച്ചു. അതു ദാരുകവധാനന്തരം ദേവി രക്താഭിഷിക്തശരീരയായി, കോപവേപിതഗാത്രിയായി യുദ്ധഭൂമിയിൽ നിന്നിരുന്ന ആ ധ്യാനത്തോടുകൂടിയായിരുന്നു. അതിനാൽ അവിടെയും ദേവി ഏറ്റവും ഭയങ്കരിയായിത്തന്നെയാണ് പരിണമിച്ചത്. ഈ പ്രതിഷ്ഠ പ്രതിഷ്ഠാമാതൃക്കളുടെ കൂട്ടത്തിൽ വീരഭദ്രൻ, ഗണപതി എന്നീ മൂർത്തികളോടുകൂടിയാണ്. ഈ ബിംബത്തിങ്കലാണ് ഭഗവതിക്കു ചാന്താട്ടം മുതലായവ നടത്തുന്നത്.

ഇത്രയും പറഞ്ഞതുകൊണ്ട് ഈ ക്ഷേത്രത്തിന്റെ ഏകദേശമായ ഒരു സ്വരൂപജ്ഞാനം വായനക്കാർക്കു സിദ്ധിക്കുമെന്നു വിശ്വസിക്കുന്നു. തിരുമാന്ധാംകുന്നിലോ കൊടുങ്ങല്ലൂർ കാവിലോ പോയിട്ടുള്ളവർക്ക് ആ രണ്ടു സ്ഥലങ്ങളിലെ ക്ഷേത്രവും ഈ ക്ഷേത്രവും തമ്മിലുള്ള പ്രധാന വ്യത്യാസം ആ രണ്ടു സ്ഥലത്തും ശിവന്റെ പ്രതിഷ്ഠ കിഴക്കോട്ടു ദർശനമായിട്ടും ഇവിടെ പടിഞ്ഞാട്ടു ദർശനമായിട്ടുമാണെന്നുള്ളതു മാത്രമാണെന്നു ഊഹിക്കാവുന്നതാണ്. ഇവിടെ ശിവന്റെ ശ്രീകോവിലിനു നേരെ പടിഞ്ഞാറുവശത്ത് ഒരു ബലിക്കൽപ്പുരയുള്ളതു കൂടാതെ ഭഗവതിയുടെ നടയ്ക്കുനേരെ വടക്കുവശത്തും ഒരു ബലിക്കൽപ്പുരയുണ്ട്. വടക്കുവശത്തു കൂടി ബലിക്കൽപ്പുര ഇവിടെ വിശേഷിച്ചുള്ളതാണ്.

വിധിപ്രകാരം പ്രതിഷ്ഠ നടത്തുകയും ക്രമപ്രകാരം പതിവായി പൂജാദികൾ നടത്തിത്തുടങ്ങുകയും ചെയ്യുകയാൽ ഇവിടെ ഭഗവതിയുടെ സാന്നിദ്ധ്യവും ശക്തിയും ക്രമത്തിലധികം വർദ്ധിക്കുകയാൽ പകൽ സമയത്തു പോലും കാവിൽപ്പോകുവാൻ ജനങ്ങൾ ഒന്നു നടുങ്ങാത്തവരായി ഭൂലോകത്തിലെങ്ങുമില്ലെന്നായിത്തീർന്നു. അവിടുത്തെ സ്ഥിതി വിചാരിച്ചാൽ ഇതൊരത്ഭുതമല്ലതാനും. വെള്ളിയാഴ്ച, ചൊവ്വാഴ്ച മുതലായ ദിവസങ്ങളിൽ അർദ്ധരാത്രി സമയത്തും മറ്റും അവിടെ ചില ഭയങ്കരശബ്ദങ്ങളും മറ്റും കേൾക്കുക കാലക്രമേണ സാധാരണമായിത്തീർന്നു. ദാരുകനുമായിട്ടുണ്ടായ യുദ്ധസമയത്തു ദേവി യുദ്ധഭൂമിയിങ്കൽ ശോഭിച്ചതിനെ മാർക്കണ്ഡേയ മഹർഷി വർണ്ണിച്ചിരിക്കുന്നത്:

"വേതാളീമുഖകന്ദരാദ്വിഗളിതൈ-
രുച്ചണ്ഡഹുങ്കാരവൈർ
ഭൂതപ്രേതപിശാചികാകിലകിലാ-
രാവൈർമ്മഹാഭൈരവൈഃ
കോദണ്ഡോത്കടശിഞ്ജിനീഝണഝണ-
പ്രധ്വാനകോലാഹലൈർ
ഭേരീദുന്ദുഭിതൈശ്ച സന്ധുതജഗ-
ച്ചക്രം ബഭ ചൗണ്ഡികാ"

എന്നാണല്ലോ. ഈ സ്ഥിതിയിലാണ് ദേവി അവിടെ വിളയാടിത്തുടങ്ങിയത്. പിന്നെ മനുഷ്യർ ഭയപ്പെടാതെയിരിക്കുന്നതെങ്ങനെയാണ്? പനയന്നാർ കാവിലെ സ്ഥിതി ഇപ്രകാരമെല്ലാമായിത്തീർന്നപ്പോഴേക്കും ദൈവഗത്യാ അവിടെ ഒരു വെളിച്ചപ്പാടുമുണ്ടായിത്തീർന്നു. അതു ജനങ്ങൾക്ക് ഏറ്റവും ആശ്വാസകാരണമായിത്തന്നെ ഭവിച്ചു. വെളിച്ചപ്പാടുണ്ടായതായി അറിഞ്ഞ് ജനങ്ങൾ സങ്കടമറിയിക്കുന്നതിനും കല്പന കേൾക്കുന്നതിനുമായി നടയിൽ കൂടി മുട്ടുപാടിരുന്നു. ഈ ജനങ്ങളുടെ കൂട്ടത്തിൽ അഗ്രേസരനായിരുന്നത് ചിറവായിൽകോവിലകത്തു തമ്പുരാനായിരുന്നുവെന്നുള്ളതു വിശേഷിച്ചു പറയണമെന്നില്ലല്ലോ. ജനങ്ങൾ സ്വല്പനേരം മുട്ടുപാടിരുന്നപ്പോൾ വെളിച്ചപ്പാടു തുള്ളി വന്നു. ഉടനെ തമ്പുരാൻ, "ഈ ദേശത്തുള്ള ജനങ്ങളെ രക്ഷിക്കാനായിട്ടാണ് ദേവിയെ സേവിച്ചു സന്തോഷിപ്പിച്ച് ഇവിടെക്കൊണ്ടുവന്നു മുറയ്ക്കു പ്രതിഷ്ഠ മുതലായവ നടത്തിച്ചു പൂജിച്ചു സേവിച്ചുകൊണ്ടിരിക്കുന്നത്. എന്നാലിപ്പോൾ ഈ ദിക്കിലുള്ള ജനങ്ങൾക്കു പേടിച്ചിട്ടു പുറത്തിറങ്ങിസ്സഞ്ചരിക്കാനെന്നല്ല, രാത്രികാലങ്ങളിൽ അവരവരുടെ ഗൃഹങ്ങളിൽ കിടന്നുറങ്ങാൻപോലും നിവൃത്തിയില്ലാതെയായിരിക്കുന്നു. ഇതിലേക്ക് എന്തെങ്കിലും സമാധാനമുണ്ടാക്കിത്തന്ന് ഈ ജനങ്ങളെ രക്ഷിക്കണമെന്ന് വിനയപൂർവ്വം അപേക്ഷിച്ചുകൊള്ളുന്നു" എന്നറിയിച്ചു. അതിനു മറുപടിയായി വെളിച്ചപ്പാട് (ഭഗവതിയുടെ നിലയിൽ) "ഇവിടെ നടത്തിച്ച പ്രതിഷ്ഠ, കലശം മുതലായവകൊണ്ടും പതിവായി നടത്തിവരുന്ന പൂജകൾകൊണ്ടും ഞാൻ അത്യന്തം സന്തുഷ്ടയായിരിക്കുന്നു. ഞാനിവിടെ ജനങ്ങളെ ഉപദ്രവിക്കുകയോ ഭയപ്പെടുത്തുകയോ ചെയ്യുന്നില്ല. ഒരിക്കലും അങ്ങനെയൊന്നും ചെയ്യുകയുമില്ല. എന്നാൽ ഞാൻ ഇങ്ങോട്ടു പോന്നപ്പോൾ എന്റെ പരിവാരങ്ങളും ഇങ്ങോട്ടു പോന്നു. അവരിവിടെ വന്നിട്ട് ഇതുവരെ അവർക്കു യാതൊന്നും ആരും കൊടുത്തില്ല. അതിനാലവർ ക്ഷുൽപിപാസാദികൾകൊണ്ട് ഏറ്റവും പരവശരായിരിക്കുന്നു. വിശപ്പും ദാഹവും സഹിക്കവയ്യാതെയായിട്ട് അവർ കിടന്നു നിലവിളിക്കുന്ന ശബ്ദമാണ് ഇവിടെ ജനങ്ങൾക്ക് ഭീതികരമായിരിക്കുന്നത്. അവർ മനുഷ്യരെ ഭയപ്പെടുത്തുകയല്ലാതെ മറ്റുവിധത്തിൽ ഉപദ്രവിക്കാതെ ഇതുവരെ അടങ്ങിപ്പാർത്തിട്ടുള്ളത് ഞാൻ പിടിച്ചുനിർത്തീട്ടാണ്. ഇനി അവർ ഞാൻ തടുത്താലും നില്ക്കുമെന്നു തോന്നുന്നില്ല. അവർ വിശപ്പും ദാഹവും തീർക്കുന്നതിനായി ഇവിടെ നിന്ന് ഇറങ്ങിപ്പോയാൽ പിന്നെ ഈ ദിക്കിലെങ്ങും ഒരുത്തരേയും വെച്ചേക്കുകയില്ല. അതിനാൽ അവരെ തൃപ്തിപ്പെടുത്താനായി എന്തെങ്കിലും ഉടനെ ചെയ്തുകൊള്ളണം. ഇനിയും അതിനു താമസിക്കുന്നപക്ഷം പിന്നെ എന്നോടു സങ്കടം പറഞ്ഞാലും യാതൊരു ഫലവുമുണ്ടാകുന്നതല്ല" എന്നു കല്പിച്ചു. അപ്പോൾ തമ്പുരാനും ജനങ്ങളും പരിവാരങ്ങളെ തൃപ്തിപ്പെടുത്താനായി ഇവിടെ എന്താണ് ചെയ്യേണ്ടതെന്നുകൂടി കല്പിക്കണം എന്ന് അപേക്ഷിച്ചു. അതിനു മറുപടിയായി വെളിച്ചപ്പാടു കല്പിച്ചത്, "ഇവിടെ ആന, ആട്, കോഴി മുതലായവയെ വെട്ടി നാല്പത്തൊന്നു ദിവസം കുരുതി നടത്തണം. ഒടുവിൽ പന്ത്രണ്ടു ദിവസം നരബലികൂടി വേണം. നരബലിക്കു കന്യകമാരായിരിക്കുന്ന സ്ത്രീകളെയാണ് വെട്ടേണ്ടത്. ഇങ്ങനെ ആണ്ടുതോറും നാല്പത്തൊന്നു ദിവസം ചെയ്തുകൊണ്ടിരുന്നാൽ എന്റെ പരിവാരങ്ങളായ ഭൂതപ്രേതപിശാചാദികളെലാം തൃപ്തിപ്പെട്ടുകൊള്ളും. പിന്നെ അവർ ആരെയും ഭയപ്പെടുത്തുകയും ഉപദ്രവിക്കയും ഒന്നും ചെയ്യുകയില്ല" എന്നാണ്. അങ്ങിനെ തമ്പുരാനും ജനങ്ങളും സമ്മതിക്കുകയും അധികം താമസിയാതെ മേൽപറഞ്ഞ പ്രകാരം നാല്പത്തൊന്നു ദിവസത്തെ കുരുതി നടത്തുകയും അങ്ങനെ ആണ്ടു തോറും നടത്തിക്കൊണ്ടിരിക്കുകയും ചെയ്തു. അതിനാൽ മുമ്പുകേട്ടിരുന്ന ഭയങ്കരശബ്ദങ്ങൾ കേൾക്കാതെയാവുകയും ജനങ്ങളുടെ ഭയം ഒരുവിധം ശമിക്കുകയും ചെയ്തു. അക്കാലം മുതൽ ബാധോപദ്രവമുള്ളവരും രോഗബാധിതന്മാരും സന്താനാർത്ഥികളും മറ്റുമായ ജനങ്ങൾ പനയന്നാർ കാവിൽച്ചെന്നു ഭജിക്കുകയും വഴിപാടുകൾ കഴിക്കുകയും സകലാഭീഷ്ടങ്ങളും സാധിക്കുകയും ചെയ്തു തുടങ്ങി. പനയന്നാർകാവിൽച്ചെന്നു ഭജിച്ചാൽ സകല കാര്യങ്ങളും സാധിക്കുമെന്ന ഒരു വിശ്വാസം ജനങ്ങളുടെ ഇടയിൽ ഉണ്ടായിത്തീരുകയും അത് ലോകപ്രസിദ്ധമായിത്തീരുകയും ചെയ്തു.

ഇങ്ങനെയിരുന്ന കാലത്ത് ഒരിക്കൽ ഒരു വലിയ കൊമ്പനാന അമ്പലപ്പുഴെ ശ്രീകൃഷ്ണസ്വാമിയുടെ ക്ഷേത്രത്തിന്റെ മതിൽക്കകത്തു വെച്ചു ചരിഞ്ഞു (മരിച്ചു). ആനകൾ ചരിഞ്ഞാൽ ചരിയുന്ന സ്ഥലത്തു തന്നെ കുഴിച്ചുമൂടുകയല്ലാതെ അതിനെ മറ്റൊരു സ്ഥലത്തുകൊണ്ടുപോയി മറവുചെയ്യുക പതിവില്ലല്ലോ. ആനകളുടെ മൃതശരീരം വെട്ടിമുറിച്ചു ഖണ്ഡങ്ങളാക്കാതെ ഒന്നായി മറ്റൊരു സ്ഥലത്തേക്കു കൊണ്ടുപോകുവാൻ സാധിക്കുകയുമില്ല. എന്നാൽ ചെമ്പകശ്ശേരി രാജാവിന് ആനയെ ക്ഷേത്രത്തിന്റെ മതിൽക്കകത്തുതന്നെ മറവുചെയ്യുന്നതിനും അതിനെ അവിടെ ഇട്ടു വെട്ടി മുറിക്കുന്നതിനും സമ്മതമില്ലായിരുന്നു. അതിനാൽ ആനയുടെ മൃതശരീരം അവിടെനിന്നു മാറ്റുന്നതിന് എന്താണ് വേണ്ടതെന്ന് അവിടെ ആലോചനയായി. അപ്പോൾ ഒരാൾ "പനയന്നാർ കാവിൽച്ചെന്നു മുട്ടു പാടിരുന്നാൽ വെളിച്ചപ്പാടു തുള്ളുകയും ഇതിലേക്കെന്തെങ്കിലും നിവൃത്തി മാർഗ്ഗം ഉണ്ടാക്കിത്തരികയും ചെയ്യും" എന്നു രാജസന്നിധിയിൽ അറിയിച്ചു. ഉടനേ രാജാവിന്റെ ആളുകൾ കല്പനപ്രകാരം പനയന്നാർകാവിൽച്ചെന്നു മുട്ടുപാടിരിക്കുകയും വെളിച്ചപ്പാടു തുള്ളിവന്നപ്പോൾ സങ്കടമറിയിക്കുകയും ചെയ്തു. അപ്പോൾ വെളിച്ചപ്പാട്, "ജനങ്ങൾ എന്നെ പരീക്ഷിച്ചു തുടങ്ങിയിരിക്കുന്നു. ആട്ടെ, ഇതും എനിക്കു സന്തോഷം തന്നെ. എന്നാൽ പോകാം" എന്നു കല്പിക്കുകയും അമ്പലപ്പുഴെ നിന്ന് വന്നിരുന്നവരോടൊരുമിച്ച് ആ സ്ഥലത്തുചെന്ന് ആനയെ വിളിച്ച് എണീപ്പിച്ച് നടത്തി വാടത്തോട്ടിനപ്പുറത്താക്കുകയും ചെയ്തു. ദേവസങ്കേതസ്ഥലത്തിന്റെ അതിർത്തിയായ വാടത്തോടു കടന്നുകഴിഞ്ഞപ്പോൾ ആന അവിടെ വീഴുകയും ചെയ്തു. വെളിച്ചപ്പാടിന്റെ ഈ അത്ഭുതപ്രവൃത്തികണ്ടു രാജാവും ജനങ്ങളും വിസ്മയപരവശന്മാരായിത്തീരുകയും പനയന്നാർ കാവിൽ ഭഗവതിയെക്കുറിച്ച് അവർക്ക് അളവില്ലാതെ ഭക്തിയും വിശ്വാസവുമുണ്ടായിത്തീരുകയും ചെയ്തു. അതിനാൽ ചെമ്പകശ്ശേരി രാജാവു പനയന്നാർ കാവു ദേവസ്വം വകയ്ക്കു മുന്നൂറ്റിയറുപത്തിയഞ്ചു പറ പുഞ്ചനിലം കര മൊഴിവായി പതിച്ചുകൊടുക്കുകയും സ്വർണ്ണരചിതങ്ങളും, രത്നഖചിതങ്ങളുമായ അനേകം തിരുവാഭരണങ്ങൾ നടയ്ക്കുവെയ്ക്കുകയും ചെയ്തു. ആ തിരുവാഭരണങ്ങളെല്ലാം "ചെമ്പകശ്ശേരി വക" എന്നു പേരു വെട്ടിയിട്ടുള്ളത് ഇന്നും കാണ്മാനുണ്ട്. പുഞ്ചക്കണ്ടം ഇന്നു ദേവസ്വം വക കൈവശാനുഭവത്തിൽത്തന്നെയിരിക്കുന്നുണ്ട്.

അമ്പലപ്പുഴ നാടു പിടിച്ചടക്കി തിരുവിതാംകൂറിനോടു ചേർത്തതിന്റെ ശേഷം ചെമ്പകശ്ശേരിവക എന്നു പേരു വെട്ടിയ ചില തിരുവാഭരണങ്ങൾ പനയന്നാർകാവിലുണ്ടെന്നു മനസ്സിലാവുകയാൽ രാമയ്യൻ ദളവ അവകൂടി കൈവശപ്പെടുത്തി തിരുവിതാംകൂർ മഹാരാജാവിന്റെ ഭണ്ഡാരത്തിലാക്കണമെന്നു വിചാരിച്ച് അതിലേക്ക് ചില ശ്രമങ്ങൾ ചെയ്തു തുടങ്ങി. ആ ശ്രമം തുടങ്ങിയപ്പോൾത്തന്നെ രാമയ്യനു പനിയാരംഭിക്കുകയും അത് അതികഠിനമായ വസൂരിദീനമായിപ്പരിണമിക്കുകയും ചെയ്തു. ദീനമുള്ള ദിക്കുകളിൽ സഞ്ചരിക്കുകയോ ദീനക്കാരെ കാണുകയോ യാതൊന്നും ചെയ്യാതെ തനിക്ക് ഈ ദീനം വരാൻ കാരണമെന്തെന്ന് രാമയ്യൻ പ്രശ്നം വെപ്പിച്ചു നോക്കിയപ്പോൾ പനയന്നാർകാവിൽ ഭഗവതിയുടെ മുതലെന്തോ അപഹരിക്കണമെന്ന് വിചാരിക്കുകയാൽ ഭഗവതിക്ക് വിരോധം ഉണ്ടായിരിക്കുന്നുവെന്നും അതിനാലാണ് ഈ രോഗമുണ്ടായിരിക്കുന്നതെന്നും പ്രശ്നക്കാരൻ വിധിച്ചു. അതിനാൽ രാമയ്യൻ ദളവ തന്റെ തെറ്റിന് ചില പ്രായശ്ചിത്തങ്ങൾ മനസ്സുകൊണ്ട് നിശ്ചയിച്ചിട്ട് പനയന്നാർ കാവിലേക്കു ചില ആളുകളെ അയച്ചു. രാമയ്യന്റെ ആളുകൾ ചെന്നപേക്ഷിക്കുകയാൽ പനയന്നാർകാവിലെ വെളിച്ചപ്പാടു തുള്ളി മാവേലിക്കര രാമയ്യൻ കിടന്നിരുന്ന സ്ഥലത്തുചെന്ന് അദ്ദേഹത്തിന്റെ ദേഹത്തിൽ ഭസ്മമിട്ടു. രാമയ്യന്റെ ദേഹത്തിൽ ആപാദചൂഡം ഒരുപോലെ പുറപ്പെട്ടിരുന്ന കുരുക്കൾ തൽക്ഷണം മാഞ്ഞുപോവുകയും രണ്ടു മൂന്നു ദിവസം കൊണ്ട് അദ്ദേഹത്തിനു പൂർണ്ണസുഖം സിദ്ധിക്കുകയും അദ്ദേഹം കളിച്ചു പനയന്നാർകാവിൽ ചെന്നു തൊഴുത് താൻ നിശ്ചയിച്ചിരുന്ന പ്രായശ്ചിത്തവും വഴിപാടുകളുമെല്ലാം നടത്തുകയും ചെയ്തു. മാർത്താണ്ഡവർമ്മ മഹാരാജാവു തിരുമനസ്സുകൊണ്ട് ഈ വിവരമറിഞ്ഞ് പനയന്നാർകാവു ദേവസ്വത്തിലേക്കു നിലവും പുരയിടവും ഏതാനം സ്ഥലവും (ഇപ്പോഴത്തെ അളവുപ്രകാരം ആറേക്കർ) കരമൊഴിവായി പതിച്ചുകൊടുക്കുന്നതിന് കല്പിച്ചു ചട്ടം കെട്ടുകയും ചെയ്തു. ഇതിലേക്ക് എഴുതിയ നീട്ടു ഉല്യം ചാർത്തിയത് കൊല്ലം 926-ആമാണ്ടു മീനമാസം 11-ആം തീയതി ആണെന്നു കാണുന്നു.

തദനന്തരം പാർവ്വതീമഹാരാജ്ഞി നാടുവാണിരുന്നപ്പോൾ ദിവാനായിരുന്ന മൺറോ സായ്പവർകൾ പനയന്നാർകാവിലെ തിരുവാഭരണങ്ങളെല്ലാമൊന്നു കാണണമെന്നു നിശ്ചയിച്ചു. അത് അനാവശ്യമാണെന്നും അതിനുപോയാൽ ആപത്തുണ്ടായേക്കാമെന്നും മറ്റും ചിലർ പറഞ്ഞിട്ടും സമ്മതിക്കാതെ സായ്പവർകൾ സർക്കീട്ടായി മാവേലിക്കരെ ചെന്നിരുന്നപ്പോൾ തിരുവാഭരണങ്ങളെല്ലാം അവിടെ കൊണ്ടുചെല്ലുന്നതിന് പനയന്നാർകാവിലെ ദേവസ്വകാര്യാന്വേഷണക്കാരുടെ പേർക്ക് എഴുതിയയച്ചു. ദിവാന്റെ ഉത്തരവിനെ വകവെയ്ക്കാതെയിരിക്കുന്നതു യുക്തമല്ലല്ലോ എന്നു വിചാരിച്ചു ദേവസ്വക്കാർ തിരുവാഭരണങ്ങളെല്ലാം പെട്ടികളിലാക്കി എടുപ്പിച്ചുകൊണ്ട് മാവേലിക്കരെ സായ്പവർകൾ താമസിക്കുന്ന സ്ഥലത്തു ചെന്നു. ഉടനെ സായ്പവർകൾ പെട്ടികളൊക്കെ തുറക്കാൻ ആജ്ഞാപിച്ചു. ഒരു പെട്ടി തുറക്കുകയും സായ്പവർകൾ അതിനകത്തേക്കു നോക്കുകയും അദ്ദേഹം ബോധംകെട്ടു നിലത്തു വീഴുകയും ഒരുമിച്ചു കഴിഞ്ഞു. പിന്നെ മൂന്നേമുക്കാൽ നാഴിക കഴിഞ്ഞതിനുശേഷമാണ് സായ്പവർകൾക്ക് ബോധം വീണത്. ബോധക്ഷയം നീങ്ങി എണീറ്റയുടനെ സായ്പവർകൾ താൻ ചെയ്ത തെറ്റിന് പ്രായശ്ചിത്തമായി ആയിരം പണം കൊടുത്തിട്ട് പെട്ടികളെലാം പൂട്ടി ഉടനെ മടക്കിക്കൊണ്ടു പൊയ്ക്കൊള്ളുന്നതിന് അനുവദിക്കുകയും ദേവസ്വക്കാർ ഉടനെ അപ്രകാരം ചെയ്യുകയും ചെയ്തു. ഒരാണ്ടിൽ പതിവുപോലെ കാളിയൂട്ടു (കുരുതി) നടത്തി നാല്പത്തൊന്നാം ദിവസം നരബലിക്കായി കൊണ്ടു ചെന്നിരുന്ന കന്യകയെ വെട്ടാനായി ആയുധമെടുത്ത് ഓങ്ങിയ സമയം അവൾ സന്തോഷഭാവത്തോടുകൂടി ചിരിച്ചു. ഉടനെ വെളിച്ചപ്പാടു തുള്ളിവന്ന് "അവളെ കൊല്ലണ്ട; അവൾ എന്റെ പരിചാരികയായി പാർത്തുകൊള്ളട്ടെ. അവളിൽ നിന്നുണ്ടാകുന്ന സന്താനപരമ്പരകളും എന്റെ പരിചാരകവൃത്തിയിൽത്തന്നെ ജീവിച്ചുകൊള്ളട്ടെ. ഇനി ഇവിടെ ആൾവെട്ടിക്കുരുതി ഒരിക്കലും വേണ്ട. എന്റെ കിഴക്കേ നട ഉടനെ അടച്ചുകൊള്ളണം. ആൾവെട്ടിക്കുരുതി അവസാനിപ്പിച്ചതിന്റെ അടയാളമായി അടയ്ക്കുന്ന ആ വാതിലിനി തുറക്കണമെങ്കിൽ ആനവെട്ടിക്കുരുതി കഴിക്കണം. അല്ലാതെ ആ നട തുറന്നാൽ അത്യാപത്തുണ്ടാകും" എന്നു കല്പിച്ചു. അന്നടച്ച ആ കിഴക്കേ നട ഇപ്പോഴും അടച്ചുതന്നെ കിടക്കുന്നു. നരബലിക്കായി കൊണ്ടു വരികയും ദേവിയുടെ കല്പനപ്രകാരം വിട്ടയയ്ക്കുകയും ചെയ്ത കന്യകയിൽനിന്നുണ്ടായി വർദ്ധിച്ച കുടുംബക്കാർ ആദ്യം ദേവിയുടെ പരിചാരകന്മാരായിരുന്നുവെങ്കിലും ഇപ്പോൾ അവർ ദേവസ്വത്തിന്റെ ഉടമസ്ഥന്മാരായിരുന്ന സ്രായിക്കൂർ (ചിറവായിക്കൽ) കോവിലകത്തുകാരും അവരുടെ ശാഖാകുടുംബങ്ങളിലുള്ളവരും കൂടി ദേവസ്വത്തിലെ സകല അധികാരങ്ങളും ആ കുടുംബക്കാർക്ക് ഒഴിഞ്ഞുകൊടുത്തതിനാലാണ് അവർക്കവിടെ സർവ്വസ്വാതന്ത്ര്യം സിദ്ധിച്ചത്. ഈ കുടുംബക്കാർ മേല്പറഞ്ഞ കോവിലകങ്ങളിലുള്ളവർക്കു ദേശാധിപത്യവും നാട്ടുവാഴ്ചയുമുണ്ടായിരുന്ന കാലത്ത് അവരുടെ സേനാനായകന്മാരായിരുന്നതിനാൽ അവരുടെ ഉപജീവനത്തിനായിട്ടാണ് ദേവസ്വം അവർക്ക് വിട്ടുകൊടുത്തതെന്നാണ് പറയുന്നത്, അന്യാധീനപ്പെടുത്തപ്പെട്ട സ്ഥലത്തു തങ്ങൾ പ്രവേശിക്കുന്നതു യുക്തമല്ലെന്നോ കുറച്ചിലാണെന്നോ മറ്റോ വിചാരിച്ചിട്ടോ എന്തോ, ഇപ്പോൾ മേല്പറഞ്ഞ കോവിലകങ്ങളിലുള്ളവർ ആ ക്ഷേത്രത്തിന്റെ ബലിവട്ടത്തിനകത്തു കടക്കാറില്ല. ഇപ്പോൾ ദേവസ്വം കാര്യങ്ങൾ സർവ്വസ്വാതന്ത്ര്യത്തോടുകൂടി അന്വേഷിച്ചുവരുന്ന കുടുംബക്കാരെ "ആദിശ്ശന്മാർ" എന്നാണ് പറഞ്ഞുവരുന്നത്. ഇത് "ആൾവെട്ടിശേഷിച്ചവർ" എന്നുള്ളതിന്റെ ലോപമാണെന്നും അവർ പറയുന്നുണ്ട്. മറ്റു ചിലരുടെ അഭിപ്രായം "ആദേശ്യന്മാർ" എന്നുള്ളതു ലോപിച്ച് ആദിശ്ശന്മാരായി തീർന്നെന്നാണ്. ഈ രണ്ടാമത്തെ അഭിപ്രായമാണ് കുറച്ചുകൂടി യുക്തിയുക്തമായിരിക്കുന്നതെന്നു തോന്നുന്നു.

ഇവിടെ സാക്ഷാൽ ബ്രാഹ്മണർ പൂജാദികൾ നടത്തിയാൽ ഭഗവതിയുടെ ചൈതന്യം വർദ്ധിക്കുകയും അത് ജനങ്ങൾക്ക് ഉപദ്രവകരമായിത്തീരുകയും ചെയ്തേക്കുമെന്നു വിചാരിച്ച് ശാന്തിക്കു നിയമിച്ചിരിക്കുന്നത് വാസിഷ്ഠബ്രാഹ്മണർ (അടികൾ) എന്നൊരു ജാതിക്കാരെയാണ്. കൊടുങ്ങല്ലൂരും അടികളുടെ പൂജയോ പുഷ്പാഞ്ജലിയോ ഏതാണ്ടൊക്കെ പതിവുണ്ടല്ലോ.

ഇവിടെ അടികളുടെ പൂജ കൂടാതെ പതിവായി ആദിശ്ശന്മാരുടെ പൂജയുമുണ്ട്. പക്ഷേ അത് ക്ഷേത്രത്തിനു പുറത്ത് പള്ളിയറ എന്ന സ്ഥലത്തു വെച്ചു ശാക്തേയരീതിയിൽ മദ്യനിവേദ്യത്തോടുകൂടിയുമാണ് നടത്തിവരുന്നത്.

ഇവിടെ ആൾവെട്ടിക്കുരുതി വേണ്ടെന്നുവെച്ചുവെങ്കിലും കോഴിവെട്ടിക്കുരുതി ഇപ്പോഴും പതിവായി നടന്നുവരുന്നുണ്ട്. അതു നടത്തുന്നതും ആദിശ്ശന്മാർ തന്നെയാണ്. ഈ കുടുംബക്കാർ വലിയ മന്ത്രവാദികളാണ്. ഇവർ മന്ത്രവാദം സംബന്ധിച്ചു പല അത്ഭുതകർമ്മങ്ങൾ പ്രവർത്തിച്ചിട്ടുള്ളതായി കേൾവിയുണ്ട്. വിസ്തരഭയത്താൽ അവയിലൊന്നും ഇവിടെ വിവരിക്കുന്നില്ല. കാവിലെ വെളിച്ചപ്പാടായിരിക്കുന്നതും ഇവരുടെ കുടുംബത്തിൽ അന്നന്നു മൂപ്പായിരിക്കുന്നവരാണത്രേ.

ഭഗവതിയുടെ ശക്തി വർദ്ധിക്കാതെയിരിക്കാൻ ഇവിടെ പല ഏർപ്പാടുകളും ചെയ്തിട്ടുണ്ടെങ്കിലും അതു ദിവസം പ്രതി വർദ്ധിച്ചുവരുന്നതല്ലാതെ ഒട്ടും കുറയുന്നില്ല. കേരളത്തിലെ 64 ഗ്രാമങ്ങളിൽ 63-ആമത്തേതായ "ഇളിഭ്യം" ഗ്രാമം പനയന്നാർക്കാവു ക്ഷേത്രത്തിൽ നിന്ന് ഏകദേശം ഒരു ഫർലോങ്ങു നേരെ വടക്കാണ്. ഭഗവതിയുടെ വടക്കോട്ടുള്ള പ്രതിഷ്ഠയുടെ നേരെ ആയതുകൊണ്ട് ആ ഗ്രാമം ക്രമേണ ക്ഷയിച്ച് ഇപ്പോൾ "ഗ്രാമോ നഷ്ടഃ" എന്നു തന്നെയായിരിക്കുന്നു. അവിടെയുള്ളവർ യഥാർത്ഥത്തിൽ "ഇളിഭ്യ"ന്മാരുമായിട്ടുണ്ട്. പണ്ടു ധനപുഷ്ടികൊണ്ടും ജനപുഷ്ടികൊണ്ടും പ്രബലപ്പെട്ടിരുന്ന ആ ഗ്രാമം ഇങ്ങനെയായിത്തീർന്നത് ദേവിയുടെ ദൃഷ്ടിപാതം കൊണ്ടാണെന്നാണ് ജനങ്ങളുടെ വിശ്വാസം. കാവിന്റെ കിഴക്കേ നടയും ഇങ്ങനെതന്നെ ആയിത്തീർന്നിരിക്കുകയാണ്. അവിടെ ഇപ്പോൾ അര ഫർലോങ്ങു വീതിയിൽ ഏകദേശം രണ്ടുമൂന്നു നാഴിക ദൂരംവരെ കിഴക്കോട്ട് ആൾപ്പാർപ്പും കൃഷിയും യാതൊന്നുമില്ലാതെ വെറും തരിശായിട്ടാണ് കിടക്കുന്നത്. ദേവിയുടെ ദൃഷ്ടിക്ക്, നേരെ പാർത്താലും കൃഷി ചെയ്താലും ഒന്നും ഗുണമാവുകയില്ലെന്നും എല്ലാം ദോഷമായിട്ടേ പരിണമിക്കയുള്ളൂ എന്നുമാണ് ജനങ്ങളുടെ വിശ്വാസം.

ബാധോപദ്രവങ്ങൾ നീങ്ങുന്നതിനായിട്ടും രോഗങ്ങൾ ശമിക്കുന്നതിനായിട്ടും സന്താനാർത്ഥമായിട്ടും മറ്റും ഇപ്പോഴും പനയന്നാർക്കാവിൽച്ചെന്ന് അനേകമാളുകൾ ഭജിക്കുകയും അഭീഷ്ടം സാധിക്കുകയും ചെയ്തു പോരുന്നുണ്ട്. ഭജനക്കാരും വഴിപാടുകാരും ആരുമില്ലാതെ അവിടെ ഒരു ദിവസംപോലും ഇപ്പോഴുമുണ്ടായിരിക്കുന്നില്ല. ആകപ്പാടെ വിചാരിച്ചാൽ പനയന്നാർ കാവിൽ ഭഗവതിയുടെ മാഹാത്മ്യം അചിന്തനീയവും വാചാമഗോചരവുമാണെന്നുതന്നെ പറയേണ്ടിയിരിക്കുന്നു.

പനിമതിയണിയും ശ്രീപാർവ്വതീശന്റെ നെ
റ്റി
ക്കനൽമിഴിയിലുദിച്ചോരീശ്വരീ! വിശ്വനാ
ഥേ!
അനിശവുമയീ! യുഷ്മൽത്പദം ക്ലുപ്തമെന്നിൽ-
ക്കനിയുക പനയന്നാർക്കാവെഴും ദേവി! മാ
യേ!

# 92

## ഉത്രം തിരുനാൾ തിരുമനസ്സുകൊണ്ടും കഥകളിയോഗവും



ഗംഭീരാശയനും സംഗീതസാഹിത്യകുശലനെന്നല്ല, സകലകലാവല്ലഭനമായിരുന്ന സ്വാതിതിരുനാൾ രാമവർമ്മ മഹാരാജാവു തിരുമനസ്സിലെ കനിഷ്ഠഭ്രാതാവായ ഉത്രം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവു തിരുമനസ്സുകൊണ്ട് തിരുവവതാരം ചെയ്തരുളിയതു് കൊല്ലം 990-ആമാണ്ടു ചിങ്ങമാസത്തിലായിരുന്നു. ഈ തിരുമനസ്സുകൊണ്ട് അവിടുത്തെ ജ്യേഷ്ഠഭ്രാതാവിനെപ്പോലെതന്നെ ഗാംഭീര്യവും പല ഭാഷകളിൽ പാണ്ഡിത്യവും സംഗീതസാഹിത്യങ്ങളിൽ അനന്യസാധാരണമായ നൈപുണ്യവും സമ്പാദിച്ചിരുന്നില്ലെങ്കിലും മലയാളം, സംസ്കൃതം, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ സാമാന്യജ്ഞാനവും ഒരുവിധം കവിതാവാസനയും അവിടേക്കുണ്ടായിരുന്നു. അവിടേക്കു സംസ്കൃതഭാഷാജ്ഞാനവും ഒരു വിധം കവിതാവാസനയുമുണ്ടായിരുന്നു എന്നുള്ളതു് അവിടുന്ന് കല്പിച്ചുണ്ടാക്കിയ "സിംഹധ്വജചരിതം" ആട്ടക്കഥകൊണ്ടുതന്നെ സ്പഷ്ടമാകുന്നുണ്ട്.

സ്വാതിതിരുനാൾ രാമവർമ്മമഹാരാജാവു തിരുമനസ്സിലേക്ക് കൊല്ലം 1004-ആമാണ്ടു തിരുമൂപ്പു സിദ്ധിച്ചതിനോട്ടുകൂടി മാർത്താണ്ഡവർമ്മ മഹാരാജാവു തിരുമനസ്സുകൊണ്ട് ഇളംകൂർസ്ഥാനത്തെ പ്രാപിച്ചു. അക്കാലം മുതൽ അവിടുന്നു പൂജപ്പുര കൊട്ടാരത്തിലാണ് എഴുന്നള്ളിത്താമസിച്ചിരുന്നതു.

മാർത്തണ്ഡവർമ്മ മഹാരാജാവു തിരുമനസ്സിലേക്കു കഥകളിയിൽ അസാമാന്യമായ ഭ്രമവും നല്ല ജ്ഞാനവുമുണ്ടായിരുന്നു. അതിനാൽ തിരുമനസ്സുകൊണ്ടു യോഗ്യന്മാരായ ചില ആട്ടക്കാരെ തിരുവനന്തപുരത്തു വരുത്തിത്താമസിപ്പിച്ചും അവരെക്കൊണ്ടു മറ്റു ചില കുട്ടികളെക്കൂടി കഥകളിക്കു കച്ചകെട്ടിച്ച് അഭ്യസിപ്പിച്ചു ചേർത്തും സ്വന്തമായൊരു കഥകളി യോഗമുണ്ടാക്കി. അതിന് അന്നു പറഞ്ഞിരുന്ന പേരു് പൂജപ്പുര കൊട്ടാരം വക കഥകളി യോഗമെന്നായിരുന്നു. കഥകളിയുടെ രീതിയും സമ്പ്രദായവും കപ്ളിങ്ങാടൻ, കലടിക്കോടൻ, വെട്ടത്തുനാടൻ ഇങ്ങനെ മൂന്നുവിധമാണല്ലോ. അവയിൽ ഓരോന്നിനുമുള്ള പ്രാധാന്യവും വിശേഷവും ഓരോ വിഷയത്തിലാണ്. ഒന്നിനു കാൽപ്രയോഗത്തിലും മറ്റൊന്നിനു മെയ്യിലും കയ്യിലും പിന്നെയൊന്നിനു മുഖത്തു രസം വരുത്തി തന്മയത്വസഹിതം നടിക്കുന്നതിലുമാണ് വിശേഷതയുള്ളതു്. തിരുമനസ്സുകൊണ്ട് ആ വിശേഷ ഗുണങ്ങളെല്ലാമെടുത്തു ചേർത്താണ് സ്വന്തം കഥകളിയോഗക്കാരെ അഭ്യസിപ്പിച്ചു ശീലിപ്പിച്ചതു്. അതിനാൽ ആ കഥകളിയോഗത്തിന്റെ രീതി പ്രത്യേകമൊന്നായിരുന്നു. അതു് ഏതു ദേശക്കാർക്കും രുചിക്കുന്നതുമായിരുന്നു.

സ്വാതിതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ട് കൊല്ലം 1022-ആമാണ്ടു നാടുനീങ്ങിയതിന്റെ ശേഷം മാർത്താണ്ഡവർമ്മ മഹാരാജാവു തിരുമനസ്സിലേക്കു തിരുമൂപ്പു സിദ്ധിക്കുകയും അക്കാലം മുതൽ അവിടുന്നു കോട്ടയ്ക്കകത്തു വലിയ കൊട്ടാരത്തിൽത്തന്നെ എഴുന്നള്ളിത്താമസിച്ചു തുടങ്ങുകയും ചെയ്തു. തിരുമൂപ്പു സിദ്ധിച്ചതിനോടുകൂടി തിരുമനസ്സിലേക്കു രാജ്യഭരണം സംബന്ധിച്ച് അനേകം ജോലികൾകൂടി വന്നു കൂടിയെങ്കിലും കഥകളിയിൽ അവിടേക്കുണ്ടായിരുന്ന പ്രതിപത്തി പിന്നെയും കുറഞ്ഞില്ല. അപ്പോഴും അവിടുന്നു കഥകളിയോഗത്തിൽ ആവശ്യം പോലെ ആളുകളെ ചേർക്കുകയും അഭ്യസിപ്പിക്കുകയും കളി മുറയ്ക്കു നടത്തുകയും ചെയ്തുകൊണ്ടിരുന്നു. തിരുമനസ്സിലേക്കു തിരുമൂപ്പു സിദ്ധിക്കുകയും എഴുന്നള്ളിത്താമസം വലിയ കൊട്ടാരത്തിലാവുകയും ചെയ്തതോടുകൂടി കഥകളിയോഗത്തിന്റെ പേരു് "വലിയകൊട്ടാരം വക കഥകളിയോഗം" എന്നായി. അക്കാലത്തു വലിയ കൊട്ടാരത്തിൽ കഥകളിയില്ലാത്ത ദിവസം വളരെ ചുരുക്കമായിരുന്നു. എന്നാലതു മറ്റുള്ള സ്ഥലങ്ങളിലെപ്പോലെ നേരം വെളുക്കുന്നതുവരെ പതിവില്ല. രാത്രി എട്ടുമണിക്കു കളി ആരംഭിക്കുകയും പന്ത്രണ്ടുമണിക്ക് അവസാനിപ്പിക്കുകയും ചെയ്യും. അങ്ങനെയായിരുന്നു അവിടത്തെ പതിവ്.

കഥകളിയോഗത്തിൽ ആളുകളെ ചേർക്കുന്നതിനും പുതിയതായി ചേർക്കുന്നവരെ അഭ്യസിപ്പിക്കുന്നതിനും പുത്തൻപുത്തനായി ആട്ടക്കഥകൾ നിർമ്മിക്കുന്നതിനു കവികളെ പ്രോത്സാഹിപ്പിക്കുന്നതിനും കഥകൾ ശേഖരിച്ചു കഥകളിയോഗത്തിലെ പാട്ടുകാരെ ഏല്പിച്ചു തോന്നിപ്പിക്കുന്നതിനും അരങ്ങേറ്റം കഴിപ്പിക്കുന്നതിനും കഥകളി യോഗക്കാർക്ക് ആവശ്യമുള്ളതെല്ലാം ചട്ടംകെട്ടിക്കൊടുക്കുന്നതിനും മറ്റും കല്പിച്ചു ചുമതലപ്പെടുത്തിയിരുന്നതു് വിളായിക്കോട്ടു നമ്പൂരിയെ ആയിരുന്നു. ആ നമ്പൂരിയുടെ ഇല്ലം കോട്ടയത്തിനു സമീപം കടമാളൂർ ദേശത്തായിരുന്നുവെങ്കിലും അദ്ദേഹം കഥകളിയിൽ നല്ല ജ്ഞാനമുള്ള ആളും സംഗീതജ്ഞനുമായിരുന്നതിനാൽ തിരുമനസ്സിലെ പ്രീതിക്കു പ്രത്യേകം പ്രാത്രീഭവിക്കുകയാൽ അദ്ദേഹത്തിന്റെ സ്ഥിരതാമസം മിക്കവാറും തിരുവനന്തപുരത്തു തന്നെ ആയിത്തീർന്നിരുന്നു. അദ്ദേഹത്തിന് അവിടെ താമസിക്കുന്നതിന് ശ്രീകണ്ഠേശ്വരത്തു ക്ഷേത്രത്തിനു സമീപം കല്പിച്ച് ഒരു മഠം പണിയിച്ചു കൊടുക്കുകയും ചെയ്തിരുന്നു.

കഥകളിയോഗത്തിൽച്ചേരാൻ മനസ്സും സമ്മതവുമുള്ള കുട്ടികളെ അന്വേഷിച്ചു പിടിച്ച് നമ്പൂരി തിരുമുമ്പാകെ കൊണ്ടു ചെന്നാലുടനെ അവരെ മുഖത്തു തേപ്പിച്ചു ചുട്ടികുത്തിച്ചു തൃക്കൺപാർത്തിട്ടു മുഖശ്രീയും വേഷത്തിനു ഭംഗിയുമുള്ളവരെ യോഗത്തിൽ ചേർത്തു കച്ചകെട്ടിച്ച് അഭ്യസിപ്പിക്കുന്നതിനും അവ (മുഖശ്രീയും വേഷഭംഗിയും) ഇല്ലാത്തവരെ സ്വല്പം വല്ലതും കൊടുത്തു മടക്കിയയയ്ക്കാനും കല്പന കൊടുക്കും. അങ്ങനെയായിരുന്നു പതിവ്. ഇങ്ങനെ കുറച്ചുകാലം കഴിഞ്ഞപ്പോൾ കൊട്ടാരംവക കഥകളിയോഗത്തിലെ പ്രധാനവേഷക്കാർ ഈശ്വരപിള്ള, പുത്തൻ കൊച്ചുകൃഷ്ണപിള്ള, പഴയ കൊച്ചുകൃഷ്ണപിള്ള, പഴവങ്ങാടി നാണു പിള്ള, നളനുണ്ണി, കിട്ടുപ്പണിക്കർ മുതലായവരായിത്തീർന്നു. ഇവരിൽച്ചിലർ ചെറുപ്പത്തിൽത്തന്നെ കൊട്ടാരംവക കഥകളിയോഗത്തിൽ ചേർന്ന് അഭ്യസിച്ചിട്ടുള്ളവരും ഏതാനംപേർ ഒരുവിധം പ്രസിദ്ധന്മാരായതിന്റെ ശേഷം ഈ യോഗത്തിൽ വന്നു ചേർന്നവരുമായിരുന്നു. ഈ യോഗത്തിലെ വേഷക്കാരെല്ലാവരും എല്ലാ വേഷങ്ങളും കെട്ടിയാടാവുന്നവരായിരുന്നു. എങ്കിലും ചിലരുടെ വേഷങ്ങൾക്ക് ചില പ്രത്യേക ഗുണങ്ങളുണ്ടായിരുന്നു. ഇതിനെക്കുറിച്ച് കല്പിച്ചുണ്ടാക്കിയ ഒരു ശ്ലോകം കേട്ടിട്ടുണ്ട്. അതിന്റെ പൂർവ്വാർദ്ധം താഴെചേർക്കുന്നു.

> "കൊച്ചയ്യപ്പനു കത്തിയും കരിയുമാം പച്ചയ്ക്കിടിച്ചേന്നനും
> മെച്ചത്തിൽസ്സരസം പതിഞ്ഞ പദമങ്ങാടീട്ടു വാനുണ്ണിയും"

ഇവിടെ "ഉണ്ണി" എന്നു പറഞ്ഞിരിക്കുന്നതു നളനുണ്ണിയെ ഉദ്ദേശിച്ചാണ്. നളനുണ്ണിയുടെ സാക്ഷാൽ പേരു വേറെ എന്തോ ആയിരുന്നു. അദ്ദേഹത്തിന്റെ നള വേഷത്തിന് അനന്യസാധാരണമായ തന്മയത്വവും ഗുണവുമുണ്ടായിരുന്നതിനാൽ അദ്ദേഹത്തിന് "നളനുണ്ണി" എന്നു പേരു കല്പിച്ചു കൊടുത്തതാണ്.

കൊച്ചയ്യപ്പപ്പണിക്കരുടെ കത്തിയും കരിയും വളരെ പ്രസിദ്ധങ്ങളായിരുന്നു. അദ്ദേഹത്തിന്റെ കത്തിയാണ് അധികം നല്ലതെന്നും അതല്ല, കരിയാണ് അധികം നല്ലതെന്നും അക്കാലത്തു ജനങ്ങളുടെയിടയിൽ വലിയ വാദം നടന്നിരുന്നു. കൊച്ചയ്യപ്പപ്പണിക്കരുടെ അലർച്ച തന്നെ വളരെ കേമമായിരുന്നു. അതുപോലെ അലറുന്ന വേഷക്കാർ അക്കാലത്തു വേറെയില്ലായിരുന്നുവെന്നല്ല, അതിനു മുൻപാരുമുണ്ടായിരുന്നുമില്ല, പിന്നെയാരുമുണ്ടായിട്ടുമില്ല. കൊച്ചയ്യപ്പപ്പണിക്കർ ഒരിക്കൽ തിരുമനസ്സറിയിച്ച് അനുവാദം വാങ്ങിക്കൊണ്ടു ഗംഗാസ്നാനത്തിനു പോയിരുന്നു. സ്നാനം കഴിഞ്ഞു മടങ്ങിവന്ന് തിരുവനന്തപുരത്തെത്തിയതു് ഒരു ദിവസം സന്ധ്യ കഴിഞ്ഞപ്പോളായിരുന്നു. അദ്ദേഹം അവിടെയെത്തിയ ഉടനെ അണിയറയിൽച്ചെന്നു. അന്നു കാർത്ത്യവീര്യവിജയമായിരുന്നു കഥനിശ്ചയിച്ചിരുന്നതു്. രാവണന്റെ വേഷത്തിന് ആരാണ് വേണ്ടതെന്ന് ആർക്കും സംശയമില്ലാതിരുന്നതിനാൽ മുഖത്തു തേയ്ക്കാൻ ഭാവിച്ചയാൾ പണിക്കരെക്കണ്ട ക്ഷണത്തിൽ വിളക്കത്തുനിന്നെണീറ്റ് അദ്ദേഹത്തെ വന്ദിച്ചിട്ടു മാറിനിന്നു. ഉടനെ പണിക്കർ, "വേണ്ട, വേണ്ട, മാറേണ്ട, താൻതന്നെ തേയ്ക്കു. നിശ്ചയിച്ചതുപോലെതന്നെ നടക്കട്ടെ. ഇന്നത്തേക്കു ഇതിനു തന്നെയല്ലേ കല്പിച്ചു നിശ്ചയിച്ചിരിക്കുന്നതു്?" എന്നു പറഞ്ഞു. അപ്പോൾ മറ്റേയാൾ "എനിക്കു തല്ലാലത്തേക്കു മാത്രമുള്ള കല്പനയാണല്ലോ. താങ്കൾക്കു മുമ്പേ തന്നെയുള്ള കല്പനയല്ലേ? പതിവുശാന്തിക്കാരൻ വന്നാൽ മുട്ടുശാന്തിക്കാരനു മാറിക്കൊടുക്കാൻ പ്രത്യേകമനുവാദം വേണ്ടല്ലോ. എന്നു മാത്രമല്ല, പതിവു ശാന്തിക്കാരൻ ഹാജരുള്ളപ്പോൾ മുട്ടുശാന്തിക്കാരൻ പൂജകഴിച്ചാലതു ദേവനു സന്തോഷകരമാകുമെന്നും തോന്നുന്നില്ല. അതുകൊണ്ടു ഞാനിതാ ഒഴിഞ്ഞിരിക്കുന്നു" എന്നു പറഞ്ഞു് അയാൾ അണിയറയിൽനിന്ന് ഇറങ്ങിപ്പോയി. ഉടനെ കൊച്ചയ്യപ്പപ്പണിക്കർ മുഖത്തുതേച്ചു ചുട്ടികു കിടക്കുകയും ക്ഷണത്തിൽ വേഷം തീർത്തു് അരങ്ങത്തെത്തുകയും രാവണന്റെ പ്രവേശനത്തിനുള്ള "ഇത്ഥം കൃത്വാ നരേന്ദ്രം" ഇത്യാദി ശ്ലോകം ചൊല്ലിത്തീർത്തപ്പോൾ പതിവുപോലെ അലറുകയും ചെയ്തു. പണിക്കർ മടങ്ങിവന്ന വിവരം തിരുമനസ്സുകൊണ്ടറിഞ്ഞിരുന്നില്ല. അതിനാൽ അലർച്ച കേട്ടപ്പോൾ അടുക്കൽ നിന്നിരുന്ന വിളായിക്കോട്ടു നമ്പൂരിയോട് "ഹേ! കൊച്ചയ്യപ്പൻ വന്നുവലോ? ഈ അലർച്ച അവന്റേതു തന്നെയാണ്. സംശയമില്ല. ഇങ്ങനെ അലറുന്ന ഒരാട്ടക്കാരൻ ഇപ്പോൾ വേറെയുണ്ടെന്നു തോന്നുന്നില്ല! ശ്ലോകം ചൊല്ലിയവസാനിപ്പിക്കുന്ന ആ ഉച്ചസ്വരത്തിൽത്തന്നെയാണ് അവൻ അലറുക പതിവ്. അതു മറ്റാരായാലും ഇത്രയും ശരിയാവുകയില്ല. ശൃംഗാരപദം കഴിഞ്ഞാലുടനെ ഉബുരുനാരദന്മാർ വരുന്നതിനുമുമ്പേ വേഷത്തോടുകൂടിത്തന്നെ അവൻ നമ്മുടെ അടുക്കൽ വരാൻ ചട്ടംകെട്ടണം" എന്നു കല്പിച്ചു. ഇങ്ങനെ ആ യോഗത്തിലുണ്ടായിരുന്ന ഓരോ വേഷക്കാരെക്കുറിച്ചും പല കഥകൾ കേട്ടിട്ടുണ്ട്. ലേഖനദൈർഘ്യഭയത്താൽ അവയൊന്നും ഇവിടെ വിസ്തരിക്കുന്നില്ല.

കഥകളിയോഗത്തിലുണ്ടായിരുന്ന എല്ലാവരെയും കുറിച്ചു തിരുമനസ്സിലേക്കു വളരെ വാത്സല്യവും കരുണയുമുണ്ടായിരുന്നു. വിശേഷിച്ച് അവരിൽ പുത്തൻ കൊച്ചുകൃഷ്ണപിള്ള, പഴയ കൊച്ചുകൃഷ്ണപിള്ള, പഴവങ്ങാടി നാണുപിള്ള, ഈശ്വരപിള്ള ഇവർ തിരുമനസ്സിലെ സേവകന്മാരുമായിരുന്നു. അവരിൽ പ്രധാനൻ ഈശ്വരപിള്ളയുമായിരുന്നു. തിരുമനസ്സിലേക്കു വാസ്തവത്തിൽ മറ്റു സേവകന്മാരെക്കുറിച്ചുണ്ടായിരുന്നതിൽ വളരെയധികം കൃപയും വാത്സല്യവും ഈശ്വരപിള്ളയെക്കുറിച്ചുണ്ടായിരുന്നു. അതിന്റെ കാരണങ്ങൾ അദ്ദേഹത്തിന്റെ വിനയാദിസൽഗുണങ്ങളും ആട്ടത്തിനും വേഷത്തിനുമുണ്ടായിരുന്ന ഭംഗിയും അനന്യശരണത്വവുമായിരുന്നു. ഈ കാരണങ്ങളാൽ തിരുമനസ്സുകൊണ്ട് അദ്ദേഹത്തെ പള്ളിയറ വിചാരിപ്പുകാരായി നിയമിക്കുകകൂടി ചെയ്തു. അക്കാലം മുതൽ അദ്ദേഹത്തിന്റെ പേരു് "ഈശ്വരപിള്ള വിചാരിപ്പുകാരെ"ന്ന് പ്രസിദ്ധമായിത്തീർന്നു.

ഈശ്വരപിള്ള വിചാരിപ്പുകാർക്കു തിരുമനസ്സിലെ കരുണയല്ലാതെ മറ്റൊരു ശരണവുമുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ വീട് വിളവംകോട്ടു താലൂക്കിലെവിടെയോ ആയിരുന്നുവത്രേ. ആ വീട്ടിൽ അദ്ദേഹവും അദ്ദേഹത്തിന്റെ അമ്മയുമല്ലാതെ വേറെ ആരുമുണ്ടായിരുന്നില്ല. അവർക്കു ദാരിദ്ര്യം സാമാന്യത്തിലധികമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ അമ്മയ്ക്ക് അവിടെയൊരു ധനവാന്റെ വീട്ടിൽ അടിച്ചുതളിയായിരുന്നു തൊഴിൽ. അതിനു കിട്ടുന്ന ശമ്പളംകൊണ്ട് അമ്മയ്ക്കും മകനും കൂടി നിത്യവൃത്തിക്കു മതിയാവുകയില്ലായിരുന്നു. താൻനിമിത്തം അമ്മയും കൂടി മുറിപ്പട്ടിണി കിടക്കാനിടയാകേണ്ടെന്നു വിചാരിച്ച് ഈശ്വരപിള്ള സ്വദേശം വിട്ടുപോയി. അങ്ങനെ പല സ്ഥലങ്ങളിൽ സഞ്ചരിച്ച് ഒടുക്കം തിരുവനന്തപുരത്തു ചെന്നുചേർന്നു. അന്ന് അദ്ദേഹത്തിന് പന്ത്രണ്ടുവയസ്സുമാത്രമേ പ്രായമായിരുന്നുള്ളൂ. അദ്ദേഹം അവിടെ യഥാശക്തി കൂലിവേലകൾ ചെയ്തു നിത്യവൃത്തി കഴിച്ചുകൊണ്ട് അങ്ങനെ താമസിച്ചു. അന്ന് അദ്ദേഹത്തെ എല്ലാവരും ഈച്ചരൻ എന്നാണ വിളിച്ചിരുന്നതു.

അങ്ങനെ താമസിച്ചിരുന്ന കാലത്തു് ഒരു ദിവസം ദൈവഗത്യാ വിളായിക്കോട്ടു നമ്പൂരി ഈ ബാലനെ കാണുന്നതിനിടയായി. ആ കൊച്ചന്റെ മുഖശ്രീ കണ്ടപ്പോൾ "ഇവനെ കഥകളിക്ക് അഭ്യസിപ്പിച്ചാൽ ഇവനൊരു നല്ല വേഷക്കാരനായിത്തീരും" എന്നു തോന്നുകയാൽ നമ്പൂരി അവനെ അടുക്കൽ വിളിച്ച് അവന്റെ സ്ഥിതികളെല്ലാം ചോദിച്ചറിഞ്ഞതിന്റെ ശേഷം അവനെ വിളിച്ചുകൊണ്ടുപോയി മുഖത്തു പച്ചമനയോല തേപ്പിച്ചു ചുട്ടി കുത്തിച്ചു തിരുമുമ്പാകെ കൊണ്ടുചെന്നു. അവന്റെ മുഖശ്രീയും വേഷഭംഗിയും കണ്ടു തിരുമനസ്സുകൊണ്ടു വളരെ സന്തോഷിക്കുകയും അവനെ യോഗത്തിൽ ചേർത്തു കച്ചകെട്ടിച്ച് അഭ്യസിപ്പിച്ചുകൊള്ളുന്നതിനു കല്പിച്ചനുവദിക്കുകയും ചെയ്തു. അഞ്ചാറുമാസം കഴിഞ്ഞപ്പോൾ ഈച്ചരന്റെ അരങ്ങേറ്റം കഴിപ്പിച്ചു കുട്ടിത്തരം വേഷങ്ങൾ കെട്ടിച്ചു തുടങ്ങി. അക്കാലത്തുതന്നെ ഈച്ചരന്റെ രസവാസനയും ആട്ടത്തിന്റെ തന്മയത്വവും ഭംഗിയും വേഷത്തിന്റെ മനോഹരത്വവും കണ്ടു ജനങ്ങൾ ഈച്ചരനെ പ്രശംസിച്ചു തുടങ്ങുകയും തിരുമനസ്സുകൊണ്ടു വളരെ സന്തോഷിക്കുകയും ചെയ്തു. അന്നുതന്നെ ഈച്ചരനു ഉണ്ണാനുമുടുക്കാനും തേച്ചുകുളിക്കാനും മറ്റും കൊടുത്തുവന്നിരുന്നതുകൂടാതെ പ്രതിമാസം മൂന്നുരൂപാ ശമ്പളം കൊടുത്തുകൊള്ളുന്നതിനും കല്പിച്ചനുവദിച്ചു. തിരുമനസ്സിലേക്ക് ഈച്ചരന്റെ പേരിലുള്ള കാരുണ്യവും വാത്സല്യവും ക്രമേണ വർദ്ധിച്ചു സീമാതീതങ്ങളായിത്തീരുകയാൽ അവന്റെ ആട്ടത്തിന് അനന്യസാധാരണമായ ഗുണ പൗഷ്ക്കല്യമുണ്ടാക്കിത്തീർക്കണമെന്ന് നിശ്ചയിച്ച് അക്കാലത്തുണ്ടായിരുന്ന നടവര്യന്മാരിൽ പ്രസിദ്ധനും പ്രഥമഗണനീയനുമായിരുന്ന അമ്മന്നൂർ പരമേശ്വരച്ചാക്യാരെ കല്പിച്ചു തിരുവനന്തപുരത്തു വരുത്തിത്താമസിപ്പിച്ചു. അദ്ദേഹത്തെക്കൊണ്ടുംകൂടി കുറച്ചുകാലം ഈച്ചരനെ ആട്ടം അഭ്യസിപ്പിച്ചു. അതുകൊണ്ട് വളരെ ഗുണം സിദ്ധിക്കുകയും ചെയ്തു. ഈശ്വരപിള്ളയുടെ ആട്ടത്തിന് അനന്യസാധാരണമായ ഒരു വിശേഷമുണ്ടെന്നുള്ള സർവ്വ സമ്മതിയും പ്രസിദ്ധിയും സിദ്ധിക്കുന്നതിനുള്ള പ്രധാനകാരണം ഇതു തന്നെയാണ്. ഈശ്വരപിള്ളയുടെ കൈലാസോദ്ധാരണം, സ്വർഗ്ഗവർണ്ണന, വനവർണ്ണന, സമുദ്രവർണ്ണന മുതലായ ആട്ടങ്ങൾക്ക് അനന്യസാധാരണമായ ഒരു വിശേഷമുണ്ടെന്ന് എല്ലാവരും സമ്മതിക്കുകയും അതു പ്രസിദ്ധമായിത്തീരുകയും ചെയ്തിരുന്നുവല്ലോ. ഇത്രയുമായതിന്റെ ശേഷം അദ്ദേഹത്തെ തിരുമനസ്സുകൊണ്ടല്ലാതെ പിന്നെയാരും ഈച്ചരൻ എന്നു വിളിച്ചിരുന്നില്ല. എല്ലാവരും അദ്ദേഹത്തെ ഈശ്വരപിള്ള എന്നും പിന്നീട് ഈശ്വരപിള്ള വിചാരിപ്പുകാരെന്നുമാണ് പറഞ്ഞിരുന്നതു. ഇതിനിടയ്ക്ക് ഈശ്വരപിള്ള അക്ഷരാഭ്യാസം ചെയ്തു് ഒരുവിധം ലോകവ്യുല്പത്തിയും സമ്പാദിച്ചു.

തിരുമനസ്സുകൊണ്ടു ക്രമേണ ഈശ്വരപിള്ളയുടെ കുടുംബസ്ഥിതികളെല്ലാം മനസ്സിലാക്കുകയും കോട്ടയ്ക്കകത്തുതന്നെ ഒരു പുരയിടം ഒഴിപ്പിച്ചെടുത്തു് അതിൽ ഒരു പുരയും പണികഴിപ്പിച്ച് അദ്ദേഹത്തിനു കല്പിച്ചുകൊടുക്കുകയും ചെയ്തു. അനന്തരം ഈശ്വരപിള്ള കല്പനപ്രകാരം തന്റെ മാതാവിനെയും തിരുവനന്തപുരത്തു വരുത്തി ആ സ്ഥലത്തു താമസിപ്പിച്ചു. അവർക്കു നിത്യവൃത്തിക്കുവേണ്ടതെല്ലാം കല്പിച്ചുകൊടുത്തിരുന്നു. കുറച്ചു കാലം കഴിഞ്ഞപ്പോൾ ആ അമ്മ കാലധർമ്മത്തെ പ്രാപിക്കുകയാൽ ഈശ്വരപിള്ള ഏകാകിയായിത്തീർന്നു. അപ്പോൾ ഈശ്വരപിള്ള ഒരു കുടുംബക്കാരെ കല്പനപ്രകാരം തന്റെ അനന്തിരവരാക്കി ദത്തെടുത്തു. ഇപ്പോൾ തിരുവനന്തപുരത്തു കോട്ടയ്ക്കകത്തുള്ള "പുന്നയ്ക്കൽ" കുടുംബക്കാർ ഈശ്വരപിള്ളയുടെ ആ ദത്തവകാശികളുടെ സന്താനപരമ്പരയിലുൾപ്പെട്ടവരാണ്. അവർ താമസിക്കുന്ന ഗൃഹം മുമ്പ് ഈശ്വരപിള്ള താമസിച്ചിരുന്നതുമാണ്.

ഈശ്വരപിള്ളയ്ക്കു പ്രതിമാസം ശമ്പളമായി ആദ്യം മൂന്നും, പിന്നെ ഏഴും ഒടുവിൽ പതിനാലും രൂപാവീതം മാത്രമേ കല്പിച്ചുകൊടുത്തിരുന്നുള്ളൂ. എങ്കിലും ആവശ്യം പോലെ ധാരാളം പണം കല്പിച്ചു കൊടുത്തിരുന്നതുകൂടാതെ ഒട്ടുവളരെ വസ്തുക്കൾ പതിച്ചുകൊടുക്കുകയും ചെയ്തിരുന്നു.

ഈശ്വരപിള്ള ഒരു സ്ത്രീയെ സംബന്ധം ചെയ്തു ഭാര്യയാക്കിയിരുന്നു. അവർക്കും കല്പനപ്രകാരം കോട്ടയ്ക്കകത്തുതന്നെ ഒരു പുരയിടം വാങ്ങി അതിൽ ഒന്നാന്തരത്തിൽ ഒരു പുരയും പണിയിച്ചു കൊടുത്തിരുന്നതുകൂടാതെ അവരുടെ പേരിൽ ധാരാളം വസ്തുക്കൾ പതിച്ചുകൊടുക്കുകയും ചെയ്തിരുന്നു. ആ സ്ത്രീയിൽ ഈശ്വരപിള്ളയ്ക്ക് ആണായും പെണ്ണായും ചില സന്താനങ്ങളുണ്ടാവുകയും ചെയ്തു. ഈശ്വരപിള്ള തന്റെ ഒരു മകനെ കച്ചകെട്ടിച്ച് കഥകളി അഭ്യസിപ്പിച്ചു.

അദ്ദേഹവും ഒരു നല്ല ആട്ടക്കാരൻ തന്നെയായിത്തീർന്നു. ആ മനുഷ്യന്റെ പേരു വേലായുധൻ എന്നായിരുന്നു. അദ്ദേഹത്തെ തിരുമനസ്സുകൊണ്ടും ഈശ്വരപിള്ളയും കൊച്ചുവേലു എന്നും മറ്റുള്ളവർ കൊച്ചുവേലുപ്പിള്ളയെന്നുമാണ് പറഞ്ഞുവന്നിരുന്നതു്. ഒടുക്കം കമ്മട്ടംസൂപ്രണ്ടായിരുന്ന അദ്ദേഹം പരലോകപ്രാപ്തനായിട്ട് ഇപ്പോൾ പത്തു പതിനഞ്ചു കൊല്ലത്തിലധികം കാലമായിട്ടുണ്ടെന്നു തോന്നുന്നില്ല.

വിചാരിപ്പുകാരദ്ദേഹത്തിന് ഗൗരിക്കുട്ടി എന്നു പേരായിട്ട് ഒരു പുത്രിയുണ്ടായിരുന്നു. ആ സ്ത്രീ അസാമാന്യ രൂപലാവണ്യവും വൈദുഷ്യവുമുള്ള കൂട്ടത്തിലായിരുന്നു. ഈശ്വരപിള്ളയദ്ദേഹം ആ പുത്രിക്ക് തിരുമനസ്സിലെ കല്പനപ്രകാരം പഴവങ്ങാടി നാണുപിള്ളയെക്കൊണ്ടു സംബന്ധം ചെയ്യിപ്പിച്ചു. ആ പുരുഷനെ ആ വിദുഷിക്ക് ഒട്ടുംതന്നെ ബോധിച്ചില്ല.

> "യസ്യ ഷഷ്ഠി ചതുർത്ഥീ ച വിഹായ ച വിഹസ്യ ച
> അഹം കഥം ദ്വിതീയാ സാദ്വിതീയാ സ്യാമഹം കഥം"

എന്നു മനോരമത്തമ്പുരാട്ടി പറഞ്ഞതുപോലായിരുന്നു ആ വിദുഷിയുടെ വിചാരം. ആ സ്ത്രീ നാണുപിള്ളയുടെ സംബന്ധം വേണ്ടെന്നു വെയ്പിക്കണമെന്ന് നിർബന്ധപൂർവം പലരോടും പറഞ്ഞ് ഈശ്വരപിള്ളയുടെ അടുക്കൽ പറയിച്ചു. ഈശ്വരപിള്ള ഇക്കാര്യത്തിൽ വല്ലാതെ വിഷമിച്ചു. തന്റെ വാത്സല്യഭാജനമായ പ്രിയപുത്രി മനസ്സിണങ്ങാത്ത ഭർത്താവോടുകൂടി കാലയാപനം ചെയ്തുകൊള്ളണമെന്നു നിർബന്ധിക്കുന്നതു കഷ്ടമാണല്ലോ. കല്പനപ്രകാരം ചെയ്ത സംബന്ധം വേണ്ടെന്നു വെച്ചാൽ തിരുമനസ്സിലേക്കു രസമാകുമോ? "ആട്ടെ എന്തെങ്കിലും സമാധാനമുണ്ടാക്കാം" എന്നു മനസ്സിൽ കരുതിക്കൊണ്ട് അദ്ദേഹം പുത്രിയുടെ സങ്കടം തന്നോടു വന്നു പറഞ്ഞവരോട്, "ഇതിനെന്തെങ്കിലും കൗശലമുണ്ടാക്കാം. കുറച്ചുദിവസം കൂടി ക്ഷമിക്കട്ടെ" എന്നു മറുപടി പറഞ്ഞു. അങ്ങനെയിരിന്നപ്പോൾ ഒരു ദിവസം കൊട്ടാരത്തിൽ കളിക്ക് ദക്ഷയാഗം കഥ കല്പിച്ചു നിശ്ചയിച്ചു. അന്നു ദക്ഷൻ ഈശ്വരപിള്ളയും ശിവൻ നാണുപിള്ളയുമായിരുന്നു. ഈശ്വരപിള്ള, "അറിയാതെ മമ പുത്രിയെ നൽകിയതനുചിതമായിതഹോ! പരിപാവകവുമഭിമാനവും ലൗകികപദവിയുമില്ലാത്ത ഭർഗന്റെ ശീലത്തെ അറിയാതെ മമ പുത്രിയെ നൽകിയതനുചിതമായിതഹോ!" എന്നുള്ള പദം തന്മയത്വത്തോടുകൂടി ഭംഗിയായിട്ടാടി. ആട്ടമെല്ലാം തിരുമനസ്സിലെ നേരെ ആയിരുന്നു. തിരുമനസ്സിലേക്ക് ഈ ആട്ടത്തിന്റെ ആന്തരാർത്ഥം മനസ്സിലാവുകയും പിറ്റേ ദിവസംതന്നെ നാണുപിള്ളയെ തിരുമുമ്പിൽ വരുത്തി, "ഇനി സംബന്ധമുറയ്ക്കു ഗൗരിക്കുട്ടിയുടെ വീട്ടിൽ പോകേണ്ട" എന്നു കല്പിക്കുകയും ചെയ്തു. അക്കാര്യം ഈശ്വരപിള്ള വാക്കാൽ തിരുമനസ്സറിയിക്കാതെ ആട്ടംകൊണ്ടു സാധിച്ചു.

കൊട്ടാരത്തിൽ കഥകളിയുടെ ദിവസങ്ങളിൽ കഥ ഇന്നതെന്നും ഇന്നിന്നവർക്ക് ഇന്നിന്ന വേഷങ്ങളെന്നും കല്പിച്ചു നിശ്ചയിച്ച് അപ്രകാരം ഒരു പട്ടിക തയ്യാറാക്കി പകലേ കൊട്ടാരത്തിൽനിന്നു കഥകളി യോഗത്തിലേക്കു കല്പിച്ചയച്ചു കൊടുക്കുകയും അതുപ്രകാരം എല്ലാവരും വേഷംകെട്ടി കളി നടത്തുകയുമായിരുന്നു പതിവ്. കഥയേതായാലും പ്രധാനമായ ആദ്യാവസാനവേഷം ഈശ്വരപിള്ളയ്ക്കായിരിക്കും. ഈശ്വര പിള്ളയ്ക്ക് അതിനു തക്ക യോഗ്യത ഉണ്ടായിരുന്നിട്ടായിരുന്നു അങ്ങനെ കല്പിച്ചു നിശ്ചയിച്ചിരുന്നതു. എങ്കിലും അതു നിമിത്തം മറ്റുള്ള വലിയ വേഷക്കാർക്കെല്ലാം വളരെ കണ്ഠിതവും ഈശ്വരപിള്ളയെക്കുറിച്ച് അസൂയയുമുണ്ടായിത്തീർന്നു. ഇതു തിരുമനസ്സിലേക്കും മനസ്സിലായി. ഇതിനൊരു സമാധാനമുണ്ടാക്കണമെന്നു കല്പിച്ചു നിശ്ചയിച്ച് ഒരു ദിവസം കളിക്ക് കഥ രാവണോത്ഭവമെന്നും വിദ്യുജ്ജിഹ്വന്റെ വേഷം ഈശ്വരപിള്ളയ്ക്കെന്നും കല്പിച്ചു നിശ്ചയിച്ച പട്ടിക തയ്യാറാക്കിയയച്ചു. ഇതു കണ്ടപ്പോൾ സ്പർദ്ധാലുക്കളായിരുന്നവർക്കെല്ലാം വളരെ സന്തോഷമുണ്ടായി. "എല്ലാ ദിവസവും ആദ്യാവസാനവേഷം അയാൾക്കുതന്നെ കല്പിച്ചു നിശ്ചയിക്കുന്നതുകൊണ്ട് അയാൾക്ക് അഹംഭാവം കലശലായിട്ടുണ്ട്. അതു കുറയണമെങ്കിൽ ചിലപ്പോൾ ഇങ്ങനെയും വേണം" എന്നും മറ്റും സ്വകാര്യമായിപ്പറഞ്ഞു് അവരെല്ലാം രസിച്ചു. എന്നാൽ ഈശ്വരപിള്ളയ്ക്ക് ഇതു കണ്ടിട്ട് ഒട്ടും കണ്ഠിതമുണ്ടായില്ല കല്പിച്ചാൽ ഏതു വേഷം കെട്ടാനും അദ്ദേഹം സന്നദ്ധനായിരുന്നു. പിന്നെ കണ്ഠിതം തോന്നാനൊന്നുമില്ലല്ലോ.

ഈ കഥയിൽ വിദ്യുജ്ജിഹ്വൻ വരുന്നതു് ശൂർപ്പണഖയെ വിവാഹം കഴിക്കാനായിട്ടാണല്ലോ. അതിനുള്ള എഴുത്തു വായിച്ചു രസിച്ചുകൊണ്ട് കുറച്ചു ദൂരത്തുനിന്നാണല്ലോ വിദ്യുജ്ജിഹ്വൻ അരങ്ങത്തേക്കു വരിക പതിവ്. അന്നു വിദ്യുജ്ജിഹ്വന്റെ വരവു കിഴക്കേക്കോട്ടവാതിൽക്കൽ നിന്നായിരുന്നു. വിദ്യുജ്ജിഹ്വന്റെ വരവായപ്പോഴേക്കും അവിടെ പട്ടാളക്കാർ, ബാന്റുവാദ്യക്കാർ, നാഗസ്വരക്കാർ, പന്തക്കുഴകൾ, തീവെട്ടികൾ മുതലായവ നിരക്കുകയും കടച്ചക്രം, കഴിപ്പൂവ്, വാണം, കതിനാവെടി മുതലായവ തുടങ്ങുകയും ചെയ്തു. രാക്ഷസചക്രവർത്തിയായ രാവണന്റെ സഹോദരിയുടെ വിവാഹത്തിനുള്ള മാപ്പിളപ്പുറപ്പാടിന് ആഡംബരങ്ങൾ എത്രയായാലും അത് അധികവും അസംബന്ധവുമായിപ്പോയി എന്നു വരികയില്ലല്ലോ. വിചാരിച്ചിരിക്കാതെയുള്ള ഘോഷങ്ങൾ കോട്ടവാതിൽക്കൽ കേട്ടു തുടങ്ങിയപ്പോഴേക്കും അരങ്ങത്തുണ്ടായിരുന്ന കാഴ്ചക്കാരെല്ലാമെണീറ്റ് അങ്ങോട്ടോടി. ആ സമയത്തു് അരങ്ങത്തു രാവണന്റെ "തരുണാരുണസാരസനയനേ! തരുണീജനമകുടമണേ! കേൾ" ഇത്യാദി പാടിപ്പദം ആരംഭിച്ചിരിക്കുകയായിരുന്നു. രാവണന്റെ വേഷം ധരിച്ചിരുന്നതു് തിരുമനസ്സിലെ സേവകന്മാരിൽത്തന്നെ ഒരാളായിരുന്നു. അയാൾ ഒരു നല്ല ആട്ടക്കാരനുമായിരുന്നു. എങ്കിലും അയാളുടെ ആട്ടം കാണാൻ മണ്ഡോദരിയും മേളക്കാരും പാട്ടുകാരും മാത്രമേ അവിടെയുണ്ടായിരുന്നുള്ളൂ. അതിനാൽ രാവണന്റെ വേഷം കെട്ടിയ ആൾ സാമാന്യത്തിലധികം ഇളിഭ്യനായി എന്നുള്ളതു പറയണമെന്നില്ലല്ലോ. അന്നു മുതൽ ആട്ടക്കാരെല്ലാം ഈശ്വരപിള്ളയോടുള്ള അസൂയയും മത്സരവും വേണ്ടെന്നു വെച്ചു.



അക്കാലത്തു് അമ്പലപ്പുഴ നാരായണപ്പണിക്കരെന്നു പ്രസിദ്ധനായിട്ട് ഒരാട്ടക്കാരനുണ്ടായിരുന്നു. അയാൾക്ക് എല്ലാ വേഷങ്ങളും കെട്ടാമായിരുന്നുവെങ്കിലും ബ്രാഹ്മണൻ, മഹർഷി മുതലായ മിനുക്കുവേഷങ്ങളായിരുന്നു അധികം നല്ലതു്. അയാളും ഒരിടയ്ക്ക് തിരുവനന്തപുരത്തുവന്ന് കൊട്ടാരംവക കളിയോഗത്തിൽച്ചേർന്നിരുന്നു. ഈശ്വരപിള്ളയ്ക്കും എല്ലാ വേഷങ്ങളും കെട്ടാമെന്നും എല്ലാം ഒന്നാന്തരമാണെന്നും പ്രസിദ്ധമായിരുന്നുവല്ലോ. എങ്കിലും മിനുക്കു വേഷങ്ങൾ പണിക്കരുടേതുതന്നെയാണ് അധികം നല്ലതെന്ന് ചിലർക്ക് അഭിപ്രായമുണ്ടായിരുന്നു. എന്നുമാത്രമല്ല, മിനുക്കുവേഷങ്ങൾക്കു തന്നെക്കഴിഞ്ഞല്ലാതെ ലോകത്തിലാരുമില്ലെന്നൊരു വിചാരം പണിക്കർക്കുണ്ടായിരുന്നു. അങ്ങനെയിരിക്കുമ്പോൾ ഒരു ദിവസം കളിക്ക് കഥ സന്താനഗോപാലമെന്നും അർജ്ജുനൻ ഈശ്വരപിള്ളയെന്നും ബ്രാഹ്മണൻ നാരായണപ്പണിക്കരെന്നും കല്പിച്ചു നിശ്ചയിച്ചു. അന്നു ബ്രാഹ്മണൻ, "മൂഢന്മാ! അതിപ്രൗഢന്മമാം നിന്നുടെ പാടവം കത്ര ഗതം" എന്നുള്ള പദം ആടിക്കഴിഞ്ഞതിന്റെ ശേഷം ഇളകിയാട്ടത്തിൽ, അല്ലയോ അർജ്ജുനാ! നിന്റെ അഹംഭാവം ഒട്ടും ചില്ലറയല്ല. നിന്റെ അഹമ്മതി കൊണ്ടാണ് നീ ചിലപ്പോൾ ഇങ്ങനെ ഇളിഭ്യനായിത്തീരുന്നതു്" എന്നുകൂടി ആടി. ഇതിനു മറുപടിയായി അർജ്ജുനൻ (ഈശ്വരപിള്ള) ഒന്നും ആടിയുമില്ല. "നിശമ്യ ഭൂദേവഗിരം സപാണ്ഡവസ്തമുത്തരം കിഞ്ചനോക്തവാനസൗ" എന്നാണല്ലോ ശ്ലോകത്തിൽ പറഞ്ഞിരിക്കുന്നതു്. അതുകൊണ്ട് അർജ്ജുനൻ വല്ലതും മറുപടി പറഞ്ഞാൽ അതു് അസംബന്ധമായിത്തീരുകയും ചെയ്യുമല്ലോ. എന്നാൽ ഈശ്വരപിള്ള ഇതിന്റെ പകരം വീട്ടാതെയിരുന്നില്ല. ഒടുക്കം, "നമസ്തേ ഭൂസുരമലേ!" ഇത്യാദി പദത്തിൽ "അഗ്രജനിതു രണ്ടാമൻ" എന്നു തുടങ്ങി "ഭാഗ്യവാരിധേ! തവ പുത്രന്മാർ പത്തിനെയും വ്യഗ്രതതീർന്നു പരിഗ്രഹിച്ചാലും തന്നിടുന്നേൻ" എന്നുവരെ ആടി. ബ്രാഹ്മണന്റെ പുത്രന്മാരെല്ലാം കൊടുത്തുകഴിഞ്ഞതിന്റെശേഷം അല്ലയോ ശുദ്ധാത്മാവായ ബ്രാഹ്മണാ! ഞാൻ വെറുതെ ആത്മപ്രശംസ ചെയ്യുന്ന വനല്ലെന്നും ഞാൻ വിചാരിച്ചാൽ ഇതിനെക്കാൾ വലിയ കാര്യങ്ങൾ സാധിക്കാനും കഴിയുമെന്നും ഇനിയെങ്കിലും മനസ്സിലാക്കിക്കൊള്ളുക. എന്നാൽ ഇതൊന്നും എന്റെ വൈഭവം കൊണ്ടല്ലെന്നും എല്ലാം ഈ സ്വാമിയുടെ (ഇവിടെ കൈകൊണ്ടു കൃഷ്ണനെയും കണ്ണുകൊണ്ടു മഹാരാജാവിനെയും കാണിച്ചുകൊണ്ടു ആടിയതു്) കൃപകൊണ്ടാണെന്നു കൂടി മനസ്സിലാക്കണം. ഇദ്ദേഹം സേവിക്കുന്നവർക്ക് കല്പവൃക്ഷമായിട്ടുള്ള ആളാണ്. ഈ സ്വാമിയിൽ അങ്ങേക്ക് ഭക്തിയില്ലാഞ്ഞിട്ടാണ് ഇങ്ങനെയുള്ള ആപത്തുക്കളൊക്കെയുണ്ടാകുന്നതു്. ഇനിയെങ്കിലും ഈ സ്വാമിയിൽ ഭക്തിയോടു കൂടിയിരുന്നു കൊള്ളുക എന്നു കൂടി ആടി അവസാനിപ്പിച്ചു. ഈ ആട്ടം കണ്ടു കാഴ്ചക്കാരെല്ലാം ഏറ്റവും സന്തോഷിക്കുകയും "ഓഹോ! ധാരാളം മതി, പണിക്കർ കൊടുത്തതു് ഇരട്ടി പലിശയോടുകൂടി മടക്കിക്കൊടുത്തുവല്ലോ" എന്നു പതുക്കെപ്പറഞ്ഞു മന്ദമായി ചിരിച്ചു. തിരുമനസ്സിലെ തിരുമുഖത്തും സ്വല്പമായ ഒരു മന്ദഹാസം കാണപ്പെട്ടു. തിരുമനസ്സുകൊണ്ട് അരങ്ങത്തു് എഴുന്നള്ളിയിരിക്കുന്നില്ലായിരുന്നുവെങ്കിൽ ഈശ്വരപിള്ളയുടെ ഈ ആട്ടം കണ്ടപ്പോൾ ജനങ്ങൾ കൈകൊട്ടി ആർത്തുവിളിക്കുമായിരുന്നു. അതൊന്നുമുണ്ടായില്ലെങ്കിലും പണിക്കർ സാമാന്യത്തിലധികം ഇളിഭ്യനായി. അതിൽപ്പിന്നെ ഒരിക്കലും നാരായണപ്പണിക്കർ ഈശ്വരപിള്ളയോടു കൊമ്പുവെയ്ക്കാൻ പോയിരുന്നില്ല. ഇങ്ങനെ ആ കഥകളിയോഗത്തിലുൾപ്പെട്ട പ്രധാനവേഷക്കാരേയും വിശേഷിച്ച് ഈശ്വരപിള്ള വിചാരിപ്പുകാരദ്ദേഹത്തിനെയും

കുറിച്ച് ഇനിയും പല സംഗതികൾ പറയാനുണ്ട്. എങ്കിലും ഇപ്പോൾ അതിനായിത്തുനിയുന്നില്ല.

ഈ മഹാരാജാവു തിരുമനസ്സിലെ കഥകളിഭ്രമം നിമിത്തം നമ്മുടെ മലയാള ഭാഷായോഷയ്ക്ക് അനേകം കൃതിതല്ലജസമ്പാദ്യങ്ങളുണ്ടായിട്ടുണ്ടെന്നുള്ളത് ഒരിക്കലും വിസ്മരിക്കാവുന്നതല്ല. തിരുമനസ്സിലെ കല്പനപ്രകാരവും പ്രീതിക്കായിട്ടും പലരും അക്കാലത്തു പല നാട്യപ്രബന്ധങ്ങൾ (ആട്ടക്കഥകൾ) ഉണ്ടാക്കിത്തീർത്തു. അത് അവയിലെ ചില ശ്ലോകങ്ങൾ കൊണ്ടുതന്നെ സ്പഷ്ടമാകുന്നുണ്ട്.

"ശ്രീരാമവർമ്മകുലശേഖരസോദരസ്യ
മാർത്താണ്ഡവർമ്മയുവഭൂമിപതേർന്നിദേശാൽ
കേനാപി തൽപദജുഷാ കില ദക്ഷയാഗ-
നാട്യപ്രബന്ധമുദിതം സുധിയഃ പുനന്തു" (ഇര
യിമ്മൻ തമ്പി)

നൃപേന്ദ്രകുലശേഖരക്ഷിതിപസോദരസ്യോജ്ജ്വല
പ്രശാന്തഗുണശാലിനോ യുവമഹീപതേരാ
ജ്ഞയാ
കൃതാം കിമപി കേനചിത്ത്വഭിനയോചിതാ
മൂർവ്വശീ
സ്വയംവരകഥാം ബുധാഃ ശ്രവണഗോചരീ
കുർവ്വതാം"
(ഹരിപ്പാട്ടു കൊച്ചുപിള്ളവാര്യർ)

ഇങ്ങനെ വേറെ ചില കഥകളിലും കാണുന്നുണ്ട്. ഈ തിരുമനസ്സിലെ കല്പനപ്രകാരം കോട്ടയ്ക്കകത്തുതന്നെ ഒരച്ചുകൂടം സ്ഥാപിക്കുകയും അവിടെ ഈശ്വരപിള്ള വിചാരിപ്പുകാരദ്ദേഹം അൻപത്തിനാലു് ആട്ടക്കഥകൾ ചേർത്ത് ഒരു പുസ്തകം അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

മാർത്താണ്ഡവർമ്മ മഹാരാജാവു തിരുമനസ്സുകൊണ്ടു കൊല്ലം 1036-ആമാണ്ടു നാടുനീങ്ങിയതിന്റെശേഷം നാടു വാണിരുന്നത് ആയില്യം തിരുനാൾ രാമവർമ്മ മഹാരാജാവു തിരുമനസ്സുകൊണ്ടായിരുന്നല്ലോ. അവിടേക്കു കഥകളിയിലും മറ്റും അത്ര ഭ്രമമില്ലാതിരുന്നതിനാൽ കഥകളിയോഗം പിരിച്ചുവിട്ടു. എങ്കിലും ആ യോഗത്തിലെ വേഷക്കാർക്കും മറ്റും നാടുനീങ്ങിപ്പോയ തിരുമനസ്സുകൊണ്ടു കല്പിച്ചുകൊടുത്തിരുന്ന ശമ്പളം ഈ തിരുമനസ്സുകൊണ്ടും ആജീവനാന്തം അവർക്കെല്ലാവർക്കും കൊടുത്തിരുന്നു.

മാർത്താണ്ഡവർമ്മ മഹാരാജാവു തിരുമനസ്സുകൊണ്ടു നാടുനീങ്ങിയതിന്റെ ശേഷം ഈശ്വരപിള്ള വിചാരിപ്പുകാരദ്ദേഹം മാടത്താനിക്കുഞ്ചു പിള്ള മുതലായ ചില മഹാന്മാരുടെ കഥകളിയോഗത്തിൽച്ചേർന്നു നടന്നിരുന്നു. തിരുമനസ്സുകൊണ്ടു നാടുനീങ്ങിപ്പോയിട്ടും ഈശ്വരപിള്ളയദ്ദേഹത്തിന് മാന്യതയ്ക്ക് ഒരു കുറവും വന്നിരുന്നില്ല. ചെല്ലുന്ന സ്ഥലങ്ങളിലെല്ലാം അദ്ദേഹത്തെ യഥാപൂർവ്വം എല്ലാവരും മാനിച്ചിരുന്നു.

ഈശ്വരപിള്ള വിചാരിപ്പുകാരദ്ദേഹം ഏതു യോഗത്തിൽച്ചേർന്നു വേഷം കെട്ടിയാലും അന്യരുടെ കോപ്പുകൾ ഉപയോഗിച്ചിരുന്നില്ല. അദ്ദേഹത്തിനു പ്രത്യേക കിരീടവും മെയ്ക്കോപ്പുകളുമെല്ലാം കല്പിച്ചുണ്ടാക്കിച്ചു കൊടുത്തിരുന്നു. അദ്ദേഹം ആജീവനാന്തം ആ കോപ്പുകൾ തന്നെയാണ് ഉപയോഗിച്ചിരുന്നത്. എവിടെപ്പോകുമ്പോഴും അദ്ദേഹം ആ കോപ്പുകൾ കൂടി കൊണ്ടുപോവുക പതിവായിരുന്നു. വിചാരിപ്പുകാരദ്ദേഹം കുമാരനല്ലൂർ കാർത്തികയ്ക്കും ഗുരുവായൂർ ഏകാദശിക്കും വൈക്കത്തഷ്ടമിക്കും അവിടെയെല്ലാം ചെന്നു ദർശനം കഴിക്കുക പതിവായിരുന്നു. അദ്ദേഹം ആ സ്ഥലങ്ങളിൽ ചെല്ലുമ്പോൾ അവിടെയെല്ലാം ഏതെങ്കിലും കഥകളിയോഗവും എത്തീട്ടുണ്ടാവും. ആ യോഗത്തിൽച്ചേർന്ന് അവിടെയെല്ലാം ഓരോ വേഷം കെട്ടുകയും പതിവായിരുന്നു. എങ്കിലും അദ്ദേഹത്തിന് എല്ലാ സ്ഥലങ്ങളിലും ഓരോരുത്തർ കൊടുത്തിട്ട് അൻപതും അറുപതും ചിലപ്പോൾ അതിലധികവും മുണ്ടുവീതം കിട്ടാറുണ്ട്. വിചാരിപ്പുകാരദ്ദേഹത്തിനു കൊട്ടാരംവക കഥകളിയോഗത്തിൽച്ചേരുന്നതിനും മഹാരാജാവു തിരുമനസ്സിലെ പ്രീതി സമ്പാദിക്കുന്നതിനും കാരണഭൂതൻ വിളായിക്കോട്ടു നമ്പൂരിയായിരുന്നുവല്ലോ. ആ നമ്പൂരി കഴിഞ്ഞുപോയിട്ടും വിചാരിപ്പുകാരദ്ദേഹം ആ സ്മരണ വിട്ടുകളഞ്ഞില്ല. ആ ഇല്ലക്കാരെക്കുറിച്ച് അദ്ദേഹത്തിന് ആജീവനാന്തം വളരെ സ്നേഹവും ഭക്തിയുമുണ്ടായിരുന്നു. കുമാരനല്ലൂർ കാർത്തിക കഴിഞ്ഞാൽ വിചാരിപ്പു കാരദ്ദേഹം ഏതെങ്കിലും കഥകളിയോഗക്കാരെ കൂട്ടിക്കൊണ്ടു വിളായിക്കോട്ടില്ലത്തു ചെന്ന് അവിടെ ഒരരങ്ങു കളിക്കുകയും അദ്ദേഹം ഒരു വേഷം കെട്ടുകയും പതിവായിരുന്നു. കളിയോഗം ഏതായാലും വിചാരിപ്പുകാരദ്ദേഹം കൂടെയുണ്ടെങ്കിൽ ആ ഇല്ലക്കാർ ഒരരങ്ങു കളിപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ അവിടെ വേഷം കെട്ടുന്നതിന് വിചാരിപ്പുകാരദ്ദേഹം പ്രതിഫലമൊന്നും വാങ്ങാറില്ല. എങ്കിലും ആ ഇല്ലക്കാർ അദ്ദേഹത്തിനു നാലു മുണ്ടുകൊടുക്കുക പതിവായിരുന്നു. അവിടെയുള്ള അന്തർജ്ജനങ്ങൾക്കും കിടാങ്ങൾക്കും മറ്റും വിചാരിപ്പുകാരദ്ദേഹം അങ്ങോട്ടും ഓണപ്പുടവ കൊടുക്കാറുണ്ടായിരുന്നു. "നഹി കൃതമുപകാരം സാധവോ വിസ്മരന്തി" എന്നുണ്ടല്ലോ.

വിചാരിപ്പുകാരദ്ദേഹത്തിനു മറ്റുള്ള ആട്ടക്കാരെപ്പോലെ പകലുറക്കം പതിവില്ലായിരുന്നു. കഥകളിയുള്ള ദിവസങ്ങളിൽ വേഷമഴിച്ചു മുഖത്തേതു തുടച്ചു കഴിഞ്ഞാലുടനെ അദ്ദേഹം പോയി മുങ്ങിക്കുളിക്കും. കുളി കഴിഞ്ഞു വരുമ്പോഴേക്കും ഭൃത്യന്മാർ ഒരു കോസടി വിരിച്ചു തയ്യാറാക്കിയിരിക്കും. അദ്ദേഹം വന്ന് ഈറൻ വിഴുത്തുകഴിഞ്ഞാലുടനെ നനച്ചു കുളിച്ച് ആ ഈറൻതോർത്തുമുണ്ടു കൂടി കോസടിയുടെ മീതെ വിരിച്ചു കിടക്കുകയും ഉടനെ ഉറങ്ങിത്തുടങ്ങുകയും ചെയ്യും. ആ ഉറക്കം ഒരു നാലഞ്ചുനാഴികയിലധികം നേരമുണ്ടായിരിക്കയില്ല. പിന്നെ പകലുറങ്ങാറുമില്ല. "അസാത്മ്യജാഗരാദ്ധം പ്രാതസ്സപ്യാദഭുക്തവാൻ" എന്നുള്ള പ്രമാണമനുസരിച്ചാണ് അദ്ദേഹം പ്രവർത്തിച്ചിരുന്നത്. ആജീവനാന്തം അതിനെ ഭേദപ്പെടുത്തിയിരുന്നുമില്ല.

# 93

## കപ്ലിങ്ങാട്ടു നമ്പൂരിയും ദേശമംഗലത്തു വാര്യരും

കപ്ലിങ്ങാട്ടു നമ്പൂരിയുടെ ഇല്ലം കൊച്ചീരാജ്യത്തു തലപ്പിള്ളിത്താലൂക്കിൽ ചെറുതുരുത്തി തീവണ്ടി സ്റ്റേഷനു സമീപത്താണ്. പണ്ടൊരിക്കൽ ആ ഇല്ലത്തെ ഒരന്തർജ്ജനം ഗർഭിണിയായിരുന്ന കാലത്ത് പ്രസിദ്ധനായ "കരിപ്പാല സ്വാമിയാർ" അവിടെയുള്ള ക്ഷേത്രങ്ങളിൽ ഏതാനും ദിവസം എഴുന്നള്ളിത്താമസിച്ചിരുന്നു. ആ വിവരമറിഞ്ഞ് ഈ അന്തർജ്ജനത്തിന്റെ ഭർത്താവായ നമ്പൂരി അമ്പലത്തിൽച്ചെന്നു സ്വാമിയാരെക്കണ്ടു ഗർഭിണിയായിരിക്കുന്ന തന്റെ അന്തർജ്ജനത്തിനു സൽസന്താനലബ്ധിക്കായിട്ടു നാല്പതു ദിവസം പതിവായി കുറേശ്ശെ വെണ്ണ ജപിച്ചു കൊടുത്താൽക്കൊള്ളാമെന്ന് അപേക്ഷിക്കുകയും അടുത്ത ദിവസം മുതൽക്കുതന്നെ തുടങ്ങിയാൽക്കൊള്ളാമെന്ന് അഭ്യർത്ഥിക്കുകയും അപ്രകാരം ചെയ്യാമെന്നു സ്വാമിയാർ സമ്മതിക്കുകയും അടുത്തദിവസം മുതൽക്കുതന്നെ വെണ്ണ ജപിച്ചു കൊടുത്തു തുടങ്ങുകയും ചെയ്തു. അക്കാലത്ത് ആ ക്ഷേത്രത്തിൽ കഴകം "മണിക്കുറ്റിൽ" വാര്യത്തേക്കായിരുന്നു. അന്ന് ആ വാര്യത്തെ ഒരു വാരസ്യാരും ഗർഭം ധരിച്ചിരുന്നു. കപ്ലിങ്ങാട്ടില്ലത്തെ അന്തർജ്ജനം സ്വാമിയാരെക്കൊണ്ടു വെണ്ണ ജപിപ്പിച്ചു സേവിക്കുന്നുണ്ടെന്നറിഞ്ഞപ്പോൾ തനിക്കും അങ്ങനെ ചെയ്താൽക്കൊള്ളാമെന്നൊരു മോഹം വാരസ്യാർക്കുണ്ടാവുകയും അവർ അവരുടെ ഭർത്താവും ക്ഷേത്രത്തിൽ ശാന്തിക്കാരനുമായ നമ്പൂരി മുഖാന്തരം ആ വിവരം സ്വാമിയാരെ ധരിപ്പിക്കുകയും സ്വാമിയാർ സമ്മതിച്ച് അവർക്കും പതിവായി വെണ്ണ ജപിച്ചു കൊടുത്തു തുടങ്ങുകയും ചെയ്തു.

സ്വാമിയാർ വെണ്ണ പ്രത്യേകം പ്രത്യേകം ജപിച്ചു രണ്ടു പൊതിയായി കെട്ടി, "ഇത് അന്തർജ്ജനത്തിന്", "ഇത് വാരസ്യാർക്ക്" എന്നു പറഞ്ഞു ശാന്തിക്കാരനെ ഏല്പിക്കുകയും ശാന്തിക്കാരൻ രണ്ടു പൊതി കളുമെടുത്തു സൂക്ഷിച്ചുവെച്ച്, അന്തർജ്ജനവും വാരസ്യാരും ക്ഷേത്രത്തിൽ തൊഴാൻ ചെല്ലുമ്പോൾ ഓരോ പൊതി വീതം കൊടുക്കുകയുമാണ് പതിവ്. സ്വാമിയാർ വെണ്ണ പ്രത്യേകം പ്രത്യേകം ജപിക്കുന്നതുകൊണ്ട് അന്തർജ്ജനത്തിനുള്ളതിൽ വല്ല വിശേഷവുമുണ്ടായിരിക്കുമെന്നും ആ വിശേഷം തന്റെ ഭാര്യയ്ക്കു സിദ്ധിക്കണമെന്നും കരുതി ശാന്തിക്കാരൻ അന്തർജ്ജനത്തിനുള്ള പൊതി വാരസ്യാർക്കും വാരസ്യാർക്കുള്ള പൊതി അന്തർജ്ജനത്തിനുമാണ് കൊടുത്തുവന്നത്.



ഇങ്ങനെ അന്തർജ്ജനവും വാരസ്യാരും വെണ്ണ സേവിക്കുകയും യഥാകാലം രണ്ടു പേരും പ്രസവിക്കുകയും ചെയ്തു. രണ്ടു പേർക്കുണ്ടായതും പുരുഷപ്രജകളായിരുന്നു. എന്നാൽ ആ ശിശുക്കൾക്കു മാതാ പിതാക്കളുടെ ആനുരൂപ്യം ഒട്ടും തന്നെ ഉണ്ടായിരുന്നില്ല. കപ്ലിങ്ങാട്ടു നമ്പൂരി നല്ല സുന്ദരനും അന്തർജ്ജനം ഏറ്റവും രൂപവതിയുമായിരുന്നു. അവർക്കുണ്ടായ പുത്രൻ അത്രതന്നെ തേജസ്വിയായിരുന്നില്ല. നേരെമറിച്ചു ശാന്തിക്കാരൻ നമ്പൂരി ഒരു വിരൂപനും അദ്ദേഹത്തിന്റെ ഭാര്യയായ വാരസ്യാർ ഒരുവിധം വിരൂപിണിയുമായിരുന്നു. എങ്കിലും അവർക്കുണ്ടായ പുത്രൻ ഏറ്റവും തേജസ്വിയുമായിരുന്നു. ആ കുട്ടികൾ വളർന്നുവന്നപ്പോൾ അവരുടെ സ്വഭാവവും പ്രവൃത്തികളുമെല്ലാം ഇപ്രകാരംതന്നെ ഭേദപ്പെട്ടിരുന്നു. ആരും പറയുകയും നിർബന്ധിക്കുകയും ചെയ്യാതെതന്നെ വാര്യരുകുട്ടി ഏഴര നാഴിക വെളുപ്പാനുള്ളപ്പോൾ ഉണർന്നെഴുന്നേറ്റു ദേഹശുദ്ധി വരുത്തി ഭസ്മക്കുറിയിട്ട് ഈശ്വരസ്തോത്രങ്ങളും നാമ സങ്കീർത്തനങ്ങളും ജപിക്കുകയും നേരം വെളുക്കുമ്പോൾ കുളിച്ച് അമ്പലത്തിൽപ്പോയി ദേവദർശനം കഴിക്കുകയും മറ്റും ചെയ്തു വന്നിരുന്നു. നേരെ മറിച്ച് ബ്രാഹ്മണകുമാരൻ ആരെല്ലാം വിളിച്ചാലും നിർബന്ധിച്ചാലും അഞ്ചു നാഴിക പുലർന്നല്ലാതെ ഉണർന്നെണീക്കുകപോലും ചെയ്തിരുന്നില്ല. കാലത്തെ കുളിച്ച് അമ്പലത്തിൽപ്പോയി തൊഴണമെന്നും സന്ധ്യയ്ക്കു കാലും മുഖവും കഴുകി ഭസ്മക്കുറിയിട്ടു നാമം ജപിക്കണമെന്നും പറഞ്ഞു മാതാപിതാക്കന്മാർ വളരെ നിർബന്ധിച്ചിരുന്നു. എങ്കിലും ആ ബ്രഹ്മണകുമാരൻ അങ്ങനെയൊന്നും ചെയ്തിരുന്നില്ല. ഈ കുമാരന്മാർ ഇപ്രകാരം ഭിന്നബുദ്ധികളായിത്തീർന്നതു കരിപ്പാലസ്വാമിയാരുടെ മന്ത്രശക്തി കൊണ്ടാണെന്നുള്ളതു പറയണമെന്നില്ലല്ലോ. വാര്യരുകുട്ടിക്ക് ശുദ്ധവും വൃത്തിയും ശുചിത്യവുമെല്ലാം നല്ലപോലെയുണ്ടായിരുന്നു. ബ്രാഹ്മണകുമാരന് അവയെല്ലാം വളരെ കുറവുമായിരുന്നു. യഥാകാലം ആ ബ്രാഹ്മണകുമാരന്റെ ഉപനയനം, സമാവർത്തനം മുതലായവയെല്ലാം അദ്ദേഹത്തിന്റെ അച്ഛൻ നടത്തി. എങ്കിലും ആ ബ്രഹ്മണകുമാരൻ കാലത്തെ കുളിക്കുകയോ നിത്യകർമ്മാദികൾ യഥാകാലം വേണ്ടതുപോലെ നടത്തുകയോ ചെയ്തിരുന്നില്ല.

ഈ രണ്ടു കുമാരന്മാരേയും യഥാകാലം വിദ്യാഭ്യാസത്തിന് ഒരു ഗുരുവിന്റെ അടുക്കൽത്തന്നെയാക്കി. കുശാഗ്രബുദ്ധിയായിരുന്ന വാര്യർ ക്ഷണകാലംകൊണ്ട് കാവ്യനാടകാലങ്കാരാദികളിൽ അസാമാന്യമായ നൈപുണ്യം സമ്പാദിച്ചു. ആ ഗുരുനാഥനു തർക്കം, വ്യാകരണം മുതലായവ പഠിപ്പിക്കാൻ തക്കവണ്ണമുള്ള ശാസ്ത്രവ്യുൽപത്തിയില്ലായിരുന്നതിനാൽ ഇത്രയും കഴിഞ്ഞതിന്റെ ശേഷം വാര്യർ വിദ്യാഭാസം മതിയാക്കി. ബ്രഹ്മണകുമാരനും നല്ല ബുദ്ധിമാനായിരുന്നു. എങ്കിലും അദ്ദേഹത്തിന്റെ വാസന ഈ വിഷയത്തിലല്ലായിരുന്നതിനാൽ അദ്ദേഹത്തിനു സംസ്കൃതഭാഷയിൽ വാര്യരോളം തന്നെ വ്യുൽപത്തി സമ്പാദിക്കാൻ കഴിഞ്ഞില്ല അദ്ദേഹത്തിന്റെ വാസന കൊട്ട്, പാട്ട്, മരപ്പണി മുതലായവയിലായിരുന്നു.

വാര്യരുടെ ബുദ്ധി സാമർത്ഥ്യത്തേയും ലോകവ്യുൽപത്തിയിലുള്ള ദൃഢതയേയും കുറിച്ച് കേട്ടറിഞ്ഞ് അക്കാലത്ത് ദേശമംഗലത്തു മനയ്ക്കൽ മൂപ്പനായിരുന്ന അച്ഛൻ നമ്പൂരിപ്പാട്ട് വാര്യരെ മനയ്ക്കലേക്കു ക്ഷണിച്ചു അവിടെയുണ്ടായിരുന്ന ബ്രാഹ്മണകുമാരന്മാരെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനു നിയമിച്ചു. വാര്യർക്കു വ്യാകരണ വ്യുൽപത്തിയില്ലായിരുന്നതിനാൽ കാവ്യനാടകാലങ്കാരങ്ങൾ പഠിപ്പിക്കുന്നതിനു മാത്രമാണ് നിയമിച്ചത്. വ്യാകരണം പഠിപ്പിക്കുന്നതിനു വ്യാകരണവ്യുൽപന്നന്മാരായ ചില നമ്പൂരിമാരെയും അവിടെ നിയമിച്ചിരുന്നു. അവർ ചില ചെറിയ നമ്പൂരിപ്പാടന്മാരെ വ്യാകരണം പഠിപ്പിക്കുന്നതു കേട്ടു ധരിച്ചു വാര്യരും അചിരേണ ഒരു വൈയാകരണനായിത്തീർന്നു. പക്ഷേ അത് അവിടെയുണ്ടായിരുന്ന വിദ്വാന്മാരാരും മനസ്സിലാക്കിയില്ല. കുട്ടികളെ കാവ്യം മുതലായവ പഠിപ്പിച്ചു കൊണ്ടിരിക്കുന്നതിനിടയ്ക്കു വ്യാകരണം കേട്ടുധരിച്ചു മനസ്സിലുറപ്പിക്കുമെന്നു വിചാരിപ്പാൻ ന്യായമില്ലല്ലോ. താൻ വ്യാകരണം കേട്ടു മനസ്സിലാക്കി എന്ന് അവിടെ ആരും ധരിച്ചിട്ടില്ലാത്തതിനാൽ അതു അവിടെയുണ്ടായിരുന്ന വൈയാകരണന്മാരെ ഒന്നു മനസ്സിലാക്കണമെന്നു നിശ്ചയിച്ചു വാര്യർ അതിനു തരം നോക്കിക്കൊണ്ടിരുന്നു. അങ്ങനെയിരുന്നപ്പോൾ ഒരു ദിവസം ഉച്ചയ്ക്കു വാര്യർക്കു ഉണ്ണാൻ ചോറു വിളമ്പിയപ്പോൾ അതിൽ ഒരു കറുത്തവറ്റു കണ്ടിട്ടു വാര്യർ അതെടുത്തു മാറ്റിവെച്ചു. അതു കണ്ടിട്ട് വൈയാകരണനായ ഒരു നമ്പൂരി "എന്താ അത്" എന്നു ചോദിച്ചു. അതിനുത്തരമായി വാര്യർ "കറുത്തരി ശപ്പ്" എന്നു പറഞ്ഞു. ഇതു കേട്ടപ്പോൾ ബുദ്ധിമാനായ ആ നമ്പൂരി വാര്യർ വ്യാകരണമെല്ലാം മനസ്സിലാക്കിയിരിക്കുന്നുവെന്നും "കർത്തരിശപ്പ്" എന്നുള്ള വ്യാകരണസൂത്രത്തെ ഇവിടെയും അർത്ഥം യോജിക്കത്തക്കവണ്ണം സ്വല്പം ഭേദപ്പെടുത്തി ഉച്ചരിച്ചു വെന്നേ ഉള്ളൂ എന്നും തീർച്ചപ്പെടുത്തിയിട്ട് അദ്ദേഹം അർത്ഥദ്വയത്തോടു കൂടി ഫലിതമായി "അതൊരു സൂത്രമല്ലേ പറഞ്ഞത്?" എന്നു ചോദിച്ചു. അതിനു വാര്യരുടെ മറുപടി "സൂത്രമറിയാവുന്നവർക്കു അങ്ങനേയും വിചാരിക്കാം" എന്നായിരുന്നു. ഈ സംഭാഷണം നിമിത്തം വാര്യരും ഒരു വൈയാകരണനായിത്തീർന്നിരിക്കുന്നുവെന്ന് അവിടെയുണ്ടായിരുന്നവരെല്ലാം മനസ്സിലാക്കുകയും അതു പ്രസിദ്ധമായിത്തീരുകയും ചെയ്തു.

അനന്തരം ദേശമംഗലത്തു നമ്പൂരിപ്പാട്ട് വാര്യർക്കു അവിടെയൊരു ഭവനം പണിയിച്ചുകൊടുക്കുകയും വാര്യരുടെ കുടുംബസഹിതമുള്ള സ്ഥിരവാസം അവിടെയാക്കുകയും ചെയ്തു. ഇപ്പോഴും ഏറ്റവും പ്രസിദ്ധിയോടുകൂടി പ്രശോഭിക്കുന്ന ദേശമംഗലത്തുവാര്യം ഉണ്ടായിത്തീർന്നത് ഇപ്രകാരമാണ്. ഇത്രയുമായപ്പോഴേയ്ക്കും ദേശമംഗലത്തു വാര്യരെന്നുള്ള പ്രസിദ്ധി സർവ്വത്ര പരന്നു. അതിനാൽ അന്നത്തെ സാമൂതിരിപ്പാട്ടു തമ്പുരാൻ വാര്യരെ കോഴിക്കോട്ടേക്കു ക്ഷണിക്കുകയും അവിടെ കോവിലകത്തു കൊച്ചുതമ്പുരാക്കന്മാരെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിന് നിയമിക്കുകയും അധികം താമസിയാതെ നെടുവിരിപ്പു സ്വരൂപത്തിലെ ഗുരുസ്ഥാനം ആ വാര്യരുടെ തറവാട്ടേക്കു കല്പിച്ചുകൊടുക്കുകയും ചെയ്തു. ഇപ്പോഴും ആ സ്ഥാനം ദേശമംഗലത്തു വാര്യത്തേക്കു തന്നെയാണിരിക്കുന്നത്. പ്രസിദ്ധനായ ആ വാര്യരുടെ കാലം മുതൽ അവരുടെ കുടുംബത്തിൽ യോഗ്യന്മാരും വിദ്വാന്മാരും പ്രസിദ്ധന്മാരുമായിട്ടുള്ളവരല്ലാതെ ഉണ്ടായിട്ടില്ല. ഇപ്പോഴും ആ കുടുംബത്തിൽ സംസ്കൃതം, ഇംഗ്ലീഷ് മുതലായ ഭാഷകളിലും രസതന്ത്രം മുതലായ ശാസ്ത്രങ്ങളിലും അതിനിപുണന്മാരും വലിയ വലിയ ഗവർമ്മെന്റുദ്യോഗങ്ങൾ വഹിക്കുന്നവരുമായി പലരുമുണ്ട്.

ദേശമംഗലത്തുവാര്യർ രാജഗുരുവായിത്തീർന്നപ്പോഴേക്കും അദ്ദേഹത്തിന്റെ സതീർത്ഥ്യനായ കപ്ളിങ്ങാട്ടുനമ്പൂരി ചെണ്ടകൊട്ട്, പാട്ട് മുതലായ വിഷയങ്ങളിൽ അതിനിപുണനും പ്രസിദ്ധനുമായിത്തീർന്നു. അദ്ദേഹത്തിന് അസാമാന്യമായ ഭ്രമം കഥകളിയിലായിരുന്നു. കൊട്ടാരക്കരത്തമ്പുരാൻ മുതലായ ചില മഹാന്മാർ ചില ആട്ടക്കഥകളുണ്ടാക്കുകയും കഥകളി നടപ്പാക്കുകയും ചെയ്തുവെങ്കിലും അതു കേവലം അപരിഷ്കൃതരീതിയിലായിരുന്നു. ആദ്യകാലത്തു വേഷങ്ങൾ തന്നെ എല്ലാം ഒരു പോലെയായിരുന്നു. ഒരു വേഷത്തിനും മുഖത്തൊന്നും തേച്ചിരുന്നില്ല. അക്കാലത്ത് ഒരോകഥാപത്രങ്ങൾക്കും ആടാനുള്ള പദങ്ങളെല്ലാം (നാടകങ്ങളിലെ ശ്ലോകങ്ങളും വാക്യങ്ങളും ചൊല്ലുന്നതുപോലെ) അവരവർ തന്നെയാണ് പാടിയിരുന്നത്. കപ്ളിങ്ങാട്ടു നമ്പൂരി അതെല്ലാം ഭേദപ്പെടുത്തി. പാട്ടിനു വേറെ ആളുകൾതന്നെ വേണമെന്നു നിശ്ചയിച്ചു. വേഷങ്ങൾക്കു പച്ച, കത്തി, കരി, വെള്ളത്താടി, ചുവന്ന താടി, മിനുക്ക് (ബ്രാഹ്മണൻ, മഹർഷി മുതലായവ) ഇങ്ങനെ ഇപ്പോൾ കണ്ടുവരുന്ന വിധത്തിലുള്ള വ്യത്യാസങ്ങളും കൽപിച്ചു. ആട്ടത്തിന്റെ സമ്പ്രദായവും ആകപ്പാടെ മാറ്റി ഇപ്പോൾ കണ്ടുവരുന്ന വിധത്തിലുള്ള ചവിട്ടും ചാട്ടവും കലാശങ്ങളുമെല്ലാ മേർപ്പെടുത്തി. കിം ബഹുനാ, കഥകളിയുടെ രീതി ആകപ്പാടെ പരിഷ്ക്കരിച്ച് ഇപ്പോൾ കാണുന്ന രീതിയിലാക്കിത്തീർത്തു. ഇതു നടപ്പാകേണ്ടതിലേക്കായി അദ്ദേഹം ഈ രീതി ചിലരെ അഭ്യസിപ്പിച്ച് ഒരു കഥകളിയോഗം കൂട്ടി അദ്ദേഹം തന്നെ കുറച്ചുകാലം കൊണ്ടു നടന്നിരുന്നു. വേഷങ്ങൾക്കു വേണ്ടുന്ന കിരീടം മുതലായ മരക്കോപ്പുകളെല്ലാം പണിതുണ്ടാക്കിയതും അവയ്ക്കു ചില്ലും "ചകലാസും പതിച്ചു തകിടിട്ടു നന്നാക്കിയതുമെല്ലാം അദ്ദേഹം തന്നെയായിരുന്നു. കഥകളിയോഗത്തിൽ മേളത്തിനും പാട്ടിനും യോഗ്യന്മാരായ ആളുകളെ നിയമിച്ചിട്ടുണ്ടായിരുന്നുവെങ്കിലും പാട്ടിന്റെ പ്രധാന ഭാഗം അദ്ദേഹം തന്നെയാണ് നിർവ്വഹിച്ചിരുന്നത്. അങ്ങനെയെല്ലാഞ്ഞാൽ കളിക്കാർക്കും കളിപ്പിക്കുന്നവർക്കും മാത്രമല്ല, അദ്ദേഹത്തിനും തന്നെയും തൃപ്തിയാവുകയില്ലായിരുന്നു. ചൊല്ലിയാടിക്കുന്നതിനു കപ്ളിങ്ങാട്ടുനമ്പൂരിക്കുണ്ടായിരുന്ന സാമർത്ഥ്യം അനന്യസാധാരണം തന്നെയായിരുന്നു.

കപ്ളിങ്ങാട്ടുനമ്പൂരി കഥകളിയുടെ രീതി ആകപ്പാടെ പരിഷ്ക്കരിച്ചുവെന്നും അദ്ദേഹം തന്നെ ഒരു കഥകളിയോഗം ഏർപ്പെടുത്തി കൊണ്ടു നടന്നു തുടങ്ങിയിരിക്കുന്നുവെന്നും അദ്ദേഹത്തിന്റെ പാട്ട് ഏറ്റവും മനോഹരമാണെന്നും മറ്റും പലരും പറഞ്ഞറിയുകയാൽ പൂമുള്ളിമനയ്ക്കൽ അച്ഛൻനമ്പൂരിപ്പാട്ട് ആ പരിഷ്ക്കരിച്ച രീതിയിലുള്ള കഥകളി കാണുകയും കപ്ളിങ്ങാട്ടുനമ്പൂരിയുടെ പാട്ടു കേൾക്കുകയും ചെയ്യണമെന്നു നിശ്ചയിച്ച് കഥകളിക്കു ദിവസം തീർച്ചപ്പെടുത്തിക്കൊണ്ടു തലേ ദിവസം തന്നെ ഒരു കാര്യസ്ഥൻ മുഖാന്തരം വിവരം കപ്ളിങ്ങാട്ടു നമ്പൂരിയെ അറിയിച്ചു. അന്നും അടുക്കൽ ഒരു സ്ഥലത്തു കളിയുണ്ടായിരുന്നു. അവിടെച്ചെന്നാണു കാര്യസ്ഥൻ വിവരം നമ്പൂരിയോടു പറഞ്ഞത്. അടുത്ത ദിവസം രാവിലെ യോഗത്തോടുകൂടി എത്തിക്കൊള്ളാമെന്നു നമ്പൂരി മറുപടി പറഞ്ഞയയ്ക്കുകയും ചെയ്തു. അന്നു കളിക്കുകൊട്ടിയപ്പോൾ ചെണ്ട പൊട്ടിപ്പോവുകയാൽ തൽക്കാലം അവിടെ അടുക്കലുണ്ടായിരുന്ന ഒരു മാരാരുടെ ഗൃഹത്തിൽ നിന്നു ഒരു ചെണ്ട വരുത്തി കളി ഒരു വിധം കഴിച്ചുകൂട്ടി. പിറ്റേ ദിവസം കാലത്തു കപ്ളിങ്ങാട്ടുനമ്പൂരി "നിങ്ങൾ ഇപ്പോൾ തന്നെ പൊയ്ക്കൊൾവിൻ. ചെണ്ടവട്ടമുണ്ടാക്കിക്കൊണ്ടു ഞാൻ പകലേ അവിടെ എത്തിക്കൊള്ളാം" എന്നു പറഞ്ഞു. കഥകളി യോഗക്കാരെ പൂമുള്ളി മനയ്ക്കലേക്കയയ്ക്കുകയും അപ്രകാരം നമ്പൂരി ചെട്ടവട്ടവും കൊണ്ടു പകലേ അവിടെയെത്തുകയും ചെയ്തു.

അവിടെയെത്തിയ ഉടനെ അദ്ദേഹം ചെണ്ടവട്ടം ചെണ്ടക്കാരനെ ഏൽപ്പിച്ചു ക്ഷണത്തിൽ അതു കോർത്തു ശരിയാക്കാൻ പറഞ്ഞിട്ടു കുളിക്കാനായി പുറപ്പെട്ടു. അപ്പോഴേക്കും നേരം വൈകിയിരുന്നതിനാൽ കുളിക്കാനും സന്ധ്യാവന്ദനത്തിനുമായി അച്ഛൻ നമ്പൂരിപ്പാടു പുറത്തുവന്നു. അപ്പോൾ അച്ഛൻ നമ്പൂരിപ്പാടു കപ്ളിങ്ങാട്ടു നമ്പൂരിയെ കണ്ടിട്ട്, "ഹേ! കപ്ളിങ്ങാടു വന്നുവോ? സന്തോഷമായി നമുക്കു കുളിക്കാൻ പോകാം" എന്നു പറഞ്ഞു രണ്ടുപേരും കൂടി കുളിക്കാൻപോയി. കുളി കഴിഞ്ഞു കപ്ളിങ്ങാട്ടു നമ്പൂരി സന്ധ്യാവന്ദനത്തിനായി കിഴക്കോട്ടു തിരിഞ്ഞു നിന്നു വെള്ളം കോരിപ്പിടിച്ചു. അത് കണ്ടിട്ട് അച്ഛൻനമ്പൂരിപ്പാട്ട് "കപ്ളിങ്ങാട്ട് അതല്ല പടിഞ്ഞാറ്. അതു കിഴക്കാണ്. തിരിഞ്ഞുനിന്ന് അർഘ്യം കൊടുക്കൂ" എന്നു പറഞ്ഞു.

കപ്ളിങ്ങാട്ടി നമ്പൂരി: ഇതു പടിഞ്ഞാറാണെന്നു ഞാൻ വിചാരിച്ചില്ല. കിഴക്കാണെന്നുതന്നെയാണ് എന്റെ വിചാരം. കാലത്തേതു കഴിഞ്ഞിട്ടു വേണമല്ലോ വൈകുന്നേരത്തേത്, എന്നു വിചാരിച്ചാണ്. അച്ഛൻനമ്പൂതിരിപ്പാട്ട്: അപ്പോൾ ഇന്നു നേരത്തു സന്ധ്യവന്ദനമുണ്ടായില്ലെന്നോ?

കപ്ളിങ്ങാട്ട്: ഉണ്ടായില്ല ചില ബദ്ധപ്പാടുകൾകൊണ്ട് ഇന്ന് ഇതുവരെ കുളിക്കാനും സന്ധ്യാവന്ദനം കഴിക്കാനും ഉണ്ണാനും ഒന്നും തരമായില്ല.

അച്ഛൻ: കഷ്ടം! സന്ധ്യാവന്ദനത്തിനു നേരം നീക്കം വരുത്തുന്നതു കഷ്ടമല്ലേ?

കപ്ളിങ്ങാട്ട്: അതേ. നിവൃത്തിയില്ലാതെ വന്നാൽ എന്തുചെയ്യും? ഇന്നത്തെ കഥ തന്നെ ഞാൻ പറയാം. കളിയോഗം വകയായി ഒരു ചെണ്ടയുള്ളതിന്റെ ഇടന്തലവട്ടം ഇന്നലെത്തന്നെ പൊട്ടിപ്പൊളിഞ്ഞു. ഇന്ന് ഇവിടെയെത്തി കളി നടത്തിക്കൊള്ളമെന്നു ഇന്നലെത്തന്നെ സമ്മതിച്ചു പറഞ്ഞയയ്ക്കുകയും ചെയ്തിട്ടുണ്ടല്ലോ. ചെണ്ടയില്ലാതെ കളി നടക്കുമോ? ചെണ്ടവട്ടവും കൊണ്ടു ഞാൻ പകലേ ഇവിടെ എത്തിക്കൊള്ളാമെന്ന് പറഞ്ഞാണ് യോഗക്കാരെ രാവിലെ ഇങ്ങോട്ടയച്ചത്. യോഗക്കാരെ ഇങ്ങോട്ടു പറഞ്ഞയച്ചതിന്റെശേഷം ചെണ്ടവട്ടമുണ്ടാക്കാനുള്ള ശ്രമമായി. അവിടെ നിന്നു നാലുനാഴിക ദൂരെ ഒരു പറയൻ താമസിക്കുന്നുണ്ട്. അവന്റെ കൈവശം എല്ലായ്പ്പോഴും തുകലുണ്ടായിരിക്കുക പതിവാണ്. അവന്റെ അടുക്കൽ ചെന്ന് ഒരു തുകൽ വിലയ്ക്കു വാങ്ങമെന്നു വിചാരിച്ച് അങ്ങോട്ടുപോയി. അവിടെ ചെന്നപ്പോൾ അവനെ അവിടെ കണ്ടില്ലെന്നു മാത്രമല്ല, അവന്റെ മാടത്തിൽ ആരുമുണ്ടായിരുന്നുമില്ല. പിന്നെ മാടത്തിനകത്തു കടന്നു അവിടെയൊക്കെ നോക്കി. അവിടെയെങ്ങും ഒരു തുകലും കണ്ടില്ല. "കാര്യം വളരെ ദുർഘടമായല്ലോ! ഇനി എന്താ നിവൃത്തി! എന്നു വിചാരിച്ചു ഞാൻ ഏറ്റവും വിഷാദത്തോടുകൂടി അവിടെ നിന്നു മടങ്ങി വഴിയിൽ വന്നപ്പോൾ അവിടെ ഒരു പശു നിൽക്കുന്നതു കണ്ടു. അതു പ്രായാധിക്യം നിമിത്തം വളരെ ക്ഷീണിച്ചതും പ്രസവം മാറിയതുമായിരുന്നു. ഉപയോഗമില്ലാതെയായതുകൊണ്ട് അതിന്റെ ഉടമസ്ഥൻ ഉപേക്ഷിച്ചതായിരിക്കുമെന്നു വിചാരിച്ചു ഞാൻ ആ പശുവിനെ പിടിച്ചുകെട്ടി അതിന്റെ തുകൽ ഉരിച്ചെടുത്തു.

അച്ഛൻ: (ചെവി പൊത്തിക്കൊണ്ട്) മതി! മതി! എന്റെ കപ്ളിങ്ങാട്ട് എനിക്ക് ഇനി ഒന്നും കേൾക്കണ്ട. ഗോഹത്യ. ശിവ! ശിവ!

കപ്ളിങ്ങാട്ട്: മുഴുവനും കേൾക്കാതെ ഒരു കാര്യം മനസ്സിലാവുകയില്ലല്ലോ. പിന്നെ ആ തുകൽ കുറ്റിക്കിട്ട് ഉണക്കി ചേറി നന്നാക്കി ഒരു ചെണ്ടവട്ടം മാടിയുണ്ടാക്കി. അപ്പോഴേക്കും നേരം വൈകിത്തുടങ്ങി. ഉടനെ ഇങ്ങോട്ടു പോരികയും ചെയ്തു. ഈ ജോലി കൊണ്ടാണ് ഇന്നു കുളിക്കാനും നിത്യകർമ്മം കഴിക്കാനും ഉണ്ണാനും ഒന്നും തരമാകാഞ്ഞത്. കുളിയും നിത്യകർമ്മാനുഷ്ഠാനവും കഴിഞ്ഞതിന്റെ ശേഷം കപ്ളിങ്ങാട്ടു നമ്പൂരി അച്ഛൻ നമ്പൂരിപ്പാടിനോട് "നേരനീക്കം വന്നാലും ഞാൻ തേവാരമൊന്നും മുടക്കാറില്ല. എനിക്കു സാളഗ്രാമപൂജ പതിവുണ്ട്. അതിന് ഒരു വിളക്കും കുറച്ചു ചന്ദനവും പൂവും മറ്റും വേണം" എന്നു പറഞ്ഞു. ഉടനെ അച്ഛൻ നമ്പൂരിപ്പാട്ട് ഒരു നമ്പൂരിയെ വിളിച്ച് ഒരു "സാളഗ്രാമവും പൂജയ്ക്കു വേണ്ടുന്ന സാധനങ്ങളും കൊണ്ടുവന്നു കൊടുക്കാൻ" പറഞ്ഞു. അപ്പോൾ കപ്ളിങ്ങാട്ടുനമ്പൂരി "സാളഗ്രാമം വേണ്ടാ. അത് എന്റെ കൈവശമുണ്ട്"എന്നു പറഞ്ഞു. അതു കേട്ട് അച്ഛൻ നമ്പൂരിപ്പാട്ട്, "സാളഗ്രാമം എവിടെ വെച്ചിരിക്കുന്നു?" എന്നു ചോദിച്ചു. അതിനുത്തരമായി കപ്ളിങ്ങാട്ടിനമ്പൂരി "സാളഗ്രാമം മുഴവനോടെ കൊണ്ടു നടക്കുന്നതു ബുദ്ധിമുട്ടാണെന്നു വിചാരിച്ചു അതുടച്ചു ചെറുതാക്കി മോതിരത്തിന്മേൽ വെച്ചുകെട്ടി കൈവിരന്മേലിട്ടുകൊണ്ടാണ് ഞാൻ നടക്കുന്നത്" എന്നു പറഞ്ഞു. അതു കേട്ടപ്പോൾ അച്ഛൻ നമ്പൂരിപ്പാട്ട്, "സാളഗ്രാമം ഉടയ്ക്കുകയോ? ശിവ! ശിവ! അതും മഹാ കഷ്ടം" എന്നു പറഞ്ഞ് അകത്തേക്കു പോയി.

കപ്ളിങ്ങാട്ടുനമ്പൂരി സാളഗ്രാമപൂജയും അത്താഴവും കഴിച്ച് അണിയറയിൽചെന്നു കളിയോഗക്കാരോട് "വിളക്കുവെച്ചാൽ കളി മുറയ്ക്കു നടത്തിക്കൊള്ളണം. ഇന്നലെ രാത്രി ഞാനൊട്ടും ഉറങ്ങിയിട്ടില്ല. അതിനാൽ ഞാനൊന്നു കിടക്കാൻ പോവുകയാണ്. എന്നെ ഉറക്കത്തിൽ വിളിച്ച് ആരും ഉപദ്രവിക്കരുത്. ഉറക്കം മതിയാകുമ്പോൾ ഞാനുണർന്ന് എണീറ്റു വന്നുകൊള്ളാം" എന്നു പറഞ്ഞിട്ട് അദ്ദേഹം ഒരു മുറിക്കകത്തു കടന്നു വാതിൽ ചാരിയിട്ടു കിടന്നുറങ്ങിത്തുടങ്ങി. കളി തുടങ്ങി കുറച്ചുനേരം കഴിഞ്ഞിട്ടും പാടാൻ കപ്ളിങ്ങാട്ടു നമ്പൂരിയെ കാണാഞ്ഞിട്ട് അച്ഛൻ നമ്പൂരിപ്പാട്ട് അതെന്താണെന്നന്വേഷിച്ചു. അപ്പോൾ ചിലർ അദ്ദേഹം കിടന്നുറങ്ങുകയാണെന്നു പറയുകാൽ അച്ഛൻ നമ്പൂരിപ്പാട്ട് കളിയോഗത്തിലുള്ളവരിൽ ചിലരെ വിളിച്ചു കപ്ളിങ്ങാട്ടു നമ്പൂരിയെ വിളിക്കാൻ പറഞ്ഞു.

അപ്പോൾ അവർ, "വിളിക്കരുതെന്നാണ് കല്പിച്ചിരിക്കുന്നത്" എന്നറിയിച്ചു. ഉടനെ അച്ഛൻ നമ്പൂരിപ്പാട്ട്, "കപ്ളിങ്ങാടിനെ വിളിക്കാൻ നിങ്ങൾക്കൊക്കെ ഭയമാണെങ്കിൽ ഞാൻതന്നെ വിളിക്കാം" എന്നു പറഞ്ഞു നമ്പൂരി കിടന്നിരുന്ന മുറിയുടെ വാതിൽക്കൽ ചെന്നു വാതിൽ തള്ളിത്തുറന്നു. അപ്പോൾ ദുർന്നിരീക്ഷ്യമായ ഒരു തേജസ്സാണ് അവിടെ കാണപ്പെട്ടത്. ദേഹം സ്തംഭിക്കുകയും കണ്ണു മഞ്ഞളിക്കുകയുംചെയ്യുകയാൽ ഇളകാൻപോലും ശക്തനല്ലാതെ അച്ഛൻ നമ്പൂരിപ്പാട്ടു നിന്നനിലയിൽ കുറച്ചുനേരം അവിടെ നിന്നു. അപ്പോൾ അദ്ദേഹത്തിന്റെ കണ്ണു കാണാറായി. ആ സമയം കപ്ളിങ്ങാട്ടു നമ്പൂരിയെ അദ്ദേഹം കണ്ടതു ചതുർബാഹുവായ മഹാവിഷ്ണുവിന്റെ രൂപത്തിലാണ്. ഉടനെ അച്ഛൻ നമ്പൂരിപ്പാട്ടു ഭയാത്ഭുതഭക്തി വിഹ്വലനായി സാഷ്ടാംഗം വീണു നമസ്കരിച്ചിട്ട് ഒന്നും മിണ്ടാതെ യഥാ പൂർവ്വം വാതിൽ ചാരിക്കൊണ്ടു മടങ്ങിപ്പോന്നു. താൻ കണ്ട അത്ഭുതത്തെക്കുറിച്ച് അച്ഛൻ നമ്പൂരിപ്പാട്ട് അന്ന് ആരോടും ഒന്നും പറഞ്ഞില്ല.

കഥകളി ഏകദേശം പകുതിയായപ്പോഴേക്കും കപ്ളിങ്ങാട്ടു നമ്പൂരി ഉണർന്നെണീറ്റ് അരങ്ങത്തെത്തി പാടിത്തുടങ്ങി. അന്ന് അദ്ദേഹത്തിന്റെ പാട്ട് പതിവിലധികം നന്നായതിനാൽ എല്ലാവരും വളരെ സന്തോഷിച്ചു. അച്ഛൻ നമ്പൂരിപ്പാട്ടിലെക്കുണ്ടായ സന്തോഷം സീമാതീതമായിരുന്നു.

കഥകളി കഴിഞ്ഞു വേഷക്കാരെല്ലാവരും വേഷമൊക്കെ അഴിച്ചു മുഖത്തേതു തുടച്ചുവന്നപ്പോഴേക്കും അച്ഛൻ നമ്പൂരിപ്പാട്ടും കുളിയും നിത്യകർമ്മാനുഷ്ഠാനവും കഴിഞ്ഞുവന്നു. പ്രധാനവേഷക്കാർ മുതൽ പെട്ടിക്കാർ വരെ എല്ലാവർക്കും യഥായോഗ്യം സമ്മാനങ്ങളും പതിവുള്ള പണവും കൊടുത്തതിന്റെ ശേഷം അച്ഛൻ നമ്പൂരിപ്പാട്ട് കപ്ളിങ്ങാട്ടു നമ്പൂരിയെ അടുക്കൽ വിളിച്ച്, "കപ്ളിങ്ങാട്ടിന്റെ പാട്ടിനെക്കുറിച്ച് പലരും പ്രശംസിച്ചുകേൾക്കാറുണ്ട്. പാട്ട് കേൾക്കാൻ എനിക്ക് ഇന്നലെ മാത്രമേ സംഗതിയായുള്ളൂ. പാട്ടു വളരെ കേമം തന്നെ. ഇത്രയും നന്നായിട്ടുള്ള കഥകളിപ്പാട്ടു ഞാൻ ഇതിനുമുമ്പു കേട്ടിട്ടില്ല. വളരെ സന്തോഷമായി. കപ്ളിങ്ങാട്ടു സന്ധ്യാവന്ദനത്തിനു നേരനീക്കം വരുത്തുന്നതിനെക്കുറിച്ചും മറ്റും ഇന്നലെ ഞാൻ ഏതാണ്ടൊക്കെ പറഞ്ഞുപോയി. അങ്ങയുടെ യോഗ്യതയറിയാതെ അങ്ങനെയൊക്കെ ഞാൻ പറഞ്ഞതാണ്. അതു കൊണ്ടു മുഷിച്ചിൽ തോന്നരുത്. കപ്ളിങ്ങാടിന്റെ യോഗ്യത വിചാരിച്ചാൽ ഇങ്ങനെയൊന്നുമല്ല ബഹുമാനിക്കേണ്ടത്. എങ്കിലും ഒരു കഥകളിയുടമസ്ഥന്റെ നിലയിലാണല്ലോ ഇപ്പോൾ വന്നിരിക്കുന്നത്. അതുകൊണ്ട് ഇപ്പോൾ ഇതിരിക്കട്ടെ" എന്ന് പറഞ്ഞു ഒരു കുത്തുപാവുമുണ്ടു സമ്മാനിച്ചു സന്തോഷിപ്പിച്ചയച്ചു.

കഥകളിയോഗക്കാർ അവിടെനിന്നു പോയതിന്റെ ശേഷം അച്ഛൻ നമ്പൂരിപ്പാട്ട് അവിടെയുണ്ടായിരുന്ന ചില നമ്പൂരിമാരോട് താൻ തലേദിവസം കണ്ട അത്ഭുതത്തെക്കുറിച്ചു പറഞ്ഞു. കപ്ളിങ്ങാട്ടു നമ്പൂരി ബുദ്ധിമാനും സമർത്ഥനുമാണെങ്കിലും ബ്രഹ്മതേജസ്സും ബ്രാഹ്മണവൃത്തിയുമില്ലാത്തയാളാണെന്നു പറഞ്ഞു പുച്ഛിച്ചുകൊണ്ടിരുന്ന നമ്പൂരിമാരും മറ്റും അക്കാലം മുതൽ അദ്ദേഹത്തെക്കണ്ടാൽ സബഹുമാനം വന്ദിച്ചു തുടങ്ങി.

കപ്ളിങ്ങാട്ടു നമ്പൂരി വേഷം പരിഷ്ക്കരിച്ച് ഇന്നിന്നവർക്കു പച്ച, ഇന്നിന്നവർക്കു കത്തിയെന്നും മറ്റും നിശ്ചയിച്ചപ്പോൾ വിദ്യുജ്ജിഹ്വനും ഒരു രാക്ഷസ രാജാവായതു കൊണ്ട് കത്തി എന്നാണു നിശ്ചയിച്ചിരുന്നത്. ഒരു സ്ഥലത്ത് ഒരു കഥകളിക്കു വിദ്യുജ്ജിഹ്വന്റെ വേഷം കെട്ടുന്നയാൾ കത്തിക്കു തേച്ചു ചുട്ടിക്കു കിടന്നു. ചുട്ടി തീർന്നപ്പോൾ ആ വേഷക്കാരൻ നല്ല ഉറക്കമായിരുന്നു. അയാളെ ചുട്ടിക്കാരൻ വിളിച്ചുണർത്തി. വേഷക്കാരൻ ഉറക്കിപ്പിച്ചയോടു കൂടി എണീറ്റിരുന്ന് ഓർമ്മ കൂടാതെ കൈകൊണ്ടു മുഖത്തു തേച്ചിരുന്നതും ചുട്ടിയുമെല്ലാം ഉത്തുവല്ലാതെയാക്കിത്തീർത്തു. വീണ്ടും കത്തി തേച്ചു ചുട്ടികുത്തി വേഷം തീർക്കാൻ സമയമില്ലാതിരുന്നതുകൊണ്ട് കപ്ളിങ്ങാട്ടു നമ്പൂരി "ഇനി ആ വേഷം അങ്ങനെ മതി" എന്നു പറഞ്ഞു കണ്ണിൽക്കണ്ടതെല്ലാം അയാളുടെ തലയിലും ദേഹത്തിലുമെല്ലാം വെച്ചു കെട്ടി വേഷം തീർത്ത് അയാളെ അരങ്ങത്തേക്കു തള്ളിയയച്ചു. അന്നു മുതൽ വിദ്യുജ്ജിഹ്വന്റെ വേഷം ഇപ്പോൾ കണ്ടു വരുന്ന വിധത്തിൽ വികൃതമായിട്ടു തന്നെ നടപ്പായി.

കപ്ളിങ്ങാട്ടു നമ്പൂരി കഥകളി പരിഷ്ക്കരിച്ചതിന്റെ ശേഷം വേറെ രണ്ടു നമ്പൂരിമാരും അൽപാല്പം ഭേദഗതികളോടു കൂടി കഥകളി പരിഷ്ക്കരിച്ചു. അതിനാൽ കഥകളിക്കു കപ്ളിങ്ങാട്ടൻ, കലടിക്കോടൻ, വെട്ടത്തുനാടൻ ഇങ്ങനെ മൂന്നു രീതി നടപ്പായിത്തീർന്നു. ഇവയിൽ വെട്ടത്തുനാടൻ രീതിക്ക് അധികം പ്രചാരം സിദ്ധിച്ചില്ല. അത് ഇപ്പോഴും വിരളപ്രചാരമായിത്തന്നെ ഇരിക്കുന്നേയുള്ളൂ. കപ്ളിങ്ങാടൻ, കല്ലടിക്കോടൻ എന്നീ രണ്ടു രീതികൾക്കു ആദ്യം തന്നെ ധാരാളം പ്രചാരം സിദ്ധിച്ചു. അവ ഇപ്പോഴും പ്രചുരപ്രചാരത്തോടുകൂടി തന്നെയാണിരിക്കുന്നത്. ഈ മൂന്നു രീതികളും തമ്മിൽ ആട്ടത്തിനും ചാട്ടത്തിനും ചവിട്ടുകൾക്കും കലാശങ്ങൾക്കുമല്ലാതെ വേഷങ്ങൾക്കു വലിയ വ്യത്യാസമൊന്നുമില്ല. തിരുവിതാംകൂർ, കൊച്ചി എന്നീ രാജ്യങ്ങൾ ഇപ്പോഴും കപ്ളിങ്ങാടൻ രീതിതന്നെയാണ് അധികം പ്രചാരത്തിൽ ഇരിക്കുന്നത്. കല്ലടിക്കോടൻ രീതിക്ക് അധികം പ്രചാരം ബ്രിട്ടീഷു മലബാറിലാണ്.

നമ്മുടെ കഥാനായകനായ കപ്ളിങ്ങാട്ടു നമ്പൂരിയുടെ കാലാനന്തരവും ആ ഇല്ലത്തുണ്ടായവരെല്ലാം ബുദ്ധിമാന്മാരും സമർത്ഥരുമായിരുന്നുവെന്നും ഇപ്പോഴും അവിടെ അങ്ങനെതന്നെയാണ് ഇരിക്കുന്നതെന്നുമാണ് പലതും പറഞ്ഞു കേട്ടിട്ടുള്ളത്.

# 94

## വിജയാദ്രി മാഹാത്മ്യം

വിജയാദ്രിയെന്നും അതിന്റെ പരിഭാഷയായി "വെന്നിമല" എന്നും പറഞ്ഞുവരുന്ന പുണ്യപർവതം സ്ഥിതി ചെയുന്നത് തിരുവിതാംകൂർ സംസ്ഥാനത്ത് ചങ്ങനാശ്ശേരിത്താലൂക്കിലുൾപ്പെട്ട പുതുപ്പള്ളിപ്പകുതിയിലാണ്. കോട്ടയം പട്ടണത്തിൽ നിന്ന് ഈ സ്ഥലത്തേക്ക് ഏകദേശം ഏഴു നാഴിക മാത്രമേ ദൂരമുള്ളു. ഈ പുണ്യസ്ഥലത്തേയും ഇവിടെയുള്ള "ഇരവിപുരം" എന്ന ക്ഷേത്രത്തെയും കുറിച്ചു കേട്ടിട്ടില്ലാത്തവരായി കേരളത്തിൽ അധികം പേരുണ്ടായിരിക്കുമെന്നു തോന്നുന്നില്ല. എങ്കിലും ഈ സ്ഥലത്തിന്റെ മാഹാത്മ്യത്തേയും ഈ ക്ഷേത്രത്തിന്റെ ആഗമത്തേയും പറ്റി അറിഞ്ഞിട്ടുള്ളവർ ചുരുക്കമാകയാൽ അങ്ങനെയുള്ള ജനങ്ങളുടെ അറിവിലേക്കായി എന്റെ അറിവിൽപ്പെട്ടിടത്തോളം സംഗതികൾ ചുരുക്കത്തിൽ താഴെ കുറിക്കുന്നു.

പണ്ട് പരദേശങ്ങളിൽ നിന്നു ചില പെരുമാക്കന്മാർ വന്നു പന്ത്രണ്ടുകൊല്ലം വീതം കേരളരാജ്യത്തെ ഭരിച്ചിരുന്നുവെന്നുള്ളതു ചരിത്രപ്രസിദ്ധമാണല്ലോ. അങ്ങനെ വന്ന കേരളചക്രവർത്തികളായി വാണിരുന്ന പെരുമാക്കന്മാരിൽ ഒടുവിൽ വന്നയാളും പ്രജാവത്സലനും ഭരണനിപുണനും വലിയ വിദ്വാനും മഹാകവിയും വിഷ്ണുഭക്തനും തന്റെ കാലാവധി (പന്ത്രണ്ടു കൊല്ലം) കഴിഞ്ഞിട്ടും, ജനങ്ങളുടെ അപേക്ഷപ്രകാരം മുപ്പത്താറു സംവത്സരം കേരളം ഭരിച്ചുകൊണ്ടു കൊടുങ്ങല്ലൂർ തിരുവഞ്ചിക്കുളത്തെന്ന സ്ഥലത്തു താമസിച്ചിരുന്ന മഹാനും "കുലശേഖരവർമ്മാ"വെന്നു പ്രസിദ്ധനമായിരുന്ന ചേരമാൻ പെരുമാൾ ഒരിക്കൽ തിരുവഞ്ചിക്കുളത്തുനിന്നു ജലമാർഗ്ഗമായി തെക്കൻ ദിക്കുകളിലേക്കു പുറപ്പെട്ടു. കോട്ടയത്തിനു പടിഞ്ഞാറുവശം വേമ്പനാട്ടുകായലിൽ എത്തിയപ്പോൾ കിഴക്കുഭാഗത്തായി ഒരു സ്ഥലത്ത് ആകാശത്തിൽ നക്ഷത്രസ്വരൂപികളായ സപ്തർഷികൾ നൃത്തം ചെയ്തു കൊണ്ട് പ്രദക്ഷിണം വയ്ക്കുന്നതായിക്കണ്ട് അവിടെ ഭൂഭാഗത്ത് എന്തെങ്കിലും ഒരു വിശേഷമുണ്ടായിരിക്കണമെന്നു വിചാരിച്ച് വഞ്ചി കൊടൂരാറുവഴി നേരെ കിഴക്കോട്ടു വയ്ക്കാൻ കൽപിക്കുകയും വഞ്ചിക്കാർ അപ്രകാരം ചെയ്യുകയും ചെയ്തു.

അങ്ങനെ ഏതാനും നാഴിക കിഴക്കോട്ടു ചെന്നപ്പോൾ വഞ്ചി പുതുപ്പള്ളിദേശത്തു പാലൂർപ്പണിക്കർ എന്ന പ്രസിദ്ധനായിരുന്ന നായരുടെ കടവിൽ ചെന്നടുത്തു. അവിടെ കൊടൂരാറ് അവസാനിക്കുകയും അവിടെനിന്നു കിഴക്കോട്ട് കരപ്രദേശമാകയാൽ വഞ്ചിയിൽപ്പോകുവാൻ നിവൃത്തിയില്ലാതെ വരികയും ചെയ്തതുകൊണ്ട് ചേരമാൻ പെരുമാളും അനുചരന്മാരും അവിടെ കരയ്ക്കിറങ്ങി. ആ വിവരമറിഞ്ഞു പാലൂർ മൂത്തപണിക്കർ വീട്ടിൽ നിന്ന് ഇറങ്ങിച്ചെന്നു പെരുമാളെക്കണ്ടു വന്ദിച്ച് അവിടെ എഴുന്നള്ളിയതിന്റെ ഉദ്ദേശ്യമെന്താണെന്നു ചോദിക്കുകയും പെരുമാൾ താൻ നക്ഷത്രങ്ങൾ പ്രദക്ഷിണം വെയ്ക്കുന്നതായിക്കണ്ട് ആ സ്ഥലത്ത് എന്തെങ്കിലും വിശേഷമുണ്ടായിരിക്കുമെന്നു വിചാരിച്ച് അവിടെപ്പോയി നോക്കാനായിട്ടു വന്നിരിക്കയാണെന്നുള്ള പരമാർത്ഥം പണിക്കരെ ഗ്രഹിപ്പിക്കുകയും ചെയ്തു. അപ്പോൾ വിദ്യാവൃദ്ധനും വയോവൃദ്ധനുമായിരുന്ന ആ പണിക്കർ പെരുമാളെ വീണ്ടും വന്ദിച്ചുകൊണ്ടു താഴെ വരുന്ന പ്രകാരം പറഞ്ഞു:

"അല്ലയോ എന്റെ തമ്പുരാനേ!" ഇവിടെ നിന്നു രണ്ടു മൂന്നു നാഴിക കിഴക്ക് ഒരു പുണ്യസ്ഥലമുണ്ട്. അതൊരു മലയാണ് അതിനു സംസ്കൃത പണ്ഡിതന്മാർ "വിജയാദ്രി" എന്നും സാധാരണ ജനങ്ങൾ "വെന്നിമല" എന്നും പേർ പറഞ്ഞു വരുന്നു. ആ മലയിൽ പണ്ട് "കപിലൻ" മുതലായി അനേകം മഹർഷി ശ്രേഷ്ഠന്മാർ തപസ്സു ചെയ്തു പാർത്തിരുന്നു. ആ മലയുടെ ഉപരിഭാഗത്തായി മഹാവിഷ്ണുവിന്റെ ഒരു ബിംബവുമുണ്ടായിരുന്നു. ആ ബിംബം അവിടെ ആരും പ്രതിഷ്ഠിച്ചതല്ലായിരുന്നു, സ്വയംഭൂവായിരുന്നു. ആ ബിംബത്തിങ്കൽ ദേവന്മാരും ഋഷീബശ്വരന്മാരുമല്ലാതെ മറ്റാരും പൂജയും മറ്റും ചെയ്തിരുന്നില്ല. ആ വിഷ്ണുഭഗവാനെ സേവിച്ചു കൊണ്ടാണ് കപിലാദികൾ അവിടെത്താമസിച്ചിരുന്നത്.

"അവിടെ ആ താപസന്മാർ അവിടെത്താമസിച്ചിരുന്ന കാലത്ത് എവിടെ നിന്നോ ഏതാനും രാക്ഷസന്മാർ അവിടെച്ചെന്നു ചേരുകയും ഈ മഹർഷിമാരെ പലവിധത്തിൽ ഉപദ്രവിച്ചു തുടങ്ങുകയും ചെയ്തു. ദുഷ്ടന്മാരായ രാക്ഷസന്മാരുടെ ഉപദ്രവം ദുസ്സഹമായിത്തീരുകയാൽ ആ താപസശ്രേഷ്ഠന്മാർ ആ പുണ്യസ്ഥലം വിട്ടു പ്രാണഭീതിയോടുകൂടി കിഴക്കോട്ടോടി ശബര്യാശ്രമത്തിങ്കൽ ചെന്നെത്തി. അപ്പോൾ ദശരഥപുത്രനായ സാക്ഷാൽ ശ്രീരാമചന്ദ്രൻ അവിടെയെത്തി ശബരിക്ക് മോക്ഷം കൊടുത്തിട്ടു തന്റെ സഹോദരനായ ലക്ഷ്മണനോടുകൂടി പമ്പാതീരത്തിങ്കലെത്തിത്താമസിക്കുന്നതായിക്കേട്ട് ഈ മഹർഷിശ്രേഷ്ഠന്മാർ അവിടെച്ചെന്നു ശ്രീരാമനെ ശരണം പ്രാപിച്ചു തങ്ങളുടെ സങ്കടമറിയിച്ചു. അക്കാലത്തു സീതാവിരഹദുഃഖാക്രാന്തനായിരുന്നുവെങ്കിലും കരുണാനിധിയും ആശ്രിതവത്സലനുമായ ശ്രീരാമചന്ദ്രൻ മഹർഷിമാരുടെ സങ്കടം കേട്ട ക്ഷണത്തിൽ അവരുടെ സങ്കടം തീർത്തു കൊടുക്കുന്നതിനു ലക്ഷ്മണനെ നിയോഗിച്ചു. ഉടനെ ലക്ഷ്മണൻ വില്ലുമമ്പും ധരിച്ച് തന്റെ ജ്യേഷ്ഠന്റെ ആജ്ഞാപുഷ്പത്തെ ശിരസാവഹിച്ചുകൊണ്ട് മഹർഷിമാരോടു കൂടിപ്പോയി ചെറുഞാണൊലിയിട്ടുകൊണ്ട് ആ മലയിൽ ചെന്നുകയറി. ലക്ഷ്മണന്റെ ചെറുഞാണൊലി കേട്ടക്ഷണത്തിൽ കാലചോദിതന്മാരായ ആ രാക്ഷസന്മാർ ആയുധങ്ങൾ ധരിച്ചു കൊണ്ടു ലക്ഷ്മണനോടു നേരിട്ടു. ക്ഷണനേരം കൊണ്ട് ലക്ഷ്മണൻ ആ രാക്ഷസന്മാരെയെലാം നിഗ്രഹിച്ചു മഹർഷിമാരുടെ സങ്കടം തീർത്തിട്ടു പൂർവ്വസന്നിധിയിലേക്കു തന്നെ തിരിച്ചു പോവുകയും ചെയ്തു. ലക്ഷ്മണനു വിജയം സിദ്ധിച്ച സ്ഥലമായതിനാലാണ് ആ മലയ്ക്കു "വിജയാദ്രി" എന്ന നാമം സിദ്ധിച്ചത്. അതിന്റെ പരിഭാഷയായിട്ടാണ് ജനങ്ങൾ "വെന്നിമല" എന്നു പറയുന്നത്. "വെന്നി" എന്ന വാക്കിനു ജയം എന്നും അർത്ഥമുണ്ടായിരിക്കാം. "ജയഭേരി" എന്ന സംസ്കൃതവാക്കിന്റെ പരിഭാഷയായിട്ടു മലയാളത്തിൽ "വെന്നിപ്പറ" എന്നു പറയാറുണ്ട്.

"ആ മലയിൽ പണ്ടു തപസ്സുചെയ്തുകൊണ്ടു താമസിച്ചിരുന്ന മഹർഷിശ്രേഷ്ഠന്മാരെല്ലാം ഇപ്പോഴും അവിടെത്തന്നെ ഉണ്ടെന്നാണു ജനങ്ങൾ പറയുകയും വിശ്വസിക്കുകയും ചെയ്തുപോരുന്നത്. എന്നാലിപ്പോൾ കലിയുഗമായതുകൊണ്ട് അവരെ മനുഷ്യർക്കു പ്രത്യക്ഷമായി കാൺമാൻ കഴിയുന്നില്ല. എന്നു മാത്രമല്ല, മഹർഷിമാരിപ്പോൾ താമസിക്കുന്നത് അവിടെയുള്ള വലിയ ഗുഹകളിലാണ്. ഇപ്പോഴും അവരുടെ മനസ്സിൽ രാക്ഷസഭയവും ജനോപദ്രവുമുണ്ടാകരുതെന്നുള്ള വിചാരമുള്ളതിനാൽ അവർ ഗുഹകളുടെ പ്രവേശനദ്വാരങ്ങൾ ആരും കണ്ടുപിടിക്കാതെയിരിക്കത്തക്കവണ്ണം ആച്ഛാദിച്ചുകൊണ്ടാണ് താമസിക്കുന്നത്. എന്നാലവർ പണ്ടു പർണ്ണശാലകൾ കെട്ടി അവിടെത്താമസിച്ചിരുന്ന സ്ഥലങ്ങൾ കണ്ടുപിടിക്കുന്നതിനു ചില ലക്ഷ്യങ്ങൾ ഇപ്പോഴും അവിടെ കാൺമാനുണ്ട്. ആ മലയിൽ ഏഴു വലിയ സരസ്സുകളും എഴുപത്തിരണ്ട് അൽപസരസ്സുകളുമുണ്ട്. ജനങ്ങൾ വലിയ സരസ്സുകളെ "ചിറ"കളെന്നും അൽപസരസ്സുകളെ "ഓലി"കളെന്നുമാണ് പറഞ്ഞുവരുന്നത്. അവയെലാം പുണ്യതീർത്ഥങ്ങളാണ്. അവയിൽ വേനലെന്നും വർഷമെന്നുമുള്ള വ്യത്യാസം കൂടാതെ സദാ സ്ഫടികസദൃശമായ നിർമ്മലജലം പരിപൂർണ്ണമായിരിക്കുന്നു. മലയിൽ നിന്നു തീർത്ഥം ഒലിച്ചു വന്നു സദാ ആ സരസ്സുകളെ നിറച്ചു കൊണ്ടാണിരിക്കുന്നത്. അതിനാൽ ഒരിക്കലുമവയിൽ ജലം കുറഞ്ഞു പോകുന്നില്ല എന്നാൽ ഒരു കാലത്തും കര കവിഞ്ഞ് ഒഴുകുന്നുമില്ല അവിടെച്ചെന്നു കണ്ടാൽ അവ ദിവ്യങ്ങളായിട്ടുള്ള പുണ്യസരസ്സുകളാണെന്ന് ആരും സമ്മതിക്കും. ആ പുണ്യതീർത്ഥങ്ങളിൽ സ്നാനതർപ്പണങ്ങളും പിതൃക്രിയകളും ചെയ്താൽ മോക്ഷവും പിതൃപ്രീതിയും സിദ്ധിക്കുമെന്നാണ് ജനങ്ങളുടെ വിശ്വാസം.

"വിജയാചലതീർത്ഥേഷു സ്നാത്വാ ഭക്ത്യാ പി
തൃക്രിയാം
കരോതി മനേജോ യസ്തു ഗയാശ്രാദ്ധഫലം
ലഭേത്"

എന്നു സ്ഥലപുരാണത്തിൽപ്പറഞ്ഞിട്ടുമുണ്ട്. അതിനാൽ അർദ്ധോദയം, മഹോദയം, അമാവാസി മുതലായ പുണ്യദിവസങ്ങളിൽ അവിടെ സ്നാനതർപ്പണാദികൾക്കായി അസംഖ്യം ജനങ്ങൾ പല സ്ഥലങ്ങളിൽ നിന്നുമായി ഇപ്പോഴും അവിടെ വരുന്നുണ്ട്. പുണ്യദിവസങ്ങളിൽ ദേവന്മാരും അവിടെ വരുന്നുണ്ടെന്നാണ് ജനശ്രുതി. ഈ മലയുടെ അന്തർഭാഗത്തും തീർത്ഥങ്ങളുണ്ടെന്നും അവിടെയുയിരിക്കുന്ന താപസശ്രേഷ്ഠന്മാർ പുണ്യദിനങ്ങളിൽ അവയിൽ സ്നാനതർപ്പണാദികൾ ചെയ്യുന്നുണ്ടെന്നുമുള്ള കാര്യം തീർച്ചയാണ്. എന്തെന്നാൽ, പുണ്യദിനങ്ങളിൽ മലയിൽ നിന്ന് ഒലിച്ചുവരുന്ന തീർത്ഥത്തോടുകൂടി ദർഭപ്പുല്ലും പൂക്കളും അക്ഷതവും മറ്റും ഇപ്പോഴും പതിവായിക്കണ്ടുവരുന്നുണ്ട്. ഇവ ആ മഹർഷിമാരുടെ തർപ്പണത്തിന്റെ വകയായിരിക്കണമല്ലോ.

"എന്നാൽ ആ മലയുടെ മുകളിൽ പണ്ടുണ്ടായിരുന്ന വിഷ്ണു വിഗ്രഹം ഇപ്പോൾ അവിടെ പ്രത്യക്ഷമായി കാൺമാനില്ല. അതു മണ്ണിനടിയിൽ മറഞ്ഞുപോയിരിക്കുന്നു. എങ്കിലും ആ ബിംബമുണ്ടായിരുന്ന സ്ഥലം കണ്ടുപിടിക്കാൻ മാർഗ്ഗമുണ്ട്. ആ മലയിൽ ഇപ്പോഴും ചില വേടന്മാർ കുടുംബസഹിതം താമസിക്കുന്നുണ്ട്. അവരിൽ പ്രാധനന്റെ പേർ "ഇരവി" എന്നാണ്. അവൻ ഒരു ദിവസം പാരകൊണ്ട് കാട്ടുകിഴങ്ങുകൾ മാന്തിപ്പറിച്ചപ്പോൾ ഒരു സ്ഥലത്തു നിന്നു രക്തപ്രവാഹമുണ്ടായി. അവൻ അതു കണ്ടു പേടിക്കുകയും അവനു മോഹാലസ്യമുണ്ടാവുകയും ചെയ്തു. പിന്നെ മൂന്നേമുക്കാൽ നാഴിക കഴിഞ്ഞതിന്റെ ശേഷമാണ് അവന് ബോധം വീണത്. അവന്റെ പാര ആ വിഷ്ണുബിംബത്തിൽ കൊണ്ടതിനാലാണ് രക്തപ്രവാഹമുണ്ടായത്. ആ ഇരവിയോടു പറഞ്ഞാൽ അവൻ സ്ഥലം കാണിച്ചുതരും. അവന്റെ കൂട്ടുകാരോ മറ്റോ ഇനിയും ആ സ്ഥലത്തു മാന്തുകയോ കുഴിക്കുകയോ ചെയ്യാനിടയാകാതെ സൂക്ഷിച്ചുകൊണ്ട് അവൻ ആ സ്ഥലത്തിനു സമീപിച്ചുതന്നെയാണ് കുടികെട്ടി താമസിച്ചു വരുന്നത്".

**ചേരമാൻ പെരുമാൾ:** എനിക്ക് ആ സ്ഥലം തന്നെയാണ് കാണേണ്ടത്. താഴെയിരിക്കുന്ന വിഷ്ണു വിഗ്രഹത്തെ ഉദ്ദേശിച്ചു സപ്തർഷികൾ ആ സ്ഥലത്തിന്റെ ഉപരിഭാഗത്തുതന്നെയായിരിക്കണം പ്രദക്ഷിണം വയ്ക്കുന്നതായി ഞാൻ കണ്ടത്. അതുകൊണ്ട് നമുക്ക് അങ്ങോട്ടു പോകാം. പണിക്കരും ഒരുമിച്ചു തന്നെ വരണം.

**പണിക്കർ:** എഴുന്നള്ളത്തോടുകൂടി വരുന്നതിന് അടിയനു വിരോധമൊന്നുമില്ല; സന്തോഷമാണ്. പക്ഷേ എഴുന്നള്ളുന്ന കാര്യമാണ് വലിയ വിഷമമായിട്ടിരിക്കുന്നത്. ഒറ്റവഴി മാത്രമേ ഉള്ളൂ. അതുതന്നെ വലിയ കാട്ടിൽക്കൂടിയാണ്. വാഹനങ്ങളിൽ പോകാനും നിവൃത്തിയില്ല. കാൽനടയായിത്തന്നെ പോകേണ്ടിയിരിക്കുന്നു. അമാവാസി ദിവസങ്ങളിലും മറ്റും അടിയങ്ങൾ പോകുന്നതുതന്നെ വളരെ പ്രയാസപ്പെട്ടാണ്. പിന്നെ തിരുമേനി എഴുന്നള്ളുന്നതെങ്ങനെയാണെന്നാണ് അടിയൻ വിചാരിക്കുന്നത്.

**പെരുമാൾ:** അതിനെക്കുറിച്ചു വിചാരിക്കേണ്ട. ഞാൻ നടന്നു കൊള്ളാം. എനിക്ക് ഇതൊന്നും പ്രയാസമായി തോന്നുന്നില്ല.


"എന്നാൽ കല്പനപോലെ" എന്നു പറഞ്ഞു പണിക്കർ മാർഗ്ഗദർശിയായിട്ടു മുൻപേയും പെരുമാളും സഹചരന്മാരും പിന്നാലെയുമായിട്ട് അവിടെനിന്ന് പുറപ്പെട്ടു.

ഇവർ മലയിലേക്കു പുറപ്പെട്ടതു മരംകോച്ചുന്ന മഞ്ഞുള്ള മകരമാസത്തിലൊരു ദിവസം വെളുപ്പാൻകാലത്തായിരുന്നു. അപ്പോൾ മഞ്ഞിന്റെ തണുപ്പു സാമാന്യത്തിലധികമുണ്ടായിരുന്നതിനാൽ ചേരമാൻ പെരുമാൾ പാലൂർ പണിക്കരോട്, "ഇവിടെത്തന്നെ മഞ്ഞിന്റെ ശൈത്യം ദുസ്സഹമായിരിക്കുന്നു. മലയിൽ ചെല്ലുമ്പോൾ ഇത് ഇതിലധികമായിരിക്കുമല്ലോ" എന്നു പറഞ്ഞു. അപ്പോൾ പണിക്കർ, "മലകളിൽ മഞ്ഞ് മറ്റുള്ള സ്ഥലങ്ങളിലുള്ളതിൽ അധികമായിരിക്കുന്നതു സാധാരണമാണ്. എന്നൽ ഈ മലയിലങ്ങനെയല്ല. ഇവിടെ മഞ്ഞും തണുപ്പും ലേശം പോലുമില്ല. അടിയൻ അറിയിച്ചതു പരമാർത്ഥമാണെന്ന് അവിടെച്ചെല്ലുമ്പോൾ തിരുമനസ്സിലേക്കു ബോദ്ധ്യപ്പെടും. അവിടെ മരങ്ങളുടെ ഇലകളിൽപോലും മഞ്ഞുവെള്ളം കാണുകയില്ല. പണ്ട് ഇവിടെയും മഞ്ഞ് മറ്റുള്ള മലകളിലെപ്പോലെ ഉണ്ടായിരുന്നുവെന്നും മഹർഷിമാരുടെ അപേക്ഷപ്രകാരം രാക്ഷസനിഗ്രഹത്തിനായി വന്നിരുന്ന ലക്ഷ്മണസ്വാമിക്കു മഞ്ഞിന്റെ ശൈത്യം ദുസ്സഹമായിത്തീരുകയാൽ കപില മഹർഷി "ഈ മലയിൽ മഞ്ഞില്ലാതെയായിപ്പോകട്ടേ" എന്നു ശപിക്കുകയാലാണ് ഇവിടെ മഞ്ഞില്ലാതെയായിപ്പോയെതെന്നുമാണ് ഐതിഹ്യം. അതെങ്ങനെയായാലും ഇവിടെ മഞ്ഞില്ലെന്നുള്ള കാര്യം വാസ്തവം തന്നെ" എന്നു പറഞ്ഞു.

ഇങ്ങനെ ഓരോന്നു പറഞ്ഞുകൊണ്ട് നടന്ന് അവർ വിജയാദ്രിയുടെ ഉപരിഭാഗത്തെത്തി. ആ കാട്ടുവഴിയിൽക്കൂടി കാൽനടയായി കയറ്റം കയറി മലയുടെ മുകളിലെത്തുന്നതിനു ചേരമാൻ പെരുമാൾക്കു സഹചരന്മാരോളം തന്നെ പ്രയാസവും ക്ഷീണവുമുണ്ടായില്ല. അദ്ദേഹത്തിന്റെ ദേഹം അങ്ങനെയുള്ളതായിരുന്നുവല്ലോ.

"ഔന്നത്യം ചേർന്ന മൂക്കും പൃഥുഗളവുമയർ
ന്നുള്ളൊരംഗങ്ങൾതന്നിൽ
ച്ചേർന്നീടും പൊന്മണികർണ്ണിക വിലസിടുമാ
ക്കർണ്ണപാശങ്ങൾ രണ്ടും
നന്നായ് മുട്ടോളവും തൂങ്ങിയ കരയുഗവും നല്ല
പൊൻവർണ്ണവും പൂ-
ണ്ടനന്യനായാമമേവന്നുടലതു ജനതയ്ക്കുള്ള ദുഃഖ
ങ്ങൾ തീർക്കും"

എന്നാണല്ലോ 'സുഭദ്രാധനഞ്ജയം' നാടകത്തിൽ അദ്ദേഹത്തിന്റെ ആകാരത്തെ വർണ്ണിച്ചിരിക്കുന്നത്.



അവർ മലയുടെ ഉപരിഭാഗത്തെത്തിയതിന്റെ ശേഷം പാലൂർപ്പണിക്കർ ഇരവിയെ വിളിച്ച് അവൻ കാട്ടുകിഴങ്ങു മാന്തിയ സമയം രക്തപ്രവാഹമുണ്ടായ സ്ഥലം കാണിച്ചു കൊടുക്കുവാൻ പറയുകയും അവൻ കാണിച്ചുകൊടുക്കുകയും ചെയ്തു. ചേരമാൻ പെരുമാൾ ആ സ്ഥലത്തിനു മൂന്നു പ്രദക്ഷിണം വെച്ചു നമസ്കരിച്ചതിന്റെ ശേഷം ഇരവിയെ വിളിച്ച് "ഈ സ്ഥലത്തിനു "കോട്ട" എന്നു പേരിട്ടിരിക്കുന്നു. അതിനാൽ മേലിൽ ഈ സ്ഥലത്തിനു "വെന്നിമലക്കോട്ട" എന്ന നാമമായിരിക്കുന്നതാണ്. പണ്ടു സ്വയംഭൂവായ ബിംബമുണ്ടായിരുന്ന സ്ഥലത്ത് ഒരു ക്ഷേത്രം പണിയിച്ചു ദേവപ്രതിഷ്ഠ നടത്തിക്കണമെന്നു നാം വിചാരിക്കുന്നു. അതിനാൽ നീയും നിന്റെ ജാതിക്കാരായ വേടന്മാരിൽ ആരുംതന്നെ മേലാൽ ഈ മലയുടെ ഉപരിഭാഗത്തു താമസിക്കരുത്. എന്നാൽ വളരെക്കാലമായി ഇവിടെ താമസിച്ചുവരുന്ന നിങ്ങൾ ഇവിടംവിട്ടു പോകണമെന്നു നാം ആജ്ഞാപിക്കുന്നില്ല. ഈ മലയുടെ നാലു വശങ്ങളിലും അടിവാരങ്ങളിൽ കുടിൽ കെട്ടി ഈ കോട്ടയ്ക്കു കാവലായി നിങ്ങൾ താമസിച്ചുകൊള്ളണം. നിങ്ങളിലാരും ഈ കോട്ടയിലുള്ള പക്ഷിമൃഗാദികളെ ഹിംസിക്കുകയോ കാട്ടുകളും മരങ്ങളും വെട്ടിയഴിക്കുകയോ ചെയ്തുപോകരുതെന്നു മാത്രമല്ല, അന്യന്മാർ വന്ന് അപ്രകാരമൊന്നും ചെയ്യാതെ നിങ്ങൾ സൂക്ഷിക്കുകയും വേണം. ഇതിലേക്ക് എന്തെങ്കിലും ചെറുതായ ഒരു പ്രതിഫലം നാം നിങ്ങൾക്കു തരികയും ചെയ്യാം. ഈ സ്ഥലം പണ്ട് മഹർഷിമാരുടെ തപോവനമായിരുന്നുവല്ലോ. ആ സ്ഥിതിയിൽതന്നെ ഇവിടം, മേലാൽ ഇവിടെ പ്രതിഷ്ഠിക്കപ്പെടുന്ന ദേവന്റെ സങ്കേതമായിരിക്കണമെന്നാണ് നാം ആഗ്രഹിക്കുന്നത് " എന്ന് പറഞ്ഞു. ഇതു കേട്ട് ഇരവി താണുതൊഴുതുകൊണ്ട്, "പൊന്നുതമ്പുരാനേ! അടിയങ്ങൾ കല്പനയ്ക്കു വിരോധമായി യാതൊന്നും പ്രവർത്തിക്കുന്നവരല്ല. കല്പനപോലെയെല്ലാം ഇവിടുത്തെ അടിമകളായി അടിയങ്ങൾ കോട്ടയുടെ നാലുവശത്തും അടിവാരങ്ങളിൽ മാടങ്ങൾ കെട്ടിപ്പാർത്തു കൊള്ളാം. ഈ മല തപോവനമായിരുന്നതുകൊണ്ട് ഇവിടെ ദുഷ്ടമൃഗങ്ങളൊന്നും തന്നെ ഇല്ല. ഇവിടെ മൃഗങ്ങളെന്നു പറയാൻ മരഞ്ചാടികൾ മാത്രമേയുള്ളൂ. അവർ ശ്രീരാമഭക്തന്മാരാണെന്നുള്ള വിശ്വാസം നിമിത്തം അവരെ ആരും ഹിംസിക്കാറുമില്ല. പിന്നെ, ഇവിടെയുള്ള കാട്ടും മരങ്ങളും ആരും വെട്ടി നശിപ്പിക്കാതെ അടിയങ്ങൾ പ്രത്യേകം സൂക്ഷിച്ചുകൊള്ളുകയും ചെയ്യാം" എന്നുണർത്തിച്ചു.

ഇത്രയും കഴിഞ്ഞപ്പോഴേക്കും ജനങ്ങൾ കേട്ടുകേൾപ്പിച്ചു ചേരമാൻ പെരുമാൾ എഴുന്നള്ളിയിരിക്കുന്ന വിവരമറിയുകയും അരിയും കറിക്കോപ്പുകളും മറ്റും ശേഖരിച്ച് ആ മലയുടെ മുകളിൽ എത്തിക്കുകയും സമീപസ്ഥന്മാരും "മലമേൽക്കാവുസമൂഹ"ത്തിലുൾപ്പെട്ടവരുമായ ചോഴിയപ്പട്ടന്മാരെ വരുത്തി ചതുർവ്വിധവിഭവങ്ങളോടുകൂടി അമൃതേത്തിനെല്ലാം തയ്യാറാക്കിക്കുകയും ചെയ്തു. കേരളചക്രവർത്തിയായിരുന്ന മഹാരാജാവെഴുന്നള്ളിയിരിക്കുന്നതായി അറിഞ്ഞാൽ അമൃതേത്തും മറ്റും തയ്യാറാക്കുന്നതിന് എല്ലാവരും സന്നദ്ധരായിരിക്കുമല്ലോ. ഭക്ഷണത്തിന് വേണ്ടുന്നതെല്ലാം തയ്യാറായി എന്നറിഞ്ഞു ചേരമാൻ പെരുമാൾ മുതലായവർ ഓരോ ചിറകളിൽപ്പോയി സ്നാനം മുതലായവ കഴിച്ചുവന്നു പ്രത്യേകം പ്രത്യേകം മാറിയിരുന്ന് യഥാക്രമം ഊണുകഴിച്ചു. ആ വനഭോജനം അവർക്കെല്ലാവർക്കും ഏറ്റവും സന്തോഷപ്രദവും സുഖവുമായി എന്ന് അവരിൽ നിന്നു തന്നെ അന്യന്മാർക്കും അറിയാനിടയാവുകയും ചെയ്തു.

പിന്നെ ജനങ്ങൾക്കൂടി ചേരമാൻ പെരുമാളുടെ തത്കാലതാമസത്തിനായി ആ മലയുടെ പടിഞ്ഞാറെ ചുരുവിൽ ഒരു പുര അന്നു വൈകുന്നേരത്തേക്കുതന്നെ കെട്ടിയുണ്ടാക്കി. അപ്പോൾ മുതൽ അദ്ദേഹത്തിന്റെ താമസം അവിടെയാക്കി. അവിടെ വേണ്ടുന്ന സകലസാധനങ്ങളും മുറയ്ക്ക് ഇടപ്രഭുക്കന്മാരും നാട്ടുവാഴികളും മറ്റും ശേഖരിച്ചു കൊടുത്തുകൊണ്ടിരുന്നു. പാചകവൃത്തി മലമേൽക്കാവു സമൂഹക്കാർതന്നെ നടത്തി. ഭൃത്യന്മാരും മറ്റും പെരുമാളുടെക്കൂടെത്തന്നെ ധാരാളമുണ്ടായിരുന്നു. പിന്നെ പാലൂർപ്പണിക്കർ മുതലായി മൂന്നുപേർ വിശേഷാൽ ചെന്നു കൂടുകയും ചെയ്തു. ചേരമാൻ പെരുമാൾ ഇങ്ങനെ അവിടെത്താമസിച്ചുകൊണ്ടു മുറയ്ക്കു ക്ഷേത്രം പണി നടത്തിച്ചു. അമ്പലം ഒട്ടും മോശമല്ലായിരുന്നു. നാലമ്പലം, ബലിക്കൽപ്പുര, വാതിൽമാടം മുതലായവയോടുകൂടിത്തന്നെയാണ് പണിയിച്ചത്. പശ്ചിമാഭിമുഖമായ ആ ക്ഷേത്രത്തിന്റെ വടക്കെ വഴിയമ്പലം കൂത്തമ്പലമായിട്ടും ഉപയോഗിക്കുവാൻ തക്കവണ്ണം അതിൽ അരങ്ങും അണിയറയുംകൂടി ഉണ്ടാക്കിച്ചു. ശ്രീകോവിൽ, മണ്ഡപം, തിടപ്പള്ളി, മുളയറ മുതലായവയെല്ലാം പണിക്കുറതീർന്നപ്പോഴേക്കും കൃഷ്ണശിലകൊണ്ടു ചതുർബ്ബാഹുവായിട്ടുള്ള ഒരു വിഷ്ണുവിഗ്രഹമുണ്ടാക്കിച്ചു ജ്യോത്സ്യന്മാരെ വരുത്തി ആലോചിച്ചു പ്രതിഷ്ഠയ്ക്കു മുഹൂർത്തം നിശ്ചയിക്കുകയും മുഹൂർത്തച്ചാർത്ത് എഴുതിച്ചു വാങ്ങുകയും പ്രസിദ്ധതന്ത്രിയായ താഴമൺ പോറ്റിയുടെ അടുക്കൽ ആളയച്ചു വിവരം ഗ്രഹിപ്പിക്കുകയും പ്രതിഷ്ഠ, കലശം, ഉത്സവം മുതലായവയ്ക്കു അദ്ദേഹത്തിന്റെ ചാർത്തു വരുത്തുകയും സകല സാധനങ്ങളും ശേഖരിക്കുകയും ചെയ്തു. പ്രതിഷ്ഠയ്ക്കുള്ള ക്രിയകൾ തുടങ്ങുന്നതിനു രണ്ടു ദിവസം മുമ്പേതന്നെ തന്ത്രിയേയും ശാന്തി, പരികർമ്മം, കഴകം, വാദ്യഘോഷം മുതലായവയ്ക്കു വേണ്ടുന്ന ബ്രാഹ്മണരെയും വാരിയന്മാരെയും മാരാന്മാരെയും മറ്റും സ്ഥലത്തു വരുത്തി താമസിപ്പിക്കുകയും ചെയ്തു.


ഇങ്ങനെ വേണ്ടുന്ന സാധനങ്ങളെല്ലാം തയ്യാറാക്കിവെക്കുകയും വരേണ്ടുന്നവരെല്ലാം വന്നുചേരുകയും ചെയ്തതിന്റെശേഷം ക്രിയകളാരംഭിക്കുന്നതിന്റെ തലേ ദിവസം സന്ധ്യ കഴിഞ്ഞപ്പോൾ ഒരാൾ അവിടെച്ചെന്നു ചേർന്നു. ജടയും താടിയും വളർത്തിയും ദേഹമെല്ലാം ഭസ്മം പൂശിയും കഴുത്തിൽ രുദ്രാക്ഷമാലകളണിഞ്ഞും മരവുരിയുടുത്തുമിരുന്ന ആ ആളെക്കണ്ടാൽതന്നെ ഒരു സന്യാസിയോ താപസനോ മറ്റോ ആണെന്നു തോന്നുമായിരുന്നു. അദ്ദേഹം അവിടെച്ചെന്ന് എന്തൊക്കെയോ സംസാരിച്ചു. അതെല്ലാം ഗീർവ്വാണഭാഷയിലായിരുന്നതിനാൽ അവിടെ നിന്നിരുന്നവർക്കു കാര്യമൊന്നും മനസ്സിലായില്ല. ഈ വിവരമറിഞ്ഞു ചേരമാൻ പെരുമാൾതന്നെ അവിടെച്ചെന്നു. ആ താപസനെ കണ്ടപ്പോൾത്തന്നെ അദ്ദേഹം ഒരു ദിവ്യനാണെന്നു തോന്നുകയാൽ ചേരമാൻ പെരുമാൾ അദ്ദേഹത്തിന്റെ പാദത്തിങ്കിൽ വീണുനമസ്കരിച്ചു. ചേരമാൻ പെരുമാളും ഗീർവ്വാണഭാഷാഭിജ്ഞനായിരുന്നതിനാൽ അവർ തമ്മിൽ സംഭാഷണമാരംഭിച്ചു. അതിന്റെ പരിഭാഷ താഴേച്ചേർക്കുന്നു:

**താപസൻ:** ഇവിടെ പ്രതിഷ്ഠിപ്പിക്കാനായി ഒരു ബിംബമുണ്ടാക്കിച്ചു വെച്ചിട്ടുണ്ടല്ലോ. അതു കേടുള്ളതാകയാൽ പ്രതിഷ്ഠിപ്പിക്കരുത്. അതു പ്രതിഷ്ഠിപ്പിച്ചാൽ രാജാവിനു ഗുണത്തിനു പകരം ദോഷമാണുണ്ടാകുന്നത്.

**പെരുമാൾ:** ആ ബിംബത്തിനു യാതൊരു കേടും ഞങ്ങളാരും കണ്ടില്ല. പിന്നെ അവിടുന്ന് ഇങ്ങനെ പറയുന്നതെന്താണാവോ?

**താപസൻ:** ആ ബിംബം എന്നെ ഒന്നു കാണിച്ചു തന്നാൽ കേടെവിടെയാണെന്നു ഞാൻകാണിച്ചു തരാം.

ഇതു കേട്ടു ചേരമാൻപെരുമാൾ താപസനെ വിളിച്ചുകൊണ്ടുപോയി ബിംബം കാണിച്ചുകൊടുത്തു. ഉടനെ താപസൻ അദ്ദേഹത്തിന്റെ കൈയിലിരുന്ന ഇരുമ്പുവടികൊണ്ട് ആ ബിംബത്തിന്റെ ഉദരമദ്ധ്യത്തിങ്കൽ ഒരു കുത്തു കൊടുത്തു. അപ്പോൾ ആ ഭാഗം പൊട്ടിത്തുറക്കുകയും അവിടെ നിന്നു കൃമികളോടുകൂടിയ വെള്ളമൊലിക്കുകയും ഒരു ചെറിയ തവള പുറത്തേക്കു ചാടുകയും ചെയ്തു. ഇതു കണ്ട് എല്ലാവരും അത്ഭുതപരവശന്മാരായിത്തീർന്നു. ചേരമാൻ പെരുമാൾക്ക് അത്ഭുതത്തെക്കാളധികം വ്യസനമാണുണ്ടായത്. വട്ടം കൂട്ടേണ്ടതെല്ലാം കൂട്ടിക്കഴിഞ്ഞു. വരേണ്ടുന്നവരെല്ലാം വന്നു ചേരുകയും ചെയ്തു. ഒന്നോ രണ്ടോ ദിവസം കൊണ്ട് ഒരു വിഷ്ണുവിഗ്രഹമുണ്ടാക്കിച്ച് നിശ്ചിതമുഹൂർത്തത്തിൽത്തന്നെ പ്രതിഷ്ഠ നടത്തിക്കാൻ സാധിക്കയില്ലല്ലോ. അതു വിചാരിച്ചിട്ടു പെരുമാൾക്കുണ്ടായ ഇച്ഛാഭംഗവും വ്യസനവും സീമാതീതമായിരുന്നു. അദ്ദേഹം ആ താപസന്റെ പാദത്തിങ്കൽ വീണ്ടും വീണു നമസ്കരിച്ചിട്ട്, "അല്ലയോ സ്വാമിൻ! കേടുള്ളതായ ഈ ബിംബം പ്രതിഷ്ഠിപ്പിക്കാനിടയാകാത്തതിനെക്കുറിച്ച് അപാരമായ സന്തോഷമുണ്ട്. എങ്കിലും നിശ്ചിതമുഹൂർത്തത്തിൽ പ്രതിഷ്ഠ നടത്തിക്കാൻ സാധിക്കയില്ലല്ലോ എന്നു വിചാരിച്ച് ഞങ്ങൾക്കു അളവറ്റ വ്യസനവുമുണ്ട്. ഇനി ഒന്നോ രണ്ടോ ദിവസംകൊണ്ട് ഒരു വിഗ്രഹമുണ്ടാക്കിച്ചു പ്രതിഷ്ഠ നടത്തിക്കാൻ സാധിക്കയില്ലല്ലോ" എന്നു പറഞ്ഞു.




**താപസൻ:** അല്ലയോ രാജാവേ! അങ്ങ് ഇതിനെക്കുറിച്ച് ഒട്ടും വ്യസനിക്കേണ്ടാ. ഇതിലേക്ക് ഒരു നിവൃത്തിമാർഗ്ഗം ഞാൻ പറഞ്ഞുതരാം. ഈ മലയുടെ കിഴക്കേച്ചെരിവിലുള്ള ഒരു ചിറയിൽ മഹാവിഷ്ണുകലാ സംഭൃതനായ ലക്ഷ്മണസ്വാമിയുടെ ഒരു വിഗ്രഹം കിടക്കുന്നുണ്ട്. അതു ബ്രാഹ്മണരെക്കൊണ്ടു മുങ്ങിയെടുപ്പിച്ചു കൊണ്ടുവന്നു നിശ്ചിതമുഹൂർത്തത്തിൽത്തന്നെ പ്രതിഷ്ഠ നടത്തിച്ചുകൊള്ളുക. അവിടെ ചിറകളും ഓലികളും പലതുണ്ടെങ്കിലും ബിംബം കിടക്കുന്ന ചിറയ്ക്ക് ഒരടയാളം കൂടി പറയാം. ബിംബമെടുക്കാനായി ചെല്ലുന്ന സമയം ഒരു ചിറയിൽ ഒരു താമരപ്പൂവ് വികസിച്ച് നിൽക്കുന്നതായിക്കാണും. ആ സ്ഥലത്തു മുങ്ങിത്തപ്പിയാൽ ബിംബം കണ്ടുകിട്ടും. ആ ബിംബത്തിന് ഇനി ജലാധിവാസം മുതലായ ക്രിയകളൊന്നും ആവശ്യമില്ല. എടുത്തുകൊണ്ടുവന്ന് യഥാവിധി പ്രതിഷ്ഠയും കലശം മുതലായവയും നടത്തിയാൽ മതി.

ഇത്രയും പറഞ്ഞുകഴിഞ്ഞതിന്റെ ശേഷം ആ താപസൻ അവിടെക്കൂടിനിന്നിരുന്ന ജനങ്ങളുടെ ഇടയിലേക്കു മാറിമറഞ്ഞു. പിന്നെ അദ്ദേഹത്തെ അവിടെയെങ്ങും ആരും കണ്ടില്ല. ആ താപസൻ സാക്ഷാൽ കപിലമഹർഷിതന്നെയായാണെന്നാണ് പിന്നീടെല്ലാവരും തീർച്ചപ്പെടുത്തിയത്. ആരായാലും ഒരു ദിവ്യനായിരുന്നു എന്നുള്ളതിനു സംശയമില്ല.

ആ താപസൻ പിരിഞ്ഞുപോയപ്പോഴേക്കും രാത്രി വളരെയധികമായിരുന്നതുകൊണ്ടു മലയുടെ കിഴക്കു ഭാഗം വലിയ കാടായിരുന്നതിനാലും ബിംബം മുങ്ങിയെടുക്കാനും മറ്റും അന്ന് ആരും പോയില്ല. പിറ്റേ ദിവസം രാവിലെ ചേരമാൻ പെരുമാൾ പാലൂർപ്പണിക്കർ മുതലായ ചില നായന്മാരെ നാലഞ്ചു ബ്രാഹ്മണരോടുകൂടി കിഴക്കേക്കോട്ടയിലേക്കയച്ചു. അവർ കാടും മുള്ളുമൊന്നും വകവെയ്ക്കാതെ കിഴക്കേക്കോട്ടയിൽ വളരെ നേരം ചുറ്റി നടന്നുനോക്കീട്ടും താമരപ്പൂവുള്ള ചിറകണ്ടില്ല. അപ്പോൾ ഒരു കൃഷ്ണപ്പരുന്ത് ആകാശമാർഗ്ഗത്തിങ്കൽ ഒരു സ്ഥലത്തു പ്രദക്ഷിണമായി പറന്നുകൊണ്ടിരിക്കുന്നതു കണ്ടിട്ട് അതിന്റെ അധോഭാഗത്തായിരിക്കണം ബിംബം കിടക്കുന്നതെന്ന് അവർക്കൊരു ഭൂതോദയമുണ്ടായി. ഉടനെ അവർ ആ പരുന്തു പറന്നുകൊണ്ടിരുന്ന സ്ഥലത്തിനു താഴെച്ചെന്നു. അപ്പോൾ അവിടെ ഒരു ചിറയും അതിന്റെ മദ്ധ്യഭാഗത്തു വികസിച്ചുനിൽക്കുന്ന ഒരു ചെന്താമരപ്പൂവും കണ്ടു. ഉടനെ രണ്ടു മൂന്നു ബ്രാഹ്മണർ ചിറയിൽ ഇറങ്ങി മുങ്ങാനായി അടുത്തു ചെന്നു. ആ സമയം ചിറയുടെ കിഴക്കുഭാഗത്തുള്ള കൊടുകാട്ടിൽനിന്ന് അതിഭയങ്കരമായ ഒരട്ടഹാസവും "ചിറയിൽ ആരും ഇറങ്ങിക്കൂടാ" എന്ന് ആരോ വിളിച്ചു പറയുന്നതായും കേട്ടു. ഇതു കേട്ടപ്പോൾ പാലൂർപ്പണിക്കർ മുതലായവരെല്ലാവരും ഏറ്റവും ഭയവിഹ്വലന്മാരായിത്തീർന്നു. പിന്നെ ആ ചിറയിലിറങ്ങാൻ ആ കൂട്ടത്തിലുണ്ടായിരുന്ന ബ്രാഹ്മണർക്കാർക്കും ധൈര്യമുണ്ടായില്ല. അതിനാൽ പാലൂർപ്പണിക്കർ ഉടനെ ഓടിച്ചെന്ന് ഈ സംഗതികളെല്ലാം ചേരമാൻ പെരുമാളുടെ അടുക്കൽ അറിയിച്ചു. ഇതു കേട്ടപ്പോൾ പെരുമാളും ഏറ്റവും വിഷണ്ണനായിത്തീർന്നു. ബിംബം കൊണ്ടുവരാതെയിരുന്നാൽ നിശ്ചിതമുഹൂർത്തത്തിൽ പ്രതിഷ്ഠ നടത്തുവാൻ സാധിക്കയില്ലല്ലോ. അതിനാൽ ഏതു പ്രകാരമെങ്കിലും ആ ബ്രാഹ്മണരെക്കൊണ്ടുതന്നെ ബിംബമെടുപ്പിച്ചു കൊണ്ടുവരണമെന്ന് നിശ്ചയിച്ച് അദ്ദേഹവും ചിറയുടെ സമീപത്തെത്തി. അപ്പോൾ തലേദിവസം അദ്ദേഹത്തിന്റെ അടുക്കൽ ചെന്നിരുന്ന താപസനും അവിടെച്ചെന്നു

ചേർന്നു. താപസനെ കണ്ടയുടനെ പെരുമാൾ അദ്ദേഹത്തിന്റെ പാദത്തിങ്കൽ വീണു നമസ്കരിച്ചിട്ടു ബിംബമെടുക്കുന്നതിൽ നേരിട്ടിരിക്കുന്ന പ്രതിബന്ധത്തെക്കുറിച്ചറിയിച്ചു. ഉടനെ താപസൻ, “അല്ലയോ രാജാവേ! ഒരു സംഗതി ഇന്നലെപ്പറയാൻ ഞാൻ മറന്നുപോയി. അതുംകൂടി ഇപ്പോൾ പറഞ്ഞേക്കാം. ഈ ബിംബം പണ്ടു ചില മഹർഷിമാർ ഇവിടെവെച്ചു പൂജിച്ചിരുന്നതാണ്. അവർ ഇവിടെനിന്ന് അന്തർദ്ധാനം ചെയ്ത സമയത്താണ് ഈ ബിംബം ഈ സരസ്സിൽ നിക്ഷേപിച്ചത്. ആ മഹർഷിമാർ ലക്ഷ്മണസ്വാമിയോടുകൂടി ഒരു ഭഗവതിയേയും വെച്ചു പൂജിച്ചിരുന്നു. ആ ഭഗവതിയുടെ അട്ടഹാസവും കൽപനയുമാണ് മുമ്പെ ഇവിടെ കേൾക്കപ്പെട്ടത്. ആ ദേവി മഹർഷിമാരുടെ അപേക്ഷപ്രകാരം ഈ ബിംബം സൂക്ഷിച്ചുകൊണ്ട് ഈ സരോവര തീരവനങ്ങളിൽ സഞ്ചരിക്കുന്നുണ്ട്. ഈ ബിംബത്തിന്റെ സമീപത്തുനിന്ന് ഈ ദേവി വിട്ടുമാറുകയില്ല. ഈ ദേവിയെ കൂടാതെ ഈ ബിംബം കൊണ്ടുപോകാൻ സാധിക്കയുമില്ല. അതിനാൽ തന്ത്രിയെ ഇവിടെ വരുത്തി, ഈ ദേവിയേയും ഇവിടെനിന്ന് ആവാഹിപ്പിച്ച് കൊണ്ടു പോകണം. ഈ ചിറയുടെ കിഴക്കുഭാഗത്തു സ്വല്പം തെക്കോട്ടുമാറി വേറെ ഒരു ചെറിയ ചിറയുണ്ട്. ആ ചിറയിൽ ഒരു കണ്ണാടിബിംബം കിടക്കുന്നുണ്ട്. ആദ്യംതന്നെ ആ കണ്ണാടിബിംബമെടുപ്പിച്ച് ദേവിയെ ആ കണ്ണാടിബിംബത്തിന്മേലാവാഹിപ്പിക്കണം. പിന്നെ ബിംബം മുങ്ങിയെടുക്കുന്നതിനു ഒരു വിരോധവും കാണുകയില്ല. രണ്ടു ബിംബങ്ങളും ഒരുമിച്ചു കൊണ്ടുപോകണം. ലക്ഷ്മണസ്വാമിയെ പ്രതിഷ്ഠിക്കുന്ന മുഹൂർത്തത്തിൽത്തന്നെ ദേവിയെ കിഴക്കേച്ചുറ്റമ്പലത്തിൽ തെക്കുഭാഗത്തായി കുടിയിരുത്തുകയും വേണം. മുഹൂർത്തം തെറ്റാതെയിരിക്കുന്നതിന് ഞാനൊരു അടയാളംകൂടി പറയാം. മുഹൂർത്തസമയമാകുമ്പോൾ ഒരു കൃഷ്ണപ്പരുന്ത് ചുറ്റിപ്പറന്ന് ശ്രീകോവിലിന്റെ സ്തൂപാഗ്രത്തിൽ വന്നിരിക്കും. ഉടനെ പ്രതിഷ്ഠ നടത്തിക്കൊള്ളണം”. ഇങ്ങനെ പറഞ്ഞിട്ട് ആ താപസൻ കാട്ടിൽക്കയറി മറഞ്ഞുപോവുകയും ചെയ്തു.



അനന്തരം ചേരമാൻപെരുമാൾ ആദ്യം തന്നെ കണ്ണാടിബിംബം എടുപ്പിക്കുകയും തന്ത്രിയെ വരുത്തി ഭഗവതിയെ അതിന്മേൽ ആവാഹിപ്പിക്കുകയും ഉടനെ തന്നെ മറ്റേ ബിംബവും എടുപ്പിക്കുകയും രണ്ടു ബിംബങ്ങളും ബ്രാഹ്മണരെക്കൊണ്ടെടുപ്പിച്ചു ക്ഷേത്രസന്നിധിയിൽ കൊണ്ടുവരികയും ചെയ്തു. അപ്പോഴേക്കും അവിടെ പ്രതിഷ്ഠയ്ക്കുവേണ്ടുന്ന ആളുകളും ഉപകരണങ്ങളുമെല്ലാം തയ്യാറായിരുന്നതിനാൽ ഉടനെതന്നെ ക്രിയകളാരംഭിച്ചു. മലമേൽക്കാവിൽ സമൂഹമെന്നുകൂടിപ്പേരുള്ള ചോഴിയസമൂഹത്തിലെ കിഴിക്കാരനായ പരദേശബ്രഹ്മണനെ സമുദായമായി നിയമിച്ചു ചേരമാൻ പെരുമാൾ അദ്ദേഹത്തെക്കൊണ്ട് തന്ത്രിക്കു കൂറയും പവിത്രവും കൊടുപ്പിച്ചാണ് ക്രിയകൾ തുടങ്ങിയത്. പ്രതിഷ്ഠയ്ക്ക് നിശ്ചയിച്ചിരുന്ന ദിവസമായപ്പോഴേക്കു അതിനു മുൻപു വേണ്ടുന്ന സകല ക്രിയകളും നടത്തി മുഹൂർത്തം വരാനായി എല്ലാവരും കാത്തുകൊണ്ടിരുന്നു. മുഹൂർത്തം നിശ്ചയിച്ച ജ്യോത്സ്യൻ മുൻകൂട്ടി അവിടെയെത്തുകയും മുഹൂർത്തസമയം തെറ്റാതെ പറഞ്ഞുകൊടുക്കുന്നതിനായി കൂടെക്കൂടെ അടിയളന്നുനോക്കിക്കൊണ്ടിരിക്കുകയും ചെയ്തു. മുഹൂർത്തസമയം ഏകദേശം അടുത്തപ്പോഴേക്കു ഒരു കൃഷ്ണപ്പരുന്ത് വന്നു ശ്രീകോവിലിന്റെ ഉപരിഭാഗത്തു ചുറ്റിപ്പറന്നുകൊണ്ടിരുന്നു. അങ്ങനെയിരുന്നപ്പോൾ ജ്യോത്സ്യൻ അടിയളന്നുനോക്കീട്ട്, “ഓഹോ! മുഹൂർത്തമായിരിക്കുന്നു. ഇനി പ്രതിഷ്ഠ നടത്തണം. ഇനിയും താമസിച്ചാൽ മുഹൂർത്തം കഴിഞ്ഞുപോകും” എന്നു പറഞ്ഞു. അപ്പോൾ ചേരമാൻ പെരുമാൾ “ആ പരുന്തു സ്തൂപാഗ്രത്തിൽ വന്നിരിക്കുമെന്നും ആ സമയത്തു പ്രതിഷ്ഠ നടത്തിക്കൊള്ളണമെന്നുമാണല്ലോ ആ താപസൻ പറഞ്ഞിരിക്കുന്നത്” എന്നു പറഞ്ഞു. “താപസൻ പറഞ്ഞതു നോക്കിയിരുന്നാൽ മുഹൂർത്തം കഴിഞ്ഞുപോകും” എന്നു ജ്യോത്സ്യനും “താപസന്മാരുടെ വാക്കും മറ്റും ഇക്കാലത്ത് ഏകദേശമൊക്കെ ഒക്കുമെന്നല്ലാതെ നല്ല ശരിയായിരിക്കുന്ന കാര്യം സംശയമാണ്. കൃഷ്ണപ്പരുന്ത് ഉപരിഭാഗത്തു വന്നുവല്ലോ. അതു കൊണ്ട് ഇനി പ്രതിഷ്ഠ നടത്തുകയാണ് വേണ്ടത്” എന്നു മറ്റു പലരും പറയുകയാൽ “എന്നാൽ എല്ലാവരുടെയും ഇഷ്ടംപോലെയാവട്ടെ” എന്നു ചേരമാൻ പെരുമാൾ സമ്മതിക്കുകയും ഉടനെ തന്ത്രി പ്രതിഷ്ഠ നടത്തുകയും ചെയ്തു. കിഴക്കേച്ചുറ്റമ്പലത്തിൽ മുളയറയിൽ ആ രാശിക്കു തന്നെ ഭഗവതിയെ കുടിയിരുത്തുകയും കഴിച്ചു. ഇതു രണ്ടും കഴിഞ്ഞപ്പോൾ കൃഷ്ണപ്പരുന്ത് മന്ദം മന്ദം പറന്നു സ്തൂപാഗ്രത്തിൽ വന്നിരുന്നു. അപ്പോൾ ചേരമാൻ പെരുമാൾക്കു മറ്റും വളരെ കുണ്ഠിതമുണ്ടായി. മുഹൂർത്തമാകുന്നതിന് മുൻപാണ് പ്രതിഷ്ഠ നടത്തിയതെന്ന് എല്ലാവർക്കും തോന്നി. “ഏതെങ്കിലും കാര്യം കഴിഞ്ഞുപോയ സ്ഥിതിക്ക് പിന്നെ വളരെ വിചാരിക്കുകയും വിഷാദിക്കുകയും ചെയ്തതുകൊണ്ട് പ്രയോജനമൊന്നുമില്ലല്ലോ” എന്നു വിചാരിച്ച് യോഗ്യന്മാരെല്ലാവരും കൂടിയാലോചിച്ച് ഇതിലേക്കു തൽക്കാലം ചില പ്രായശ്ചിത്തങ്ങൾ ചെയ്തിട്ടു മുറയ്ക്ക് കലശം മുതലായവയും നടത്തി. നാലാം കലശം കഴിഞ്ഞ ദിവസം തന്ത്രിയും ചേരമാൻ പെരുമാളും മഴവഞ്ചേരിപ്പണിക്കർ മുതലായവരും മറ്റും കൂടി ക്ഷേത്രത്തിൽ മേലാൽ നടക്കേണ്ടുന്ന പതിവുകളെല്ലാം നിശ്ചയിച്ചു. പ്രതിദിനം അഞ്ചു പൂജയും മൂന്നു ശീവേലിയും ആണ്ടുതോറും മകരമാസത്തിൽ രോഹിണിനാൾ കൊടിയേറ്റും കുംഭമാസത്തിൽ രോഹിണിനാൾ ആറാട്ടുമായിട്ട് ഇരുപത്തെട്ടു ദിവസത്തെ ഉത്സവവും വേണമെന്നും മറ്റുമാണ് നിശ്ചയിച്ചത്. ഈ ചേരമാൻപെരുമാൾ ചാക്യാർകൂത്തിൽ വളരെ പ്രതിപത്തിയുള്ള ആളായിരുന്നതിനാൽ ക്ഷേത്രത്തിൽ എന്നും ചാക്യാർകൂത്തു വേണമെന്നും കൂത്തു വല്ല കാരണവശാലും ഒരു ദിവസമെങ്കിലും മുടങ്ങിപ്പോയാൽ ചാക്യാർ അതിനു പ്രായശ്ചിത്തമായി ഒരു കൂടിയാട്ടം നടത്തണമെന്നും ഇതിനുപുറമേ ആണ്ടിലൊരിക്കൽ ഒരംഗലീയാങ്കം കൂത്തുകൂടി നടത്തണമെന്നും അത് ആണ്ടുതോറും ഉത്സവത്തിനു മുമ്പായിരിക്കണമെന്നും ഇതു കൂടാതെ ആണ്ടുതോറും ഉത്സവകാലത്തു മുളയറബ്ഭഗവതിയുടെ പ്രീതിക്കായി മൂന്നു ദിവസം (കുംഭമാസത്തിൽ രേവതി, അശ്വതി, ഭരണി) തീയാട്ടുകൂടി വേണമെന്നും നിശ്ചയിച്ചു. ഇവയെല്ലാം എന്നും ശരിയായി നടത്തുന്നതിനു വേണ്ടുന്ന വസ്തുക്കൾ ദേവസ്വം പേരിൽ പതിച്ചു കൊടുക്കുകയും ക്ഷേത്രത്തിൽ കഴകത്തിനും, പൂജകൊട്ട്, പാട്ടു മുതലായവയ്ക്കും വാരിയന്മാരെയും മാരന്മാരേയും അടുത്ത സ്ഥലങ്ങളിൽനിന്നു വരുത്തി അവർക്കു ഇവിടെ താമസിക്കുന്നതിന് ഗൃഹങ്ങൾ പണിയിച്ചുകൊടുത്തു കോട്ടയ്ക്കകത്തു തന്നെ സ്ഥിരതാമസമാക്കുകയും ചെയ്തു. മഴവഞ്ചേരിപ്പണിക്കർ, ചേരിപ്പണിക്കർ, പുല്ലമ്പിലായിക്കയ്മൾ എന്നീ നായന്മാർക്കും കോട്ടയ്ക്കകത്തുതന്നെ ഗൃഹങ്ങളുണ്ടാക്കിച്ചുകൊടുത്ത് അവരുടെയും കുടുംബസഹിതമുള്ള സ്ഥിരവാസം അവിടെത്തന്നെയാക്കിയിരുന്നുവല്ലോ. എങ്കിലും കോട്ടയ്ക്കകത്തുള്ള ഗൃഹങ്ങളിൽവെച്ച് ആരും മരിക്കാനും പ്രസവിക്കാനും പാടില്ലെന്നുകൂടി നിശ്ചയിക്കുകയും ആ വകയ്ക്കായി കോട്ടയ്ക്കു പുറത്തും മേൽപറഞ്ഞവർക്കെല്ലാം ഓരോ ഭവനങ്ങൾ ഉണ്ടാക്കിച്ചു കൊടുക്കുകയും ചെയ്തു. ക്ഷേത്രത്തിൽ കൂത്തു പതിവായി നടത്തുന്നതിനു പൊതിയിൽ ചാക്യാരെ കുടുംബസഹിതം ഇവിടെ വരുത്തി, വെന്നിമല ക്ഷേത്രത്തിൽ നിന്ന് ഏകദേശം നാലു നാഴിക പടിഞ്ഞാറ് “ഉമ്പുകാട്ട്” എന്ന ദേശത്തു ഭവനമുണ്ടാക്കിച്ചു കൊടുത്ത് അവിടെത്താമസിപ്പിച്ചു. കൂത്തു നടത്തുന്ന വകയ്ക്കു അനുഭോഗമായി ആ ഉമ്പുകാട്ട് എന്ന ദേശവും മറ്റനേകം വസ്തുക്കളും അവർക്കു പതിച്ചുകൊടുക്കുകയും ചെയ്തു. അതിനുമുമ്പ് ഈ ചാക്യാർ താമസിച്ചിരുന്നതു ആലങ്ങാട്ട് താലൂക്കിൽ “പൊതി” എന്ന ദേശത്തായിരുന്നു. അതിനാലാണ് ഇവർക്കു പൊതിയിൽ ചാക്യാരെന്നുള്ള നാമം സിദ്ധിച്ചത്. അവർ ആ ദേശം വിട്ട് ഇവിടെപ്പോന്നിട്ടും ആ പൂർവനാമത്തെ ഉപേക്ഷിച്ചില്ല. എങ്കിലും ഇപ്പോൾ ഇവരെ “ഉമ്പുകാട്ടുചാക്യാർ” എന്നും ചിലർ പറയാറുണ്ട്.

ക്ഷേത്രത്തിൽ ഓരോ പ്രവൃത്തികൾ നടത്തുന്നവർക്കും ചേരമാൻ പെരുമാൾ യഥായോഗ്യം ഓരോരോ അനുഭവങ്ങൾ കൽപിച്ചുകൊടുത്ത കൂട്ടത്തിൽ തീയാട്ടു നടത്തുന്നതിലേക്ക് ആ തീയാട്ടുണ്ണിയുടെ കുടുംബത്തിലേക്കും ഒൻപതു പറ പുഞ്ചനിലം അനുഭോഗമായി പതിച്ചുകൊടുത്തു. അത് ഇതെഴുതുന്ന എന്റെ കുടുംബത്തിലേക്കാണെന്നുകൂടി ഇവിടെ കൃതജ്ഞതാപൂർവം പറഞ്ഞുകൊള്ളുന്നു.

ഉത്സവം, കലശം മുതലായവയ്ക്കു തന്ത്രിക്കു കൂറപവിത്രം കൊടുക്കുന്നതിന് അധികാരമുള്ള ഒരു ബ്രാഹ്മണൻ ഉണ്ടായിരിക്കേണ്ടതു അത്യാവശ്യമാകയാൽ ചേരമാൻ പെരുമാൾ ക്ഷേത്രത്തിലെ സമുദായസ്ഥാനം മേൽപ്പാഴൂർ നമ്പൂരിപ്പാട്ടിലേക്കു കൊടുക്കുകയും കൂറപവിത്രം കൊടുക്കുക എന്ന കൃത്യം അദ്ദേഹം നടത്തുന്നതിന് ഏർപ്പാടു ചെയുകയും ചെയ്തു.

ഇത്രയുമൊക്കെ ചെയ്തിട്ടും ആ ക്ഷേത്രത്തിൽ ശാന്തിക്കു ചേരമാൻ പെരുമാൾ ആരെയും സ്ഥിരപ്പെടുത്തിയില്ല. അതിന് അപ്പോഴപ്പോൾ രണ്ടോ മൂന്നോ കൊല്ലത്തേക്കുമാത്രമായിട്ട് ആളുകളെ നിയമിച്ചാൽ മതിയെന്നാണ് അദ്ദേഹം നിശ്ചയിച്ചത്.

ക്ഷേത്രകാര്യങ്ങളൊക്കെ നിശ്ചയിക്കുകയും അവയ്ക്കു വേണ്ടുന്ന വസ്തുക്കൾ പതിച്ചുകൊടുക്കുകയും ചെയ്തതിന്റെ ശേഷം കുറച്ചു കാലം കൂടി ചേരമാൻ പെരുമാൾ അവിടെത്താമസിച്ചിരുന്നു. പിന്നെ അദ്ദേഹം കേരളരാജ്യം തന്റെ ബന്ധുക്കൾക്കും സ്നേഹിതന്മാർക്കും ആശ്രിതന്മാർക്കും മറ്റുമായി വിഭജിച്ചുകൊടുത്തു പരദേശത്തേക്കു യാത്രയായ കാലത്തു വെന്നിമലക്ഷേത്രം സംബന്ധിച്ചുള്ള സകല കാര്യങ്ങളും തന്നെപ്പോലെ സമുദായവുമായി യോജിച്ചു നടത്തിക്കൊള്ളുന്നതിനു പറഞ്ഞു തെക്കുംകൂർ രാജാവിനെ ഏൽപിച്ചിട്ടാണ് പോയത്. അതിനാൽ ചേരമാൻ പെരുമാൾ കേരളം വിട്ടുപോയതിന്റെ ശേഷം അവിടെ ക്ഷേത്രകാര്യങ്ങളെല്ലാം അന്വേഷിച്ചു നടത്തുകയും നടത്തിക്കുകയും ചെയ്തിരുന്നതു തെക്കുംകൂർ രാജാവായിരുന്നു. എങ്കിലും ഈ സ്ഥലം കണ്ടു പിടിക്കുകയും ഇപ്രകാരമെല്ലാമാക്കിത്തീർക്കുകയും ചെയ്ത പെരുമാളിനെക്കുറിച്ചുള്ള സ്മരണ ജനങ്ങളുടെ മനസ്സിൽനിന്നു വിട്ടുപോകാതെയിരിക്കാനായിട്ട് സംഭാഷണങ്ങളിലും എഴുത്തുകുത്തുകളിലും ദേവന്റെ നാമം ഉപയോഗിക്കുന്നതു “പെരുമാൾ” എന്നുള്ള ശബ്ദംകൂടി ചേർത്തുവേണമെന്നു തീർച്ചപ്പെടുത്തുകയും അതു നടപ്പാവുകയും ചെയ്തു. ഇപ്പോഴും ആ ദേവനെ ജനങ്ങൾ സാധാരണമായിപ്പറയുന്നത് “വെന്നിമലപ്പെരുമാൾ” എന്നാണ്.

വെന്നിമല ദേവസ്വകാര്യങ്ങൾ ഭരിക്കുന്നതിനുള്ള അധികാരം തെക്കുംകൂറിൽ അന്നന്നു മൂപ്പായിട്ടുള്ള രാജാവിനും സമുദായസ്ഥാനം മേൽപ്പാഴൂർ മനയ്ക്കൽ അന്നന്നു മൂപ്പായിട്ടുള്ള നമ്പൂരിപ്പാട്ടിലേക്കുമായിരുന്നു. ദേവസ്വകാര്യങ്ങളെല്ലാം രാജാവും സമുദായവും കൂടിച്ചേർന്നും യോജിച്ചും നടത്തിക്കൊള്ളണമെന്നാണല്ലോ ചേരമാൻ പെരുമാളുടെ കൽപന. അതിനാൽ തെക്കുംകൂർ വലിയ രാജാവും സമുദായവും മിക്ക സമയത്തും ക്ഷേത്രസന്നിധിയിൽതന്നെ താമസിക്കേണ്ടിയിരുന്നു. വിശേഷിച്ചും കൂറപവിത്രം കൊടുക്കുന്നതിനും കൊടിയേറ്റിനും മറ്റും ചോദ്യാനുവാദം അത്യാവശ്യമായിരുന്നതിനാൽ ഉത്സവമെടുത്താൽപ്പിന്നെ ആറാട്ടു കഴിയുന്നതുവരെ അവർക്കു രണ്ടുപേർക്കും ക്ഷേത്രസന്നിധി വിട്ടുപോകാൻ ഒരു നിവൃത്തിയുമില്ലായിരുന്നു. അതിനും പുറമേ ഉത്സവത്തിൽ ആറാട്ടിന്റെ തലേ ദിവസം ദേവനെ പള്ളിവേട്ടയ്ക്കെഴുന്നള്ളിച്ചു കൊണ്ടുപോകുമ്പോൾ എഴുന്നള്ളത്തിനു മുമ്പിൽ വില്ലുമമ്പും ധരിച്ചുകൊണ്ട് നടക്കുകയും പള്ളിവേട്ടയ്ക്കുള്ള സ്ഥലത്തു ചെന്നാൽ ദേവന്റെ പ്രതിപുരുഷനായി ആദ്യം കാണുന്ന മൃഗത്തെ ലക്ഷ്യമാക്കി ശരം പ്രയോഗിക്കുകയും ചെയ്യുന്നതിനു രാജാവുതന്നെ വേണമെന്നായിരുന്നു നിശ്ചയിച്ചിരുന്നത്. ഇവ മുമ്പു നടത്തിയിരുന്നതു ചേരമാൻ പെരുമാൾ തന്നെയായിരുന്നു. അതിനാൽ അദ്ദേഹത്തിന്റെ പ്രതിനിധിയായ തെക്കുംകൂർ രാജാവും അപ്രകാരമെല്ലാം നടത്തിപ്പോന്നിരുന്നു. അങ്ങനെയിരുന്ന കാലത്തു തെക്കുംകൂറിൽ മൂപ്പ് “മണികണ്ഠൻ” എന്ന പ്രസിദ്ധനായ രാജാവായിത്തീർന്നു. അദ്ദേഹവും വെന്നിമലപ്പെരുമാളുടെ ക്ഷേത്രകാര്യങ്ങളെലാം തന്റെ പൂർവന്മാർ നടത്തിപ്പോന്നിരുന്നതുപോലെതന്നെ നടത്തിക്കൊണ്ടിരുന്നു.

വെന്നിമലപ്പെരുമാളെ പള്ളിവേട്ടയ്ക്കു എഴുന്നള്ളിച്ചു കൊണ്ടു പോകുന്നതു ക്ഷേത്രത്തിൽ നിന്ന് ഏകദേശം അഞ്ചുനാഴിക തെക്കു പടിഞ്ഞാറു “നാല്പുന്നാക്കൽ” എന്ന സ്ഥലത്തായിരുന്നു പതിവ്. മുൻകാലങ്ങളിൽ അവിടം ഒരു വനപ്രദേശമായിരുന്നതിനാൽ അവിടെച്ചെന്നാൽ എന്തെങ്കിലും കാട്ടുമൃഗത്തെക്കാണുക സാധാരണമായിരുന്നു. മണികണ്ഠരാജാവിന്റെ കാലത്ത് ഒരാണ്ടിൽ പള്ളിവേട്ടയ്ക്കെഴുന്നള്ളിച്ച് അവിടെച്ചെന്നപ്പോൾ ആദ്യം കണ്ടത് ഒരു പശുവിനെയായിരുന്നു. ഗോഹത്യ മഹാപാപമാണെങ്കിലും ആദ്യം കാണുന്ന മൃഗത്തെ ലക്ഷ്യമാക്കി ശരം പ്രയോഗിച്ചു കൊള്ളണമെന്നാണല്ലോ നിശ്ചയം ചെയ്തിരിക്കുന്നത്. അത് ദേവകാര്യമാകയാൽ അതിനെ ദേദപ്പെടുത്തിയാൽ ദേവകോപമുണ്ടായെങ്കിലോ എന്നു ഭയപ്പെട്ടു രാജാവ് ആ പശുവിനെ ലക്ഷ്യമാക്കിത്തന്നെ ശരം പ്രയോഗിച്ചു. ശരമേറ്റ പശു മരണവേദനയോടുകൂടി നിലവിളിച്ചുകൊണ്ട് കുറച്ചുദൂരം വടക്കോട്ട് ഓടിട്ട് അവിടെ ഒരു സ്ഥലത്തു വീണു കൈയും കാലുമടിച്ചു മരിച്ചു. രാജാവിന് ഇതു നിമിത്തം ദുസ്സഹമായ ദുഃഖവും പശ്ചാത്തപവുമുണ്ടായി. അതിനാലദ്ദേഹം ഉത്സവം കഴിഞ്ഞതിന്റെ പിറ്റേ ദിവസം തന്നെ ഉഭയകുലപരിശുദ്ധന്മാരും രാഗദ്വേഷവിരഹിതന്മാരും വേദശാസ്ത്രനിപുണന്മാരുമായ അനേകം മഹാബ്രാഹ്മണരെ വരുത്തി യോഗം കൂട്ടി താൻ ചെയ്തുപോയ മഹാപാപത്തിനു പ്രതിവിധി എന്താണു ചെയ്യേണ്ടത് എന്നു ചോദിച്ചു. ആ മഹാബ്രാഹ്മണർ എല്ലാവരുംകൂടി ആലോചിച്ചിട്ട്, “മരിച്ച പശുവിന്റെ ശരീരം ഒരു വൃക്ഷശാഖാഗ്രത്തിൽക്കെട്ടിത്തൂക്കണം. അതിന്റെ നേരെ താഴെയായിട്ടു രാജാവിരിക്കണം. ആ പശുവിന്റെ ശരീരം മുഴുവനും ദ്രവിച്ചു മുറിഞ്ഞുമുറിഞ്ഞു രാജാവിന്റെ തലയിൽ വീഴണം. അതു മുഴുവനും കഴിഞ്ഞാൽ പിന്നെ ആ പശു വീണു മരിച്ച സ്ഥലത്ത് ഒരു ക്ഷേത്രം പണിയിച്ചു വിഷ്ണുപ്രതിഷ്ഠ കഴിപ്പിക്കണം. അവിടെ പൂജാദികളും മറ്റും എന്നും ശരിയായി നടക്കത്തക്കവണ്ണം വേണ്ടുന്ന വസ്തുവകകൾ ആ ദേവസ്വത്തിലേക്കു പതിച്ചു കൊടുത്തിട്ടു പോയി ഗംഗാസ്നാനവും സേതു സ്നാനവും നടത്തണം. ഇത്രയും ചെയ്താൽ ഈ മഹാപാപം തീരും എന്നു വിധിച്ചു. മണികണ്ഠരാജാവ് ബ്രാഹ്മണവിധിപ്രകാരം ക്ഷേത്രം പണിയും പ്രതിഷ്ഠയും കഴിപ്പിച്ചതിന്റെ ശേഷം ഈ വിഷ്ണുക്ഷേത്രം തന്റെ ഒരു സ്മാരകമായിരിക്കണമെന്നു നിശ്ചയിച്ച് അതിനു “മണികണ്ഠപുരം” എന്നു പേരിട്ടു. ആ ക്ഷേത്രത്തിന് ഇപ്പോഴും പറഞ്ഞുവരുന്ന പേർ അതു തന്നെയാണ്.

അനന്തരം മണികണ്ഠരാജാവ് തീർത്ഥസ്നാനത്തിനായി യാത്രയായ സമയം തന്റെ ഗുരുനാഥനായ ചിത്രകൂടത്തിൽപ്പിഷാരടിയുടെ അടുക്കൽച്ചെന്ന് “ഞാൻ ഗംഗാസ്നാനത്തിനായി പോകുന്നു. ഗംഗാസ്നാനവും സേതുസ്നാനവും കഴിഞ്ഞാൽ ആയുശ്ശേഷത്തെ നയിക്കണമെന്നല്ലാതെ ഇങ്ങോട്ടു മടങ്ങിവരണമെന്നു ഞാൻ വിചാരിക്കുന്നില്ല. വെന്നിമലക്ഷേത്രത്തിന്മേലുള്ള അധികാരം മേലാൽ നമ്മുടെ കുടുംബത്തിലേക്കു ആവശ്യമില്ലെന്നാണ് ഞാൻ വിചാരിക്കുന്നത്. അതിനാൽ ആ ക്ഷേത്രത്തിന്മേൽ എനിക്കും എന്റെ കുടുംബത്തേക്കുമുള്ള സകലാധികാരങ്ങളും അവകാശങ്ങളും കർത്തവ്യങ്ങളുമെല്ലാം എന്റെ ഗുരുനാഥനായ അവിടേക്കു ഞാൻ പൂർണ്ണസമ്മതത്തോടുകൂടി ഒഴിഞ്ഞുതന്നിരിക്കുന്നു. ദേവസ്വകാര്യങ്ങളെലാം എന്റെ പൂർവന്മാരും ഞാനും നടത്തിവന്നിരുന്നതുപോലെ അവിടുന്നും അവിടുത്തെ അനന്തരവരും സമുദായവും കൂടിച്ചേർന്നു നടത്തിക്കൊള്ളുമെന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. അവിടേക്കു ദേവസ്വത്തിലുള്ള സ്ഥാനത്തിന്റെ പേർ “കോയിമ്മ” എന്നായിരിക്കട്ടെ. ഈ സ്ഥാനം അവിടുത്തെ കുടുംബത്തിൽ അന്നന്നു മൂപ്പായിട്ടുള്ളവർക്കായിരിക്കുന്നതാണ്” എന്നു പറഞ്ഞു വന്ദിച്ചു ഗുരുനാഥന്റെ അനുഗ്രഹവും വാങ്ങിക്കൊണ്ട് അദ്ദേഹം ഉടൻതന്നെ പോവുകയും ചെയ്തു.

മണികണ്ഠരാജാവ് ഏതാനം ദിവസത്തെ വഴി വടക്കോട്ടു പോയതിന്റെ ശേഷം ഒരു ദിവസം രാത്രിയിൽ അദ്ദേഹം ഒരു സത്രത്തിലെത്തിക്കിടന്നു. ആ സമയം വഴിപ്പോക്കരായ ചില ബ്രാഹ്മണരും അവിടെ വന്നു കൂടി. അവർ തമ്മിലുള്ള സംഭാഷണത്തിൽ ഒരു ബ്രാഹ്മണൻ ശേഷമുണ്ടായിരുന്നവരോട് “തെക്കുംകൂറിൽ മൂപ്പായിരുന്ന മണികണ്ഠരാജാവ് ഒരു ഗോഹത്യ ചെയ്തുപോകയാൽ തദ്ദോഷപരിഹാരാർത്ഥം മഹാബ്രാഹ്മണവിധിപ്രകാരം ഒരു ക്ഷേത്രം പണിയിച്ചു. വിഷ്ണു പ്രതിഷ്ഠയും കഴിപ്പിച്ചിട്ട് അദ്ദേഹം തീർത്ഥസ്നാനത്തിനായിട്ടു പോയി. ക്ഷേത്രം വളരെ രസികനായി. പക്ഷേ അവിടെച്ചെല്ലുന്നവർക്കു കുളിക്കണമെങ്കിൽ വേറെ വല്ലിടത്തും പോകണം. രാജാവ് അവിടെ ഇത്രയുമൊക്കെ ചെയ്ത സ്ഥിതിക്കു ഒരു ജലാശയം കൂടി ഉണ്ടാക്കിക്കേണ്ടതായിരുന്നു. അതു ചെയ്യാത്തതു വലിയ മോശമായിപ്പോയി. ഒരു ക്ഷേത്രമുണ്ടായാൽ അതിനടുത്ത് ഒരു കുളവുമുണ്ടായിരിക്കേണ്ടതത്യാവശ്യമാണ്. കുളമുണ്ടായാൽ ബ്രാഹ്മണർ കുളിച്ചു സന്ധ്യവന്ദനം കഴിക്കുകയും പശുക്കളിറങ്ങി വെള്ളം കുടിക്കുകയും ചെയ്യുമല്ലോ. അതും പാപശാന്തിക്കു കൊള്ളാവുന്നതായിരുന്നു. അക്കാര്യം പറയാൻ ആ മഹാബ്രാഹ്മണർക്കും ചെയ്യാൻ രാജാവിനും തോന്നാഞ്ഞതു എന്താണാവോ?” എന്നു പറഞ്ഞു. ബ്രാഹ്മണർ ഇങ്ങനെ പറഞ്ഞതു രാജാവവിടെ കിടക്കുന്നുണ്ടെന്ന് അറിഞ്ഞുകൊണ്ടല്ലായിരുന്നു. എങ്കിലും രാജാവ് അതെല്ലാം കേൾക്കുകയും ഉടനെ എണീറ്റു തെക്കോട്ടു നടന്നു തുടങ്ങുകയും ചെയ്തു. ഏതാനം ദിവസങ്ങൾകൊണ്ട് അദ്ദേഹം വീണ്ടും മണികണ്ഠപുരത്തു ക്ഷേത്രസന്നിധിയിലെത്തി. അവിടെ വടക്കെ നടയിൽ വലുതായിട്ട് ഒരു ചിറ കഴിപ്പിച്ചു. മനുഷ്യർക്കു കുളിക്കാനും കന്നുകാലികൾക്കു വെള്ളം കുടിക്കാനും സകൗര്യപ്പെടത്തക്ക വിധത്തിൽ പണിക്കുറ തീർപ്പിച്ചിട്ട് പിന്നെയും അദ്ദേഹം വടക്കോട്ടുതന്നെ പോയി. അദ്ദേഹത്തിന്റെ പിന്നത്തെക്കഥയൊന്നും ആർക്കും അറിയാൻ കഴിഞ്ഞിട്ടില്ല. മണികണ്ഠരാജാവ് ക്ഷേത്രം പണിയിച്ചു പ്രതിഷ്ഠ കഴിപ്പിച്ചതും മറ്റും കൊല്ലം 350-ആമാണ്ടിടയ്ക്കാണെന്നുള്ളതിനു ചില ലക്ഷ്യങ്ങൾ കാണുന്നുണ്ട്.

ചിത്രകൂടത്തിൽപ്പിഷാരടിക്കു വെന്നിമലക്ഷേത്രത്തിലെ കോയിമ്മസ്ഥാനം കിട്ടിയതിന്റെ ശേഷം അദ്ദേഹം ക്ഷേത്രസമീപത്തു തന്നെ ഒരു ഭവനം പണികഴിപ്പിച്ചു സ്ഥിരവാസം അവിടെയാക്കി. അതിനു മുമ്പ് അവർ താമസിച്ചിരുന്നതു മൂവാറ്റുപുഴത്താലൂക്കിലൊരു സ്ഥലത്തായിരുന്നു. ഇവരുടെ ശാഖാകുടുംബങ്ങൾ കിടങ്ങൂർ മുതലായ പല സ്ഥലങ്ങളിൽ ഇപ്പോഴുമുണ്ട്.

തെക്കുംകൂർരാജാവ് ദേവസ്വാധികാരം ഒഴിഞ്ഞുപോയതിന്റെ ശേഷം മേൽപ്പാഴൂർ നമ്പൂരിപ്പാടും തനിക്കു പകരം ഓരോ നമ്പൂരിമാരെ ഓരോ കാലാവധിവെച്ചു സമുദായമായി നിയമിച്ചു കാര്യങ്ങൾ നടത്തിച്ചു തുടങ്ങി. അങ്ങനെയല്ലാതെ താൻ തന്നെ പോയി കാര്യങ്ങൾ നടത്താതെയായി. തെക്കുംകൂർ രാജാവും തിരുവിതാംകൂറിലേക്ക് ഒതുക്കിയ കാലം മുതൽ ചിത്രകൂടത്തിൽ പ്പിഷാരടിയുടെ കുടുംബത്തിൽ അന്നന്നു മൂപ്പായിട്ടുള്ളവരെ മഹാരാജാവുതിരുമനസ്സിലെ കൽപനപ്രകാരം കോയിമ്മയായി നിയമിക്കുകയും ആ കോയിമ്മയും മേൽപ്പാഴൂർ നമ്പൂരിപ്പാടു നിയമിക്കുന്ന സമുദായവും കൂടി ദേവസ്വകാര്യങ്ങൾ അന്വേഷിച്ചു നടത്തുകയും ചെയ്തുതുടങ്ങി. ഇപ്പോഴും അങ്ങനെതന്നെ നടന്നുവരുന്നു.

വെന്നിമലക്ഷേത്രത്തിൽ കൂത്ത് വളരെ പ്രധാനമായ ഒരു കാര്യമായിട്ടാണ് ചേരമാൻ പെരുമാൾ നിശ്ചയിച്ചിരുന്നത്. അദ്ദേഹം കേരളരാജ്യം വിട്ടുപോയതിനോടുകൂടിത്തന്നെ അക്കാര്യം വളരെ മോശമായി. പ്രതിദിനം കൂത്തുവേണമെന്നുള്ള ഏർപ്പാട് അദ്ദേഹം പോയതിനോടുകൂടിത്തന്നെ അസ്തമിച്ചു. പിന്നെ ആണ്ടിലൊരിക്കൾ ഒരംഗലീയാങ്കം കൂത്തും ഉത്സവത്തിൽ ഇരുപത്തെട്ടു ദിവസത്തെ കൂത്തുംമാത്രം നടത്തിയിരുന്നു. അതും ചിലപ്പോൾ ചില കാരണങ്ങളാൽ മുടങ്ങുകയും അതിനു പ്രായശ്ചിത്തമായി ഓരോ കൂടിയാട്ടം നടത്തുകയും ചെയ്തിരുന്നു. അങ്ങനെ പത്തു പതിനഞ്ചു കൂടിയാട്ടംവരെ നടത്തിയിരുന്നത് ഇതെഴുതുന്ന എനിക്കുതന്നെ ഓർമ്മയുണ്ടെന്നല്ല, പലതും ഞാൻ കണ്ടിട്ടുമുണ്ട്. കൂടിയാട്ടം എന്നാൽ സാധാരണ കൂടിയാട്ടങ്ങൾക്കുള്ളതുപോലെ പുരുഷാർത്ഥങ്ങൾ പറയുകയും നിർവ്വഹണമാടുകയും മറ്റും അവിടെപ്പതിവില്ല. ഒരു ദിവസം കൊണ്ടു കഴിയത്തക്കവണ്ണം ഏതെങ്കിലും ഒരു നാടകത്തിലെ ഒരങ്കത്തിന്റെ ഒരംശം അഭിനയിക്കമാത്രമേ അവിടെ പതിവുള്ളൂ. ആശ്ചര്യചൂഡാമണി, തപതീസംവരണം മുതലാവ ചില നാടകങ്ങളിലെ ദൂതഘടോൽകചാങ്കം, ശൂർപ്പണഖാങ്കം, ബാലിവധം മുതലായ ചില ഭാഗങ്ങളാണ് അവിടെ അഭിനയിച്ചുകണ്ടിട്ടുള്ളത്. ഇതിലൊക്കെ ഒന്നോ രണ്ടോ വേഷത്തിലധികം ഉണ്ടായിരിക്കാറില്ല. അവിടെ അഭിനയിക്കുന്ന ശൂർപ്പണാഖാങ്കത്തിൽ ശൂർപ്പണഖയുടെയും ശ്രീരാമന്റെയും വേഷം മാത്രമേ പതിവുള്ളൂ. ലക്ഷ്മണന്റെ വേഷം പതിവില്ല. അങ്ങയായതിനെക്കുറിച്ചു കേട്ടിട്ടുള്ള ഐതിഹ്യം താഴെ ചേർക്കുന്നു.

പണ്ടൊരിക്കൽ ശൂർപ്പണഖാങ്കം അഭിനയിച്ചപ്പോൾ ശൂർപ്പണഖ സീതയുടെ നേരെ പാഞ്ഞടുക്കുന്നതു കണ്ട് ശ്രീരാമൻ ലക്ഷ്മണനെ വിളിച്ചു. അപ്പോൾ ശ്രീകോവിലിനകത്തുനിന്ന് “ഇതാ ഞാൻ വരുന്നു” എന്നു വിളിച്ചുപറഞ്ഞതായി കേൾക്കപ്പെട്ടു. അപ്പോഴേക്കും ലക്ഷ്മണന്റെ വേഷം ധരിച്ചിരുന്ന ആൾ പെട്ടെന്ന് അരങ്ങത്തു പ്രവേശിക്കുകയും ശൂർപ്പണഖയുടെ കർണ്ണനാസികാച്ഛേദനം ചെയ്യുകയും ചെയ്തു. അതു കൊണ്ട് ശ്രീകോവിലനകത്തുനിന്ന് ആരും പുറത്തേക്കു വന്നില്ല. എങ്കിലും പിന്നെയും ശ്രീകോവിലനകത്തു നിന്ന് “ഇനി മേലാൽ ഇവിടെ എന്റെ വേഷം ആരും ധരിക്കരുത്” എന്നും കൂടി വിളിച്ചു പറഞ്ഞതായി കേൾക്കപ്പെട്ടു. പിറ്റേദിവസം കാലത്ത് ശാന്തിക്കാരൻ കുളിച്ചു വന്നു നട തുറന്ന് അകത്തു ചെന്നപ്പോൾ ബിംബത്തിന്റെ ഒരു കാൽ മുമ്പോട്ടുവെച്ചിരിക്കുന്നതായിക്കണ്ടു. അത് ഇപ്പോഴും അങ്ങനെതന്നെയാണിരിക്കുന്നത്. ഇപ്രകാരമെല്ലാമുണ്ടായ കാലം മുതൽക്കാണ് അവിടെ ലക്ഷ്മണന്റെ വേഷം വേണ്ടെന്നു വെച്ചത്. അവിടെ പ്രതിഷ്ഠിച്ചിരിക്കുന്നത് സാക്ഷാൽ ലക്ഷ്മണസ്വാമിയെയാണല്ലോ.

മേൽപറഞ്ഞ അത്ഭുതസംഭവങ്ങൾക്കു ശേഷം അവിടെ ശൂർപ്പണഖാങ്കം അഭിനയിച്ചപ്പോൾ ശൂർപ്പണഖയുടെ കർണ്ണനാസികാച്ഛേദത്തിനു ലക്ഷ്മണൻ പ്രവേശിക്കേണ്ടുന്ന ഘട്ടമായപ്പോൾ ശൂർപ്പണഖാവേഷധാരിയായ ചാക്യാർ നടയിൽ ചെന്നുനിന്നു സ്വയമേവ മൂക്കും മുലയുമൊക്കെ ച്ഛേദിച്ചു നിണവുമണിഞ്ഞ് അവിടെ നിന്നു തല്ലിയലച്ചു നിലവിളിച്ചുകൊണ്ട് അരങ്ങത്തേക്കു വരികയായിരുന്നു പതിവ്. സ്വാമിതന്നെ കർണ്ണനാസികാച്ഛേദനം ചെയ്തുവിട്ടു എന്നാണ് സങ്കല്പം.

ഇപ്രകാരമെല്ലാം മാഹത്മ്യമേറിയതായ ആ സ്ഥലത്തിന്റെ ഇപ്പോഴത്തേ സ്ഥിതി വിചാരിച്ചാൽ മഹാകഷ്ടമെന്നല്ലാതെ മറ്റൊന്നും പറയാൻ കാണുന്നില്ല. ദേവസ്വാധികാരികളുടെ അജ്ഞതയും അനൈകമത്യവും തന്തോന്നിത്തവും കൊണ്ട് ആ ദേവസ്വമിപ്പോൾ ഏകദേശം ശൂന്യപ്രായമായിരിക്കുന്നു എന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ദേവന്റെ സങ്കേതസ്ഥലവും ഋഷ്യാ ശ്രമതുല്യവുമായിരുന്ന കോട്ട ആരും വെട്ടിയഴിക്കരുതെന്നായിരുന്നുവല്ലോ പൂർവ്വനിശ്ചയം. ആ സ്ഥലം മിക്കവാറും ദേവസ്വക്കാർ അന്യന്മാർക്കു കാണപ്പാട്ടമായി എഴുതിക്കൊടുക്കയാൽ ആ സ്ഥലത്തു കുടിയാന്മാർ തെങ്ങ്, പിലാവു മുതലായ വൃക്ഷങ്ങൾ വെച്ചുപിടിപ്പിച്ച് ആദായമെടുത്തു തുടങ്ങിയിരിക്കുന്നു. വേറെയും അനേകം വസ്തുക്കൾ അന്യാധീനപ്പെടുത്തിക്കളഞ്ഞു. ആകപ്പാടെ ദേവസ്വത്തിലേക്കുള്ള ആദായമിപ്പോൾ മുമ്പുണ്ടായിരുന്നതിൽ വളരെക്കുറഞ്ഞു പോയിട്ടുണ്ട്. എങ്കിലുമിവിടെ പൂജയും മറ്റും മുട്ടിയതായി ഇതുവരെ കേട്ടുതുടങ്ങീട്ടില്ല. നാമമാത്രമായിട്ടെങ്കിലും ആണ്ടു തോറും ഉത്സവവും കഴിഞ്ഞുകൂടുന്നുണ്ട്. ഉത്സവകാലത്തു പതിവുള്ളവയിൽ തീയാട്ടു മാത്രമേ ഇപ്പോളവിടെ ശരിയായി നടക്കുന്നുള്ളു. കൂത്ത് അവിടെയിപ്പോൾ ആകപ്പാടെയുള്ള കൂത്തുതന്നെ. ചാക്യാരുടെ ഒരു കൂത്തും അവിടെ ഒരു ദിവസം പോലുമില്ലാതായിട്ട് ഇപ്പോൾ ഏകദേശം പന്തീരാണ്ടു കഴിഞ്ഞിരിക്കുന്നു.

തെക്കുംകൂർ രാജാവ് ഗോഹത്യ ചെയ്തതിൽപ്പിന്നെ പള്ളിവേട്ടയ്ക്കു ദൂരസ്ഥലത്തേക്കു എഴുന്നള്ളിച്ചുപോകാറില്ല. അക്കാലം മുതൽ ക്ഷേത്രത്തിൽനിന്ന് എഴുന്നള്ളിച്ചു സ്വല്പം പടിഞ്ഞാട്ടുപോയിട്ട് അവിടെ പള്ളിവേട്ട ബലിതൂവുകയും അമ്പിടുകയും ചെയ്താൽ മതിയെന്നു തീർച്ചപ്പെടുത്തി അതിനൊരു സ്ഥലവും നിശ്ചയിച്ചു. ഇപ്പോഴും ആ സ്ഥലം വരെ എഴുന്നള്ളിച്ചുപോയി അവിടെ ബലി തൂവുകയാണ് പതിവ്. ഇവിടെ പള്ളിവേട്ടബലി തന്ത്രി തൂവിക്കഴിഞ്ഞാൽ മഴവഞ്ചേരി മൂത്തപണിക്കരും തറ്റുടുത്ത് ഉത്തരീയവുമിട്ടുവന്ന് കൈവട്ടകയും പൂപ്പാലികയുമെടുത്തു തൂവണം എന്നൊരു ചട്ടം ചേരമാൻ പെരുമാൾ നിശ്ചയിച്ചിട്ടുള്ളതാണ്. അതും ഇപ്പോഴും നടന്നുവരുന്നുണ്ട്. ഈ ബലി തൂവാനുള്ള മന്ത്രം പണിക്കർക്കു തന്ത്രിയാണ് ഉപദേശിച്ചു കൊടുക്കേണ്ടത്. അതു മൂത്ത പണിക്കാരെയല്ലാതെ മറ്റാരെയും ഗ്രഹിപ്പിക്കാറില്ല; തന്ത്രിയല്ലാതെ മറ്റാരും ഉപദേശിക്കാറുമില്ല. ഒരു മൂത്ത പണിക്കർ കഴിഞ്ഞാൽ പിന്നത്തെ മൂത്തപണിക്കർക്ക് ഉപദേശിച്ചുകൊടുക്കും. അങ്ങനെയാണ് ഇപ്പോഴും നടന്നുവരുന്നത്.

ഇതു കൂടാതെ ക്ഷേത്രത്തിൽ വിശേഷവിധിയായി ഒരു പതിവു കൂടിയുണ്ട്. ചേരമാൻ പെരുമാൾ വെന്നിമലെത്താമസിച്ചിരുന്ന കാലത്ത് ദേവനെ ശീവേലിക്കും മറ്റും പുറത്തെഴുന്നള്ളിക്കുന്ന സമയങ്ങളിൽ എഴുന്നള്ളത്തിന്റെ പിന്നാലെ അദ്ദേഹവും കൂടി നടക്കാറുണ്ടായിരുന്നു. അപ്പോൾ മഴവഞ്ചേരിപ്പണിക്കർ മുതലായ മൂന്നു വീട്ടിൽ നായന്മാരുടെ കുടുംബങ്ങളിലേ ഓരോ സ്ത്രീകൾ ഓരോ കുത്തുവിളക്കുമെടുത്തുകൊണ്ടു പെരുമാളുടെ മുമ്പിലും നടക്കാറുണ്ടായിരുന്നു. ചേരമാൻ പെരുമാൾ ഇവിടം വിട്ടുപോയിട്ടും ആ സ്ത്രീകൾ ദേവനെ എഴുന്നള്ളിക്കുന്നതിന്റെ പിന്നാലെ കുത്തുവിളക്കെടുത്തുകൊണ്ട് നടക്കുകയെന്നുള്ള പതിവു വേണ്ടെന്നു വെച്ചില്ല. ദേവന്റെ പിന്നിൽ ചേരമാൻപെരുമാളിപ്പോഴുമുണ്ടെന്നാണ് സങ്കൽപം.

ഈ ദേവസ്വം നാമവശേഷമായിപ്പോകാതെ യഥാപൂർവ്വം പുഷ്ടിപ്പെടുത്തുന്നതിനു കോയിമ്മയും സമുദായവും സ്ഥാനികളായ നായന്മാരും യോജിച്ച് ഐകമത്യത്തോടും ഈശ്വരവിചാരത്തോടും നല്ല മനസ്സോടും കൂടി മനഃപൂർവം ശ്രമിച്ചാൽ കാലക്രമേണ അതു സാധിക്കാവുന്നതാണ്. വെന്നിമലപ്പെരുമാൾതന്നെ അവർക്കതിനു നല്ല മനസ്സുണ്ടാക്കിക്കൊടുക്കട്ടെ.

# 95

## നടുവിലേപ്പാട്ട് ഭട്ടതിരി

വികടത്വം കൊണ്ടു വിശ്വവിശ്രുതനും അപകടത്വം കൊണ്ട് അദ്വിതീയനുമായിരുന്ന നടുവിലേപ്പാട്ടു ഭട്ടതിരിയുടെ ഇല്ലം ബ്രിട്ടീഷുമലബാറിലുൾപ്പെട്ട പൊന്നാനിത്താലൂക്കിൽ വന്നേരി എന്ന ദേശത്താണെന്നാണ് കേട്ടിട്ടുള്ളത്. ഇദ്ദേഹം ചെറുപ്പത്തിൽ വേദാധ്യായനം ചെയ്തു താമസിച്ചിരുന്നത് തൃശ്ശിവപേരൂർ ബ്രഹ്മസ്വം മഠത്തിലായിരുന്നു. അതിനുശേഷവും പല കാരണവശാൽ ഇദ്ദേഹം ബ്രഹ്മസ്വം മഠത്തിൽ വന്നു പലപ്പോഴും താമസിക്കാറുണ്ടായിരുന്നു. അതുകൂടാതെ കൊച്ചി രാജ്യത്തുതന്നെ തലപ്പിള്ളിത്താലൂക്കിൽ വടക്കാഞ്ചേരിക്കു സ്വല്പം പടിഞ്ഞാറുള്ള ചിറ്റണ്ട ദേവസ്വത്തിലെ ഊരാളൻമാരിലൊരാളെന്ന നിലയിൽ പലതവണയായി അവിടെയും വളരെക്കാലം താമസിച്ചിരുന്നുവത്രേ. ഇദ്ദേഹത്തിന്റെ വികടത്വങ്ങൾ വിവരിക്കുകയാണെങ്കിൽ വളരെയുണ്ട്. പക്ഷെ അവയിൽ അധികവും അസഭ്യങ്ങളാകയാൽ അവയെ ഉപേക്ഷിച്ച് ഒരുവിധം സഭ്യങ്ങളായിട്ടുള്ളവ മാത്രം താഴെപ്പറഞ്ഞു കൊള്ളുന്നു.

നമ്മുടെ കഥാനായകന്റെ അച്ഛനും നല്ല വികടൻ തന്നെയായിരുന്നു. ആ പാരമ്പര്യപ്രകാരമാണ് ഇദ്ദേഹം ഇങ്ങനെയായിത്തീർന്നത്. ഇദ്ദേഹത്തിനു ചെറുപ്പത്തിൽതന്നെ അച്ഛന്റെ അനുഗ്രഹവും കിട്ടീട്ടുണ്ടായിരുന്നു. പ്രസ്തുത ഭട്ടതിരി ഉപനയനം കഴിഞ്ഞു ബ്രഹ്മചാരിയായിരുന്ന കാലത്തു ചാർച്ചയുള്ള ഒരില്ലത്ത് എന്തോ കേമമായിട്ട് ഒരടിയന്തിരമുണ്ടായി. അങ്ങോട്ടു പോകാനായി ഇവർ അച്ഛനും മകനും കൂടി യാത്രയായപ്പോൾ അങ്ങോട്ടു പോകാനായിട്ടു തന്നെ വേറെയും ചില നമ്പൂരിമാർ അവിടെ ചെന്ന് നുകൂടി. പിന്നെ എലാവരും കൂടിപ്പോയി. ഒന്നു രണ്ടു നാഴിക ദൂരം ചെന്നപ്പോൾ വഴിക്ക് ഒരു പുഴയുണ്ടായിരുന്നു. വേനൽക്കാലമായിരുന്നതിനാൽ പുഴയിൽ വെള്ളമധികമുണ്ടായിരുന്നില്ല. ഇറങ്ങിക്കടക്കാമായിരുന്നു. എങ്കിലും നടുക്കു ചെല്ലുമ്പോൾ നനച്ചേയ്ക്കുമോ എന്നു ചിലർക്കു സംശയം. അതുകൊണ്ട് ആരും വെള്ളത്തിലിറങ്ങാതെ എല്ലാവരും സംശയിച്ചു കരയ്ക്കു നിന്നു. അപ്പോൾ നമ്മുടെ കഥാനായകൻ "നിങ്ങൾക്കെല്ലാവർക്കും സംശയമാണെങ്കിൽ ആദ്യം ഞാനിറങ്ങി നോക്കാം. അപ്പോൾ സംശയം തീരുമല്ലോ?" എന്നു പറഞ്ഞു അദ്ദേഹം വെള്ളത്തിലിറങ്ങി നടന്നു തുടങ്ങി. കുറച്ചു നടന്നതിന്റെ ശേഷം ക്രമേണ താണു നടുക്കു ചെന്നപ്പോൾ അവിടെ ഇരുന്നു. അപ്പോൾ വെള്ളം അദ്ദേഹത്തിന്റെ കഴുത്തോളമായി. പിന്നെ കുറച്ചിട നിരങ്ങി നിരങ്ങിപ്പോയി. അപ്പോളൊക്കെ കരയ്ക്കു നിന്നിരുന്നവർക്ക് അദ്ദേഹം നടന്നു പോകുന്നു എന്നു തന്നെയാണു തോന്നിയത്. അങ്ങനെ തോന്നത്തക്കവിധത്തിലായിരുന്നു അദ്ദേഹത്തിന്റെ പോക്ക്. പിന്നെ ക്രമേണ പൊങ്ങിപ്പൊങ്ങിയെണീറ്റു നടന്ന് അക്കരെച്ചെന്നു കയറി. അപ്പോൾ "ഈ ഉണ്ണിക്കു കഴുത്തോളം വെള്ളമുള്ള സ്ഥിതിക്കു നമുക്കു നനയ്ക്കുമെന്നുള്ള കാര്യം തീർച്ചതന്നെ" എന്നു പറഞ്ഞു നമ്പൂരിമാരെല്ലാവരും ഉടുത്തിരുന്ന മുണ്ടഴിച്ചു തലയിൽ കെട്ടിക്കൊണ്ടു പുഴയിലിറങ്ങി നടന്നു തുടങ്ങി. അക്കരെച്ചെന്നു കയറുന്നതുവരെ അവർക്കാർക്കും ഒരിടത്തും മുട്ടോളം തന്നെ വെള്ളമുണ്ടായിരുന്നില്ല. അപ്പോളാണ് ഈ ബ്രഹ്മചാരി സൂത്രം കാണിച്ചു തങ്ങളെ വിഡ്ഢികളാക്കുകയാണു ചെയ്തതെന്നു നമ്പൂരി മാർക്ക് മനസ്സിലായത്. മുട്ടോളം തന്നെ വെള്ളമില്ലാതിരുന്ന പുഴയിൽ പകൽസമയത്ത് ഒട്ടു വളരെപ്പേർ ഉടുത്തതും പറിച്ചു തലയിൽക്കെട്ടിക്കൊണ്ടു നടക്കുന്നതു കണ്ടിട്ടു രണ്ടു കരയിലും നിന്നിരുന്ന ആളുകൾ കൈകൊട്ടിച്ചിരിച്ചു. നമ്പൂരിമാർ സാമാന്യത്തിലധികം മധ്യമമായിയെന്നുള്ളതു പറയേണ്ടതില്ലല്ലോ. അക്കരെച്ചെന്നു കയറിയപ്പോൾ നമ്പൂരിമാർ "ഉണ്ണി ഞങ്ങളെയെല്ലാവരെയും മധ്യമമാക്കിയല്ലോ. ചെറുപ്പത്തിലേതന്നെ അപകടമാണല്ലേ പഠിക്കുന്നത്? തരക്കേടില്ല" എന്നു പറഞ്ഞു. അപ്പോൾ അച്ഛൻ ഭട്ടതിരി "ആവൂ! മനസ്സിനു സമാധാനവും സന്തോഷവുമായി. എന്റെ കാലം കഴിഞ്ഞാൽ പിന്നെ ഈ പാരമ്പര്യം പുലർത്തിക്കൊണ്ടു പോകുന്നതിന് ആരുമില്ലാതെ വന്നേക്കുമോ എന്നുള്ള വിചാരം എനിക്കു വളരെയുണ്ടായിരുന്നു. ഇപ്പോൾ അതു തീർന്നു. എന്റെ ഉണ്ണി നന്നായ് വരട്ടെ!" എന്നും "അവനിങ്ങനെതന്നെ ഓരോന്നു തോന്നട്ടെ!" എന്നും പറഞ്ഞു. അക്കാലം മുതൽക്കാണു നമ്മുടെ കഥാനായകൻ പ്രസിദ്ധനായിത്തീർന്നത്. പിന്നെ അധികം താമസിയാതെ അച്ഛൻ ഭട്ടതിരി മരിച്ചു. അച്ഛന്റെ ദീക്ഷയും സമാവർത്തനവും കഴിഞ്ഞയുടനെ കഥാനായകൻ വേദാധ്യയനത്തിനായി തൃശ്ശിവപേരൂർ ബ്രഹ്മസ്വം മഠത്തിൽ ചെന്നുചേർന്നു. പിന്നെ അദ്ദേഹം അവിടെവച്ചു കാണിച്ചിട്ടുള്ള കുണ്ടാമണ്ടികൾക്കും കസൃതികൾക്കും അവസാനമില്ല.




ഭട്ടതിരി ചെന്നുചേർന്ന കൊല്ലം അക്ഷയതൃതീയ ദിവസം ബ്രഹ്മസ്വം മഠത്തിൽ കേമമായിട്ട് ഒരു സദ്യയുണ്ടായിരുന്നു. മേടമാസം കാലമായിരുന്നതിനാൽ സദ്യയ്ക്ക് മാമ്പഴപ്പുളിശ്ശേരിയും മാമ്പഴവും ധാരാളമുണ്ടായിട്ടുണ്ടായിരുന്നു. മാമ്പഴമുള്ള കാലത്ത് മോരു കൂട്ടിയാൽ മാമ്പഴംകൂടെ പിഴിഞ്ഞു കൂട്ടുക എല്ലാവർക്കും തന്നെ പ്രായേണ രസമായിട്ടുള്ളതാണല്ലോ. വിശേഷിച്ചും നമ്പൂരിമാർക്ക് അതു ബഹുരസമായിട്ടുള്ളതാണ്. മാമ്പഴം ധാരാളമായിട്ടുണ്ടെങ്കിൽ നൂറും നൂറ്റമ്പതും മാമ്പഴം വീതം പിഴിഞ്ഞു കൂട്ടുക നമ്പൂരിമാരുടെയിടയിൽ സാധാരണമാണ്. അന്നു സദ്യയ്ക്ക് മാമ്പഴം ധാരാളമായിട്ടുണ്ടായിരുന്നുവെന്നു മാത്രമല്ല, നമ്പൂരിമാരും പതിവിൽ വളരെയധികം വന്നു കൂടീട്ടുണ്ടായിരുന്നു. എല്ലാവരും മാമ്പഴം ധാരാളമായി പിഴിഞ്ഞുകൂട്ടി. ഊണ് ഏകദേശം കഴിയാറായപ്പോൾ ഭട്ടതിരി ഒരു മാമ്പഴം പിഴിഞ്ഞ് അതിന്റെ അണ്ടി തെറിപ്പിച്ചു (തെറ്റിച്ചു). ആ അണ്ടി ചാടിച്ചാടി ആ പന്തിയിലിരുന്ന പത്തുപതിനഞ്ചു നമ്പൂരിമാരുടെ ഇല അശുദ്ധപ്പെടുത്തി. ഉടനെ അവരൊക്കെ കൈ കടഞ്ഞ് എണീറ്റു. ഭട്ടതിരി അവിടെയിരുന്നു കരഞ്ഞുതുടങ്ങി. അപ്പോൾ ചില നമ്പൂരിമാർ "നടുവിലേപ്പാട്ട് ഒട്ടും വിഷാദിക്കേണ്ട. ഞങ്ങൾക്കാർക്കും ഇതുകൊണ്ട് ഒരു പരിഭവവുമില്ല. ഇങ്ങനെയൊക്കെ അബദ്ധം എല്ലാവർക്കും വരുന്നതാണ്. നടുവിലേപ്പാടിനു ചെറുപ്പമല്ലേ? മേലാൽ ഇങ്ങനെ വരാതെയിരിക്കാൻ സൂക്ഷിക്കണം" എന്നു പറഞ്ഞു. അതുകേട്ടിട്ടു ഭട്ടതിരി "ഇനി ഇങ്ങനെ വരാതിരിക്കാൻ ഞാൻ കഴിയുന്നതും കരുതിക്കൊള്ളാം. പക്ഷെ ഞാൻ വിഷാദിക്കുന്നതിന്റെ കാരണം നിങ്ങൾ വിചാരിക്കുന്നതല്ല. എന്റെ അച്ഛൻ ഇങ്ങനെ അണ്ടി തെറിപ്പിച്ചാൽ ആ അണ്ടി ആ പന്തിയിലുള്ള ഇലകളിലൊക്കെച്ചാടീട്ടു മറുപന്തിയിലും ചെന്ന് ഏതാനമിലകൾ ശുദ്ധം മാറ്റുമായിരുന്നു എന്നാണ് കേട്ടിട്ടുള്ളത്. ഞാൻ അണ്ടി തെറിപ്പിച്ചിട്ട് ഈ പന്തിയിൽത്തന്നെ മുഴുവനമെത്തിക്കാൻ കഴിഞ്ഞില്ലല്ലോ. അതു വിചാരിച്ചാണു ഞാൻ വിഷാദിക്കുന്നത്. എങ്കിലും നിങ്ങൾ പറഞ്ഞതുപോലെ മേലാൽ ഇങ്ങനെയായിപ്പോകാതിരിക്കാൻ ഞാൻ നല്ലപോലെ സൂക്ഷിച്ചു കൊള്ളാം" എന്നാണ് പറഞ്ഞത്. ഇതു കേട്ടപ്പോൾ നമ്പൂരിമാരിൽ ചിലർക്കു ദ്വേഷ്യവും ചിലർക്കു ചിരിയും വന്നു. എല്ലാവരും "അമ്പടാ! വീരാ!" എന്നു മാത്രം പറഞ്ഞിട്ടു കൈ കഴുകാൻ പോയി.

ഒരിക്കൽ ഭട്ടതിരി തൃശ്ശിവപേരൂർ പടിഞ്ഞാറേ പ്രദക്ഷിണവഴിയിൽ നിന്നിരുന്നപ്പോൾ ഒരു പട്ടരുടെ ശവം ചിലർകൂടി കെട്ടിയെടുത്തു ശ്മശാനസ്ഥലത്തേയ്ക്കു കൊണ്ടുപോകുന്നതു കണ്ടിട്ടു ഭട്ടതിരി "ഈ പട്ടർക്കു ദീനമെന്തായിരുന്നു?" എന്നു ചോദിച്ചു. അപ്പോൾ കൂട്ടത്തിലുണ്ടായിരുന്നതിലൊരാൾ "ദീനം വിശേഷിച്ചൊന്നുമുണ്ടായിരുന്നില്ല. വിഷം തീണ്ടി മരിച്ചതാണ്" എന്നു പറഞ്ഞു. ഉടനെ ഭട്ടതിരി "എന്നാൽ എനിക്കുകൂടി ഒന്നു നോക്കണം. മരിച്ചുപോയിയെന്നുള്ള കാര്യം തന്നെ എനിക്കത്ര വിശ്വാസമായിട്ടില്ല. ശവം അവിടെ താഴെ വെയ്ക്കാൻ പറയുക" എന്നു പറഞ്ഞു. അപ്പോൾ ഒരാൾ "വാസുനമ്പ്യാർ, മാളിയേക്കൽക്കർത്താവ്, കാക്കരനമ്പൂരി മുതലായ യോഗ്യൻമാരൊക്കെ പഠിച്ച വിദ്യകളെല്ലാം പരീക്ഷിച്ചു നോക്കീട്ടും ഫലമുണ്ടായില്ല. മരിച്ചുപോയി എന്ന് അവരെല്ലാവരും തീർച്ചപ്പെടുത്തുകയും ചെയ്തു. ഇനി ഇദ്ദേഹമെന്തിനാണ് നോക്കുന്നത്? ഒന്നും വേണ്ട. നടക്കുവിൻ" എന്നു പറഞ്ഞു. ഉടനെ മറ്റൊരാൾ "അങ്ങനെ തീർച്ചപ്പെടുത്തേണ്ട. അവരൊക്കെ നോക്കീട്ടു ഫലമുണ്ടായില്ലെന്നുവെച്ച് ഇദ്ദേഹം നോക്കീട്ട് ഫലമുണ്ടാകരുതെന്നില്ലല്ലോ. ഉണ്ടായില്ലെങ്കിൽ വേണ്ട. അതുകൊണ്ടു നമുക്കു നഷ്ടമൊന്നും വരാനില്ലല്ലോ. ഒരു സമയം ഇദ്ദേഹത്തിന്റെ പ്രയോഗം ഫലിച്ചുവെങ്കിൽ വലിയ കാര്യമായല്ലോ. ഇല്ലെങ്കിൽപ്പിന്നെ നമുക്കു കൊണ്ടുപോയി ദഹിപ്പിക്കാം" എന്നു പറഞ്ഞു. ഏതെങ്കിലും ശവം താഴെയിറക്കിവെച്ചു. ഉടനെ ഭട്ടതിരി അടുത്തുചെന്നു കുനിഞ്ഞു ചെവിയിൽ "പെരുമനത്തമ്പലത്തിൽ തിരുവിതാംകൂർ മഹാരാജാവിന്റെ തിരുനാൾസംബന്ധിച്ചുള്ള അമ്പലം കലുക്കി വാരം നാളെയാണ്. ഇക്കൊല്ലം വിശേഷാൽ ഓരോ ഉറുപ്പിക പ്രതിഗ്രഹവുമുണ്ട്" എന്നു മൂന്നു പ്രാവശ്യം പറഞ്ഞു. ശവത്തിനു ഒരിളക്കവുമുണ്ടായില്ല. ഉടനെ ഭട്ടതിരി "ഇനി കൊണ്ടു പോയി ദഹിപ്പിക്കാം. മരിച്ചുപോയതുതന്നെ. തീർച്ചയായി. പട്ടരുടെ ഒരു തലയ്ക്കെങ്കിലും സ്വല്പം ജീവനുണ്ടെങ്കിൽ സദ്യയും പ്രതിഗ്രഹവുമുണ്ടെന്നു കേട്ടാൽ തല പൊക്കാതിരിക്കയില്ല. നിങ്ങൾ ഇനി ഒരു കാര്യം കൂടി ചെയ്യണം. വിഷമിറക്കാൻ ശ്രമിച്ചവരുടെ പേരു പറയുന്ന കൂട്ടത്തിൽ നടുവിലേപ്പാട്ട് ഭട്ടതിരിയും നോക്കി എന്നുകൂടി പറഞ്ഞേയ്ക്കണം. അത്രതന്നെ" എന്നു പറഞ്ഞു. ശവം കൊണ്ടുവന്നവർ അതു ദഹിപ്പിക്കാൻ കൊണ്ടുപോവുകയും ചെയ്തു.

വാധ്യാൻനമ്പൂരിക്കു തൃശ്ശിവപേരൂർ ഒരിടത്ത് ഉപായത്തിൽ ഒരു കിടപ്പിന്റെ വട്ടമുണ്ടായിരുന്നു. അദ്ദേഹം വേളികഴിച്ചിരുന്ന ആളായിരുന്നതിനാൽ ഇത് ഏറ്റവും ഗോപ്യമായിട്ടായിരുന്നു. വേളി കഴിച്ചിട്ടുള്ളവർ വേറെ ഒരു കിടപ്പിന്റെ വട്ടം കൂടിയുണ്ടാക്കുന്നത് ഏറ്റവും നിഷിദ്ധമായിട്ടാണ് അക്കാലത്ത് എല്ലാവരും വിചാരിച്ചിരുന്നത്. അതിനാൽ ഇത് ആരും അറിയരുതെന്നും അറിഞ്ഞിട്ടില്ലെന്നുമായിരുന്നു വാധ്യാൻനമ്പൂരിയുടെ വിചാരം. എങ്കിലും ഇത് എല്ലാവരും അറിഞ്ഞിട്ടുമുണ്ടായിരുന്നു. ഇത് ഇല്ലത്തറിഞ്ഞാൽ അന്തർജ്ജനം മനസ്താപപ്പെടുകയും ശണ്ഠകൂടുകയും ചെയ്യുന്നെങ്കിലോ എന്നുള്ള വിചാരം അദ്ദേഹത്തിനുണ്ടായിരുന്നു. അതിനാൽ പതിവായി കിടപ്പു ബ്രഹ്മസ്വം മഠത്തിൽത്തന്നെയാണെന്നാണ് അദ്ദേഹം എല്ലാവരോടും പറഞ്ഞിരുന്നത്. അത്താഴം കഴിഞ്ഞാൽ അദ്ദേഹം ബ്രഹ്മസ്വം മഠത്തിൽ കിടക്കാറുമുണ്ടായിരുന്നു. പക്ഷേ അവിടെ എല്ലാവരും ഉറക്കമാകുമ്പോൾ അദ്ദേഹം പതുക്കെയെണീറ്റു പുറത്തിറങ്ങിപ്പോകുമെന്നേ ഉള്ളൂ. ആരും കാണാതെയിരിക്കാനായി ഇരുട്ടത്താണ് വാധ്യാൻ നമ്പൂരിയുടെ എഴുന്നള്ളത്ത് പതിവ്.

വാധ്യാൻനമ്പൂരി പുറത്തിറങ്ങിപ്പോയാലുടനെ ഭട്ടതിരിയും പോകും. ഭട്ടതിരിയുടെ കിടപ്പ് ഇന്ന സ്ഥലത്തെന്നു നിശ്ചയമില്ല. തരമുള്ളിടത്തെന്നേ അദ്ദേഹം നിശ്ചയിച്ചിരുന്നുള്ളൂ. അതിനാൽ ഓരോ ദിവസം ഓരോ സ്ഥലത്തു മാറിമാറിയതായിരിക്കും അദ്ദേഹത്തിന്റെ കിടപ്പ്. എവിടെയായിരുന്നാലും വാധ്യാൻനമ്പൂരി തിരിച്ചുവരുന്നതിനു മുമ്പു ഭട്ടതിരി ബ്രഹ്മസ്വം മഠത്തിലെത്തും. അങ്ങനെയാണു പതിവ്. എന്നാൽ ചില ദിവസങ്ങളിൽ മുൻപേ മഠത്തിലെത്തുന്നതു വാധ്യാൻനമ്പൂരിയായിരിക്കും. അങ്ങനെയുള്ള ദിവസങ്ങളിൽ വാധ്യാൻനമ്പൂരി ഭട്ടതിരിയെ ദ്വേഷ്യപ്പെടുകയും ശകാരിക്കുകയും മറ്റും ചെയ്യുകയും പതിവായിരുന്നു. അതുകൂടാതെയിരിക്കുന്നതിനു ഭട്ടതിരി ഒരു കൗശലം കണ്ടുപിടിച്ചു. കിടപ്പെവിടെയായിരുന്നാലും വെളുപ്പാൻകാലത്തേ പോയി കളിച്ചു വടക്കുന്നാഥനെ ദർശനം കഴിക്കുക എന്നൊരു പതിവുവെച്ചു. മഠത്തിൽ ചെല്ലാൻ സ്വല്പം താമസിച്ചു പോയാലും "എവിടെപ്പോയിരുന്നു?" എന്നു വാധ്യാൻനമ്പൂരി ചോദിച്ചാൽ 'കളിച്ചുതൊഴാൻ പോയിരുന്നു' എന്നു പറയാമല്ലോ. ഇതായിരുന്നു ഭട്ടതിരി കണ്ടുപിടിച്ച കൗശലം!

അക്കാലത്തു ജനങ്ങൾക്കു ഈശ്വരഭക്തി ഇക്കാലത്തുള്ളതിൽ വളരെയധികമുണ്ടായിരുന്നു. അക്കാലത്തു തൃശ്ശിവപേരൂരുണ്ടായിരുന്ന സ്ത്രീകളിലും വെളുപ്പാൻകാലത്തേ പോയി ചിറയിൽച്ചെന്നു കളിച്ചു വടക്കുന്നാഥദർശനം കഴിക്കാത്തവർ അധികമുണ്ടായിരുന്നില്ല. ഭട്ടതിരിക്കും ഇതൊരു വലിയ ഭാഗ്യമായിട്ടാണ് തോന്നിയിരുന്നത്. കാലത്തേ കളിച്ച് അമ്പലത്തിലെത്തി, മണ്ഡപത്തിൽ കയറി ജപിച്ചുകൊണ്ടിരുന്നതിനാൽ തൊഴാനായി നടയിൽ ഇരിപ്പും ജപവുമൊക്കെ കണ്ടാൽ അദ്ദേഹം ഇഹലോകത്തിൽ നടക്കുന്ന കാര്യങ്ങളൊന്നും കാണുകയും കേൾക്കുകയും അറിയുകയും ചെയ്യുന്നില്ലെന്നും അദ്ദേഹത്തിന്റെ മനസ്സു സാക്ഷാൽ പരമാത്മാവിങ്കൽ ലയിച്ചിരിക്കുകയാണെന്നും തോന്നുമായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ കണ്ണും ചെവിയും മനസ്സുമെല്ലാം നടയിൽ തൊഴാൻ ചെല്ലുന്നവരിൽത്തന്നെയായിരുന്നു. അതിനാൽ ഒരു സ്ത്രീ തനിച്ചു പതിവായി വടക്കുന്നാഥന്റെ നടയിൽ ചെന്നു തൊഴുതു വളരെ പതുക്കെ പ്രാർത്ഥിച്ചിരുന്നതു കൂടി എന്താണെന്നു അദ്ദേഹം മനസ്സിലാക്കി. ആ സ്ത്രീ പതിവായി പ്രാർത്ഥിച്ചിരുന്നത് "എന്റെ വടക്കുന്നാഥാ! എനിക്ക് ഉടലോടുകൂടി സ്വർഗ്ഗത്തിൽ പോകാൻ സംഗതിയാക്കിത്തരണേ" എന്നായിരുന്നു. ഒരു ദിവസം ആ സ്ത്രീ തൊഴാൻ വരുന്ന സമയത്ത് ആരും കാണാതെ ശ്രീകോവിലിനകത്തു കടന്നു ബിംബത്തിന്റെ പുറകിൽചെന്ന് ഒളിച്ചിരുന്നു. സ്ത്രീ വന്നു പതിവുപോലെ തൊഴുതു പ്രാർത്ഥിച്ചപ്പോൾ ഭട്ടതിരി ശബ്ദം മാറ്റി "അങ്ങനെതന്നെ. അടുത്ത കറുത്തവാവുന്നാൾ അർദ്ധരാത്രി സമയത്തു ശ്രീമൂലസ്ഥാനത്തുള്ള ആൽത്തറയിൽ വന്നാൽ മതി. അവിടെ വിമാനം വരും" എന്നു പറഞ്ഞു. സ്ത്രീ അതുകേട്ടു "ഇതു വടക്കുന്നാഥൻ തന്നെക്കുറിച്ചു പ്രസാദിച്ച് അരുളിച്ചെയ്തതാണ്" എന്നു വിശ്വസിച്ചു സന്തോഷസമേതം വീണ്ടും വന്ദിച്ചുകൊണ്ട് വീട്ടിലേയ്ക്കു മടങ്ങിപ്പോയി. സ്ത്രീ പോയയുടനെ ഭട്ടതിരി പുറത്തിറങ്ങി ബ്രഹ്മസ്വം മഠത്തിലേക്കും പോയി.



തനിക്കുണ്ടാകാൻ പോകുന്ന അഭ്യുദയത്തെക്കുറിച്ചു സ്ത്രീയും താൻ നിശ്ചയിച്ചിരിക്കുന്ന വിദ്യയെക്കുറിച്ചു ഭട്ടതിരിയും ആരോടും പറഞ്ഞില്ല. രണ്ടുപേരും കറുത്തവാവു വരാനായി കാത്തിരുന്നു. വാവുന്നാൾ രാത്രിയിൽ ബ്രഹ്മസ്വം മഠത്തിൽ എല്ലാവരും ഏകദേശമുറക്കമായപ്പോൾ ഭട്ടതിരി അവിടെ നിന്നിറങ്ങി, ഒരു സ്ഥലത്തു നിന്ന് ഒരു തൊട്ടിൽ കൈവശപ്പെടുത്തി, ഭംഗിയായി അലങ്കരിച്ച് അതും ഒരു കപ്പിയും കയറുമെടുത്തുകൊണ്ട് ശ്രീമൂലസ്ഥാനത്തു ചെന്ന് ആലിൻമേൽ കയറിയിരുന്നുകൊണ്ട് കപ്പിയും കയറുമിട്ടു തൊട്ടിൽ മേൽപോട്ടു വലിച്ചുകയറ്റാനും കീഴ്പ്പോട്ട് ഇറക്കാനും സൗകര്യപ്പെടുത്തി ആലിന്റെ ഒരു കൊമ്പത്തു കെട്ടിതൂക്കിയുറപ്പിച്ചു. പറഞ്ഞിരുന്ന സമയത്തുതന്നെ സ്ത്രീ അവിടെ ചെന്നുചേർന്നു. ഉടനെ ഭട്ടതിരി കയറയച്ചു തൊട്ടിൽ മന്ദം മന്ദം ഇറക്കിക്കൊടുത്തു. ഇരുട്ടായിരുന്നുവെങ്കിലും നക്ഷത്രപ്രകാശംകൊണ്ടു സ്ത്രീ അതു കണ്ടു വിമാനംതന്നെ എന്നു തീർച്ചപ്പെടുത്തി. അതിൽ കയറാനായി ഭാവിച്ചപ്പോൾ ഭട്ടതിരി വല്ലാത്ത ഒരു ശബ്ദത്തിൽ "വസ്ത്രമെല്ലാം അഴിച്ചു താഴെയിട്ടിട്ടു വേണം കയറാൻ" എന്നു പറഞ്ഞു. സ്ത്രീ അപ്രകാരം ചെയ്തു. സ്ത്രീ തൊട്ടിലിൽ കയറി ഇരുന്നുകഴിഞ്ഞപ്പോൾ ഭട്ടതിരി കയറു പിടിച്ചു സാവധാനത്തിൽ മേൽപോട്ടു വലിച്ചു. സ്ത്രീക്കു കീഴ്പ്പോട്ടു ചാടാനും മേൽപോട്ടു കയറാനും ആലിന്റെ കൊമ്പത്തു പിടിക്കാനും ഒട്ടും വയ്യാത്ത സ്ഥിതിയിലായപ്പോൾ കയറ് ആലിന്റെ കൊമ്പത്തു കെട്ടിയുറപ്പിച്ചു. പിന്നെ ഭട്ടതിരി "ഇനി അവിടെയിരുന്നു സുഖിക്കാം. ഇതുതന്നെ സ്വർഗ്ഗം" എന്നു പറഞ്ഞിട്ട് ഇറങ്ങിപ്പോയി.

നേരം വെളുത്തപ്പോൾ സ്വാമിദർശനത്തിനായിട്ടു വന്നവരും മറ്റുമായി ശ്രീമൂലസ്ഥാനത്തു അസംഖ്യമാളുകൾ കൂടി. എല്ലാവരും മേൽപോട്ടു നോക്കി. "ഇതെന്തൊരത്ഭുതം" എന്നു പറഞ്ഞുകൊണ്ടു കൊട്ടുകയും ചിരിക്കുകയും ആർത്തുവിളിക്കുകയും മറ്റും ചെയ്തു കലശൽകൂട്ടി. അപ്പോൾ ആ സ്ത്രീക്കുണ്ടായ ലജ്ജയും വ്യസനവും എത്ര മാത്രമെന്നു പറയുവാൻ പ്രയാസം. കുറച്ചു കഴിഞ്ഞപ്പോൾ സ്ത്രീയുടെ വീട്ടുകാർ ഇതറിഞ്ഞു ആളുകളെ അയച്ചു സ്ത്രീയെ താഴെയിറക്കി വസ്ത്രം ധരിപ്പിച്ചു കൂട്ടിക്കൊണ്ടുപോയി. അതോടുകൂടി ആ സ്ത്രീ ഉടലോടുകൂടി സ്വർഗ്ഗത്തിൽ പോകണമെന്നുള്ള ആഗ്രഹവും പ്രാർത്ഥനയും വേണ്ടെന്നു വെച്ചു എന്നുമാത്രമല്ല ലജ്ജ കൊണ്ടു അധികം പുറത്തിറങ്ങി സഞ്ചരിക്കാതെയുമായി.

ഭട്ടതിരി ആ സ്ത്രീയെ സ്വർഗ്ഗത്തിലാക്കാൻ പോയ സമയത്തു വാധ്യാൻനമ്പൂരി അദ്ദേഹത്തെ അന്വേഷിക്കുകയും കാണാഞ്ഞിട്ടു വളരെ ദ്വേഷ്യപ്പെടുകയും ചെയ്തു. രാത്രി ഏകദേശം ഒരു മണി കഴിഞ്ഞപ്പോഴേക്കും ഭട്ടതിരി മഠത്തിലെത്തി. അപ്പോഴും വാധ്യാൻ നമ്പൂരി ഉണർന്നു കിടക്കുകയായിരുന്നു. അതിനാൽ ഭട്ടതിരി ചെന്നതറിഞ്ഞു ഉടനെ വിളിച്ചു വീണ്ടും വളരെ ദ്വേഷ്യപ്പെട്ടിട്ട് "നടുവിലേപ്പാട്ട് ഇനി പതിവായി ഞാൻ കിടക്കുന്ന കട്ടിലിന്റെ ചുവട്ടിൽതന്നെ കിടക്കണം മാറിക്കിടന്നിട്ടാണ് ഞാനറിയാതെ ഇറങ്ങിപ്പോകാനിടയാകുന്നത്. കുളിക്കാനും തൊഴാനുമൊന്നും വെളുപ്പാൻകാലത്തു പോകണമെന്നില്ല. അതൊക്കെ നേരം വെളുത്തിട്ടു മതി. വെളുപ്പാൻകാലത്തു കിടക്കുന്ന സ്ഥലത്തുതന്നെ ഇരുന്നു വല്ല സങ്കീർത്തനങ്ങളോ മറ്റോ ചൊല്ലിയാൽ മതി" എന്നു പറഞ്ഞു. ഭട്ടതിരി "ഈ പതിവു വലിയ ഉപദ്രവമാണ്. ഇതൊന്നു ഭേദപ്പെടുത്തണം. ആട്ടെ, തരമുണ്ടാക്കാം" എന്നു മനസ്സുകൊണ്ട് ആലോചിച്ചു തീർച്ചയാക്കി തരംനോക്കിക്കൊണ്ടിരുന്നു. ആയിടയ്ക്ക് വാധ്യാൻ നമ്പൂരിയും അത്താഴം കഴിഞ്ഞാൽ ബ്രഹ്മസ്വംമഠത്തിൽതന്നെ കിടക്കുകയല്ലാതെ പുറത്തേയ്ക്കിറങ്ങാറില്ലായിരുന്നു. അതിനാൽ ഭട്ടതിരിക്കു തരമൊന്നും കിട്ടിയില്ല.

അങ്ങനെ പത്തുപതിനഞ്ചു ദിവസം കഴിഞ്ഞപ്പോൾ ഒരു ദിവസം രാത്രിയിൽ മഠത്തിൽ എല്ലാവരും ഉറക്കമായ സമയം വാധ്യാൻനമ്പൂരി "നടുവിലേപ്പാട്ട് ഉറക്കമായോ?" എന്നു ചോദിച്ചു. ഭട്ടതിരി അപ്പോൾ ഉറക്കമായിട്ടില്ലായിരുന്നു. എങ്കിലും മിണ്ടാതെ ഉറങ്ങിയതുപോലെ കിടന്നു. എല്ലാവരും ഉറക്കമായി എന്നു തീർച്ചപ്പെടുത്തി വാധ്യാൻനമ്പൂരി പതുക്കെയെണീറ്റു വാതിൽ തുറന്നു, പുറത്തിറങ്ങി വാതിൽചാരിക്കൊണ്ട് അവിടെ നിന്നു യാത്രയായി. വാധ്യാൻ നമ്പൂരി പോയി സ്വല്പം കഴിഞ്ഞപ്പോൾ ഭട്ടതിരിയും പിന്നാലെ പോയി. വാധ്യാൻനമ്പൂരി പോകുന്നത് ഇന്ന സ്ഥലത്തേയ്ക്കാണെന്നു നിശ്ചയമുണ്ടായിരുന്നതിനാൽ ഭട്ടതിരി ഒരെളുപ്പവഴിയിൽക്കൂടിപ്പോയി വാധ്യാൻനമ്പൂരിയെത്തുന്നതിനു മുൻപേ അവിടെയെത്തി ഒരു സ്ഥലത്ത് ഒളിച്ചിരുന്നു. അപ്പോൾ കറുത്തപക്ഷമായിരുന്നതിനാൽ ആരും കാണുകയില്ലെന്നുള്ള നിശ്ചയമുണ്ടായിരുന്നു. വാധ്യാൻ നമ്പൂരി അവിടെയെത്തി വാതിലിനു മുട്ടിയപ്പോൾ അദ്ദേഹത്തിന്റെ ഭാര്യ വാതിൽ തുറന്നു. അകത്തു കടന്നയുടനെ കാൽ തേച്ചുകഴുകാനും മറ്റുമായി ഓവറയിലേയ്ക്കു പോയി. വെള്ളം അവിടെ ഉണ്ടായിരുന്നതുകൊണ്ടു തികഞ്ഞില്ലെങ്കിലോ എന്നു വിചാരിച്ചു ഒരു തമല വെള്ളമെടുത്തുകൊണ്ടു പിന്നാലെ ഭാര്യയും പോയി. വാതിൽ അടച്ചില്ല. തുറന്നതന്നെ കിടന്നിരുന്നു. അതിനാൽ ആ തരത്തിനു ഭട്ടതിരി അകത്തു കടന്നു കട്ടിൽച്ചുവട്ടിൽ ചെന്നു കിടന്നു. അവിടെ പിന്നെയും വിളക്കു കൊളുത്തുകയുണ്ടായില്ല. അതിനാൽ അദ്ദേഹത്തെ കാണാനിടയായുമില്ല.

വെളുപ്പാൻകാലമായപ്പോൾ ഭട്ടതിരി എണീറ്റിരുന്നു "തുമ്പിക്കയ്യിലമർന്ന പൊൻകലശവും മറ്റുള്ള കൈപത്തിലും" ഇത്യാദി സങ്കീർത്തനം ചൊല്ലിത്തുടങ്ങി. അന്ന് ഉറങ്ങാൻ താമസിച്ചതുകൊണ്ട് ആ സങ്കീർത്തനം കേട്ടാണ് വാധ്യാൻനമ്പൂരി ഉണർന്നത്. ഉടനെ അദ്ദേഹം ദ്വേഷ്യത്തോടും ലജ്ജയോടും കൂടി "ആരാണത്, കട്ടിൽച്ചുവട്ടിൽ സങ്കീർത്തനം തുടങ്ങിയിരിക്കുന്നത്?" എന്നു ചോദിച്ചു.

ഭട്ടതിരി: ഞാൻ തന്നെ.

വാധ്യാൻ: ആര് നടുവിലേപ്പാടോ?

ഭട്ടതിരി: അതെ.


വാധ്യാൻ: എന്നേ! അപകടം. താനെന്തിനാണ് ഇവിടെ വന്നത്?

ഭട്ടതിരി: ഞാൻ വാധ്യാൻ കിടക്കുന്ന കട്ടിലിന്റെ ചുവട്ടിൽത്തന്നെ കിടക്കണമെന്നും വെളുപ്പാൻ കാലത്തു സങ്കീർത്തനം ചൊല്ലണമെന്നുമല്ലേ പറഞ്ഞിരുന്നത്? ഗുരുനാഥൻ പറയുന്നതുപോലെ ചെയ്യാതിരിക്കുന്നത് ഗുരുത്വത്തിനു പോരായ്കയാണല്ലോ എന്നു വിചാരിച്ചു ഞാനിവിടെ വന്നു കിടന്നു. വെളുപ്പാൻ കാലമായതുകൊണ്ടു സങ്കീർത്തനം ചൊല്ലിത്തുടങ്ങിയതാണ്.

വാധ്യാൻ: വെളുപ്പാൻകാലമായോ?

ഭട്ടതിരി: ഉവ്വ്.

ഇതു കേട്ടപ്പോൾ വാധ്യാൻനമ്പൂരിക്കു പരിഭ്രമമായി. "എന്നാൽ വേഗം പോകാം" എന്നു പറഞ്ഞു രണ്ടുപേരും കൂടി അവിടെ നിന്നുപോയി. വഴിക്കുവെച്ചു വാധ്യാൻനമ്പൂരി ഭട്ടതിരിയോട് "മേലാൽ നടുവിലേപ്പാടിന്റെ ഇഷ്ടംപോലെ എവിടെയെങ്കിലും കിടക്കുകയോ പോവുകയോ ഒക്കെ ചെയ്തോളൂ. എന്നെ ഇങ്ങനെയൊക്കെ ഉപദ്രവിക്കാതിരുന്നാൽ മാത്രം മതി. നടുവിലേപ്പാടിനു ഞാൻ സ്വാതന്ത്ര്യം തന്നിരിക്കുന്നു" എന്നു പറഞ്ഞു. "എനിക്ക് സ്വാതന്ത്ര്യം വേണമെന്നും മറ്റുമില്ല എല്ലാം വാധ്യാന്റെ ഇഷ്ടംപോലെ മതി" എന്നു ഭട്ടതിരിയും പറഞ്ഞു. ഏതെങ്കിലും അന്നു മുതൽ ഭട്ടതിരി സ്വതന്ത്രനായിത്തീർന്നു. എവിടെക്കിടന്നാലും എവിടെപ്പോയാലും എന്തായാലും ഒരു ചോദ്യവുമില്ലാതെയുമായി. അതിനാൽ ഭട്ടതിരി പിന്നെ വേദാധ്യയനം മതിയാക്കി കുറച്ചുകാലം ദേശസഞ്ചാരം ചെയ്തിരുന്നു.



ഒരിക്കൽ ഭട്ടതിരി കോഴിക്കോട്ടെത്തി താമസിച്ചിരുന്ന കാലത്തു "കോപ്പാട്ടാട്ടി" എന്ന പ്രസിദ്ധയായിരുന്ന സ്ത്രീ എങ്ങനെയോ അബദ്ധത്തിൽ കിണറ്റിൽ വീണുപോകുന്നതിനിടയായി. കോപ്പാട്ടാട്ടിക്ക് ഇരുപത്തേഴു ഭർത്താക്കൻമാരും പിന്നെ ഒട്ടുവളരെ ഇഷ്ടൻമാരും അസംഖ്യം സേവൻമാരും അനവധി വേഴ്ചക്കാരുമുണ്ടായിരുന്നു. ആട്ടി കിണറ്റിൽച്ചാടിയെന്നു കേട്ട ക്ഷണത്തിൽ അവരെല്ലാവരും അവിടെ ഓടിയെത്തി. ചെന്നവരെല്ലാം ആട്ടിയെ പിടിച്ചു കയറ്റാനായി കിണറ്റിലേയ്ക്കു ചാടി. അങ്ങനെ ആളുകളെക്കൊണ്ടു കിണറു നിറഞ്ഞു. ആ സമയത്തു നടുവിലേപ്പാട്ടു ഭട്ടതിരിയും അവിടെയെത്തി. അപ്പോൾ ആളുകളെക്കൊണ്ടു കിണറു നിറഞ്ഞിരിക്കുന്നതായി കണ്ട് അദ്ദേഹം അവിടെനിന്നു പോയി അതിനടുത്ത വീട്ടിലെ കിണറ്റിൽച്ചെന്നു ചാടി. കോപ്പാട്ടാട്ടിയെ എല്ലാവരുംകൂടി കരയ്ക്കു കയറ്റിക്കഴിഞ്ഞപ്പോൾ അടുത്ത വീട്ടിൽ ഒരു നിലവിളി കേൾക്കുകയാൽ അതിന്റെ കാരണമറിയുന്നതിനായി എല്ലാവരും അങ്ങോട്ടോടി. അവിടെയും കിണറ്റിൽ തന്നെയായിരുന്നു നിലവിളി. ചെന്നു നോക്കിയപ്പോൾ കിണറ്റിൽ നടുവിലേപ്പാട്ടു ഭട്ടതിരിയായിരുന്നു. എല്ലാവരുംകൂടി അദ്ദേഹത്തെയും കരയ്ക്കു കയറ്റിയിട്ട് "അവിടെയ്ക്കെന്താണിങ്ങനെ അബദ്ധം പറ്റിയത്?" എന്നു ചോദിച്ചപ്പോൾ ഭട്ടതിരി "എനിക്ക് അബദ്ധമൊന്നും പറ്റിയില്ല. ഞാൻ കോപ്പാട്ടെ കിണറ്റിൽച്ചെന്നു നോക്കിയപ്പോൾ അവിടെ സ്ഥലമൊട്ടുമുണ്ടായിരുന്നില്ല. കൊപ്പാട്ടാട്ടിയുടെ സേവ നമുക്കുണ്ടായാൽ കൊള്ളാമല്ലോ എന്നു വിചാരിച്ചു ഞാൻ പിന്നെ ഇവിടെ വന്ന് ഈ കിണറ്റിൽ ചാടി അത്രേയുള്ളൂ" എന്നു പറഞ്ഞു. അപ്പോൾ കാര്യമൊന്നുമില്ലാതെ സേവയ്ക്കുവേണ്ടി മാത്രം കിണറ്റിൽ ചാടിയവരെല്ലാം സാമാന്യത്തിലധികം മധ്യമമായിയെന്നുള്ളതു വിശേഷിച്ചു പറയണമെന്നില്ലല്ലോ.

ഇങ്ങനെ ഓരോ മന്നത്തങ്ങൾ കാണിച്ചുകൊണ്ടു കോഴിക്കോട്ടു കുറച്ചു ദിവസം താമസിച്ചതിനുശേഷം ഭട്ടതിരിയുടെ യാത്ര നേരെ തിരുവനന്തപുരത്തേയ്ക്കായിരുന്നു. തിരുവനന്തപുരത്തു ചെന്നു മഹാരാജാവു തിരുമനസ്സിലെ മുഖം കാണിച്ചതിന്റെ ശേഷം ഏതാനം ദിവസം അവിടെത്താമസിച്ചു. അതിനിടയ്ക്ക് ഭട്ടതിരി അനേകം മന്നത്തങ്ങൾ കാണിക്കുകയും പറയുകയുമുണ്ടായി. അച്ഛൻ അനുഗ്രഹിച്ചിട്ടുള്ളതിന്റെ ഫലമോ എന്തോ ഭട്ടതിരിയുടെ ഫലിതപ്രയോഗങ്ങളും വാക്കുകളുമെല്ലാം തിരുമനസ്സിലേയ്ക്കു വളരെ രസിക്കുകയാണു ചെയ്തത്. കുറച്ചു ദിവസംകൊണ്ടു ഭട്ടതിരി അവിടെ ഒരുവിധം സേവൻമാരുടെ കൂട്ടത്തിലായിത്തീർന്നു. സമയം ചോദിക്കാതെ തിരുമുമ്പിൽ ചെല്ലാം, വെടിപറയാം, ചിരിക്കാം ഇതിനൊന്നും വിരോധമില്ലാതെയായി. അവിടെയുള്ള സേവൻമാരും ഉദ്യോഗസ്ഥൻമാരും മറ്റുമൊക്കെ ഭട്ടതിരിക്കു പരിചിതൻമാരായിത്തീരുകയും ചെയ്തു.

ഇത്രയുമൊക്കെ ആയതിന്റെ ശേഷം ഒരു ദിവസം ഭട്ടതിരി പത്മതീർത്ഥത്തിന്റെ തെക്കേക്കരെ നിന്നിരുന്നപ്പോൾ സർവ്വാധികാര്യക്കാർ അതിലെക്കൂടി കടന്നു വലിയ കൊട്ടാരത്തിലേക്കു പോയി. അദ്ദേഹം പൊന്നാരഞ്ഞാണവും അരനിറച്ചു പൊന്നേലസ്സും ധരിച്ചു നേര്യമുണ്ടു മുട്ടത്ത് മാർത്താണ്ഡവർമ്മയിലെ പപ്പുത്തമ്പിയുടെ വേഷത്തിലായിരുന്നു പോയത്. അതു കണ്ടിട്ടു ഭട്ടതിരി പഞ്ചപുച്ഛമൊതുക്കി വാപൊത്തി ഓച്ഛാനിച്ചുകൊണ്ടു പിന്നാലെ ചെന്നു. അപ്പോൾ സർവ്വാധികാര്യക്കാർ തിരിഞ്ഞുനോക്കീട്ടു ഗൗരവത്തോടുകൂടി "എന്താ?" എന്നു ചോദിച്ചു. അപ്പോൾ ഭട്ടതിരി ആരും കേൾക്കാത്തവിധത്തിൽ പതുക്കെ "ആസനം കടിക്കാമോ?" എന്നു ചോദിച്ചു. അതു കേട്ടു സർവ്വാധികാര്യക്കാർ ദ്വേഷ്യപ്പെട്ടു മുഖം

വീർപ്പിച്ചുകൊണ്ട് ഒന്നും മിണ്ടാതെ ക്ഷണത്തിൽ പോയി. തിരുമുമ്പാകെച്ചെന്നയുടനെ വളരെ സങ്കടത്തോടുകൂടി "ഒരു വടക്കൻപട്ടേരി കുറച്ചു ദിവസമായി ഇവിടെ താമസിക്കുന്നുണ്ടല്ലോ. അദ്ദേഹത്തിന്റെ ശകാരംകൊണ്ട് അടിയന് ഇവിടെ കഴിച്ചുകൂട്ടാൻ നിവൃത്തിയില്ലാതെയായി. അദ്ദേഹത്തിന് ഇന്നതേ പറയാവൂ എന്നില്ല. ശുദ്ധമേ അസഭ്യം തന്നെയാണ് പറയുന്നത്. അടിയൻ ഇപ്പോൾ ഇങ്ങോട്ടു വിടകൊണ്ടപ്പോൾത്തന്നെ അദ്ദേഹം ഒരു ചീത്തവാക്കു പറയുകയുണ്ടായി. ഇതൊക്കെ തിരുമനസ്സറിയിക്കാവുന്നതല്ലാത്തതുകൊണ്ട് അറിയിക്കുന്നില്ല. ഇവിടെ അദ്ദേഹത്തെ വേണ്ടതിലധികം കൽപിച്ചു ബഹുമാനിക്കുന്നുണ്ട്. അതുകൊണ്ടാണ് അദ്ദേഹത്തിന് ആരെയും ഭയവും ബഹുമാനവും ഇല്ലാതെയാവുകയും അധികപ്രസംഗം വർദ്ധിക്കുകയും ചെയ്യുന്നത്" എന്നും മറ്റും തിരുമനസ്സറിയിച്ചു. ഉടനെ കൽപ്പിച്ചു ഒരു ഹരിക്കാരനെ അയച്ചു വിളിപ്പിച്ചു ഭട്ടതിരിയെ തിരുമുമ്പാകെ വരുത്തി. "ഭട്ടതിരി സർവ്വാധികാര്യക്കാരെ ശകാരിച്ചു എന്നും മറ്റും പറയുന്നുവല്ലോ എന്താ അത്?" എന്നു കല്പ്പിച്ചു ചോദിച്ചു. അപ്പോൾ ഭട്ടതിരി "ഞാൻ ശകാരിക്കുകയും മറ്റുമുണ്ടായില്ല. അങ്ങനെ അറിയിച്ചുവെങ്കിൽ അതു ഭോഷ്ക്കാണ്. ഉണ്ടായ സംഗതി ഞാനിവിടെ അറിയിക്കാം. സർവ്വാധികാര്യക്കാർ ഈ നേര്യമുണ്ടുമുടുത്തു ഇങ്ങോട്ടു പോന്നപ്പോൾ ഈ പൊന്നേലസ്സും പൊന്നരഞ്ഞാണവും വെളുത്തു ചുമന്ന് ഉരുണ്ടുതടിച്ച ഈ ആസനവും ഒക്കെപ്പാടെ കണ്ടപ്പോൾ ഈ ആസനമൊന്നു കടിച്ചാൽ കൊള്ളാമെന്ന് എനിക്കൊരു മോഹം തോന്നി. അദ്ദേഹത്തിന്റെ അനുവാദവും സമ്മതവും കൂടാതെ പിടിച്ചു കടിക്കുന്നതു ന്യായമല്ലല്ലോ എന്നു വിചാരിച്ചു ഞാൻ 'ആസനം കടിക്കാമോ' എന്നു ചോദിച്ചു. അതിന് ഇത്രമാത്രം ദേഷ്യപ്പെടാനും സങ്കടപ്പെടാനും തിരുമനസ്സറിയിക്കാനും മറ്റുമുള്ള കാര്യമൊന്നുമില്ല. മനസ്സുണ്ടെങ്കിൽ സമ്മതിക്കണം ഇല്ലെങ്കിൽ മനസ്സില്ലെന്നു പറഞ്ഞേക്കണം. അല്ലാതെ വല്ലതുമുണ്ടോ" എന്നു തിരുമനസ്സറിയിച്ചു. ഉടനെ തിരുമനസ്സുകൊണ്ട് "ഇതിനെക്കുറിച്ചാലോചിച്ചു വേണ്ടതുപോലെ ചെയ്തുകൊള്ളാം. ഇപ്പോൾ നിങ്ങൾക്കു പോകാം" എന്നു കല്പ്പിച്ചു രണ്ടുപേരെയും അയച്ചു.

സർവ്വാധികാര്യക്കാരൻ നേര്യമുണ്ടുമുടുത്തു തിരുമുമ്പിൽ ചെല്ലുന്നതു തിരുമനസ്സിലേയ്ക്കും ഒട്ടും രസമില്ലായിരുന്നു. അതിനെക്കുറിച്ച് ഒന്നും കൽപിക്കാറില്ലായിരുന്നു എന്നേ ഉള്ളൂ. അങ്ങനെയിരുന്നപ്പോൾ ഭട്ടതിരി ഈ വഴക്കുണ്ടാക്കിത്തീർത്തതു തിരുമനസ്സിലേയ്ക്കു വളരെ സന്തോഷമായി. അതിനാൽ, "മേൽമുണ്ടുകൂടാതെ ഒറ്റമുണ്ടുമാത്രം ഉടുത്തു മേലാൽ ആരും തിരുമുമ്പിൽച്ചെന്നുകൂടാ" എന്നു അന്നു തന്നെ കൽപന പ്രസിദ്ധപ്പെടുത്തി. ഇതു ഭട്ടതിരിക്കും മറ്റു പലർക്കും വളരെ സന്തോഷകരമായിയെങ്കിലും സർവ്വാധികാര്യക്കാർക്കു ഒട്ടും രസമായില്ല. എങ്കിലും കൽപ്പന അനുസരിക്കാതെയിരിക്കാൻ നിവൃത്തിയില്ലാത്തതിനാൽ അടുത്ത ദിവസം മുതൽ സർവ്വാധികാര്യക്കാരും മേൽമുണ്ടുപയോഗിച്ചു തുടങ്ങി. ആ കൽപ്പന പിന്നീടാരും ഭേദപ്പെടുത്തിയില്ല അത് അങ്ങനെ തന്നെ സ്ഥിരപ്പെട്ടു. ഇപ്പോഴും അങ്ങനെ തന്നെ നടന്നുവരുന്നുമുണ്ടല്ലോ.

ആ സംഗതി ഇങ്ങനെ അവസാനിച്ചുവെങ്കിലും സർവ്വാധികാര്യക്കാർക്കു ഭട്ടതിരിയോടുള്ള വിരോധം തീർന്നില്ല. പക്ഷെ അതു ഫലിപ്പിക്കാൻ മാർഗ്ഗമൊന്നുമില്ലാതെയിരുന്നതുകൊണ്ട് അദ്ദേഹമതു മനസ്സിൽ വെച്ചുകൊണ്ടിരുന്നു. അതു ഭട്ടതിരി മനസ്സിലാക്കി എങ്കിലും കൂട്ടാക്കിയില്ല. ഭട്ടതിരി ആരെയും കൂട്ടാക്കുന്ന ആളല്ലല്ലോ. തരം കിട്ടിയാൽ ഇനിയും സർവ്വാധികാര്യക്കാരെ മധ്യമമാക്കണമെന്നു ഭട്ടതിരിയും നിശ്ചയിച്ചു.

ഒരു ദിവസം രാത്രിയിൽ ഭട്ടതിരി ഒരു റോഡരികിൽ മലവിസർജ്ജനം ചെയ്തുകൊണ്ടിരിന്ന സമയം സർവ്വാധികാര്യക്കാർ ഗൂഢമായി ഒരു സ്ഥലത്തു പോകുന്നതിനായി ആ റോഡിൽക്കൂടി ചെന്നു. അദ്ദേഹത്തിന്റെ കൂടെ ആരുമുണ്ടായിരുന്നില്ല. അടുത്തു ചെന്നപ്പോൾ റോഡരികിൽ ഒരാൾ ഇരിക്കുന്നതായിത്തോന്നീട്ട് അദ്ദേഹം "ആരത്" എന്നു ചോദിച്ചു. ഉടനെ ഭട്ടതിരി "ആളറിഞ്ഞിട്ടെന്തുവേണം" എന്ന് അങ്ങോട്ടും ചോദിച്ചു. ഇരുട്ടുകൊണ്ടു കാണാൻ വയ്യായിരുന്നുവെങ്കിലും ഒച്ചകേട്ടു പരസ്പരം അറിഞ്ഞു. അതിനാൽ സർവ്വാധികാര്യക്കാർ "മതി മതി, മനസ്സിലായി" എന്നു പറഞ്ഞു. അപ്പോൾ ഭട്ടതിരി "മതിയെങ്കിൽ ഇനി പ്രയാസപ്പെടണമെന്നില്ല. അധികമുള്ളത് അവിടെ കിടന്നോട്ടെ. പട്ടി തിന്നു കൊള്ളും" എന്നു പറഞ്ഞിട്ട് എണീറ്റുപോയി. "ഈ മന്നനോട് ഇനിയും സംസാരിച്ചാൽ വല്ലവരും കേട്ടേയ്ക്കും അതു കുറച്ചിലാണ്" എന്നു വിചാരിച്ചു സർവ്വാധികാര്യക്കാരും പോയി. എങ്കിലും അദ്ദേഹം സാമാന്യത്തിലധികം മധ്യമമായിയെന്നുള്ളതു പറയണമെന്നില്ലല്ലോ.

ഈ വിരോധമെല്ലാം മനസ്സിൽവെച്ചുകൊണ്ടു സർവ്വാധികാര്യക്കാർ പിറ്റേ ദിവസം ഒരു കാര്യം ചെയ്തു. തിരുവനന്തപുരത്തു നമ്പൂരിമാർ എത്രപേരു ചെന്നാലും അവരെയൊക്കെ മണ്ഡപത്തിൽ ജപത്തിനു ചാർത്തുകയും ജപക്കാർക്കു പ്രതിദിനം ഒരു പണം വീതം ദക്ഷിണ കൊടുക്കുകയും പതിവാണ്. അതനുസരിച്ചു ഭട്ടതിരിയും തിരുവനന്തപുരത്തു ചെന്ന ദിവസം തന്നെ ജപം ചാർത്തിച്ചിട്ടുണ്ടായിരുന്നു. ആ പണം ഭട്ടതിരിക്കു പൂജ്യമാക്കണമെന്നു നിശ്ചയിച്ചു സർവ്വാധികാര്യക്കാർ ജപം ചാർത്തുന്ന പിള്ളയെ വരുത്തി ഭട്ടതിരിയുടെ പേരു കുത്തിക്കളയാൻ ചട്ടം കെട്ടുകയും പിള്ള കുത്തിക്കളയുകയും ചെയ്തു. ഭട്ടതിരി അതറിഞ്ഞിട്ടു പിന്നെ മൂന്നു ദിവസം കൊട്ടാരത്തിൽ പോയില്ല. നാലാം ദിവസം തിരുമുമ്പാകെച്ചെന്നപ്പോൾ "എന്താ ഭട്ടതിരി ഇയ്യിടെ ഇങ്ങോട്ട് കാണാതിരുന്നത്?" എന്നു കൽപ്പിച്ചു ചോദിച്ചു.

ഭട്ടതിരി: മൂന്നു ദിവസത്തേയ്ക്ക് ഒരശുദ്ധിയുണ്ടായിരുന്നു.

മഹാരാജാവ്: ആരാണ് മരിച്ചത്?

ഭട്ടതിരി: സാരമില്ല, എന്റെ പേരാണ്

മഹാരാജാവ്: പേരോ? പേരു മരിക്കുമോ? അസംബന്ധം പറയുന്നതെന്താണ്?

ഭട്ടതിരി: അസംബന്ധമല്ല, വാസ്തവമാണ്. സർവ്വാധികാര്യക്കാർ എന്റെ പേരു കുത്തി. അദ്ദേഹം വലിയ താപ്പാനയാണെന്നാണ് എല്ലാവരും പറയുന്നത്. അദ്ദേഹം കുത്തിയാൽ മരിക്കാതെയിരിക്കുമോ?

ഇതു കേട്ടപ്പോൾ തിരുമനസ്സിലേയ്ക്കു കാര്യം മനസ്സിലായി. ഉടനെ ഭട്ടതിരിയുടെ പേരു വീണ്ടും ചാർത്തുന്നതിനും പേരു കുത്തിയ ദിവസങ്ങളിലെ ദക്ഷിണകൂടി കൊടുക്കുന്നതിനും കൽപിച്ചു ചട്ടം കെട്ടി. അതിലും സർവ്വാധികാര്യക്കാർ മധ്യമമാവുകതന്നെ ചെയ്തു. അങ്ങനെ കുറച്ചു ദിവസം കഴിഞ്ഞപ്പോൾ മഹാരാജാവു തിരുമനസ്സുകൊണ്ടു കൽപ്പിച്ചു അമ്മച്ചിക്കു പുത്തനായിപ്പണിയിച്ചു കൊടുത്ത അമ്മവീട്ടിന്റെ വാസ്തുബലിയും പാലുകാച്ചുമായി. പുണ്യാഹവും പാലുകാച്ചും അവിടെവച്ചു കേമമായിട്ടു ഒരു ബ്രാഹ്മണസദ്യയും കഴിച്ച് ഗൃഹപ്രവേശം നടത്തുകയെന്നാണു തീർചപ്പെടുത്തിയത്. ജപത്തിനായും പള്ളിത്തേവാരത്തിനായും മറ്റും തിരുവനന്തപുരത്തു താമസിച്ചിരുന്ന നമ്പൂരിമാരെയും സദ്യയ്ക്കു ക്ഷണിച്ചു. അപ്പോൾ നമ്പൂരിമാർക്കു വലിയ സംശയമായിത്തീർന്നു. "പുത്തനായിപ്പണിയിച്ചതാണെങ്കിലും അമ്മവീടെന്നു സങ്കൽപിച്ചിരിക്കുന്ന സ്ഥലത്തു പോയി ഊണു കഴിക്കാമോ?" എന്നായിരുന്നു അവരുടെ സംശയം. പോകാതെയിരുന്നാൽ മഹാരാജാവു തിരുമനസ്സിലേയ്ക്കു തിരുവുള്ളക്കേടുണ്ടായേയ്ക്കുമോ എന്നുള്ള ശങ്കയും അവർക്കുണ്ടാകാതെയിരുന്നില്ല. ആകപ്പാടെ നമ്പൂരിമാർ വലിയ പരുങ്ങലിലായിത്തീർന്നു. ഒടുക്കം അവരെല്ലാവരുംകൂടി നടുവിലേപ്പാടിനോടുകൂടി ആലോചിച്ചിട്ട് തീർച്ചയാക്കാം എന്നു നിശ്ചയിച്ചു. അവരെല്ലാം ഒരു സ്ഥലത്തു കൂടിയിരുന്നുകൊണ്ടു ഭട്ടതിരിയെ വരുത്തി ഈ വസ്തുതകളെല്ലാം പറഞ്ഞു. ഭട്ടതിരി മനസ്സുകൊണ്ടു സ്വൽപമാലോചിച്ചിട്ട്, "ഇതിനു ഞാൻ വല്ലതും സമാധാനമുണ്ടാക്കാം. നമ്മുടെ അവസ്ഥയ്ക്കു കുറവു വരികയുമില്ല. തിരുവുള്ളക്കേടുണ്ടാവുകയുമില്ല. എന്നാൽ പോരേ? പക്ഷേ ഒരു കാര്യം വേണം. തൽക്കാലം നിങ്ങളിലാരെങ്കിലും രണ്ടോ മൂന്നോ ഉറുപ്പിക ഇങ്ങോട്ടു തരണം. ഇന്നു തന്നെ വൈകുന്നേരം അതു മടക്കിത്തരികയും ചെയ്യാം. സദ്യ നാളെയാണല്ലോ. അതുകൊണ്ട് ഇനിയും ഒട്ടും താമസിക്കാൻ പാടില്ല" എന്നു പറഞ്ഞു.

അതുകേട്ടു സന്തോഷിച്ച് ഉടനെ ഒരു നമ്പൂരി മൂന്നുറുപ്പിക കൊടുത്തു. ഭട്ടതിരി അതു ചാലക്കടയിൽ കൊണ്ടുചെന്നു കൊടുത്തു ഒരു കോളാമ്പി മേടിച്ചു. അപ്പോൾത്തന്നെ കച്ചവടക്കാരോട് "ഇത് എനിക്കല്ല മറ്റൊരാൾക്കു വേണ്ടയാണ്. ഇതു കൊണ്ടുചെന്ന് അയാളെക്കാണിച്ചിട്ട് കോളാമ്പിയുടെ ഭാഷയും വിലയും അയാൾക്കു സമ്മതമായെങ്കിൽ കോളാമ്പിയെടുക്കും. അയാൾ സമ്മതിച്ചില്ലെങ്കിൽ ഞാൻ കോളാമ്പി തിരിയെ കൊണ്ടുവരും. അപ്പോൾ പണം മടക്കിത്തരണം" എന്നു ഭട്ടതിരി പറയുകയും അങ്ങനെ ചെയ്യാമെന്നു കച്ചവടക്കാരൻ സമ്മതിക്കുകയും ചെയ്തിട്ടാണ് കോളാമ്പി വാങ്ങിയത്.

ഭട്ടതിരി കോളാമ്പി ഒരു മുണ്ടിൽ പൊതിഞ്ഞു കക്ഷത്തിൽ വെച്ചു കൊണ്ട് ഉടനെ തിരുമുമ്പാകെച്ചെന്നു. അപ്പോൾ തിരുമനസ്സുകൊണ്ട് "കക്ഷത്തിലെന്താണ്?" എന്നു കൽപ്പിച്ചു ചോദിച്ചു.

ഭട്ടതിരി: ഇത് ഇവിടെ അറിയിക്കാൻ തക്കവണ്ണമുള്ളതൊന്നുമല്ല. രണ്ടു മൂന്നു ദിവസത്തിനകം വടക്കോട്ടു പോയാൽ കൊള്ളാമെന്നുണ്ട്. അപ്പോൾ കൊണ്ടുപോകാനായിട്ട് ഇപ്പോൾ ചാലക്കടയിൽ നിന്നു വാങ്ങിയതാണ്.

മഹാരാജാവ്: അതുകൊണ്ട് നമുക്കു കാണാൻ പാടില്ലെന്നുണ്ടോ?

ഭട്ടതിരി: എന്നന്നൊന്നുമില്ല. ഒരു നിസ്സാര സാധനമാണ് എന്നേ ഉള്ളൂ.

മഹാരാജാവ്: ആട്ടെ, എങ്കിലും കാണട്ടെ; എടുക്കൂ.

ഭട്ടതിരി പിന്നെയും വളരെ മടി ഭാവിച്ചു. ഒടുക്കം തിരുമനസ്സിലെ നിർബന്ധം കൊണ്ടു കോളാമ്പി മുണ്ടിനകത്തുനിന്നെടുത്തു താഴെവെച്ചു.

മഹാരാജാവ്: ഹേ! കോളാമ്പിയോ! നല്ല ശിക്ഷയായി. നാം തന്നെ ഒന്നു മുറുക്കി ആദ്യം ഇതിൽത്തുപ്പാം.

ഭട്ടതിരി: അങ്ങനെയാവാം. പക്ഷേ അത് ഇന്നു പാടില്ല. ഒരു വഴിപാട് നിശ്ചയിച്ചിട്ടുണ്ട്. അതു കഴിഞ്ഞിട്ടേ ഇതിൽത്തുപ്പാവൂ എന്നാണു വെച്ചിരിക്കുന്നത്.

മഹാരാജാവ്: എന്തു വഴിപാടാണ്?

ഭട്ടതിരി: ആദ്യം ഇതിൽ പാൽപ്പായസം വെച്ചു പത്മനാഭസ്വാമിക്കു നിവേദിക്കുക. പിന്നെത്തുപ്പിത്തുടങ്ങുക എന്നാണു നിശ്ചയിരിക്കുന്നത്.

മഹാരാജാവ്: (തിരുമനസ്സിൽ സ്വൽപമൊന്നാലോചിച്ചിട്ട്) മനസ്സിലായി, പൊയ്ക്കോളൂ.

ഇതു കേട്ടു ഭട്ടതിരി ഇറങ്ങിപ്പോയി, കോളാമ്പി ചാലക്കടയിൽ കൊണ്ടു ചെന്നു കൊടുത്തു രൂപാ വാങ്ങി, അതു കൊടുത്ത നമ്പൂരിക്കു മടക്കിക്കൊടുത്തു. ഭട്ടതിരി പോയയുടനെ തിരുമനസ്സുകൊണ്ട് അമ്മവീട്ടിലേക്കു കല്പിച്ചാളയച്ചു ബ്രാഹ്മണസദ്യ അമ്മവീട്ടിൽ വെച്ചു വേണ്ടെന്നും അമ്പലങ്ങളിൽ എവിടെയെങ്കിലും വെച്ചു നടത്തികൊള്ളാമെന്നും ചട്ടംകെട്ടി. അമ്മവീട്ടിൽ ആദ്യം ബ്രാഹ്മണസ്സദ്യ നടത്തുകയും പിന്നീട് അമ്മച്ചി പാർക്കുകയും ചെയ്യുന്നതു കോളാമ്പിയിൽ നിവേദ്യംവെച്ച് ആദ്യം ദേവനു നിവേദിക്കുകയും പിന്നീട് തുപ്പുകയും ചെയ്യുന്നതുപോലെയാണെന്നാണ് ഭട്ടതിരിയുടെ വാക്കിന്റെ സാരമെന്നു തിരുമനസ്സിലേയ്ക്ക് അതു കേട്ടപ്പോൾത്തന്നെ മനസ്സിലായി എന്നു പിന്നീടുണ്ടായ ചട്ടംകെട്ടുകൊണ്ടു സ്പഷ്ടമാകുന്നുണ്ടല്ലോ.

ഭട്ടതിരി ഒരിക്കൽ ഒരു വഴിയാത്രയിൽ ഒരു ദിവസം നേരം വൈകിയപ്പോൾ അത്താഴം കഴിച്ചുപോകണമെന്നു വിചാരിച്ച് ഒരമ്പലത്തിങ്കൽ ചെന്നു ചേർന്നു. നേരം സന്ധ്യയാകാറായിട്ടും അവിടെ ശാന്തിക്കാരൻ വന്നു നട ഉറക്കുകയോ വിളക്കു വെയ്ക്കുകയോ ചെയ്തിരുന്നില്ല. നട തുറന്നു തൊഴുതിട്ടു പോയാൽ കൊള്ളാമെന്നു വിചാരിച്ച് അവിടെ ഒരാൾ കാത്തുനിൽക്കുന്നുണ്ടായിരുന്നു. അയാളല്ലാതെ അവിടെയെങ്ങും വേറെ ആരുമുണ്ടായിരുന്നില്ല. അതിനാൽ ഭട്ടതിരി ആ മനുഷ്യനോടുതന്നെ ആ ക്ഷേത്രം ആരുടെ വകയാണെന്നും അവിടുത്തെ പതിവുകളെങ്ങനെയൊക്കെയാണെന്നും മറ്റും ചോദിച്ചു. അപ്പോൾ ആ മനുഷ്യൻ "അമ്പലം ഇവിടെ അടുക്കൽ തന്നെയുള്ള ഒരു മനയ്ക്കലെ വകയാണ്. ഇവിടെ കാലത്തു രണ്ടേകാലും വൈകുന്നേരം ഒന്നേകാലും ഇടങ്ങഴി അരിവീതമാണ് പൂജാനിവേദ്യത്തിനു വകവെച്ചിരിക്കുന്നത്. അതുകൂടാതെ കാലത്തും വൈകുന്നേരവും ഈരണ്ടു നമസ്കാരത്തിനും വകവെച്ചിട്ടുണ്ട്. നമസ്കാരം വഴിപോക്കരായി വരുന്ന ബ്രാഹ്മണർക്കു കൊടുക്കണമെന്നാണ് വെച്ചിരിക്കുന്നത്. ഈ വകയ്ക്കെല്ലാമുള്ള നെല്ലു മനയ്ക്കൽ നിന്നു കഴകക്കാരൻ വാരിയരെ ഏൽപ്പിച്ചു കൊടുക്കും. വാരിയർ പതിവായി കണക്കുപ്രകാരമുള്ള അരി കൊടുത്തുകൊള്ളണമെന്നാണ് ഏർപ്പാട്. എന്നാൽ ഇവിടെ ബ്രാഹ്മണർക്കു നമസ്കാരം (ഭക്ഷണം) കൊടുക്കുകയാകട്ടെ കണക്കുപ്രകാരമുള്ള അരി മുഴുവനും വെച്ച് ദേവനു നിവേദിക്കുകയാകട്ടെ ഒരിക്കലും പതിവില്ല. നമസ്കാരത്തിനുള്ള അരി മുഴുവനും ശാന്തിക്കാരൻ അദ്ദേഹത്തിന്റെ മഠത്തിൽക്കൊണ്ടുപോയിവെച്ച് ഊണു കഴിക്കും. നിവേദ്യത്തിനു രണ്ടു നേരവും ഒഴക്കരിയിലധികം വാരിയർ കൊടുക്കാറില്ല. നെല്ലു മുഴുവനും പുഴുങ്ങിയുണക്കിക്കുത്തിവെച്ചു വാര്യത്തുള്ളവരുണ്ണ കഴിക്കും. ഒഴക്കരിയിൽ കൂട്ടലിട്ടു നിവേദ്യം വെയ്ക്കണമെങ്കിൽ വഴിപാടുകാരാരെങ്കിലും കൊണ്ടുവരണം. ഇങ്ങനെയൊക്കെയാണ് ഇവിടുത്തെ പതിവ്. സന്ധ്യ കഴിയാതെ ഇവിടെ ഒരു ദിവസവും നട തുറന്നു വിളക്കു വെയ്ക്കാറില്ല. പ്രതിദിനം മൂന്നാഴിയെണ്ണവീതം ഇവിടെ വിളക്കുവകയ്ക്കു മനയ്ക്കൽ നിന്നു കൊടുക്കുന്നുണ്ട്. അതു മുഴുവനും ശാന്തിക്കാരനും കഴകക്കാരനും കൂടി പങ്കുവെച്ച് എടുക്കുകയാണ് പതിവ്. ഇവിടെ വിളക്കിനു വഴിപാടുകാർ കൊണ്ടുവരുന്ന എണ്ണ തന്നെ മുഴവൻ വേണ്ടാ. രണ്ടു നേരവും മിന്നാമിനുങ്ങിന്റെ പൃഷ്ഠം പോലെ ഓരോ തിരി കൊളുത്തിവെച്ചാൽ മതിയല്ലോ. മനയ്ക്കലേക്ക് ഇതുപോലെ നാൽപതു ക്ഷേത്രങ്ങളുണ്ട്. എല്ലാ സ്ഥലങ്ങളിലും ദിവസം തോറും ചെന്നു കാര്യങ്ങളന്വേഷിക്കുക പ്രയാസമാവുകയാൽ ഇവിടുത്തെ കാര്യങ്ങൾക്കെല്ലാം ശാന്തിക്കാരനെയും കഴകക്കാരനെയും ചുമതലപ്പെടുത്തിയിരിക്കുകയാണ്. മനയ്ക്കൽനിന്ന് ഒന്നും അന്വേഷിക്കാറില്ല. എല്ലാം ശരിയായി നടക്കുന്നുണ്ടെന്നാണ് അവിടുത്തെ വിശ്വാസം. അതുകൊണ്ടാണ് ഇവരുടെ അഴിമതിയും അക്രമവും ഇത്രത്തോളം വർദ്ധിച്ചത്. ചിലപ്പോൾ മനയ്ക്കൽ നിന്നു വലിയ തിരുമേനി ഇവിടെ എഴുന്നള്ളുകയും ഇവരുടെ ചില കളവുകൾ കണ്ടുപിടിക്കുകയും കഴകക്കാരനെ പിടിച്ചു പ്രഹരിക്കുകയും ശാന്തിക്കാരനെമ്പ്രാന്തിരിക്കു രണ്ടും നാലും പണവും മറ്റു പ്രായശ്ചിത്തം നിശ്ചയിക്കുകയും ചെയ്യാറുണ്ട്. എങ്കിലും ഇവിടെ ഇവരുടെ അക്രമങ്ങൾക്ക് ഇതുവരെ യാതൊരു കുറവും വന്നിട്ടില്ല" എന്നു പറഞ്ഞു. ഭട്ടതിരി ഇതെല്ലാം കേട്ടുധരിച്ചതിന്റെ ശേഷം "ആട്ടെ, എങ്കിലും കളി കഴിക്കാമല്ലോ" എന്നു പറഞ്ഞ് അമ്പലക്കുളത്തിൽത്തന്നെയിറങ്ങി കുളികഴിച്ച് അമ്പലത്തിൽച്ചെന്നു മുണ്ടുകൾ രണ്ടും ഉണങ്ങാനിട്ടിട്ടു കൗപീനമാത്രധാരിയായി അവിടെയിരുന്നു. അപ്പോഴേയ്ക്കും ഒരു ചെറിയ പാത്രത്തിൽ ഒഴക്കരിയും ഒരു തീക്കൊള്ളിയുമെടുത്തുകൊണ്ടു കഴകക്കാരനവിടെയെത്തി. ഉടനെ ഭട്ടതിരി "വാരിയരേ! നമുക്ക് അത്താഴം കഴിച്ചു പോയാൽ കൊള്ളാമെന്നുണ്ട് അതിവിടെ തരമാകുമോ?" എന്നു ചോദിച്ചു. അതിനുത്തരമായി വാരിയർ "എന്തോ എനിക്കറിഞ്ഞുകൂടാ. ശാന്തിക്കാരനോടു ചോദിക്കണം" എന്നു പറഞ്ഞു.

ഭട്ടതിരി: അങ്ങനെ പറഞ്ഞാൽപ്പോരാ. നമുക്കിവിടെ ച്ചില വഴിപാടുകളും നടത്തേണ്ടിയിരിക്കുന്നു. അതിനൊക്കെ വാരിയരുടെ സഹായമാണ് നമുക്കു പ്രധാനമായി വേണ്ടത്.

വാരിയർ: റാൻ, വഴിപാട് എന്തൊക്കെയാണാവോ.

ഭട്ടതിരി: വിളക്ക്, മാല, പഞ്ചസാരപ്പായസനിവേദ്യം, പിന്നെ ഒരു രണ്ടേകാലിടങ്ങഴി വെള്ളനിവേദ്യം ഇതൊക്കെ വേണം. വ്യാഴാഴ്ചതോറും ഇവയൊക്കെ ഒരു വിഷ്ണുക്ഷേത്രത്തിൽ നടത്താറുണ്ട്. ഒരു ബ്രാഹ്മണനെ കാൽകഴുകിച്ച് ഊട്ടുകയും വേണം. അതിനു ശാന്തിക്കാരനായാലും മതി. സാമാന്യം പോലെ ഒരു ഭക്ഷണത്തിന്റെ വട്ടമൊക്കെ വേണം. അതൊട്ടും മോശമാകരുത്. നമ്മുടെ കയ്യിൽ പണമുണ്ട് അതെത്ര വേണമെങ്കിലും ചെലവുചെയ്യാൻ തയ്യാറാണ്. എങ്കിലും വാരിയരുടെ സഹായം കൂടാതെ ഒന്നും നടക്കുകയില്ലല്ലോ.

വാരിയർ: പണമുണ്ടെങ്കിൽ ഒക്കെ നടക്കും. അടിയൻ എല്ലാം ശരിയാക്കാം.

ഭട്ടതിരി: എന്നാൽ മതി. ഒടുക്കം വാരിയർ പറയുന്ന സംഖ്യ ബോധ്യപ്പെടുത്താം.

വാരിയർ: എന്നാൽ വേണ്ടതെല്ലാം ഇപ്പോൾകൊണ്ടു വിടകൊള്ളാം.

എന്നു പറഞ്ഞു വാരിയർ ഓടിപ്പോയി. പോകുന്ന വഴിക്കു ശാന്തിക്കാരനെക്കണ്ട് "ഇന്നു വിശേഷാൽച്ചില വഴിപാടുകളുണ്ട്. ക്ഷണത്തിൽക്കുളിച്ച് അമ്പലത്തിലേയ്ക്ക് ചെല്ലണം" എന്നു കൂടി പറഞ്ഞിട്ടാണ് വാരിയർ പോയത്. വാരിയരുടെ വാക്കു കേട്ടു തനിക്കും വല്ലതുമാദായമുണ്ടാകുമെന്നു വിചാരിച്ചു ശാന്തിക്കാരനും ക്ഷണത്തിൽ "കളിച്ച് കുറ്റിത്തലയും കടഞ്ഞ്" അമ്പലത്തിലെത്തി. തന്റെ പതിവും ആവശ്യങ്ങളുമെല്ലാം ഭട്ടതിരി ശാന്തിക്കാരനോടു പറഞ്ഞു. അതു കേട്ടു ശാന്തിക്കാരനും സന്തോഷിച്ച് ഓടിപ്പോയി അദ്ദേഹത്തിന്റെ മഠത്തിൽനിന്ന് അരിയും കറിക്കോപ്പുകളും പാലും മറ്റും കൊണ്ടുവന്ന് എല്ലാം തയ്യാറാക്കിത്തുടങ്ങി. കുറച്ചു കഴിഞ്ഞപ്പോൾ സകല സാധനങ്ങളും കൊണ്ടു വാരിയരും അമ്പലത്തിലെത്തി. അപ്പോഴേയ്ക്കും ശാന്തിക്കാരൻ നിവേദ്യങ്ങൾ അടുപ്പത്താക്കുകയും കറിക്കു നുറുക്കുകയും കഴിച്ചിരുന്നു. അതു കണ്ടിട്ട് എമ്പ്രാൻ തന്നെ നഷ്ടപ്പെടുത്താൻ ഭാവിക്കുകയാണല്ലോ എന്നു വിചാരിച്ചു വാരിയർക്കും വാരിയർ സാമാനങ്ങളെല്ലാം കൊണ്ടുവന്നിരിക്കുന്നതു തന്നെ നഷ്ടപ്പെടുത്താനാണല്ലോ എന്നു വിചാരിച്ചു എമ്പ്രാനും ദേഷ്യം കലശലായി. വാരിയർ എമ്പ്രാനോട് "സാമാനങ്ങളെല്ലാം വട്ടം കൂട്ടിക്കൊണ്ടുവരണമെന്ന് ആവശ്യക്കാരൻ എന്നോടാണ് ആദ്യം പറഞ്ഞത്. അതുകൊണ്ട് ഞാൻ കൊണ്ടുവന്നിരിക്കുന്ന സാമാനങ്ങൾതന്നെ എടുത്തു ഉപയോഗിക്കണം. അങ്ങേടെ സാമാനമൊന്നും ഇവിടെ ഉപയോഗിക്കാൻ പാടില്ല" എന്നു പറഞ്ഞു. അതുകേട്ട് എമ്പ്രാൻ "വാരിയരുടെ സാമാനങ്ങളൊന്നും ഇവിടെ കൊള്ളുകയില്ല. പാൽ വെള്ളം ചേർത്തതാണ്. അരി വെളുത്തിട്ടില്ല" എന്നും മറ്റും പറഞ്ഞു തുടങ്ങി. അമ്പലത്തിൽ ജപിച്ചു കൊണ്ടിരുന്ന ഭട്ടതിരി ഇവരുടെ വഴക്കു കേട്ടിട്ട്, "നിങ്ങൾ തമ്മിൽ ശണ്ഠ കൂടേണ്ട. രണ്ടുപേരുടെ സാമാനങ്ങളും ഉപയോഗപ്പെടുത്തിക്കൊള്ളണം. അതുകൊണ്ടു ദോഷമൊന്നും വരാനില്ലല്ലോ. നിങ്ങൾക്കു രണ്ടുപേർക്കും പണം കിട്ടണമെന്നല്ലേ ഉള്ളൂ? അതു ബോധ്യപ്പെടുത്താൻ ഞാനുണ്ടല്ലോ. വഴക്കും ശണ്ഠയും കൂടാതെ കാര്യം നടക്കട്ടെ" എന്നു പറഞ്ഞു. അതു കേട്ടു രണ്ടുപേരും സമാധാനപ്പെടുകയും ചെയ്തു.

എമ്പ്രാന്തിരി വെപ്പെല്ലാം കഴിച്ചു പൂജയ്ക്കു പോയി. പ്രസന്ന പൂജയ്ക്കു നടയടച്ചപ്പോൾ ഭട്ടതിരി തിടപ്പള്ളിയിലെത്തി ഒരിലയെടുത്തു വെച്ചു താനേ വിളമ്പി ഊണു തുടങ്ങി. എമ്പ്രാന്തിരി "അല്ലാ! ഇങ്ങനെയാണോ കാൽ കഴുകിച്ചൂട്ടുന്നത്?" എന്നു ചോദിച്ചു. അതിനു മറുപടിയായി ഭട്ടതിരി "കാൽ കഴുകിച്ചൂട്ടുക എന്നു പറഞ്ഞാൽ തന്റെ മുതൽ ചെലവുചെയ്തു ഒരു ബ്രാഹ്മണനെ ഭക്ഷണം കൊടുക്കുക എന്നേ അർത്ഥമുള്ളൂ. പൊരുൾ പോകുന്നിടത്താണല്ലോ പുണ്യം. എമ്പ്രാന്റെ ഊണു കഴിയുമ്പോൾ കാൽ കഴുകിച്ചൂട്ടിയതിന്റെ ഫലം എനിക്കു കിട്ടും. എമ്പ്രാനും ഒരിലയെടുത്തുവെച്ചു വിളമ്പിയുണ്ടോളൂ" എന്നു പറഞ്ഞു. ഉടനെ എമ്പ്രാന്തിരിയും ഉണ്ണാനിരുന്നു. പിന്നെ ഭട്ടതിരി എമ്പ്രാന്തിരിയുടെ കൈപ്പുണ്യത്തെ വർണ്ണിച്ചുതുടങ്ങി.

"ഹേ! എമ്പ്രാൻ ദേഹണ്ഡമൊക്കെ വളരെ നന്നായി. ഈ അമ്പലക്കിണറ്റിലെ വെള്ളം വളരെ മാഹാത്മ്യമുള്ളതുതന്നെ. എന്നും കോരി ദേവന്റെ തലയിലൊഴിക്കുന്നതല്ലേ? അങ്ങനെയല്ലാതെയിരിക്കുമോ? അതോടുകൂടി എമ്പ്രാന്റെ കൈപ്പുണ്യവും കൂടി ചേർന്നപ്പോൾ മുഴുവനായി. പഞ്ചസാരപ്പായസത്തിനെന്നല്ല, സകലവിഭവങ്ങൾക്കും ഈ വെള്ളത്തിന്റെ സ്വാദാണു മുമ്പിട്ടുനിൽക്കുന്നത്. കുറേശ്ശെ അമൃതിന്റെ സ്വാദുമുണ്ട്. അതു എമ്പ്രാന്റെ കൈപ്പുണ്യം കൊണ്ടു വന്നതായിരിക്കും" എന്നും മറ്റുമായിരുന്നു ഭട്ടതിരി പറഞ്ഞത്. ഈ ശകാരമെല്ലാം സ്തുതിയാണെന്നാണ് എമ്പ്രാന്തിരി മനസ്സിലാക്കിയത്. അതിനാൽ ഇതിനു മറുപടിയായി എമ്പ്രാന്തിരി പറഞ്ഞത് "ഇതൊന്നും നമ്മുടെ സാമർത്ഥ്യം കൊണ്ടല്ല. എല്ലാം ഭഗവാന്റെ കൃപകൊണ്ടാണ്" എന്നായിരുന്നു.


ഭട്ടതിരിയും എമ്പ്രാന്തിരിയും ഊണു കഴിഞ്ഞു കൈകഴുകി ബലിക്കൽപ്പുരയിൽ പോയിരുന്നു പണത്തിന്റെ കണക്കു പറഞ്ഞു തുടങ്ങി. വാരിയർ തിടപ്പള്ളിയിൽക്കയറി ഉണ്ണാനുമിരുന്നു. എമ്പ്രാന്തിരി പറഞ്ഞ കണക്കൊന്നും ഭട്ടതിരി സമ്മതിച്ചില്ല. ഒടുക്കം ഭട്ടതിരി "ഇവിടെ രണ്ടു നേരവും ഈരണ്ടു പേർക്കു നമസ്കാരത്തിനു വകവെച്ചിട്ടുണ്ടല്ലോ. അതല്ലാതെ താൻ മോഷ്ടിച്ചെടുക്കുകയല്ലേ പതിവ്? ഇന്ന് ഒരു നേരം ഞാനുണ്ടതിനു തനിക്കു പണം തരണമോ? ഞാനൊരു കാശും തരാൻ ഭാവമില്ല. താനെന്തു ചെയ്യും?" എന്നു ചോദിച്ചു. അതു കേട്ട് എമ്പ്രാന്തിരി കോപിച്ചു വിറച്ചു ഭട്ടതിരിയെ തല്ലാനായി കൈയോങ്ങിക്കൊണ്ട് അടുത്തു ചെന്നു. ഉടനെ ഭട്ടതിരി എണീറ്റ് എമ്പ്രാന്തിരിയുടെ കൈക്ക് ഒരു തട്ടും ചെകിട്ടത്ത് ഒരടിയും വെച്ചുകൊടുക്കുകയും "അയ്യോ!" എന്ന് ഉറക്കെ ഒന്നു നിലവിളിക്കുകയും ഒരുമിച്ചു കഴിഞ്ഞു. അടികൊണ്ട ക്ഷണത്തിൽ എമ്പ്രാന്തിരി ബോധം കെട്ടു നിലത്തു വീണു. നിലവിളി കേട്ടു വാരിയർ പരിഭ്രമിച്ചു എച്ചിൽക്കൈ മടക്കിപ്പിടിച്ചുകൊണ്ടു ബലിക്കൽപ്പുരയിലേയ്ക്ക് ഓടിച്ചെന്നു. "ഇവിടെ എന്താണ് ഒരു നിലവിളി കേട്ടത്? ആരാണു നിലവിളിച്ചത്?" എന്നു വാരിയർ ചോദിച്ചു. അപ്പോൾ ഭട്ടതിരി കരഞ്ഞുംകൊണ്ട് "ഈ എമ്പ്രാൻ ഞാൻ പണം കൊടുത്തത് പോരെന്നും പറഞ്ഞു എന്നെത്തല്ലി. ഞാനാണു നിലവിളിച്ചത്. ഇതിനെല്ലാം സാക്ഷി വാരിയരാണ്. ഈ ഉണ്ടായ സംഗതികളെല്ലാം ക്ഷേത്രത്തിന്റെ ഉടമസ്ഥനോട് ഇപ്പോൾത്തന്നെ പറയണം. സാക്ഷി പറയാൻ വാരിയരും എന്റെ കൂടെ വരണം. ഊണു കഴിച്ചുവരൂ. വാരിയരുടെ പണം ഞാൻ ഒട്ടും കുറയ്ക്കുകയില്ല എന്നെത്തല്ലിയതുകൊണ്ട് എമ്പ്രാന് ഇനി ഞാൻ ഒരു കാശുപോലും കൊടുക്കയില്ല. എമ്പ്രാനു കൊടുക്കാനുള്ളതുകൂടി വാര്യർക്കു തന്നേയ്ക്കാം" എന്നു പറഞ്ഞു. ഇതു കേട്ടു സന്തോഷിച്ചു വാരിയർ ഊണു മുഴുവനാക്കാനായിട്ട് തിടപ്പള്ളിയിലേക്കു പോയി. ക്ഷണത്തിൽ ഊണു കഴിച്ചു കൈയും കഴുകി വാരിയർ വീണ്ടും ബലിക്കൽപ്പുരയിലെത്തി. എമ്പ്രാന്തിരി അപ്പോഴും പൂർവ്വസ്ഥിതിയിൽ ബോധരഹിതനായി അവിടെത്തന്നെ കിടന്നിരുന്നു. ഭട്ടതിരിയെ അവിടെയെങ്ങും കണ്ടുമില്ല. അദ്ദേഹം വാരിയർ വരുന്നതിനു മുമ്പേ പമ്പകടന്നിരിക്കുന്നു.

പിന്നെയൊരിക്കൽ ഭട്ടതിരി ഒരു വഴിയാത്രയിൽ ഒരു ദിവസം മധ്യാഹ്നസമയത്തു ഊണുകഴിച്ചു പോകണമെന്നുള്ള ഉദ്ദേശത്തോടുകൂടി ത്തന്നെ ഒരില്ലത്തു കയറിച്ചെന്നു. അപ്പോൾ അവിടെ പുരയുടെ വാതിലുകളൊക്കെ അടച്ചിരുന്നതിനാൽ മുറ്റത്തു നിന്നുകൊണ്ടു രണ്ടു മൂന്നു ചുമച്ചു. എന്നിട്ടും ആരെയും പുറത്തേയ്ക്കു കാണാതെയിരുന്നതിനാൽ ഇറയത്തു കയറിയിരുന്നുകൊണ്ട് "ഹേ ഹേ! ഇവിടെ ആരുമില്ലയോ? ഈ വാതിലൊന്നു തുറക്കണം" എന്ന് ഉറക്കെ വിളിച്ചു പറഞ്ഞു. അങ്ങനെ നാലഞ്ചു പ്രാവശ്യം പറഞ്ഞപ്പോൾ ഗൃഹസ്ഥൻ നമ്പൂരി വന്നു വാതിൽ തുറന്നു ദുർമുഖം കാണിച്ചുകൊണ്ടു പുറത്തേയ്ക്കു വന്ന് ഉച്ചസ്വരത്തിൽ "ആരാണിവിടെക്കയറിവന്നു കലശൽകൂട്ടുന്നത്? പടിക്കു പുറത്തു പോകണം" എന്നു പറഞ്ഞു. അതു കേട്ടിട്ടും ഭട്ടതിരി "അയ്യോ! അങ്ങനെ പറയരുതേ. ഞാൻ വഴിപോക്കനായ ഒരു ബ്രാഹ്മണനാണ്. വഴി നടന്നും വെയിലു കൊണ്ടും ഞാൻ ഏറ്റവും അവശനായിരിക്കുന്നു. വിശപ്പും ദാഹവും സഹിക്കവയ്യാതെയായിട്ടാണ് ഇവിടെക്കയറി വന്നത്. എനിക്കിപ്പോൾ കുറച്ചു കഞ്ഞിയോ ചോറോ വല്ലതും തന്നാൽ അതൊരു വലിയ സുകൃതമായിരിക്കും. ഒന്നും കഴിക്കാതെ ഇനി ഇവിടെനിന്ന് ഒരടിപോലും നടക്കാൻ ഞാൻ ശക്തനല്ല" എന്ന ഏറ്റവും താണ സ്വരത്തിൽപ്പറഞ്ഞു. ഇതുകേട്ടിട്ടും ഗൃഹനാഥന്റെ മനസ്സിന് ഒരലിവുമുണ്ടായില്ല. അദ്ദേഹം വീണ്ടും ഉച്ചത്തിൽത്തന്നെ "പോകാനല്ലേ പറഞ്ഞത്. നടക്കാൻ വയ്യെങ്കിൽ പടിക്കു പുറത്തു പോയിക്കിടന്നോളൂ. ഇവിടെ ഇരിക്കാൻ പാടില്ല. വരുന്നവർക്കൊക്കെ കഞ്ഞിയോ ചോറോ കൊടുക്കാൻ ഇവിടെ വഴിയൂട്ടും മറ്റുമില്ല. ആരും കാണമിട്ടിട്ടുമില്ല. ഇങ്ങനെ തട്ടിപ്പം പറഞ്ഞ് ഉണ്ണാനായിട്ടു കയറിവരുന്നവർക്കൊക്കെ ചോറു കൊടുത്തിട്ടുള്ള പുണ്യം ഇവിടെ ആവശ്യമില്ല" എന്നു പറഞ്ഞു. ഉടനെ ഭട്ടതിരി "എന്നാൽ വെറുതേ വേണ്ട. ഞാൻ പണം തരാം. ഏതുവിധത്തിലായാലും സ്വൽപം വല്ലതും കഴിക്കാതെ പോകാൻ നിവൃത്തിയില്ല. ഞാൻ സാമാന്യത്തിലധികം വലഞ്ഞു. അതുകൊണ്ട് പറയുന്നതാണ്. കൃപയുണ്ടാകണം" എന്ന് പിന്നെയും പറഞ്ഞു. അതു കേട്ടിട്ടും ഗൃഹസ്ഥന്റെ മനസ്സിനു ഒരിളക്കവുമുണ്ടായില്ല. "എടോ തന്റെ ജാടയൊന്നും ഇവിടെപ്പറ്റുകയില്ലെന്ന് ആദ്യമേ ഞാൻ പറഞ്ഞില്ലേ? അങ്ങോട്ടു പറയുന്നതൊന്നും മനസ്സിലാക്കാത്തതെന്താണ്? തന്റെ മർക്കടമുഷ്ടിയും കൊണ്ടു താനിറങ്ങിപ്പോവൂ. ഇവിടെ പറ്റുകയില്ല. പണത്തിനു ചോറുകൊടുക്കാൻ ഇതു ഹോട്ടലും മറ്റുമല്ല. പടിക്കു പുറത്തിറങ്ങിപ്പോവാനല്ലേ പറഞ്ഞത്? ഇനിയും പോകാത്തപക്ഷം ഞാൻ തീക്കനൽ കോരിക്കൊണ്ടുവന്നു തന്റെ തലയിലിടും. അതിനിടയാക്കാതെ താനിറങ്ങിപ്പോവൂ" എന്നാണു ഗൃഹസ്ഥൻ പറഞ്ഞത്. ഇത്രയും കേട്ടിട്ടും ഭട്ടതിരി ഒഴിച്ചുപോയില്ല. അദ്ദേഹം പിന്നെയും താണു തൊഴുതുകൊണ്ട് "അയോ മൂസ്സ്, ഇതു കഠിനമാണ്. ഇങ്ങനെ പറയരുത്. ഒരു നിവൃത്തിയുമില്ലാതെയായിട്ടു ഞാൻ പറയുന്നതാണ്. ഒരു പിടിച്ചോറെങ്കിലും തരുന്നതിനു ദയവുണ്ടാകണം. അതിനൊന്നിനും മനസ്സില്ലെങ്കിൽ കുറച്ചു പച്ചവെള്ളം തന്നാലും മതി. ഒന്നും കഴിക്കാതെ എനിക്ക് എണീക്കാൻപോലും വയ്യ. ഞാൻ വല്ലാതെ ക്ഷീണിച്ചുപോയി" എന്നു പറഞ്ഞു. ഇതിനു മറുപടിയായി ഗൃഹസ്ഥൻ പറഞ്ഞത് "തനിക്കു വെള്ളം കോരിക്കൊണ്ടു വന്നു തരാൻ തന്റെ ശമ്പളക്കാരാരും ഇവിടെയില്ല. വെള്ളം കുടിക്കണമെങ്കിൽ പുഴയിൽച്ചെന്നു കോരിക്കുടിക്കൂ. ഇവിടെ അതൊന്നും സാദ്ധ്യമല്ല. താനിവിടെ നിന്ന് ഇറങ്ങിപ്പോവൂ. ഇനിയും താനിറങ്ങിപ്പോവാത്തപക്ഷം ഇവിടെപ്പാർക്കുന്ന വൃഷലിപ്പെണ്ണിനെ ഞാനിങ്ങോട്ടുവിളിക്കും. അവൾ മുറ്റമടിക്കുന്ന ആയുധവും കൊണ്ടിങ്ങോട്ടു വന്നാൽ തന്നെ ഇവിടെ നിന്നോടിക്കും. അതിനിടയാക്കാതെ ഇറങ്ങിപ്പോവുകയാണു നല്ലത്" എന്നാണ്. ഇത്രയും കേട്ടപ്പോൾ ഭട്ടതിരി "ഇവിടെ മര്യാദകൊണ്ടു കാര്യമൊന്നും പറ്റുകയില്ല ഏതെങ്കിലും ഒരു പൊടിക്കൈകൂടി പ്രയോഗിച്ചു നോക്കാം" എന്നുവിചാരിച്ചു. കോപഭാവത്തോടുകൂടി എണീറ്റു രണ്ടാം മുണ്ട് അരയിൽ മുറുക്കിക്കെട്ടി കണ്ണും ചുവത്തി വിറച്ചു കൊണ്ടു ഗൃഹസ്ഥനോടു "എടോ! താൻ മഹാദുഷ്ടൻതന്നെ. തന്നെ മാത്രം വിചാരിച്ചാൽ പോരല്ലോ, ഇവിടെ ഒരന്തർജ്ജനവും രണ്ടു മൂന്നു കിടാങ്ങളുമുണ്ടല്ലോ. പുരാതനമായ ഒരു ബ്രാഹ്മണഗൃഹവുമാണല്ലോ എന്നു വിചാരിച്ചു ഞാനിതുവരെ ക്ഷമിച്ചു. ഞാനൊരു കടുംകൈ പ്രയോഗിച്ചാൽ അതു പ്രതിവിധി ഇല്ലാത്തതായിരിക്കും. നാലഞ്ചു ദിവസം മുൻപ് ഇതുപോലെ ഞാനൊരില്ലത്തു പോയിരുന്നു. അവിടുത്തെ ഗൃഹസ്ഥനും തന്നെപ്പോലെ ഒരു ദുഷ്ടനായിരുന്നു. അവിടെയും ഞാൻ ആദ്യം വളരെ ക്ഷമിച്ചു. ഒടുക്കം അതുകൊണ്ടൊന്നും പറ്റുകയില്ലെന്നു തോന്നുകയാൽ ഞാനൊരു കടുംകൈ അവിടെ പ്രയോഗിച്ചു. അതുതന്നെ ഇവിടെയും പ്രയോഗിക്കാനാണു ഞാൻ ഭാവിക്കുന്നത്. അതു സമ്മതമാണോ എന്ന് അകത്തു ചെന്ന് അന്തർജ്ജനത്തോടുകൂടി ചോദിക്കൂ. പിന്നെ പശ്ചാത്തപിച്ചാൽ ഫലമൊന്നുമുണ്ടാവുകയില്ല. അതും ഞാനാദ്യമേ പറഞ്ഞേയ്ക്കാം" എന്നു പറഞ്ഞു. ഇവരുടെ സംവാദങ്ങളെല്ലാം കേട്ടുകൊണ്ട് അകത്തു നിന്നിരുന്ന അന്തർജ്ജനം ഭട്ടതിരിയുടെ അപ്പോഴത്തെ ഭാവം കാണുകയും ഒടുക്കം പറഞ്ഞ വാക്കു കേൾക്കുകയും ചെയ്തു വല്ലാതെ ഭയപ്പെട്ടു

നമ്പൂരിയെ അകത്തേക്കു വിളിച്ചു. "ഇയ്യാൾ സാമാന്യക്കാരനല്ലെന്നാണ തോന്നുന്നത്. എന്തെല്ലാമനർത്ഥങ്ങളാണാവോ ഉണ്ടാക്കിത്തീർക്കുന്നത്? രണ്ടു മൂന്നു കിടാങ്ങളുള്ളവർക്കെങ്കിലും ആപത്തൊന്നും വരാതെ സൂക്ഷിക്കണമല്ലോ. അതുകൊണ്ട് ക്ഷണത്തിൽച്ചെന്ന് അദ്ദേഹത്തെ സമാധാനപ്പെടുത്തി ഭക്ഷണം കൊടുത്തു സന്തോഷിപ്പിച്ചയയ്ക്കണം. അല്ലെങ്കിൽ വലിയ ആപത്തു വല്ലതും വന്നു കൂടുമെന്നാണ തോന്നുന്നത്" എന്നു പറഞ്ഞു. ഭട്ടതിരിയും ഗൃഹസ്ഥൻ നമ്പൂരിയും തമ്മിൽ അത്യുച്ചത്തിലുണ്ടായ സംവാദം കേട്ട് അതിന്റെ കാരണമറിയുന്നതിനായി അയൽവാസികളായ ഒട്ടുവളരെ ജനങ്ങളും അവിടെ വന്നു കൂടിയിരുന്നു. അവരുമെല്ലാവരും അന്തർജ്ജനം പറഞ്ഞതു പോലെ തന്നെ പറഞ്ഞു. അതെല്ലാം കൂടി കേൾക്കുകയും കോപിച്ചു സംഹാരരുദ്രനെപ്പോലെയുള്ള ഭട്ടതിരിയുടെ നില കാണുകയും ചെയ്തപ്പോൾ ഗൃഹസ്ഥൻ നമ്പൂരിയും ഭയവിഹ്വലനായിത്തീർന്നു. ഉടനെ അദ്ദേഹം ഭട്ടതിരിയുടെ അടുക്കൽച്ചെന്നു പാദങ്ങളിൽ വീണു നമസ്കരിച്ചിട്ട് "അല്ലയോ ബ്രഹ്മണോത്തമ! ക്ഷമിക്കണേ, ക്ഷമിക്കണേ. അങ്ങയുടെ മാഹാത്മ്യമറിയാതെ ഞാൻ പറഞ്ഞുപോയതെല്ലാം സദയം ക്ഷമിക്കണേ. കോപത്തെ അടക്കിയാലും. ആപത്തൊന്നുമുണ്ടാക്കിത്തീർക്കാതെ എന്നെയും ഈ കുടുംബത്തെയും അവിടുന്നു രക്ഷിക്കണം. ക്ഷണത്തിൽ കുളിച്ചുവരിക. ഇവിടെ ഊണിനെല്ലാം കാലമായിരിക്കുന്നു. കുളിച്ചുവരാത്ത താമസമേ ഉള്ളൂ. അങ്ങേയ്ക്കു കുടിക്കുനീർവീഴ്ത്തീട്ടു വേണം എനിക്കും ഉണ്ണാൻ" എന്നു പറഞ്ഞു. അതു കേട്ടു ഭട്ടതിരി തന്റെ കൗശലം ഫലിച്ചുവല്ലോ എന്നു വിചാരിച്ചു ഉള്ളുകൊണ്ട് ചിരിച്ച് "ഇപ്പോളെങ്കിലും നല്ല ബുദ്ധിയുണ്ടായല്ലോ. ഭാഗ്യം തന്നെ. ഇവിടെ മറ്റേതിന്റെ കാലമായില്ലെന്നാണ് തോന്നുന്നത്. ഇനി എനിക്കു കോപവും ദ്വേഷ്യവുമൊന്നുമില്ല. അതൊക്കെത്തീർന്നിരിക്കുന്നു. ഞാൻ ക്ഷണത്തിൽ കുളിച്ചുവന്നേയ്ക്കാം. എന്റെ ഒരു കുളിയും തേവാരവുമൊക്കെ രാവിലെ കഴിഞ്ഞിരിക്കുന്നു. വഴി ശുദ്ധമായതുകൊണ്ടു ഒന്നു കുളിക്കണമെന്നേ ഉള്ളൂ. രണ്ടാം കുളിക്കു താമസത്തിനു വകയില്ലല്ലോ. ഇപ്പോൾ വന്നേയ്ക്കാം" എന്നു പറഞ്ഞു പോയി ക്ഷണത്തിൽ കുളി കഴിച്ചുവന്നു. ഭട്ടതിരി കുളിച്ചുവന്നപ്പോഴേയ്ക്കും ഇലയും പലകയും വെച്ച് എല്ലാം തയ്യാറാക്കിയിരിക്കുന്നു. ഗൃഹസ്ഥൻ തന്നെ സാദരം വിളമ്പിക്കൊടുത്തു. ഭട്ടതിരി സുഖമായി ഊണു കഴിക്കുകയും ചെയ്തു. ഊണു കഴിഞ്ഞു കൈ കഴുകിക്കഴിഞ്ഞയുടനെ ഭട്ടതിരിയെ ഗൃഹസ്ഥൻനമ്പൂരി പുറന്തളത്തിൽ കൊണ്ടുപോയി ഒരു പായയും തലയിണയും മുറുക്കാനുള്ള സാധനങ്ങളും കൊണ്ടുചെന്നു കൊടുക്കുകയും "ഇനി ഇവിടെ ഇരിക്കുകയോ കിടക്കുകയോ മുറുക്കുകയോ ഒക്കെയാവാം. ഞാനും പോയി ഊണു കഴിച്ചുവരാം" എന്നു പറയുകയും ചെയ്തിട്ട് ഉണ്ണാൻ പോയി.

ഗൃഹസ്ഥൻ നമ്പൂരി ഊണുകഴിച്ചു ഭട്ടതിരിയുടെ അടുക്കലെത്തിയപ്പോഴേയ്ക്കും അവിടെ ദിവ്യനായിട്ട് ഒരാൾ വന്നിരിക്കുന്നു എന്നു കേട്ടു വേറെയും പലർ വന്നു കൂടി. അപ്പോൾ ഗൃഹസ്ഥൻനമ്പൂരി ഭട്ടതിരിയോട് "ഇപ്പോൾ ഒക്കെ സാമാധാനമായല്ലോ ഇനി വർത്തമാനമൊക്കെ പറയുക. ഇല്ലം എവിടെയാണ്? ഇല്ലപ്പേരെന്താണ്? നാലഞ്ചു ദിവസം മുമ്പ് ഒരില്ലത്തു ഒരു കടുംകൈ പ്രയോഗിച്ചതായിപ്പറഞ്ഞുവല്ലോ അതെന്താണ്? ഇതൊക്കെ അറിഞ്ഞാൽ കൊള്ളാമെന്നുണ്ട്" എന്നു പറഞ്ഞു. ഉടനെ ഭട്ടതിരി "എന്റെ ഇല്ലം കുറച്ചു തെക്കാണ്. ഇല്ലപ്പേരു 'നട്ടുവിലേപ്പാട്ട്' എന്നാണ് സാധാരണയായി പറഞ്ഞു വരുന്നത്. ഞാൻ പ്രയോഗിച്ച കടുംകൈയിനെക്കുറിച്ചു ചോദിക്കേണ്ട. അതു കേൾക്കാതെയിരിക്കുകയാണു നല്ലത്. കേട്ടാൽ നിങ്ങളെല്ലാവരും മൂക്കത്തു കൈവിരൽ വെച്ചുപോകും. അതുകൊണ്ട് അതു പറയാൻ നിർബന്ധിക്കരുത്" എന്നു പറഞ്ഞു. അതു കേട്ട് എല്ലാവരും "അവിടുന്ന് അങ്ങനെ പറയുന്നത് സങ്കടമാണ്. അതു കേട്ടാൽ ക്കൊള്ളാമെന്ന് ഞങ്ങൾക്കൊക്കെ വളരെ ആഗ്രഹമുണ്ട്. അതു കൊണ്ട് അതു നിശ്ചയമായിപ്പറയണമെന്നു ഞങ്ങളെല്ലാവരും നിർബന്ധപൂർവം അപേക്ഷിച്ചുകൊള്ളുന്നു" എന്നു പറഞ്ഞു. ഉടനെ ഭട്ടതിരി "അത്ര നിർബന്ധമാണെങ്കിൽപ്പറയാം. കേട്ടോളൂ. ഞാൻ ആ ഇല്ലത്തു ചെന്നിട്ട് ആദ്യം ഇവിടെപ്പറഞ്ഞതുപോലെയൊക്കെ വളരെ പ്പറഞ്ഞുനോക്കി. ഒടുക്കം അവിടെ പച്ചവെള്ളം പോലും കിട്ടുകയില്ലെന്നു തീർച്ചയായപ്പോൾ ഞാനെന്റെ രണ്ടാം മുണ്ടും കുടയുമെടുത്തു പടിക്കലിറങ്ങി എന്റെ വഴിക്കങ്ങു പോയി. അതാണ ഒടുക്കം പ്രയോഗിച്ച കടുംകൈ. അതു തന്നെയാണ് ഞാനിവിടെയും പ്രയോഗിക്കാൻ ഭാവിച്ചതു്. അല്ലാതെ ഞാനെന്തു ചെയ്യും? ഞാനും നിങ്ങളെപ്പോലെ ഒരു മനുഷ്യനാണല്ലോ" എന്നു പറഞ്ഞു ഇതു കേട്ടു നമ്പൂരിയെ നോക്കി എല്ലാവരും ചിരിച്ചു. തനിക്കു പറ്റിയ വിഡ്ഢിത്തം വിചാരിച്ചു ഗൃഹസ്ഥൻ നമ്പൂരി സാമാന്യത്തിലധികം ഇളിഭ്യനായി. ഭട്ടതിരി അവിടെ നിന്നിറങ്ങിപ്പോവുകയും ചെയ്തു.

# ആറന്മുള ദേവനും മങ്ങാട്ടു ഭട്ടതിരിയും



ഇപ്പോൾ കുമാരനല്ലൂർ ഗ്രാമക്കാരനായിരിക്കുന്ന മങ്ങാട്ടു ഭട്ടതിരിയുടെ ഇല്ലം പണ്ട് ചെങ്ങന്നൂർത്താലൂക്കിലുൾപ്പെട്ട "കാട്ടൂർ" ദേശത്തായിരുന്നു. അക്കാലത്ത് ആ ഇല്ലക്കാർ ധനപുഷ്ടികൊണ്ടും ദാനധർമ്മാദി കൊണ്ടും ഈശ്വരഭക്തികൊണ്ടും പ്രബലന്മാരും പ്രസിദ്ധന്മാരുമായിരുന്നു. ആ ഇല്ലത്തു തിരുവോണംതോറും മഹാവിഷ്ണുവിനെ പൂജിച്ചു നിവൃത്തിയുള്ളിടത്തോളം ബ്രഹ്മചാരികളായിട്ടുള്ള ബ്രാഹ്മണബാലന്മാരെ കാൽ കഴുകിച്ചൂട്ടുക പതിവായിരുന്നു. അങ്ങനെയിരുന്നപ്പോൾ ഒരു ചിങ്ങമാസത്തിൽ തിരുവോണത്തിനു കാൽ കഴുകിച്ചൂട്ടാൻ ബ്രഹ്മചാരികളെ ആരെയും കിട്ടിയില്ല. അവിടെ അടുക്കലൊക്കെ ബ്രാഹ്മണഗൃഹങ്ങൾ ധാരാളമുണ്ടായിരുന്നതിനാൽ തിരുവോണം തോറും ഉണ്ണാൻ പത്തും പന്ത്രണ്ടും ചിലപ്പോൾ അതിലധികവും ബ്രഹ്മചാരികൾ ഇവിടെ വരിക പതിവായിരുന്നു. ബ്രഹ്മചാരികൾ പതിവായി വരാറുള്ള സമയം കഴിഞ്ഞിട്ടും ആരെയും കാണാഞ്ഞിട്ടു ഗൃഹസ്ഥനായ മൂത്ത ഭട്ടതിരി ഏറ്റവും വിഷണ്ണനായിത്തീർന്നു. ഉടനെ അദ്ദേഹം അടുക്കലുള്ള ഇല്ലങ്ങളിലെല്ലാം ചെന്നന്വേഷിച്ചിട്ടും ഒരു ബ്രഹ്മചാരിയെപോലും കിട്ടിയില്ല. എല്ലാവരും ദൂരസ്ഥലങ്ങളിലേക്കു പൊയ്പ്പോയിരുന്നു. തിരുവോണമൂട്ടു മുട്ടുമെന്നുതന്നെ ഏകദേശം തീർച്ചയാക്കിയതിനാൽ ഭട്ടതിരിക്കു മനസ്താപം ദുസ്സഹമായിത്തീർന്നു. വിഷ്ണുഭക്തശിരോമണിയും ശുദ്ധമാനസനും അത്യന്തം കൃത്യനിഷ്ഠയുള്ള ആളുമായ മൂത്ത ഭട്ടതിരി ദുഃഖം സഹിക്കവയ്യാതെയായി മഹാവിഷ്ണുവിനെത്തന്നെ മനസ്സിൽ സ്മരിച്ചുകൊണ്ട് ഇല്ലത്തിന്റെ പുറന്തിണ്ണയിൽ കമഴ്ന്നടിച്ചുകിടന്നു കരഞ്ഞുതുടങ്ങി.

അങ്ങനെ കുറച്ചു സമയം കഴിഞ്ഞപ്പോൾ മുറ്റത്തു നിന്നുകൊണ്ട് ഒരാൾ "ഞാനൊരു വഴിപ്പോക്കനാണ്. ഇന്ന് ഊണു കഴിച്ചിട്ടില്ല. കുളിച്ചു വന്നാൽ ഇവിടെ ഊണു കഴിച്ചു പോകുവാൻ തരമാകുമോ?" എന്നു ചോദിക്കുന്നതു കേട്ടു ഭട്ടതിരി തലപൊക്കി നോക്കിയപ്പോൾ കണ്ടതു്, ഒരു ബ്രഹ്മചാരിയെത്തന്നെയായിരുന്നു. ഉടനെ ഭട്ടതിരി സീമാതീതമായ സന്തോഷത്തോടുകൂടി എണീറ്റ് "ഹേ! വളരെ വളരെ സന്തോഷമായി. ഇവിടെയിന്നു തിരുവോണത്തിനു കാൽ കഴുകിച്ചൂട്ടാൻ ഒരു ബ്രഹ്മചാരിയെ കിട്ടാഞ്ഞിട്ടു ഞാൻ വിഷാദിച്ചു കിടക്കുകയായിരുന്നു. ഉണ്ണിയെ ഇപ്പോൾ ഇവിടേക്കു പറഞ്ഞയച്ചതു സാക്ഷാൽ മഹാവിഷ്ണു തന്നെയാണ്. അഥവാ മഹാവിഷ്ണു ഭഗവാൻ തന്നെ എന്റെ സങ്കടമറിഞ്ഞു സദയം ഉണ്ണിയുടെ വേഷം ധരിച്ച് ഇവിടെ വന്നിരിക്കുകയല്ലയോ എന്നുകൂടി ഞാൻ സംശയിക്കുന്നു. ഏതെങ്കിലും ഇതൊരു മഹാഭാഗ്യമായി. ഇവിടെ ഊണിനെല്ലാം കാലമായിട്ടുണ്ട്. ഉണ്ണി കുളിച്ചുവരാത്ത താമസമേ ഉള്ളൂ. എന്നാൽ വെറും കുളിയായാൽ പ്പോരാ; തേച്ചുകുളിക്കണം; അങ്ങനെയാണ് ഇവിടെ പതിവ്" എന്നു പറഞ്ഞ് എണ്ണ, ഇഞ്ചി മുതലായവയെലാം ക്ഷണത്തിൽ എടുത്തുകൊണ്ടുചെന്നു കൊടുത്തു. ബ്രഹ്മചാരി സസന്തോഷം അവയെല്ലാം വാങ്ങിക്കൊണ്ടു പുഴക്കടവിൽപ്പോയി ക്ഷണത്തിൽ തേച്ചുകുളി കഴിച്ചു വരികയും ഭട്ടതിരി ആ ഉണ്ണിയെ മുറയ്ക്ക് കാലു കഴുകിച്ച് ഊട്ടുകയും പതിവിലിരട്ടി രണ്ടു പണം ദക്ഷിണ ചെയ്യുകയും ചെയ്തു. ഊണിന്റെ വട്ടം വളരെ കേമമായിരുന്നു. എല്ലാ തിരുവോണത്തിനും അവിടെ ഊണു ചതുർവ്വിധ വിഭവങ്ങളോടുകൂടിയാണ് പതിവ്. അന്നു വിശേഷിച്ച് ചിങ്ങമാസത്തിൽ തിരുവോണമായിരുന്നതിനാൽ ഭക്ഷണത്തിന്റെ വട്ടം കെങ്കേമമാക്കിയിരുന്നു.

ഊണു കഴിഞ്ഞപ്പോൾ ബ്രഹ്മചാരി "ഹേ മൂസ്സ് ഭക്ഷണം വളരെക്കേമവും സുഖവുമായി. ഞാൻ ഭംഗി പറയുകയാണെന്നു വിചാരിക്കരുത്. വാസ്തവമാണു ഞാൻ പറയുന്നത്. ഇത്രയൊന്നും ഞാൻ വിചാരിച്ചിരുന്നില്ല. എന്നാൽ ഊണു സുഖമായതു് വിഭവങ്ങളുടെ ധാരാളിത്വവും പാചക ഗുണവും കൊണ്ടു മാത്രമല്ല, നിങ്ങളുടെ മനോഗുണം കൊണ്ടു കൂടിയാണ്. വെളുത്ത ചോറും കറുത്ത മുഖവുമായിരുന്നാൽ ഊണു സുഖവുമാവുകയില്ല. വലിയ വട്ടമൊന്നുമില്ലെങ്കിലും ഉള്ളതു മനസ്സോടും സന്തോഷത്തോടുകൂടി കൊടുത്താൽ ഉണ്ണുന്നവർക്കു തൃപ്തിയാകും. ഇപ്രകാരം തിരുവോണമൂട്ടിക്കൊണ്ടിരിക്കുന്ന നിങ്ങളുടെ കുടുംബത്തിൽ ഒരു കാലത്തും സന്തതിയില്ലാതെ വരികയില്ല. എന്നാൽ ഇനി പിന്നെക്കാണാം. എനിക്കു പല ബദ്ധപ്പാടുകളുള്ളതുകൊണ്ടു താമസിക്കാൻ നിവൃത്തിയില്ല" എന്നു പറഞ്ഞു യാത്രയായപ്പോൾ മൂത്ത ഭട്ടതിരി "വർത്തമാനമൊന്നും പറഞ്ഞില്ലല്ലോ. ഉണ്ണി എവിടെയുള്ള ഏതില്ലത്തേതാണെന്നു തന്നെ എനിക്കു മനസ്സിലായില്ല. നിവൃത്തിയുണ്ടെങ്കിൽ എല്ലാ തിരുവോണത്തിനും ഇവിടെ വന്നാൽ കൊള്ളാം" എന്നു പറഞ്ഞു. അതു കേട്ടു ബ്രഹ്മചാരി "വർത്തമാനമൊക്കെ താമസിയാതെ അറിയിച്ചു കൊള്ളാം. ഇപ്പോൾ എനിക്കു താമസിക്കാൻ നിവൃത്തിയില്ല. എല്ലാ തിരുവോണത്തിനും ഇവിടെ വരുന്ന കാര്യം അസാധ്യമാണ്. എങ്കിലും ചിങ്ങമാസത്തിൽ തിരുവോണത്തിന് ഇനി ആണ്ടുതോറും ഭട്ടതിരിയുടെ അന്നം തന്നെ ഭക്ഷിക്കണമെന്നാണ് എന്റെ ആഗ്രഹം. എന്നാൽ പിന്നെക്കാണാം" എന്നു പറഞ്ഞു പുഴക്കടവിൽച്ചെന്നു തടിക്കച്ചവടക്കാർ പുഴയിൽ കൂടി കൊണ്ടുപൊയ്ക്കൊണ്ടിരുന്ന ഒരു തടിച്ചങ്ങാടത്തിൽ കയറി അവിടെനിന്നു പോയി.

അടുത്ത കൊല്ലം ചിങ്ങമാസത്തിൽ തിരുവോണത്തിന് ഏതാനും ദിവസങ്ങൾക്കും മുമ്പ് ഒരു ദിവസം രാത്രിയിൽ മങ്ങാട്ടു മൂത്ത ഭട്ടതിരി കിടന്നുറങ്ങിയപ്പോൾ ഒരു സ്വപ്നം കണ്ടു. മുൻകൊല്ലം ചിങ്ങമാസത്തിൽ തിരുവോണ ദിവസം ഇല്ലത്തു വന്ന് ഊണുകഴിച്ചുപോയ ബ്രഹ്മചാരി തന്റെ അടുക്കൽ വന്ന് "അടുത്ത ചിങ്ങമാസത്തിൽ തിരുവോണത്തിന് ഉണ്ണാൻ ഇല്ലത്തു വരാൻ എനിക്കു നിവൃത്തിയില്ല. അതിനാൽ ഇന്ന് എനിക്ക് ഭക്ഷണത്തിനു വേണ്ടുന്നതെല്ലാം ഞാനിരിക്കുന്ന സ്ഥലത്തു കൊണ്ടു വരണം. ആ ഒരു ദിവസം ഞാൻ ഭട്ടതിരിയുടെ അന്നമല്ലാതെ ഭക്ഷിക്കുകയില്ലെന്നു പറഞ്ഞിട്ടുണ്ടല്ലോ. ഞാനിപ്പോൾ താമസിക്കുന്നത് ആറന്മുള ക്ഷേത്രത്തിലാണ്. അതിനാൽ ആ ക്ഷേത്രത്തിൽ ഒരു ദിവസത്തെ പൂജ മുതലായവയ്ക്കു വേണ്ടുന്ന സകല സാധനങ്ങളും ഭട്ടതിരി അവിടെ കൊണ്ടുവന്നു സകലകാര്യങ്ങളും വീഴ്ച കൂടാതെ നടത്തിക്കൊള്ളണം" എന്നു പറഞ്ഞു എന്നായിരുന്നു സ്വപ്നം. ഉടനെ ഭട്ടതിരി ഉണർന്നു കണ്ണു തുറന്നുനോക്കിയപ്പോൾ അവിടെയെങ്ങും ആരെയും കണ്ടില്ല.

അടുത്ത ദിവസം തന്നെ ഭട്ടതിരി അതിസമർത്ഥനായ ഒരു പ്രശ്നക്കാരനെ വരുത്തി പ്രശ്നംവെയ്പ്പിച്ചുനോക്കിയപ്പോൾ കഴിഞ്ഞ കൊല്ലം ചിങ്ങമാസത്തിൽ തിരുവോണ ദിവസം ബ്രഹ്മചാരിയുടെ വേഷത്തിൽ ഇല്ലത്ത് വന്നു ഊണു കഴിച്ചു പോയതും സ്വപ്നത്തിൽ കാണപ്പെട്ടതും ആറന്മുളദേവൻ തന്നെയാണെന്നും ഭഗവാൻ അരുളിച്ചെയ്ത പ്രകാരമെല്ലാം ചെയ്തില്ലെങ്കിൽ ദേവന്റെ കോപവും ചെയ്താൽ മേൽക്കുമേൽ ശ്രേയസ്സുമുണ്ടാകുമെന്നും പ്രശ്നക്കാരൻ വിധിച്ചു. അതിനാൽ ഭട്ടതിരി ഭഗവാനരുളിച്ചെയ്തപ്രകാരം നടത്തുന്നതിനു വേണ്ടതെല്ലാമൊരുക്കിത്തുടങ്ങി.

ഇപ്രകാരമുള്ള കാര്യങ്ങൾ നടത്തുന്നതിനു മങ്ങാട്ടു ഭട്ടതിരിക്കു യാതൊരു പ്രയാസവുമുണ്ടായിരുന്നില്ല. ചെങ്ങന്നൂർ താലൂക്കിലുൾപ്പെട്ട കാട്ടൂർ, അയിരൂർ എന്നീ രണ്ടു ദേശങ്ങളിലുള്ള സ്ഥാവരവസ്തുക്കളെല്ലാം അക്കാലത്തു ഭട്ടതിരിയുടെ വകയും ജനങ്ങളെല്ലാം ഭട്ടതിരിയുടെ കൊഴുവ(കുടിയാന്മാ)രുമായിരുന്നു. ആ രണ്ടു കരകളിലും ഭട്ടതിരിക്കു നെല്പ്പുരകളും മാങ്ങളുമുണ്ടായിരുന്നു. ചിങ്ങമാസത്തിൽ ഉത്രാടത്തുനാൾ ഭട്ടതിരി കാട്ടൂർ മഠത്തിൽ ച്ചെന്നിരിക്കുകയും കുടിയാന്മാരെല്ലാവരും ഓണക്കാഴ്ചയായി നേന്ത്രക്കുല, ചേന, മത്തങ്ങ മുതലായ സാധനങ്ങൾ അവിടെ ക്കൊണ്ടുചെന്നു കൊടുക്കുകയും കുടിയാന്മാർക്കു ഓണച്ചെലവു വകയ്ക്കുള്ള നെല്ലു ഭട്ടതിരി നെല്പ്പുരയിൽനിന്നു യഥായോഗ്യം കൊടുപ്പിക്കുകയും പതിവായിരുന്നു.

ആറന്മുളദേവനു ചിങ്ങമാസത്തിൽ തിരുവോണത്തുന്നാൾ നിവേദ്യത്തിന് അമ്പുപറ അരിയാണ് പതിവ്. ആ ദിവസം ഉണ്ണാനായി ക്ഷേത്ര സന്നിധിയിൽ ചെല്ലുന്നവർക്കെല്ലാം ഭക്ഷണം കൊടുക്കണമെന്നാണ് ചട്ടം. അതിനു നിവേദ്യച്ചോറുതന്നെയാണ് പതിവ്. സാമാന്യം പോലെ ഒരു ഊണിന്റെ വട്ടങ്ങളുമുണ്ടായിരിക്കണം. ഈ വകയ്ക്ക് വേണ്ടുന്നവയെല്ലാം ഭട്ടതിരി കുടിയാന്മാർ മുഖാന്തരം ഉത്രാടത്തുന്നാൾ ഉച്ചയ്ക്ക് മുമ്പായി കാട്ടൂർ മഠത്തിൽ വരുത്തി ശേഖരിച്ചു. ഓണക്കാഴ്ച വക സാമാനങ്ങൾ ധാരാളമായി വന്നിട്ടുണ്ടായിരുന്നതിനാൽ കറിക്കോപ്പുകളൊന്നും വേറെ അന്വേഷിക്കേണ്ടതായിട്ടുണ്ടായിരുന്നില്ല.

ഉത്രാടത്തുന്നാൾ രാത്രിയിൽ ക്ഷേത്രത്തിലെ ഊരാളന്മാർ മുതലായവർക്കും ഒരു സ്വപ്നമുണ്ടായി. അത്, "നാളെ ക്ഷേത്രത്തിൽ പൂജ മുതലായവയ്ക്കു വേണ്ടുന്നതെല്ലാം മങ്ങാട്ടു ഭട്ടതിരി ഇവിടെക്കൊണ്ടുവന്നു സകല കാര്യങ്ങളും അദ്ദേഹം നടത്തിക്കൊള്ളും നാളെ ക്ഷേത്ര കാര്യങ്ങളെല്ലാം അദ്ദേഹത്തിന്റെ ആജ്ഞപ്രകാരം നടത്തികൊള്ളണം" എന്നായിരുന്നു.

ഉത്രാടത്തുന്നാൾ അത്താഴം കഴിഞ്ഞു മങ്ങാട്ടു ഭട്ടതിരി നിവേദ്യത്തിനുള്ള അമ്പുപറ ഉണക്കലരിയും കറിക്കോപ്പുകളും വിറകു മുതലായ വയുമെല്ലാം വള്ളങ്ങളിലാക്കികൊണ്ടും ഭട്ടതിരിയും ഭൃത്യന്മാരുമെല്ലാം വള്ളങ്ങളിൽ ക്കയറി, വഞ്ചിപ്പാട്ടും ആർപ്പുവിളിയും വാദ്യഘോഷങ്ങളും പൊടിപൊടിച്ചുകൊണ്ടും കാട്ടൂർമാക്കടവിൽനിന്നു പുറപ്പെട്ടു, വെളുപ്പാൻ കാലത്ത് ഏഴര നാഴിക വെളുപ്പാനുള്ളപ്പോൾ ആറന്മുള അമ്പലക്കടവിലെത്തുകയും ഉടനെ ഭൃത്യന്മാർ മുതലായവർ കുളിച്ചു സാമാനങ്ങളെല്ലാമെടുത്ത് അമ്പലത്തിലേക്കു കൊണ്ടുപോകുകയും ഭട്ടതിരി കുളിച്ച് തറ്റുടുത്ത് അമ്പലത്തിലെത്തുകയും ചെയ്തു. പിന്നെ ക്ഷേത്രത്തിൽ പള്ളിയുണർത്തുക മുതലായ സകല കാര്യങ്ങളും ഭട്ടതിരിയുടെ അനുവാദ പ്രകാരം നടത്തപ്പെട്ടു. അന്ന് അത്താഴശ്ശീവേലി വരെയുള്ള സകല കാര്യങ്ങളും മുറയ്ക്കു നടത്തിയതിന്റെ ശേഷം ഭട്ടതിരി സപരിവാരം കാട്ടൂരേക്കു മടങ്ങിപ്പോരികയും ഇപ്രകാരം അദ്ദേഹം ആണ്ടുതോറും ശരിയായി നടത്തിക്കൊണ്ടിരിക്കുകയും അതവിടെ ഒരു പതിവായിത്തീരുകയും ഭട്ടതിരിക്കു ശ്രേയസ്സു ക്രമേണ വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്തു.

അക്കാലത്ത് കാട്ടൂർ, അയിരൂർ മുതലായ പ്രദേശങ്ങളിൽ മങ്ങാട്ടു ഭട്ടതിരിയുടെ സ്വജനങ്ങളായ നമ്പൂരിമാരുടെ ഇല്ലങ്ങൾ ധാരാളമുണ്ടായിരുന്നു. ആ ഇല്ലക്കാരുടെ മനസ്സ് ഒട്ടും നല്ലതല്ലായിരുന്നു. ഭട്ടതിരിക്കു ഐശ്വര്യവും യശസ്സും പ്രതിദിനം വർദ്ധിച്ചു കൊണ്ടിരിക്കുന്നത് കണ്ടിട്ട് അവർക്കു സഹിക്കവയ്യാതെയുള്ള അസൂയയുണ്ടായി. അതിനാലവർ നിവൃത്തിയുള്ളിടത്തോളം ഓരോ വിധത്തിൽ ഭട്ടതിരിയെ ഉപദ്രവിച്ചു തുടങ്ങി. അതു ഭക്തവത്സലനായ ആറന്മുളയപ്പന് ഒട്ടും രസിച്ചില്ല. അതിനാൽ ഭഗവാന്റെ കോപം ആ ഇല്ലക്കാരുടെ മേൽ കലശലായിട്ടുണ്ടായി. അതുനിമിത്തം ആ ഇല്ലക്കാർ ക്രമേണ നശിച്ചു നശിച്ച് ഒടുക്കം നാമാവശേഷന്മാരായിത്തീർന്നു. അതും ഒരു വിധത്തിൽ ഭട്ടതിരിക്കു ഉപദ്രവമായിട്ടാണ് തീർന്നതു്. ശ്രാദ്ധാദികൾക്കും മറ്റും സമീപത്തു സ്വജനങ്ങളില്ലാതെയിരുന്നാൽ ജാതിമര്യാദപ്രകാരം കഴിഞ്ഞുകൂടാൻ വളരെ പ്രയാസമായിത്തീരുമല്ലോ.

ദൂരസ്ഥലങ്ങളിൽ നിന്ന് ആളുകളെ വരുത്തി ശ്രാദ്ധാദികളും മറ്റും നടത്തുന്നതിനുള്ള ബുദ്ധിമുട്ടും ചെലവും ക്രമത്തിലധികം വർദ്ധിക്കുകയും ചിലപ്പോൾ ചില അടിയന്തിരങ്ങൾ മുട്ടുകയും ചെയ്തുതുടങ്ങിയപ്പോൾ ഭട്ടതിരിക്കു വളരെ മനസ്താപമുണ്ടായി. ഭട്ടതിരിയും അദ്ദേഹത്തിന്റെ ഇല്ലത്തുള്ളവരെല്ലാവരും ആറന്മുള ദേവനെ തങ്ങളുടെ കുടുംബപരദേവതയായി വിചാരിക്കുകയും ആചരിക്കുകയും ചെയ്തുകൊണ്ടാണിരുന്നത്. ആ ഇല്ലത്തുള്ളവർ കൂടെക്കൂടെ ആറന്മുളപോയി സ്വാമിദർശനം നടത്തുകയും വഴിപാടുകൾ കഴിക്കുകയും ചെയ്തിരുന്നു. ഈ ദേശം വിട്ടു സ്വജനങ്ങളുള്ള ദൂരസ്ഥലങ്ങളിൽപ്പോയി താമസിച്ചാൽപ്പിന്നെ അതിനൊന്നിനും അത്ര എളുപ്പമില്ലല്ലോ എന്നു വിചാരിച്ചും അവർക്കു വളരെ മനസ്താപമുണ്ടായി.

അങ്ങനെയിരിക്കുന്ന കാലത്ത് അന്നത്തെ മൂത്ത ഭട്ടതിരിക്കു ഒരു സ്വപ്നമുണ്ടായി. അദ്ദേഹത്തിന്റെ അടുക്കൽച്ചെന്ന് ഒരാൾ "സ്വജനങ്ങളില്ലാത്ത ഈ ദിക്കിൽ താമസിച്ച് അങ്ങു കഷ്ടപ്പെടണമെന്നില്ല. എന്നെക്കുറിച്ചു വിചാരിച്ചും അങ്ങു വിഷാദിക്കേണ്ടാ. എന്റെ സഹോദരിയായ കാർത്ത്യായനി അധിവസിക്കുന്ന സ്ഥലമായ കുമരനല്ലൂർ പോയി അങ്ങു കുടുംബസഹിതം താമസിച്ചു കൊള്ളണം. അവിടെ സ്വജനങ്ങൾ ധാരാളമുണ്ടല്ലോ. കുടുംബസഹിതം അങ്ങു താമസിക്കുന്ന സ്ഥലത്ത് എന്നെ കുടിയിരുത്തി ഭക്തിപൂർവം പൂജിച്ചുകൊണ്ടാൽ എന്റെ സാന്നിദ്ധ്യം അവിടെ ഉണ്ടായിരിക്കും. ഇവിടെ വരുന്നതിനുപകരം എന്നെ അവിടെ സേവിക്കുകയും വന്ദിക്കുകയും ചെയ്താൽ മതി. അതുകൊണ്ട് ഞാൻ പ്രസാദിക്കുകയും സകലാഭീഷ്ടങ്ങളും സാധിപ്പിക്കുകയും ചെയ്തു കൊള്ളാം. എന്നാൽ ചിങ്ങമാസത്തിൽ തിരുവോണത്തിന് എന്റെ അടുക്കൽ വന്ന് ഇപ്പോൾ നടത്തിപ്പോരുന്നതു പോലെയെല്ലാം എന്നും നടത്തണം. അതു വേണ്ടെന്നു വെയ്ക്കാൻ പാടില്ല. അതിന് ഈ ഇല്ലത്തു നിന്ന് ഒരാൾ വന്നാൽ മതിയല്ലോ" എന്നു പറഞ്ഞു എന്നായിരുന്നു സ്വപ്നം. ആ മൂത്ത ഭട്ടതിരിയും കണ്ണു തുറന്നു നോക്കിയപ്പോൾ അവിടെയെങ്ങും ആരെയും കണ്ടില്ല. അതിനാലദ്ദേഹം അടുത്ത ദിവസംതന്നെ ഒരു പ്രശ്നക്കാരനെ വരുത്തി പ്രശ്നം വെയ്പ്പിച്ചു നോക്കുകയും സ്വപ്നം കാണിച്ചതു് ആറന്മുളയപ്പൻ തന്നെയാണെന്നു പ്രശ്നക്കാരൻ വിധിക്കുകയും ചെയ്തു.

അനന്തരം മങ്ങാട്ടു ഭട്ടതിരി കുമാരനല്ലൂർദേശത്തു വന്ന് തനിക്ക് ഇല്ലം പണിയിച്ച് പാർക്കുന്നതിന് ഒരു പുരയിടം വാങ്ങി കൈവശപ്പെടുത്തിയതിന്റെ ശേഷം വീണ്ടും കാട്ടൂരേക്കു പോയി. അവിടെച്ചെന്ന് അദ്ദേഹത്തിന് കാട്ടൂർ, അയിരൂർ എന്നീ ദേശങ്ങളിലുണ്ടായിരുന്ന സകല സ്ഥാവരവസ്തുക്കളും ആറന്മുള ദേവസ്വത്തിലേക്ക് എഴുതിക്കൊടുക്കുകയും ഈ വസ്തുക്കളിൽ നിന്നുള്ള ആദായം കൊണ്ട് താൻ ചിങ്ങമാസത്തിൽ തിരുവോണ ദിവസം ക്ഷേത്രത്തിൽ നടത്തിവരുന്ന അടിയന്തിരങ്ങളും ദേവസ്വക്കാർ വട്ടംകൂട്ടി നടത്തിക്കൊള്ളണമെന്നും താൻ ഉത്രാടത്തുന്നാൾ കാട്ടൂർ മഠത്തിലെത്തുമെന്നും അപ്പോഴേക്കും പതിവു പോലെ സകലസാധനങ്ങളും അവിടെ ശേഖരിച്ചിരിക്കണമെന്നും അടിയന്തിരം കഴിച്ചു ബാക്കിവരുന്ന പണം കണക്കുതീർത്തു തനിക്കു തരണമെന്നും പറഞ്ഞു ചട്ടംകെട്ടീട്ട് ഇല്ലം പൊളിപ്പിച്ചു വള്ളങ്ങളിലാക്കി കൊണ്ട് അദ്ദേഹം കുടുംബസഹിതം കുമാരനല്ലൂർക്കു പോന്നു.

കുമാരനല്ലൂരെത്തി അദ്ദേഹം സ്വജനങ്ങളിലൊരാളുടെ ഇല്ലത്തു കുടുംബസഹിതം താമസിച്ചുകൊണ്ടു താൻ വാങ്ങിയിരുന്ന പുരയിടത്തിൽ ഇല്ലം പണി കഴിപ്പിച്ച് പുണ്യാഹം, പാലുകാച്ചു മുതലായവ നടത്തി സുമുഹൂർത്തത്തിൽ കുടുംബസഹിതം അവിടെത്താമസവും തുടങ്ങി. ചെങ്ങന്നൂർ താലൂക്കിൽച്ചേർന്ന കാട്ടൂർ ദേശത്തു താമസിച്ചിരുന്ന മങ്ങാട്ടു ഭട്ടതിരി കുടുംബസഹിതം കുമാരനല്ലൂർദേശത്തു വന്നു താമസമായതു് ഇങ്ങനെയാണ്.

മങ്ങാട്ടു ഭട്ടതിരി കുമാരനല്ലൂർദേശത്തു വന്നു താമസമായതിന്റെ ശേഷം, പാർത്ഥസാരഥിയായ ആറന്മുളദേവന്റെ ഒരു വിഗ്രഹമുണ്ടാക്കിച്ച് യഥാവിധി ഇല്ലത്തു കുടിയിരുത്തി ഭക്തിപൂർവ്വം പൂജിച്ച് സേവിച്ചു തുടങ്ങി. അങ്ങനെ ഇപ്പോഴും ചെയ്തുവരുന്നുമുണ്ട്. ആറന്മുളദ്ദേവന്റെ സാന്നിദ്ധ്യം വേണ്ടതുപോലെ ഇവിടെ ഉണ്ടായിട്ടുണ്ടെന്നതിലേക്ക് അനേകം ദൃഷ്ടാന്തങ്ങൾ കണ്ടിട്ടുണ്ടെന്നല്ല, ഇപ്പോഴും കണ്ടുകൊണ്ടുമാണിരിക്കുന്നത്. ചിലർ ചില കാര്യങ്ങൾക്കായി ആറന്മുളദേവനു പന്തിരുനാഴി, ചതുശ്ശതം മുതലായ ചില വഴിപാടുകൾ പ്രാർത്ഥിച്ചിട്ട് അവിടെച്ചെന്നു നടത്താൻ പ്രയാസമായിത്തീരുകയാൽ അവ മങ്ങാട്ടു ഭട്ടതിരിയുടെ ഇല്ലത്തുവെച്ചു നടത്താറുണ്ട്. എന്നാൽ പിന്നീടു പ്രശ്നം വെയ്പ്പിച്ചു നോക്കിയാൽ ഇതുകൊണ്ട് ആറന്മുളദ്ദേവനു തൃപ്തിയായി എന്നല്ലാതെ ഒരിക്കലും കാണാറില്ല.

ഊരാളന്മാരുടെ വകയായിരുന്ന ആറന്മുളക്ഷേത്രം, തിരുവിതാംകൂർ സർക്കാർ വകയായതിന്റെ ശേഷവും അവിടെ മങ്ങാട്ടു ഭട്ടതിരിയുടെ പതിവുകൾക്കൊന്നിനും യാതൊരു ഭേദഗതിയും വന്നിട്ടില്ല. ഇപ്പോഴും അവയെല്ലാം ശരിയായിത്തന്നെ നടന്നു പോരുന്നുണ്ട്. ഇപ്പോഴും ഭട്ടതിരി ചിങ്ങമാസത്തിലുത്രാടത്തുന്നാൾ കാട്ടൂർ മഠത്തിലെത്തുമ്പോഴേക്കും ആറന്മുളയ്ക്കു കൊണ്ടുപോകാനുള്ള ഉണക്കലരി മുതലായ സകല സാധനങ്ങളും ദേവസ്വക്കാർ അവിടെ ശേഖരിച്ചുവെച്ചിരിക്കും. കുടിയന്മാരെല്ലാവരും ഭട്ടതിരിക്കു ഓണക്കാഴ്ച കൊണ്ടുവന്നു കൊടുക്കുകയും ചെയ്യും. ഓണക്കാഴ്ചയായി വരുന്ന നേന്ത്രക്കുല മുതലായ സാധനങ്ങളിൽ മൂന്നിൽ രണ്ടു ഭാഗം ആറന്മുളയ്ക്കു കൊണ്ടുപോവുകയും ഒരു ഭാഗം ഭട്ടതിരി ഇല്ലത്തേക്കു കൊണ്ടു പോരികയുമാണ് പതിവ്.

കാട്ടൂർ മഠത്തിൽനിന്ന് അത്താഴം കഴിഞ്ഞു് പൂജ മുതലായവയ്ക്കുള്ള സാധനങ്ങളും വള്ളത്തിലാക്കികൊണ്ടു ഭട്ടതിരിയും ദേവസ്വക്കാർ മുതലായവരും വള്ളങ്ങളിൽക്കയറി വാദ്യഘോഷങ്ങൾ, വഞ്ചിപ്പാട്ടുകൾ മുതലായവയോടുകൂടിപ്പോവുകയും വെളുപ്പാൻ കാലത്ത് ആറന്മുളക്ഷേത്രക്കടവിലെത്തുകയും ഉടനെ ഭട്ടതിരി കുളിച്ചു തറ്റുടുത്തു ക്ഷേത്രത്തിലെത്തുകയും ഭട്ടതിരിയുടെ അനുവാദത്തോടുകൂടി ക്ഷേത്രകാര്യങ്ങളെല്ലാം നടത്തുകയും മറ്റും ഇപ്പോഴും യഥാപൂർവ്വം നടന്നുവരുന്നുണ്ട്. ഭട്ടതിരി ദേവസ്വത്തിലേക്കു കൊടുത്തിട്ടുള്ള വസ്തുക്കളിലെ ആദായത്തിൽ ചെലവു കഴിച്ചു ബാക്കി വരുന്ന പണം കണക്കുതീർത്തു ദേവസ്വക്കാർ ഭട്ടതിരിക്കു കൊടുത്തുവന്നിരുന്നതുപോലെ ഇപ്പോഴും കൊടുക്കുന്നുണ്ട്. എന്നാൽ ആ വക പണം അവർ കൊണ്ടു പോകാറില്ല ദേവന്റെ ഭണ്ഡാരത്തിലിട്ടു തൊഴുതു പോരികയാണ് പതിവ്. അങ്ങനെ തന്നെ ഇപ്പോഴും ചെയ്തുപോരുന്നു.

മങ്ങാട്ടു ഭട്ടതിരിയുടെ ഇല്ലത്തുള്ളവർക്ക് ചിങ്ങമാസത്തിൽ തിരുവോണത്തിന് ആറന്മുളയ്ക്കു പോകാൻ നിവൃത്തിയില്ലാത്ത വിധത്തിൽ എന്തെങ്കിലും പ്രതിബന്ധം ഒരിക്കലെങ്കിലും നേരിട്ടിട്ടുള്ളതായ കേട്ടുകേൾവിപോലുമില്ല. ആ ഇല്ലത്തുള്ളവരിൽ ആർക്കെങ്കിലും പ്രസവമോ മരണമോ ആസന്നമായിരുന്നാൽ ആറന്മുളയ്ക്കു പോകാനുള്ള ദിവസമാകുമ്പോഴേക്കും അശുദ്ധി കഴിയാൻതക്കവണ്ണം പ്രസവിക്കുകയോ മരിക്കുകയോ ചെയ്യും. അല്ലെങ്കിൽ പോകാനുള്ള ആൾ പോയി വന്നതിനു ശേഷം പ്രസവിക്കുകയോ മരിക്കുകയോ ചെയ്യാറുള്ളൂ. ഇങ്ങനെയൊക്കെയാണ് ഇപ്പോഴും കണ്ടുവരുന്നത്. ആ ഇല്ലത്തു ബാലമരണമോ കുട്ടികൾക്കു പക്ഷിബാധ മുതലായ സുഖക്കേടുകളോ ഒരിക്കലും ഉണ്ടാകാറില്ല. അവിടെ ഇപ്പോഴും ഐശ്വര്യം വർദ്ധിച്ചുകൊണ്ടു തന്നെയാണിരിക്കുന്നത്. ഭഗവൽകൃപകൊണ്ടു മേലാലും അങ്ങനെ തന്നെയിരിക്കട്ടെ.

# 97

## മുണ്ടേമ്പിള്ളി കൃഷ്ണമാരാർ

മുണ്ടേമ്പിള്ളി മാരാരുടെ ഗൃഹം കൊച്ചിരാജ്യത്തു തൃപ്പൂണിത്തുറെയാണ്. എന്നു മാത്രമല്ല, തൃപ്പൂണിത്തുറ ക്ഷേത്രത്തിൽ പതിവായിട്ടുള്ള കൊട്ട്, പാട്ട് മുതലായ അടിയന്തിരങ്ങൾ നടത്താനുള്ള സ്ഥാനവും ആ കുടുംബത്തേക്കായിരുന്നു.



ഇക്കാലത്തു കലവിദ്യയായ ചെണ്ടകൊട്ടും മറ്റും അഭ്യസിക്കുന്നതും ക്ഷേത്രപ്രവൃത്തി നടത്തുന്നതും മാത്രമല്ല, മാരാന്മാരെന്നു പറയുന്നതു തന്നെ വലിയ കുറച്ചിലാണെന്നുള്ള വിചാരം അവരിൽ പലർക്കുമുണ്ടായിട്ടുണ്ട്. അതിനാലവർ ജാതിപ്പേരുമാറ്റി നായർ, പിള്ള, പണിക്കർ ഇത്യാദി നാമങ്ങൾ സ്വീകരിച്ചു തുടങ്ങിയിരിക്കുന്നു. കൊച്ചിരാജ്യത്തുള്ള ഈ ജാതിക്കാർ ആധാരങ്ങളിലും മറ്റും എഴുതുന്നത് മാരാർ എന്നുതന്നെയാണെങ്കിലും അവരോടാരെങ്കിലും ജാതിയെന്താണെന്നു ചോദിച്ചാൽ "അമ്പലവാസി" എന്നാണ് അവർ മറുപടി പറയുന്നത്. എങ്കിലും അമ്പലത്തിലെ പ്രവൃത്തികൾ നടത്താൻ അവരുടെ ദുരഭിമാനം അവരെ അനുവദിക്കുന്നുമില്ല. അമ്പലത്തിലെ വാസമെന്നല്ല, അമ്പലത്തിൽ പോകുന്നതുതന്നെ അപമാനകരമാണെന്നു വിചാരിക്കുന്നവർ അമ്പല വാസികളാവുന്നതെങ്ങനെയാണാവോ? കലവിദ്യയായ ചെണ്ടകൊട്ട്, പാണികൊട്ട് മുതലായവ അഭ്യസിച്ചിട്ടുള്ളവർക്കു ആഭിജാത്യം കുറയും എന്നുള്ള നാട്യവും ഇവരിൽ പലർക്കും കണ്ടുവരുന്നുണ്ട്. ജാതിത്തൊഴിൽ അഭ്യസിക്കാതെയും പാരമ്പര്യമുറയ്ക്കു നടത്തിവന്നിരുന്ന ക്ഷേത്രപ്രവൃത്തികൾ നടത്താതെയുമിരിക്കുക നിമിത്തം പതിവായി കിട്ടിവന്നിരുന്ന ചോറു കിട്ടാതെയും ക്ഷേത്രദർശനത്തിനുപോലും സംഗതിയാകാതെയും കഷ്ടപ്പെട്ട് അലഞ്ഞു നടക്കുന്നവർ ഇവരുടെ കൂട്ടത്തിലിപ്പോൾ ധാരാളമായിരിക്കുന്നു.

എന്നാൽ കൃഷ്ണമാരാർ ഇക്കൂട്ടത്തിലുള്ള ഒരാളല്ലായിരുന്നു. കലവിദ്യ അഭ്യസിക്കുകയും അതു സാമാന്യം പോലെ പ്രവർത്തിക്കാറാവുകയും പ്രവർത്തിക്കുകയും ചെയ്യുന്നതു കുറച്ചിലല്ലെന്നും പ്രത്യുത അതു മാന്യതയാണെന്നുമായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. അതിനാൽ കൃഷ്ണമാരാർ അക്ഷരാഭ്യാസത്തോടുകൂടിത്തന്നെ കലവിദ്യയും അഭ്യസിച്ചു തുടങ്ങുകയും സാമാന്യം പോലെ എഴുതാനും വായിക്കാനും പഠിച്ചു കഴിഞ്ഞപ്പോഴേക്കും ചെണ്ട, തിമില, മദ്ദളം എടയ്ക്ക മുതലായവ കൊട്ടാനും സോപാനത്തിങ്കൽ സാധാരണമായി പാടാറുള്ള കീർത്തനങ്ങൾ, അഷ്ടപദി മുതലായവ പാടാനും ശീലമാക്കി. കൃഷ്ണമാരാർ ചെണ്ട കൊട്ട് മുതലായവ അഭ്യസിച്ചതു് അദ്ദേഹത്തിന്റെ മാതുലന്മാരുടെ അടുക്കൽത്തന്നെ ആയിരുന്നു. അവരും മാരാന്മാർക്കു വേണ്ടുന്ന തൊഴിലുകളെല്ലാം പഠിച്ചിരുന്നവരും പ്രവർത്തിക്കുന്നവരുമായിരുന്നു. കലവിദ്യ പ്രവർത്തിക്കുന്നത് അപമാനകരമാണെന്നുള്ള വിചാരവും അതിനെക്കുറിച്ചു നിന്ദയും അവർക്കുമുണ്ടായിരുന്നില്ല. അവരെ ജാതിപ്പേരു ചേർത്തു വിളിക്കുന്നതിൽ സന്തോഷമല്ലാതെ വിരോധവും അവർ ഭാവിച്ചിരുന്നില്ല.

കൃഷ്ണമാരാർ കൊട്ട്, പാട്ട് മുതലായവ പഠിക്കുകയും അവയെല്ലാം സാമാന്യം പോലെ പ്രയോഗിക്കാറാവുകയും ചെയ്തതിന്റെ ശേഷം എവിടെയെങ്കിലും ചെന്നു സ്വവിദ്യകൾക്കു സ്വല്പം കൂടി നൈപുണ്യം സമ്പാദിക്കണമെന്നു നിശ്ചയിച്ചു സ്വദേശം വിട്ടുപോയി. അങ്ങനെ ഒന്നു രണ്ടു ദിവസത്തെ വഴി വടക്കോട്ടു ചെന്നപ്പോൾ വഴിക്കുവെച്ചു ചില മലയാളികളെ കാണുകയും അവർ മൂകാംബിയിൽ ഭജനത്തിനു പോകുന്നവരാണെന്നും പറയുകയും ചെയ്യുകയാൽ അവരോടുകൂടി കൃഷ്ണമാരാരും മൂകാംബിയിലെത്തി ഭജനം തുടങ്ങി.

മൂകാംബിയിൽ ചില വിശേഷങ്ങളുണ്ട്. അവിടെ അത്താഴപ്പൂജ കഴിഞ്ഞു നടയടയ്ക്കുന്ന സമയം ത്രിമധുരനിവേദ്യത്തിനു വേണ്ടുന്ന തേനും കദളിപ്പഴവും പഞ്ചസാരയും കൂടി ഒരു പാത്രത്തിലാക്കി ബിംബത്തിന്റെ മുൻപിൽ വെച്ചിട്ടു വേണം നടയടയ്ക്കാൻ. അതു ദേവിക്കു നിവേദിക്കുന്നത് ദേവന്മാരാണ്. ദേവന്മാർ രാത്രികാലങ്ങളിൽ പതിവായി അവിടെ വരികയും ഈ ത്രിമധുരം നിവേദിച്ചു ദേവിയെ വന്ദിച്ചു പോവുകയും ചെയ്യുന്നുണ്ട്. അതിനാൽ മിക്ക ദിവസങ്ങളിലും കല്പവൃക്ഷ സുമങ്ങൾ ബിംബത്തിങ്കൽ കാണും. അതൊന്നും ശാന്തിക്കാർ ആരെയും കാണിക്കുകയും ആരോടും പറയുകയും ചെയ്യാറില്ല. "അകത്തു കണ്ടതു പുറത്തു പറയുകയില്ല" എന്നു സത്യം ചെയ്തിട്ടാണ് അവിടെ ശാന്തിക്കാരെ അവരോധിക്കുന്നത്. ഏഴര നാഴിക വെളുപ്പാനുള്ളപ്പോൾ ശാന്തിക്കാർ കുളിച്ചുചെന്നു നടതുറന്നു നിർമ്മാല്യം (തലേദിവസത്തെ പൂവും മാലയും) വാങ്ങി അതും ദേവന്മാർ നിവേദിക്കുന്ന ത്രിമധുരവും കൊണ്ടുപോയി ഒരു കിണറ്റിലിടുകയാണ് പതിവ്. ആ ത്രിമധുരം ആർക്കും കൊടുക്കാറില്ല. ആ ത്രിമധുരം സേവിച്ചാൽ മലയാളികൾ ഏറ്റവും ബുദ്ധിമാന്മാരും വലിയ വിദ്വാന്മാരുമായിത്തീരും. പരദേശികൾ സേവിച്ചാൽ ഒരു വിശേഷവുമുണ്ടാവുകയില്ല.

കൃഷ്ണമാരാർ ഭജനം തുടങ്ങി രണ്ടു മൂന്നു ദിവസം കഴിഞ്ഞപ്പോൾ ഈ വിശേഷങ്ങളെല്ലാം ആരോ പറഞ്ഞറിയുകയാൽ ഏതു വിധവും ആ ത്രിമധുരം സ്വല്പമെങ്കിലും സേവിക്കണമെന്നു തീർച്ചപ്പെടുത്തി. പക്ഷേ അത്രക്ഷിപ്രസാദ്ധ്യമായ കാര്യമല്ലായിരുന്നു. ശാന്തിക്കാർ മനസ്സറിഞ്ഞ് അതാർക്കും കൊടുക്കുകയില്ല. ത്രിമധുരം കൊണ്ടു ചെന്നിടുന്ന കിണറ്റിനു അടപ്പും പൂട്ടും അവിടെ കാവൽക്കാരുമുണ്ട്. ശാന്തിക്കാർ ത്രിമധുരം കൊണ്ടുചെല്ലുന്ന സമയം കാവൽക്കാർ പൂട്ടു തുറന്ന് അടപ്പു മാറ്റുകയും ശാന്തിക്കാർ ത്രിമധുരം കിണറ്റിലിട്ടു പോവുകയും ഉടനെ കാവൽക്കാർ കിണറടച്ചു പൂട്ടുകയുമാണ് പതിവ്. ഈ സ്ഥിതിയിൽ മാരാരുടെ ആഗ്രഹം സാധിക്കുന്നതെങ്ങനെയാണ്? എങ്കിലും പ്രകൃത്യാതന്നെ അപകടനം വക്രബുദ്ധിയുമായിരുന്ന ആ മനുഷ്യൻ ഈ വിവരങ്ങളൊക്കെ അറിഞ്ഞിട്ടു നിരുത്സാഹനായില്ല. പതിവായി ശാന്തിക്കാരൻ കുളിച്ചുവന്നു നട ഉറക്കുമ്പോഴേക്കും കൃഷ്ണമാരാരും കുളിച്ചു നിർമ്മാല്യം തൊഴാനായി അമ്പലത്തിലെത്തും. അതു് ഏഴര നാഴിക വെളുപ്പിനായിരിക്കുമല്ലോ. ആ സമയത്തു ശാന്തിക്കാർക്കു കിണറ്റിൻ കരയിലേക്കു വെളിച്ചം കാണിച്ചുകൊടുക്കാൻ ക്ഷേത്രത്തിലെ നടകാവൽക്കാരനും കുളിച്ച് അവിടെ എത്തിയിരിക്കണമെന്നാണ് ചട്ടം. എന്നാൽ ചില ദിവസം അയാൾ വരാൻ സ്വല്പം താമസിച്ചു പോകും. അങ്ങനെ വരുന്ന ദിവസങ്ങളിൽ വിളക്കു കാണിച്ചു കൊടുക്കാൻ ശാന്തിക്കാരൻ കൃഷ്ണമാരാരോടു പറയുകയും ആ മനുഷ്യൻ സസന്തോഷം വിളക്കു കാണിച്ചുകൊടുക്കുകയും ചെയ്തു തുടങ്ങി. അങ്ങനെ രണ്ടു മൂന്നു ദിവസം കഴിഞ്ഞപ്പോൾ കുശാഗ്രബുദ്ധിയായ മാരാർ ഒരു കൗശലം കണ്ടുപിടിച്ചു. വെളുപ്പാൻകാലത്തു കിടന്നുറങ്ങാതെ ശാന്തിക്കാർ ത്രിമധുരവും കൊണ്ടു ചെല്ലുന്നതുവരെ കാത്തു നിൽക്കുന്ന കാര്യം വലിയ ബുദ്ധിമുട്ടായിട്ടുള്ളതാകയാൽ കിണറു കാവൽക്കാർ ഒരുറക്കം കഴിഞ്ഞുണരുമ്പോൾ പന്ത്രണ്ടു മണിക്കോ, ഒരു മണിക്കോ, രണ്ടു മണിക്കോ എപ്പോഴെങ്കിലും കിണറ്റിന്റെ പൂട്ടു തുറന്നിട്ടേക്കും. പിന്നെയതു് പൂട്ടുന്നത്, അവർ രണ്ടാമതു് ഉണരുമ്പോളാണ്. അതു ചിലപ്പോൾ നേരം വെളുത്തിട്ടായിരിക്കുന്നും വരും. ഇത് ഏറ്റവും രഹസ്യമായിട്ടുള്ള ഒരേർപ്പാടാണ്. ഈ പതിവ് ശാന്തിക്കാർക്കും കാവൽക്കാർക്കുമല്ലാതെ മറ്റാർക്കും അറിഞ്ഞുകൂടായിരുന്നു. എങ്കിലും രണ്ടു മൂന്നു ദിവസത്തെ സഹകരണം കൊണ്ടു സൂക്ഷ്മഗ്രാഹിയായ മാരാർ അതു മനസ്സിലാക്കി. അതിനാൽ ആ മനുഷ്യൻ പിന്നെ തക്കം നോക്കിത്തുടങ്ങി. ഒരു ദിവസം വെളുപ്പാൻകാലത്തു കുളിയും നിർമ്മാല്യം തൊഴുകയും കഴിഞ്ഞ്, ത്രിമധുരമിടുന്ന കിണറ്റിൻകരെ ചെന്ന് ഇരുട്ടത്തു് മാറി ഒളിച്ചിരുന്നു. ആ സമയം ശാന്തിക്കാർ പതിവുപോലെ ത്രിമധുരവും പൂവും മാലയും എല്ലാം കൂടെ കിണറ്റിലിട്ടിട്ടു പോയതു കാണുകയും കാവൽക്കാർ നല്ല ഉറക്കമാണെന്ന് അറിയുകയും ചെയ്യുകയാൽ മാരാർ പെട്ടെന്നു ചെന്നു കിണറ്റിലിറങ്ങി തപ്പി നോക്കിയപ്പോൾ വെള്ളത്തിൽ പൊങ്ങിക്കിടന്നിരുന്ന മാലയിന്മേൽ പറ്റിയിരുന്ന ഒരു കദളിപ്പഴക്കഷണം കൈയിൽ കിട്ടിയതു വായിലാക്കി ഇറക്കികൊണ്ട് ഉടനെ കയറി അമ്പലത്തിലേക്കു പോയി. ആ കദളിപ്പഴക്കഷണത്തിന്മേൽ കുറേശ്ശ തേനും പഞ്ചസാരയും പറ്റിയിട്ടുണ്ടായിരുന്നതുകൊണ്ടു മാരാർ ത്രിമധുരം സേവിച്ചു എന്നുതന്നെ പറയാം. പക്ഷേ ഇങ്ങനെ കള്ളക്കൗശലം പ്രയോഗിച്ചു ത്രിമധുരം സേവിച്ചാൽ ഉണ്ടാകുന്ന വിദ്യത്തോടുകൂടി സ്വല്പമൊരപകടത്വവും സംഭവിക്കും. വൈക്കത്തു മൂസ്സനമ്പൂരിക്കു പറ്റിയ അബദ്ധവും അതാണല്ലോ. എങ്കിലും ആ ത്രിമധുരത്തിന്റെ മാഹാത്മ്യം ഒട്ടും ഇല്ലാതെ പോവുകയില്ല. കൃഷ്ണമാരാർ ചെണ്ടകൊട്ട്, മദ്ദളംകൊട്ട്, തിമിലകൊട്ട്, എടയ്ക്കകൊട്ട്, മൃദംഗവായന, നാഗസ്വരവായന, വീണവായന, ഫിഡിൽവായന, പാട്ട് മുതലായവയിൽ അദ്വിതീയനും അതിപ്രസിദ്ധനുമായിത്തീർന്നതു് ആ ത്രിമധുരത്തിന്റെ മാഹാത്മ്യം കൊണ്ടുതന്നെയാണ്. ഗുരു മുഖേനയുള്ള അഭ്യാസം മാരാർക്കു ബാല്യത്തിലുണ്ടായിട്ടുള്ളതു കൂടാതെ അധികമൊന്നുമുണ്ടായിട്ടില്ല. ദേവി പ്രസാദവും വാസനാബലവും തന്നെയായിരുന്നു ആ മഹാൻ പ്രധാനമായിട്ടുണ്ടായിരുന്നത്.

ഇപ്രകാരം വിശ്വവിശ്രുതനായിത്തീർന്ന കൃഷ്ണമാരാർക്കു ശിഷ്യസമ്പത്തു വളരെ ചുരുക്കമായിരുന്നു. ഗുരുക്കന്മാർ പറഞ്ഞുകൊടുത്തിട്ടു പഠിക്കുന്നവർക്കു മാത്രമേ ശിഷ്യന്മാർക്കു പറഞ്ഞുകൊടുത്തു പഠിപ്പിക്കാൻ കഴിയുകയുള്ളു. കൃഷ്ണമാരാരുടെ പ്രയോഗങ്ങളെല്ലാം അപ്പോഴപ്പോൾ പുത്തൻപുത്തനായിത്തോന്നുന്ന മനോധർമ്മപ്രകാരമുള്ളവയായിരുന്നു. ഒരിക്കൽ പ്രയോഗിക്കുന്നതുപോലെ പിന്നെയൊരിക്കൽക്കൂടി പ്രയോഗിക്കുന്ന കാര്യം ആ മനുഷ്യനു സാധ്യമല്ലായിരുന്നു. അങ്ങനെയുള്ള ഒരാൾക്കു ശിഷ്യന്മാരുണ്ടാകുന്നതെങ്ങനെയാണ്?

മൂകാംബിയിലെ ഭജനം കഴിഞ്ഞതിന്റെ ശേഷം കൃഷ്ണമാരാർ കുറച്ചു കാലം പരദേശങ്ങളിൽ സഞ്ചരിച്ചിരുന്നു. അക്കാലത്തു വലിയ സംഗീത വിദ്വാന്മാരായ പലരുടെ പാട്ടും നാഗസ്വരവായനയും കേൾക്കാനിടയായതു കൊണ്ടു മാരാർക്കു ആ വിഷയത്തിലുണ്ടായിരുന്ന പാണ്ഡിത്യത്തിനു പൂർണ്ണത സിദ്ധിച്ചു. അതുകൂടാതെ അദ്ദേഹം ആ ദിക്കുകളിൽനിന്നു പലരോടുമായി ചെപ്പടിവിദ്യ, ആൾമാറാട്ടം (അന്യാനുകരണം) മുതലായവയിലും നൈപുണ്യം സമ്പാദിച്ചു.

കൃഷ്ണമാരാർ സ്വദേശത്തു മടങ്ങിയെത്തിയതു മേൽമീശയും പിൻകുടുമയും ധരിച്ചു സോമനമൂത്തു കേവലം പാണ്ടിക്കാരന്റെ വേഷത്തിലായിരുന്നു. സ്വദേശത്തെത്തി കലവിദ്യകൾ പ്രയോഗിച്ചു തുടങ്ങിയപ്പോൾ നാട്ടുകാർക്കു മാരാരെക്കുറിച്ചുണ്ടായിരുന്ന ബഹുമാനം ശതഗുണീഭവിച്ചു. കൃഷ്ണമാരാരുടെ കൊട്ടോ പാട്ടോ ഉണ്ടെന്നു കേട്ടാൽ ജനങ്ങൾ ഊണും ഉറക്കവുമുപേക്ഷിച്ചു ചെന്നുകൂടിത്തുടങ്ങി.

ചെണ്ട കൊട്ടുന്നതിനു കൃഷ്ണമാരാർക്കു തുല്യനായിട്ട് ഒരാൾ അക്കാലത്ത് ഒരിടത്തുമുണ്ടായിരുന്നില്ലെന്നല്ല, അതിനു മുൻപും പിന്നെയും ഉണ്ടായിട്ടുമില്ല. ഇനി ഉണ്ടാകുന്ന കാര്യം അസാധ്യവുമാണ്. കൃഷ്ണമാരാരുടെ മേളപ്പറ്റു മുതലായ ചെണ്ടപ്രയോഗങ്ങൾ എല്ലാം തന്നെ അന്യാദൃശങ്ങളായിരുന്നു. വിശേഷിച്ചും തായമ്പക അത്യത്ഭുതകരവുമായിരുന്നു. ആ വിദ്വാൻ തായമ്പകയ്ക്കു കൊട്ടുന്നത് അന്യന്മാർ കൊട്ടുന്ന എണ്ണങ്ങളൊന്നുമല്ലെന്നു മാത്രമല്ല, ഒരിക്കൽ കൊട്ടുന്ന എണ്ണങ്ങളൊന്നുമായിരിക്കയില്ല പിന്നെയൊരിക്കൽ കൊട്ടുന്നത്. അദ്ദേഹത്തിന്റെ പ്രയോഗങ്ങളൊക്കെ അപ്പോഴപ്പോൾ പുത്തൻപുത്തനായി തോന്നുന്ന മനോധർമ്മ പ്രകാരമാണെന്നു മുൻപു പറഞ്ഞിട്ടുണ്ടല്ലോ. ചിലപ്പോൾ അദ്ദേഹത്തിന്റെ അടുക്കൽ ചെന്ന് "ഇന്നലെ തായമ്പകയ്ക്കു കൊട്ടിയ എണ്ണങ്ങൾ കേട്ടിട്ടു മതിയായില്ല. ഇന്നു കൂടി അവതന്നെ കൊട്ടിക്കേട്ടാൽ കൊള്ളാമെന്നുണ്ട്" എന്നു പറഞ്ഞിട്ട് "എന്റെ കുട്ടികളെ! അമ്മാത്രം എന്നോടു പറയരുത്. അതു് എന്നാൽ സാദ്ധ്യമല്ല. ഇതൊന്നും ഞാനഭ്യസിച്ചു പഠിച്ചിട്ടുള്ളവയല്ല. ഇന്നലെ കൊട്ടിയവ എന്തെല്ലാമായിരിക്കുമെന്നും എന്നും ഇന്നിനി കൊട്ടുന്നതു് എന്തെല്ലാമായിരിക്കുമെന്നും എനിക്കു നിശ്ചയമില്ല" എന്നു പറഞ്ഞതായി കേട്ടിട്ടുണ്ട്.

കൃഷ്ണമാരാർ പരദേശത്തിനിന്നു തിരിച്ചുവന്നു സ്വദേശത്തു താമസിച്ചിരുന്ന കാലത്തു് ബ്രിട്ടീഷ് മലബാറിൽ ചെർപ്പുളശ്ശേരി ദേശത്തു ചെണ്ട കൊട്ടിനു പ്രസിദ്ധരായ ചില പുതുവാളന്മാരുണ്ടായിരുന്നു. അവരെക്കുറിച്ചു പലരും പുകഴ്ത്തുന്നതു കേട്ടിട്ടു തൃശ്ശിവപേരൂണ്ടായിരുന്ന ചില മേളപ്രിയന്മാർ ഒരു കൊല്ലം പൂരത്തിനു അവരെ വരുത്തി കൊട്ടിച്ചു. അന്നു കൃഷ്ണമാരാരും അവിടെയെത്തിയിരുന്നു. പുതുവാളന്മാരുടെ കൊട്ടിനെക്കുറിച്ചു കൃഷ്ണമാരാരുടെ അഭിപ്രായമറിയുന്നതിനായി ചിലർ ചോദിച്ചിട്ടു "ചെണ്ടയിന്മേൽ പുതോം" "പുതോം" എന്നു് ഒച്ച കേൾപ്പിക്കാനവർക്കറിയാം. അതുകൊണ്ടല്ലേ അവരെ "പുതു"വാൾ "പുതു"വാൾ എന്നെല്ലാ വരും പറയുന്നതു?" എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. കൃഷ്ണമാരാർക്കു സമന്മാരായ കൊട്ടുകാരും പാട്ടുകാരും അക്കാലത്ത് എങ്ങുമുണ്ടായിരുന്നില്ല. ആ കൊട്ടുകാരായ പൊതുവാളന്മാരിൽ കൃഷ്ണൻ എന്ന പേരായിട്ട് ഒരാൾ ഉണ്ടായിരുന്നു. അവരിൽ പ്രധാനൻ ആ കൃഷ്ണപ്പുതുവാളായിരുന്നു. ആ മനുഷ്യനെക്കുറിച്ചുള്ള അഭിപ്രായം പ്രത്യേകം ചോദിച്ചപ്പോൾ കൃഷ്ണമാരാർ പറഞ്ഞ മറുപടി:

"മാരഃ കൃഷ്ണഃ പുതുഃ കൃഷ്ണഃ കോ ഭേദഃ പുതുമാരായോഃ
ഇണ്ടിണ്ടികാലേ സമ്പ്രാപ്തേ മാരോ മാരഃ പുതുഃ പുതുഃ"

എന്നായിരുന്നു. ഇതിൽ സ്വല്പം ആത്മപ്രശംസ കൂടി സൂരിക്കുന്നെങ്കിലും കൃഷ്ണമാരാർ ഒരു രസികനും സരസനും ഫലിതക്കാരനുമായിരുന്നുവെന്നും സ്പഷ്ടമാണല്ലോ. സംഗീത വിഷയത്തിൽ അതിപ്രസിദ്ധനായിരുന്ന മഹാവൈത്തി ഭാഗവതർ ഒരിക്കൽ തൃശ്ശിവപേരൂർ ചെന്നിരുന്നപ്പോൾ ആ ദിക്കിലുണ്ടായിരുന്ന ചില സംഗീതരസികന്മാരുത്സാഹിച്ച് ഒരു പാട്ടുകച്ചേരി നടത്തുകയുണ്ടായി. അന്നവിടെ കേൾവിക്കാരുടെ കൂട്ടത്തിൽ കൃഷ്ണമാരാരുമുണ്ടായിരുന്നു. ഭാഗവതർക്കു അധികം നൈപുണ്യമുണ്ടായിരുന്നതു് രാഗവിസ്താരത്തിലായിരുന്നു. താളത്തിനു സ്വല്പം വലിവുണ്ടായിരുന്നതിനാൽ പല്ലവി പാടിയതു് കൃഷ്ണമാരാർക്കു അത്ര രസിച്ചില്ല. പാട്ടുകച്ചേരി പിരിഞ്ഞതിന്റെ ശേഷം ഭാഗവതരുടെ പാട്ടിനെക്കുറിച്ചു ചിലർ കൃഷ്ണമാരാരോട് അഭിപ്രായം ചോദിച്ചപ്പോൾ "ഭാഗവതരുടെ പേർ യഥാർത്ഥമാണ്. അദ്ദേഹം മഹാപൈത്തിതന്നെ" എന്നാണ് മറുപടി പറഞ്ഞത്. ഇതുകൊണ്ടു കൃഷ്ണമാരാർക്കു സകലവിദ്വാന്മാരെക്കുറിച്ചും പുച്ഛമായിരുന്നു എന്ന് ആരും തെറ്റിദ്ധരിക്കരുത്. അദ്ദേഹത്തിനു തോന്നുന്നതു മറച്ചുവെയ്ക്കാതെ നേരെ തുറന്നു പറയും എന്നേ ഉള്ളൂ.

പാട്ടിനു രാഘവഭാഗവതരും വീണവായനയ്ക്കു കല്യാണകൃഷ്ണ ഭാഗവതരും കഴിഞ്ഞല്ലാതെ ആരുമില്ലെന്നായിരുന്നു കൃഷ്ണമാരാരുടെ അഭിപ്രായം. അവരെ രണ്ടുപേരെയും കുറിച്ചു മാരാർക്കുണ്ടായിരുന്ന ബഹുമാനം സീമാതീതമായിരുന്നു. അപ്രകാരം തന്നെ കല്യാണകൃഷ്ണഭാഗവതർക്കു കൃഷ്ണമാരാരെക്കുറിച്ചും വളരെ ബഹുമാനമുണ്ടായിരുന്നു. "കൃഷ്ണമാരാർ ചെണ്ടകൊട്ടുകയല്ല, വിസ്തിക്കുകയാണ് ചെയ്യുന്നതു്" എന്നാണ് കല്യാണകൃഷ്ണഭാഗവതർ പറയാറുള്ളതു്.

കൃഷ്ണമാരാർക്കു കൊട്ട്, പാട്ട് മുതലായവയിൽ മാത്രമല്ല അഭിജ്ഞതയുണ്ടായിരുന്നതു്. മാതംഗലീല, വസൂരിചികിത്സ, തച്ചശാസ്ത്രം, തന്ത്ര സമുച്ചയം മുതലായവയിലും നല്ല പരിജ്ഞാനമുണ്ടായിരുന്നു. മദമിളകിപ്പാഞ്ഞു നടക്കുന്ന വലിയ കൊലകൊമ്പന്മാരെപ്പോലും യാതൊരു ദേഹോപദ്രവവും ഏൽപിക്കാതെ പിടിച്ചു ബന്ധിക്കാൻ കൃഷ്ണമാരാർക്കു യാതൊരു പ്രയാസവുമുണ്ടായിരുന്നില്ല. തൃപ്പൂണിത്തുറ ക്ഷേത്രത്തിൽ ഉത്സവകാലത്തു് ആനപ്പിണക്കമുണ്ടാവുക സാധാരണമാണ്. എന്നാൽ കൃഷ്ണമാരാരവിടെയുണ്ടായിരുന്ന കാലങ്ങളിലെങ്ങും അതുകൊണ്ട് ആർക്കും യാതൊരുപദ്രവും ഉണ്ടാകാറില്ല. ആന പിണങ്ങാൻ ഭാവിക്കുന്നുവെന്നറിഞ്ഞാൽ ഏതാനയായാലും ഉടനെ കൃഷ്ണമാരാർ ചെന്നു പിടിച്ചു ബന്ധിക്കും. പിന്നെ ഉപദ്രവങ്ങളുണ്ടാവാൻ സംഗതിയാവുകയില്ലല്ലോ. ഇത് എവിടെയായാലും പതിവാണ്.

കാശിയിൽവെച്ചു കഴിഞ്ഞുപോയ പാലിയത്തു വലിയച്ചനും കൃഷ്ണമാരാരും തമ്മിൽ വലിയ സ്നേഹമായിരുന്നു. അതിനാൽ കൃഷ്ണമാരാർ ചിലപ്പോൾ ചേന്നമംഗലത്തു ചെന്നു താമസിക്കാറുണ്ടായിരുന്നു. ഒരിക്കൽ കൃഷ്ണമാരാർ അങ്ങനെ അവിടെച്ചെന്നു താമസിച്ചിരുന്നപ്പോൾ പാലിയം വക "കുട്ടി" എന്നു പേരായിരുന്ന കൊമ്പനാന മദഭ്രാന്തിളകി ആനക്കാരനെ കുത്തിക്കൊന്നതിന്റെ ശേഷം അവിടെയെല്ലാം ഓടി നടന്നു പലവിധത്തിലുള്ള ഉപദ്രവങ്ങൾ ചെയ്തു തുടങ്ങി. ആ ആന മഹാവികൃതിയായിരുന്നെങ്കിലും കണ്ടാൽ നല്ല ഭംഗിയും ദേഹപുഷ്ടിയുമുള്ളതായിരുന്നതിനാൽ വലിയച്ചനു് അവനെക്കുറിച്ചു വളരെ വാത്സല്യമുണ്ടായിരുന്നു. ആ ആനയെ ദേഹോപദ്രവമേൽപിക്കുന്ന കാര്യം വലിയച്ചനു് വലിയ സങ്കടവുമായിരുന്നു. ആന ഓടിനടന്നു കലശൽ കൂട്ടിത്തുടങ്ങിയപ്പോഴേക്കും അവിടെയെല്ലാവരും അലയും മുറയും ഇടുകയും പേടിച്ചു പലരും പുരയ്ക്കത്തു കയറി വാതിലടച്ചിരിപ്പാവുകയും ചെയ്തു. അപ്പോൾ വലിയച്ചൻ കൃഷ്ണമാരാരോടു് "ഈ ആനയെ ഒന്നു പിടിച്ചുകെട്ടാൻ വല്ല വിദ്യയുമുണ്ടോ? ഉണ്ടെങ്കിൽ അങ്ങനെ ചെയ്താൽ കൊള്ളാം. അവനെ വേദനപ്പെടുത്താതെ സാധിക്കണം" എന്നു പറഞ്ഞു. ഉടനെ മാരാർ "ഞാനൊന്നു പരീക്ഷിച്ചു നോക്കട്ടെ"എന്നു പറഞ്ഞിട്ട് ഒരു ചെറിയ കോലെടുത്തു് അതുകൊണ്ട് ആനയുടെ നേരെ ചില ആംഗ്യങ്ങൾ കാണിച്ചു. ആന തൽക്ഷണം മാരാരുടെ മുൻപിൽ ചെന്നു കൊമ്പുകുത്തി. മാരാർ ഉടനെ ആനയെ പിടിച്ചു ബന്ധിക്കുകയും ചെയ്തു.

കൃഷ്ണമാരാർ പ്രകൃത്യാ ദീനദയാലുവും ഉദാരശീലനമായിരുന്നു. അദ്ദേഹത്തിനു വസൂരി ദീനമുണ്ടായിട്ടില്ലെങ്കിലും അഗതികളായിട്ടുള്ളവർ ആ ദീനം പിടിപെട്ടു രക്ഷകരില്ലാതെ കഷ്ടപ്പെടുന്നതായി അറിഞ്ഞാൽ അദ്ദേഹം ചെന്ന് അവരെ വേണ്ടതുപോലെ ശുശ്രൂഷിച്ചു രക്ഷിക്കുക പതിവായിരുന്നു. അതിലേക്ക് അദ്ദേഹം യാതൊരു പ്രതിഫലവും ആഗ്രഹിക്കുകയില്ലെന്നു മാത്രമല്ല, വേണ്ടിവന്നാൽ സാധുക്കൾക്കു വേണ്ടി യഥാശക്തി വല്ലതും ചെലവു ചെയ്യാനും അദ്ദേഹം സന്നദ്ധനായിരുന്നു. മാരാരുടെ വസൂരിചികിത്സയ്ക്കു് ഒരു വിശേഷവിദ്യകൂടിയുണ്ടായിരുന്നു. സാധാരണ വസൂരിചികിത്സകന്മാർ അപഥ്യമെന്നു വിചാരിച്ചുവരുന്നവ ചെയ്താണ് മാരാർ ദീനക്കാരെ രക്ഷിക്കുക പതിവ്. അതിനെക്കുറിച്ചു പലരും അത്ഭുതപ്പെടാറുണ്ട്.

മാന്യന്മാരെ മാനിക്കുന്നതിനു കൃഷ്ണമാരാർക്കു ഒട്ടും മടിയുണ്ടായിരുന്നില്ല. എങ്കിലും ആൾഭേദം വിചാരിക്കാതെ എല്ലാവരോടും ഒരു പോലെ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന സ്വഭാവം അദ്ദേഹത്തിനു ധാരാളമുണ്ടായിരുന്നു. ചിലപ്പോൾ അദ്ദേഹത്തിന്റെ വാക്കുകളും പ്രവൃത്തികളും കേൾക്കുകയും കാണുകയും ചെയ്താൽ അദ്ദേഹം ഒന്നാന്തരം മുട്ടാളനാണെന്നും ചില പ്പോൾ വലിയ വിനയ ശാലിയാണെന്നും തോന്നുമായിരുന്നു. ആകപ്പാടെ വിചാരിച്ചാൽ വലിയ ഒരപരിച്ഛേദ്യ സ്വഭാവനായിരുന്നുവെന്നേ പറയേണ്ടിയിരിക്കുന്നുള്ളൂ.

മാരാർ പരദേശത്തുനിന്നു തിരിച്ചുവന്ന കാലത്തു് അന്നത്തെ കൊച്ചി വലിയ തമ്പുരാൻ തിരുമനസ്സു കൊണ്ടു മാരാരെ തിരുമുമ്പാകെ വരുത്തി, "കൃഷ്ണന്റെ ഈ വേഷം മാറ്റണം. പിൻകുടുമയും മേൽമീശയും മലയാളികൾക്കു ചേർന്നതല്ല. ഈ വേഷത്തിൽ ക്ഷേത്രപ്രവൃത്തികൾ നടത്തുന്നതു തന്നെ ശരിയല്ല" എന്നു കല്പിച്ചു. ഇതിനു മറുപടിയായി കൃഷ്ണമാരാർ അറിയിച്ചതു്, "കല്പന അനുസരിക്കേണ്ടതു് അടിയന്റെ കൃത്യമാണ്.

ആശ്രിതന്മാരുടെ അഭീഷ്ടം അനുവദിച്ചുകൊടുക്കുകയെന്നുള്ളതു് ഇവിടത്തെ ധർമ്മവുമാണ്. അതിനാൽ ഇക്കാര്യം രാജിയായിട്ടു തീർത്താൽ കൊള്ളാമെന്നാണ് അടിയന്റെ അപേക്ഷ. പിൻകുടുമ മാറ്റണമെന്നുള്ള കല്പന സാദരം അടിയൻ സമ്മതിച്ചിരിക്കുന്നു. ഉടനെ അതു കളഞ്ഞു മുൻകുടുമ വെച്ചുകൊള്ളാം. മേൽമീശ ശൂരത്വമുള്ള പുരുഷന്മാർക്കു അവശ്യം വേണ്ടതാകയാൽ അതു് ഇരുന്നുകൊള്ളട്ടെ എന്നു കല്പിച്ചനുവദിക്കുകയും വേണം. ഇതാണ് രാജിയുടെ സ്വഭാവം" എന്നായിരുന്നു. മാരാരോടു നിർബന്ധിച്ചാൽ ഫലിക്കുകയില്ലെന്നു തിരുമനസ്സിലേക്കു നല്ല നിശ്ചയമുണ്ടായിരുന്നതിനാൽ ഒടുക്കം "എന്നാൽ കൃഷ്ണന്റെ ഹിതംപോലെയാവട്ടെ" എന്നു കല്പിച്ചു. കൃഷ്ണമാരാർ അന്നു തന്നെ പിൻകുടുമ മാറ്റി മുൻകുടുമയാക്കുകയും ചെയ്തു. കൃഷ്ണമാരാരുടെ വീടു പഴക്കംകൊണ്ടു വളരെ ജീർണ്ണപ്പെട്ടിരുന്നതിനാൽ ആ വിവരം ഒരിക്കൽ കൊച്ചി വലിയ തമ്പുരാൻ തിരുമനസ്സിലെ അടുക്കൽ അറിയിക്കുകയാൽ പുരപണിക്കായി രണ്ടായിരം രൂപാ കല്പിച്ചു കൊടുത്തു. അതുകൊണ്ടു പോയി കൃഷ്ണമാരാർ പറമ്പിനു മതിൽ കെട്ടിച്ചു തുടങ്ങി. തിരുമനസ്സുകൊണ്ട് ആ വിവരമറിഞ്ഞ് അതിനെക്കുറിച്ചു കല്പിച്ചു ചോദിച്ചപ്പോൾ "പറമ്പിനകത്താണല്ലോ പുര. പറമ്പിനു രക്ഷയില്ലാഞ്ഞാൽ പുരയ്ക്കുമതിയാവുകയില്ലല്ലോ എന്നു വിചാരിച്ചാണ്" എന്നു തിരുമനസ്സറിയിച്ചു. കല്പിച്ചു കൊടുത്ത പണം തീർന്നപ്പോൾ മതിൽകെട്ടും മതിയാക്കി. ഒടുക്കം മതിൽ മുഴുവനുമായില്ല. പുര പണിയിച്ചുമില്ല. അക്കാര്യം അങ്ങനെ തീർന്നു. കൊച്ചിയിലെ, മിഥുനമാസത്തിൽ തീപ്പെട്ട വലിയ തമ്പുരാൻ തിരുമനസ്സു കൊണ്ടു കൃഷ്ണമാരാരും സമപ്രായക്കാരായിരുന്നു. കൃഷ്ണ മാരാരുടെ കൊട്ട്, പാട്ട് മുതലായവയുടെ ഗുണമറിഞ്ഞു രസിക്കുന്നതിനും യോഗ്യതാനുരൂപം ബഹുമാനിക്കുന്നതിനും വേണ്ടുന്ന ജ്ഞാനം ആ തിരുമനസ്സിലേക്കു ധാരാളമായിട്ടുണ്ടായിരുന്നു. എങ്കിലും അവിടത്തെ സേവന്മാർ മാരാരുടെ യോഗ്യതയ്ക്കു തക്കവണ്ണമുള്ള സംഭാവനകൾ കല്പിച്ചുചെയ്യാൻ ഇടയാക്കാതെയിരിക്കുകയും തരംപോലെ ചില ഏഷ്ണികൾ പ്രയോഗിച്ചു കൂടെക്കൂടെ മാരാരുടെ പേരിൽ തിരുവുള്ളക്കേടുണ്ടാക്കിത്തീർക്കുകയും ചെയ്തിരുന്നു. സേവന്മാർക്കു മാരാരോടു വിരോധത്തിനു കാരണം അവരെ മാരാർ ക്രമത്തിലധികം ബഹുമാനിക്കാതെയിരുന്നതാണ്. മാരാർ തമ്പുരാനെയല്ലാതെ സേവന്മാരെ അത്ര വകവെയ്ക്കാറില്ല. ദേവനെയല്ലാതെ ബലിക്കല്ലുകളെക്കൂടി വന്ദിക്കാൻ കഴികയില്ല എന്നായിരുന്നു മാരാരുടെ അഭിപ്രായം. ഏഷണിമൂലമുണ്ടാകുന്ന കല്പനയേയും മാരാരത്ര വകവെയ്ക്കാറില്ല. അങ്ങനെ വല്ല കല്പനയുമുണ്ടായാൽ ഉടനെ എന്തെങ്കിലും അപകടം കാണിക്കുകയോ പറയുകയോ ആണ് മാരാരുടെ പതിവ്.

ഒരിക്കൽ തൃപ്പൂണിത്തുറ ക്ഷേത്രത്തിൽ ഉത്സവകാലത്തു് കൃഷ്ണമാരാർ ക്ഷേത്രത്തിൽ മതിൽക്കകത്തു കടക്കരുതെന്നൊരു കല്പനയുണ്ടായി. ഇതു സേവകന്മാരുടെ ഏഷ്ണി നിമിത്തമുണ്ടായതാണെന്ന അറിയാമായിരുന്നതുകൊണ്ടു മാരാർ മദ്ദളപ്പുറ്റിന്റെ സമയത്തു് ഒരു മദ്ദളമെടുത്തുകൊണ്ടു മതിലിന്മേൽ കയറിനിന്നു കൊട്ടിത്തുടങ്ങി. അതു കണ്ടു കാരണമെന്തെന്നു ചിലർ ചോദിച്ചപ്പോൾ "ഞാൻ മതിൽക്കകത്തു കടക്കരുതെന്നു കല്പനയുണ്ടായിട്ടുണ്ട്. കല്പന അനുസരിക്കാതെയിരിക്കാൻ നിവൃത്തിയില്ലല്ലോ. എന്നാൽ എന്റെ ക്ഷേത്രപ്രവൃത്തി കല്പിച്ചു വിരോധിച്ചിട്ടുമില്ല. അതുകൊണ്ടു് എന്റെ തൊഴിൽ നടത്താതെയിരിക്കാനും എനിക്കു നിവൃത്തിയില്ല. അതുകൊണ്ടു് ഇവിടെ നിന്നു കൊട്ടുന്നതാണ്" എന്നായിരുന്നു മറുപടി പറഞ്ഞതു്. ഈ വർത്തമാനങ്ങളെല്ലാം അപ്പോൾത്തന്നെ സേവന്മാർ മുഖാന്തരം തിരുമനസ്സിലേക്കറിവു കിട്ടുകയാൽ കല്പിച്ചു് ഒരാളെ അയച്ചു വിളിപ്പിച്ചു് മാരാരെ തിരുമുമ്പാകെ വരുത്തീട്ടു്, "ഇനി കൃഷ്ണനെ നമ്മുടെ രാജ്യത്തു് കാണരുതു്" എന്നു കല്പിച്ചു. ഇതിനു മറുപടിയായി മാരാർ തിരുമനസ്സറിയിച്ചതു് "റാൻ, ഒരു വിരൽ നീളത്തിൽ ഒരു മുറിത്തിരികൂടി തരാൻ കല്പനയുണ്ടാകണം" എന്നായിരുന്നു. മാരാരുടെ വാക്കിന്റെ സാരം കൊച്ചിരാജ്യം ഒരു മുറിത്തിരികൊണ്ടു മറുരാജ്യത്തെത്താവുന്ന വിധത്തിൽ ഏറ്റവും ചെറിയതാണെന്നും ഭൂമി വിപുലമായതുകൊണ്ടു എവിടെയെങ്കിലും പോയി കാലക്ഷേപം ചെയ്തുകൊള്ളാമെന്നുമാണല്ലോ. രാജഭക്തനായിരുന്ന കൃഷ്ണമാരാർ ഇപ്രകാരം തിരുമനസ്സറിയിച്ചതു് തമ്പുരാനെക്കുറിച്ചുള്ള വൈരസ്യംകൊണ്ടോ ധിക്കാരംകൊണ്ടോ അല്ലായിരുന്നു. സേവന്മാരെക്കുറിച്ചുള്ള പുച്ഛം കൊണ്ടു അവരെ മദ്ധ്യമരാക്കാനായിട്ടു മാത്രമായിരുന്നു.

തിരുമനസ്സിലേക്കു തിരുവുള്ളക്കേടുണ്ടായാൽ അതു മാറ്റുന്നതിനു മാരാർക്കു ഒരു നല്ല കൗശലമുണ്ടായിരുന്നു. അക്കാലത്തു കോവിലകത്തു കഥകളിയില്ലാത്ത ദിവസം ചുരുക്കമായിരുന്നു. എന്നാൽ കഥകളികൾ കളിക്കുന്നതു് കൃഷ്ണമാരാർ അധികം പോകാറില്ല. കളി തുക്കണ്ടപാർക്കുന്നതിനു് തിരുമനസ്സുകൊണ്ടു് തോടയം, പുറപ്പാട്, മഞ്ജുതര മുതലായവയൊക്കെക്കഴിഞ്ഞു് കഥ തുടങ്ങിയതിന്റെ ശേഷമേ പുറത്തു് എഴുന്നള്ളിയിരിക്കാറുള്ളു. മാരാരോടു തിരുവുള്ളക്കേടായിരിക്കുന്ന കാലങ്ങളിൽ മാരാർ മഞ്ജുതരയാകുമ്പോൾ അരങ്ങത്തെത്തി ചെണ്ടയെടുത്തു തോളത്തിട്ടു കൊട്ടിത്തുടങ്ങും. ഉടനെ പുറത്തെഴുന്നള്ളും. കൃഷ്ണമാരാരുടെ ഇടംകൈ ചെണ്ടപ്പുറത്തു വീണാലുള്ള ശബ്ദം തിരുമനസ്സിലേക്കു പ്രത്യേകമറിയാമായിരുന്നു. തിരുമനസ്സുകൊണ്ടു എഴുന്നള്ളിയിരുന്നാൽ കളി കഴിയുന്നതുവരെ മാരാർ കൊട്ടുകയും മാരാർ കൊട്ടാനുണ്ടായാൽ തിരുമനസ്സുകൊണ്ടു കളി കഴിയുന്നതുവരെ എഴുന്നള്ളിയിരുന്നു് തൃക്കൺപാർക്കുകയും പതിവാണ്. ഒടുക്കം എന്തെങ്കിലും ഒരു സമ്മാനം മാരാർക്കു കല്പിച്ചുകൊടുക്കുകയും അതോടുകൂടി തിരുവുള്ളക്കേടു തീരുകയും ചെയ്യും. ഇതാണ് മാരാരുടെ കൗശലം. ഇതിൽ സേവകന്മാരുടെ സൂത്രമൊന്നും പറ്റാറുമില്ല.

ഒരിക്കൽ തൃപ്പൂണിത്തുറ ക്ഷേത്രത്തിൽ കൃഷ്ണമാരാർ ഉച്ചപ്പൂജയ്ക്കു കൊട്ടുകയും പാട്ടുകയും ചെയ്തുകൊണ്ടിരുന്നു. പതിവിൽ ഇരട്ടി സമയമായിട്ടും തന്ത്രി നടതുറക്കായ്കയാൽ മാരാർ ഇടയ്ക്കു അവിടെയിട്ടു വീട്ടിലേക്കു പോയി. അന്നു് ഉച്ചതിരിഞ്ഞപ്പോൾ തന്ത്രി ചെന്നു വിവരം തിരുമനസ്സറിയിച്ചു. ഉടനെ മാരാരെ തിരുമുമ്പാകെ വരുത്തി, "പൂജ കഴിഞ്ഞു നട ഉറക്കുന്നതിനു മുമ്പു കൊട്ടു നിറുത്തി പൊയ്ക്കളഞ്ഞതെന്താണെ"ന്നു് കല്പിച്ചു ചോദിച്ചു. അതിനു മാരാരുടെ മറുപടി, "പ്രസന്നപൂജയ്ക്കു ഇത്ര സമയം വേണമെന്നു് അടിയനു നിശ്ചയമുണ്ട്. അതു് അടിയനു് പ്രമാണസഹിതം ഇവിടെ ബോധ്യപ്പെടുത്താം. ആവശ്യമുള്ളതിൽ ഇരട്ടി സമയം അടിയൻ കൊട്ടുകയും പാട്ടുകയും ചെയ്തു. പിന്നെയും നട തുറക്കാതെയിരുന്നതു് അടിയന്റെ കുറ്റമല്ല" എന്നായിരുന്നു. മാരാരറിയിച്ചതു വാസ്തവമാണെന്നു തിരുമനസ്സിലേക്കു തോന്നി. എങ്കിലും തന്ത്രിയുടെ പരാതി അവിടെ വകവെയ്ക്കുന്നതു ശരിയല്ലല്ലോ എന്നു വിചാരിച്ചു് "ഇങ്ങനെ സമാധാനം പറഞ്ഞാലും മറ്റും പോരാ; ഇന്നത്തേതേതെങ്കിലും കഴിഞ്ഞുവല്ലോ. ഇനി അതിനെക്കുറിച്ചൊന്നും പറയുന്നില്ല. മേലാൽ ഇങ്ങനെ വരരുതു്. തന്ത്രി അകത്തു കയറി വാതിലടച്ചാൽ തുറക്കുന്നതുവരെ കൊട്ടിക്കൊള്ളണം" എന്നു കല്പിച്ചു. "റാൻ, മേലാലങ്ങനെ ചെയ്തുകൊള്ളാം" എന്നറിയിച്ചിട്ടു മാരാർ പോയി.

തന്ത്രിക്കു ഉച്ചയ്ക്കു ഊണു കഴിഞ്ഞാൽ ഉടനെ കിടന്നു് ഒരു രണ്ടു നാഴിക നേരമെങ്കിലും ഉറങ്ങാഞ്ഞാൽ വലിയ സുഖക്കേടാണ്. അദ്ദേഹം ആ പകലുറക്കം ഒരു നിത്യകർമ്മംപോലെ പതിവായി നടത്തിയിരുന്നു. അതിനു വിഘ്നമുണ്ടാകുന്നതു അദ്ദേഹത്തിനു പരമസങ്കടമായിരുന്നു. മാരാരെക്കുറിച്ചു തന്ത്രി പരാതി തിരുമനസ്സറിയിച്ചതിന്റെ പിറ്റേ ദിവസം ഉച്ചയ്ക്കു തന്ത്രി ഊണു

കഴിഞ്ഞു പുരയ്ക്കകത്തു കയറി വാതിലടച്ചു കിടന്നു നല്ല ഉറക്കമായപ്പോൾ കൃഷ്ണമാരാർ ഒരു ചെണ്ടയും കൊണ്ട് അവിടെയെത്തി പുറത്തുനിന്നു കേമമായിട്ടു കൊട്ടിത്തുടങ്ങി. കൊട്ടു കേട്ടു തന്ത്രി ഉണർന്നു ശുണ്ഠികടിച്ചുകൊണ്ടെണീറ്റു വാതിൽ തുറന്നു. ഉടനെ മാരാർ കൊട്ടും നിർത്തി. തന്ത്രി ദേഷ്യപ്പെട്ട് പല്ലുകടിച്ചുകൊണ്ട് “എന്താ കൃഷ്ണാ! ഇങ്ങനെ ഉപദ്രവിക്കുന്നത്?” എന്നു ചോദിച്ചു. അതിനു മാരാരുടെ മറുപടി, “വലിയതമ്പുരാൻ തിരുമനസ്സിലെ കൽപന അവിടുന്നും കേട്ടില്ലേ? തന്ത്രി അകത്തു കയറി വാതിലടച്ചാൽ തുറക്കുന്നതുവരെ കൊട്ടണം എന്നല്ലേ കൽപിച്ചത്? കൽപന പ്രകാരം ചെയാതിരിക്കാൻ എനിക്കു നിവൃത്തിയുണ്ടോ?” എന്നായിരുന്നു. ഉച്ചസമയത്ത് അകാരണമായിക്കേട്ട കൊട്ടിന്റെ കാരണമറിയുന്നതിനായി അവിടെ വന്നുകൂടിയിരുന്നവരെല്ലാം മാരാരുടെ ഈ മറുപടി കേട്ടു പൊട്ടിച്ചിരിച്ചു. തന്ത്രി ഏറ്റവും ഇളിഭ്യനായിത്തീരുകയും ചെയ്തു. പിന്നെ ഒരിക്കലും തന്ത്രി പൂജയടച്ചാൽ തുറക്കുന്നതിനു ക്രമത്തിലധികം താമസിപ്പിച്ചു മാരാരെ ബുദ്ധിമുട്ടിച്ചിരുന്നില്ല.

കൃഷ്ണമാരാർ പരദേശങ്ങളിൽ സഞ്ചരിച്ചിരുന്നപ്പോൾ ചെപ്പടിവിദ്യയും ആൾമാറാട്ടവും പഠിച്ചതായി മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ആ രണ്ടു വിദ്യകളും മാരാർ തൃപ്പൂണിത്തുറെ ഉത്സവകാലത്ത് കാണിക്കാറുണ്ടായിരുന്നു. തൃപ്പൂണിത്തുറ ക്ഷേത്രത്തിൽ ആണ്ടുതോറും പതിവുള്ള മൂന്നുത്സവങ്ങളിൽ പ്രാധാന്യം വൃശ്ചികമാസത്തിലേതിനാണ്. വൃശ്ചികമാസത്തിൽ ചോതി കൊടിയേറ്റും തിരുവോണം ആറാട്ടുമാണ് പതിവ്. അതിൽ നാലാമുത്സവം തൃക്കേട്ട അവിടെ വളരെ പ്രധാനമാണ്. അന്ന് അവിടെ ദേവദർശനം വളരെ പ്രധാനമാകയാൽ മറ്റുള്ള ദിവസങ്ങളിലേക്കാൾ വളരെയധികം ആൾക്കൂട്ടമുണ്ടാകും. അന്നത്തെ എഴുന്നള്ളിപ്പിനു ‘തൃക്കേട്ടപ്പുറപ്പാട്’ എന്നാണ് പറഞ്ഞുവരുന്നത്. വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ട് എഴുന്നള്ളത്തു തൃക്കൺപാർക്കുന്നതിന് എഴുന്നള്ളിയിരിക്കുന്നതു പടിഞ്ഞാറെത്തട്ടിന്മേൽ (മതിൽമാളികയിൽ) ആണ് പതിവ്. എഴുന്നള്ളിപ്പു തിരുമനസ്സിലെ തിരുമുമ്പിലാകുന്ന സമയത്താണ് മാരാന്മാർ മേളം പൊടിപൊടിക്കുന്നത്. അതിനു പറഞ്ഞുവരുന്ന പേരുതന്നെ “തിരുമുമ്പിൽ മേളം” എന്നാണ്. ഒരു കൊല്ലം നാലാമുത്സവദിവസം വിളക്കിന്റെ തിരുമുമ്പിൽ മേളസമയത്ത് ഒരു കുറുങ്കുഴൽക്കാരൻ അവിടെയെത്തി കുഴലൂതിത്തുടങ്ങി. ഈ കുഴൽക്കാരൻ അവിടെയെല്ലാവർക്കും അപരിചിതനും ആദ്യംതന്നെ ചെന്നു ചാർത്തിക്കാതെ നാലാമുത്സവദിവസം രാത്രിയിൽ ചെന്നു ചേർന്നായാളുമായതിനാൽ അവിടെയുണ്ടായിരുന്ന മറ്റു കുഴൽക്കാർ ഈ പുതിയ മനുഷ്യനു മാന്യസ്ഥാനം കൊടുത്തില്ല. അതിനാൽ ആ മനുഷ്യൻ സ്വൽപം പിന്നോക്കം മാറിനിന്നാണ് ഊതിയത്. ആ കുഴലൂത്തിന്റെ രസികത്വം തിരുമനസ്സിലേക്കു സർവ്വോപരി കർണ്ണാനന്ദകരവും മനസ്സമാകർഷകവുമായിത്തീരുകയാൽ ആ കുഴൽക്കാരനെക്കുറിച്ച് അപ്പോൾതന്നെ കൽപിച്ചന്വേഷിക്കുകയും വിളക്കിനെഴുന്നള്ളിച്ചതിന്റേ ശേഷം വന്നുചേർന്ന ഒരു പുതിയ ആളാണെന്നു മനസ്സിലാക്കുകയും ചെയ്തു. തിരുമുമ്പിൽ മേളം കലാശിച്ചയുടനെ ഒരാളെ അയച്ച് ആ കുഴൽക്കാരനെ തിരുമുമ്പാകെ വരുത്തി, “കുഴൽ ഇന്നേ ചാർത്തിയുള്ളു, അല്ലേ? എന്നു കൽപ്പിച്ചു ചോദിച്ചു.

കുഴൽക്കാരൻ: റാൻ.

തമ്പുരാൻ: ആദ്യംതന്നെ വരാഞ്ഞതെന്താണ്?

കുഴൽക്കാരൻ: കുഴൽക്കാരുടെ കൂട്ടത്തിൽ കാണാറില്ലല്ലോ.

കുഴൽക്കാരൻ: ഇന്നലെവരെ ചെണ്ടകൊട്ടുകയായിരുന്നു.

തമ്പുരാൻ: സ്വദേശം എവിടെയാണ്?


കുഴൽക്കാരൻ: ഇവിടെയടുത്തുതന്നെയാണ്.

തമ്പുരാൻ: ‘പേരെന്താണ്?’

കുഴൽക്കാരൻ: മുണ്ടേമ്പിള്ളി കൃഷ്ണൻ.

തമ്പുരാൻ: “ഹേ നമ്മുടെ കൃഷ്ണനോ? അത്ഭുതം തന്നെ! കണ്ടിട്ട് നാം അശേഷമറിഞ്ഞില്ല. കൃഷ്ണൻ ഇങ്ങനെ ചില വിദ്യകൾ പഠിച്ചിട്ടുണ്ടെന്നു നാം ധരിച്ചിട്ടുണ്ട്. അനുഭവപ്പെട്ടതിന്നാണ്. സന്തോഷമായി” എന്നു കൽപിക്കുകയും ചില സമ്മാനങ്ങൾ കൽപിച്ചുകൊടുക്കുകയും ചെയ്തു. ഇങ്ങനെ കൃഷ്ണമാരാർ വേഷമാറ്റവും മോടി (ചെപ്പടി) വിദ്യകളും കാണിച്ചു തിരുമനസ്സിലെ തൃക്കൈയിൽനിന്നു കൂടെക്കൂടെ സമ്മാനങ്ങൾ വാങ്ങിയിരുന്നു. വിസ്തരഭയത്താൽ അവയൊന്നും വിവരിക്കുന്നില്ല.

കൃഷ്ണമാരാർ കൂടെക്കൂടെ ദേശസഞ്ചാരം ചെയ്യുകയും ചെല്ലുന്ന ദിക്കുകളിലെല്ലാം പണി ധാരാളമായി കിട്ടുകയും ചെയ്തിരുന്നു. എന്നാൽ വല്ലതും സ്വൽപം സമ്പാദിക്കണമെന്നുള്ള വിചാരം ആ മനുഷ്യനു ലേശംപോലുമുണ്ടായിരുന്നില്ല. കിട്ടുന്നതെല്ലാം ചെലവുതന്നെ. ഒരിക്കലും കൈവശം പണമുണ്ടായിരിക്കാറില്ല.



ഒരിക്കൽ മാരാർ ദേശസഞ്ചാരത്തിനു പുറപ്പെട്ടപ്പോൾ ഉടുത്തിരുന്നതുൾപ്പെടെ രണ്ടു മുണ്ടല്ലാതെ പണമായിട്ട് കൈവശം അധികമൊന്നു മുണ്ടായിരുന്നില്ല. ഒരു ഭൃത്യനെക്കൂടെ കൊണ്ടുപോയിട്ടുമുണ്ടായിരുന്നു. അതിനാൽ കോയമ്പത്തൂരെത്തിയെപ്പോഴേക്കും കൈവശമുണ്ടായിരുന്ന പണം മുഴുവനും തീർന്നു. അന്ന് അവിടെ ഒരു ബ്രാഹ്മണഗൃഹത്തിൽ കെങ്കേമമായിട്ടുള്ള ഒരു വിവാഹമടിയന്തിരമായിരുന്നു. മാരാരും ഭൃത്യനും കൂടി അവിടെ ചെന്നു കയറി. അപ്പോൾ അവിടെ മഹായോഗ്യന്മാരായ ഭാഗവതർമാരും മൃദംഗക്കാരും കൂടിയിരുന്നുള്ള ഒരു പാട്ടുകച്ചേരിയായിരുന്നു. കൃഷ്ണമാരാർ ഒരു മൃദംഗക്കാരന്റെ അടുക്കൽചെന്നുകൂടി കുറച്ചു കഴിഞ്ഞപ്പോൾ മാരാർ ആ മൃദംഗക്കാരനോട്, “ക്ഷീണമായെങ്കിൽ ഇനി കുറച്ചുനേരം ഞാനാവാം” എന്നു പറഞ്ഞു. മൃദംഗവായനയ്ക്കു തന്നോളം യോഗ്യതയുണ്ടായിട്ടു ലോകത്തിലാരുമില്ലെന്നായിരുന്നു ആ മൃദംഗക്കാരന്റെ വിചാരം. അതിനാൽ മാരാർ പറഞ്ഞത് അയാൾക്കു രസിച്ചില്ല. “ഇയാൾ ഒരു വിഡ്ഢ്യാനാണ്. അല്ലെങ്കിൽ എന്നോടിങ്ങനെ പറയുമോ? ഇയ്യാളുടെ വിഡ്ഢിത്തമൊന്നു പുറത്താക്കണം. ഇയ്യാൾ മൃദംഗം വായിച്ചു തുടങ്ങുമ്പോൾ ഇയ്യാളെ ജനങ്ങൾ ഇവിടെ നിന്നു ആട്ടിയോടിക്കും. അപ്പോൾ ഇയ്യാളുടെ ഗർവ്വ ശമിക്കും” എന്നൊക്കെ വിചാരിച്ച് ആ മൃദംഗക്കാരൻ “എന്നാലാട്ടെ” എന്നു പറഞ്ഞു മൃദംഗം മാറ്റി വെച്ചു കൊടുത്തു. മാരാർ ഉടനെ വായനയും തുടങ്ങി. മാരാരുടെ മൃദംഗപ്രയോഗം സ്വൽപം കേട്ടപ്പോഴേക്കും അവിടെയുണ്ടായിരുന്നവരെല്ലാം ആനന്ദാത്ഭുതപരവശന്മാരായിത്തീർന്നു. ഇത്രയും സരസവും സുഖവഴിയിലുള്ളതുമായ മൃദംഗവായന അതിനുമുമ്പ് അവരാരും കേട്ടിരുന്നില്ല. ഉടനെ പ്രധാനന്മാർ ചെന്നു മാരാരെ കളഭം പൂശിച്ചു വെറ്റിലപാക്കു കൊടുത്തു മാന്യസ്ഥാനത്തു മാറ്റിയിരുത്തി. പാട്ടുകച്ചേരി കഴിഞ്ഞയുടനെ മാരാരെയും ഭൃത്യനേയും ചതുർവ്വിധ വിഭവങ്ങളോടുകൂടി ഊണു കഴിപ്പിക്കുകയും വിവാഹത്തിന്റെ ചടങ്ങുകൾ നാലു ദിവസത്തേക്കുണ്ടായിരുന്നതിനാൽ നാലു ദിവസം താമസിക്കുന്നതിനു മാരാരെ ക്ഷണിക്കുകയും ചെയ്തു. മാരാർ സുഖമായിട്ടു നാലു ദിവസം അവിടെ താമസിച്ചു. ഒടുക്കം മാരാർക്കും വളരെ സമ്മാനങ്ങളും ഭാഗവതന്മാരോടൊപ്പം പണവും കൊടുത്താണ് അവർ അവിടെ നിന്നയച്ചത്.

മാരാർ പിന്നെയും പല സ്ഥലങ്ങളിൽ സഞ്ചരിക്കുകയും ഒട്ടു വളരെ സമ്മാനങ്ങളും പണവും കിട്ടുകയും ചെയ്തു. എങ്കിലും തിരിച്ചു സ്വദേശത്തു വന്നപ്പോൾ പോയ സമയം കൊണ്ടുപോയ രണ്ടു മുണ്ടും ആ ഭൃത്യനുമല്ലാതെ യാതൊന്നുമുണ്ടായിരുന്നില്ല. മാരാർക്കു സ്ത്രീവിഷയത്തിൽ ക്രമത്തിലധികം ഭ്രമമുണ്ടായിരുന്നുവെന്നും കിട്ടുന്നതെല്ലാം ചെലവുചെയ്തിരുന്നത് ആ വിഷയത്തിലായിരുന്നുവെന്നുമാണ് കേൾവി. ഇതല്ലാതെ വേറെ ഒരു ദുർന്നടപ്പും മാരാർക്കുണ്ടായിരുന്നതായി ആരും പറഞ്ഞു കേട്ടിട്ടില്ല.

യോഗ്യന്മാരായിട്ടുള്ളവരെ മധ്യമമാക്കുന്നത് ഒരു യോഗ്യതയാണെന്നുള്ള വിചാരം മാരാർക്കു ധാരാളമായിട്ടുണ്ടായിരുന്നു. യോഗ്യന്മാരായിട്ടുള്ള പലരെ മധ്യമമാക്കുന്നതിനു മാരാർ ശ്രമിക്കുകയും പലപ്പോഴും അതു സാധിക്കുകയും എന്നാൽ ചിലപ്പോൾ സാധിക്കാതെ പോവുകയും ചെയ്തിട്ടുണ്ട്.

ശങ്കരപ്പണിക്കർ എന്നു പ്രസിദ്ധനായിട്ട് ഒരു കുറുങ്കുഴൽക്കാരനുണ്ടായിരുന്നു. അയാളോട് കൃഷ്ണമാരാർക്കു സാമാന്യത്തിലധികം സ്പർദ്ധയും അയാളെ ഒന്ന് അബദ്ധമാക്കിയാൽ കൊള്ളാമെന്നു വളരെ മോഹവുമുണ്ടായിരുന്നു. അതിനു തരം നോക്കികൊണ്ടിരുന്നപ്പോൾ ഒരിക്കൽ തൃപ്പൂണിത്തുറ ക്ഷേത്രത്തിൽ സന്ധ്യവേലയ്ക്ക് അവർ രണ്ടുപേരും കൂടി കൂടാനിടയായി. മാരാർ ചെണ്ടയും പണിക്കർ കുറുങ്കുഴലുമായിരുന്നു എടുത്തിരുന്നത്. ഇടക്കലാശങ്ങളിൽവെച്ചു പണിക്കരെ താളം പിഴപ്പിക്കാനായിട്ടു മാരാർ വളരെ ശ്രമിച്ചുനോക്കി. പണിക്കർക്കു താളത്തിനു നല്ല നിശ്ചയവും ഉറപ്പുമുണ്ടായിരുന്നതിനാൽ മാരാരുടെ വിദ്യയൊന്നും ഫലിച്ചില്ല. അയാളെ താളംതെറ്റിക്കാൻ സാധിക്കയില്ലെന്നു തീർച്ചയായപ്പോൾ മാരാർ “ഈ ചെണ്ട അങ്ങോട്ടു തരാം, കുഴൽ ഇങ്ങോട്ടു തരിക, എന്നിട്ട് നമുക്കൊന്നു നോക്കാം” എന്നു പറഞ്ഞു. അപ്പോൾ പണിക്കർ, “അതു ഞാൻ അഭ്യസിച്ചിട്ടില്ല. ഇതു ഞാൻഅഭ്യസിച്ചിട്ടുണ്ട്. ഇതിൽ എന്നെ തെറ്റിക്കാമെങ്കിൽ താൻ യോഗ്യനെന്നു ഞാൻ സമ്മതിക്കാം. പഠിച്ചിട്ടില്ലാത്തതു പ്രയോഗിക്കണമെന്നു പറയുന്നതു യോഗ്യതയല്ല” എന്നു പറഞ്ഞു. അതിനാൽ മാരാർ ഇച്ഛാഭംഗത്തോടുകൂടി പിരിയേണ്ടതായി വന്നു. മാരാർക്കു ഇങ്ങനെ ഒരു തോൽവിയല്ലാതെ വേറെ ഒന്നും ഒരിക്കലും ഉണ്ടായിട്ടില്ല.

കൃഷ്ണമാരാർ പല ദേശങ്ങളിലും സഞ്ചരിക്കാറുണ്ടായിരുന്നുവെങ്കിലും തിരുവനന്തപുരത്തു പോകാറില്ലായിരുന്നു. തിരുവനന്തപുരം മുതലായ സ്ഥലങ്ങളിൽ ഉത്സവങ്ങൾക്കും മറ്റും സർവ്വപ്രധാനമായിട്ടുള്ളത് പാണ്ടിവാദ്യവും നാഗസ്വരവുമാണ്. കൊമ്പ്, കുഴൽ മുതലായവയോടു കൂടിയുള്ള ചെണ്ടമേളവും തായമ്പകയും മറ്റും ആ ദിക്കുകളിൽ അത്ര പ്രധാനങ്ങളല്ല. അതിനാൽ ചെണ്ട മുതലായ വാദ്യങ്ങളിൽ പ്രതിപത്തിയും അവയിലുള്ള പ്രയോഗചാതുര്യമറിയുന്നതിനുള്ള ശക്തിയും തെക്കൻ ദിക്കലുള്ളവർക്കു ഇല്ലെന്നായിരുന്നു മാരാരുടെ ധാരണ. അതുകൊണ്ടായിരുന്നു ആ മനുഷ്യൻ തിരുവിതാംകൂറിൽ സഞ്ചരിക്കാതെയിരുന്നത്.

കൊല്ലം 1036-ആമാണ്ടു നാടുനീങ്ങിയ മാർത്താണ്ഡവർമ്മ മഹാരാജാവു തിരുമനസ്സുകൊണ്ടു കഥകളിയിൽ വളരെ പ്രതിപത്തിയുള്ള ആളായിരുന്നുവല്ലോ. അക്കാലത്തു കൊട്ടാരത്തിൽ കഥകളിയില്ലാത്ത ദിവസം വളരെ ചുരുക്കമായിരുന്നു. “കഥകളിക്കു ചെണ്ട കൊട്ടുന്നതിനു മുണ്ടേമ്പിള്ളി കൃഷ്ണനു ശരിയായിട്ടു ലോകത്തിലാരുമില്ല” എന്നും മറ്റും ചില നമ്പൂരിമാർ തിരുമനസ്സറിയിക്കുകയാൽ കൽപനപ്രകാരം എഴുതി അയച്ച് ഒരിക്കൽ കൃഷ്ണമാരാരെ തിരുവനന്തപുരത്തു വരുത്തിയിരുന്നു. കൃഷ്ണമാരാർ തിരുവനന്തപുരത്തെത്തിയ ദിവസം തന്നെ മുഖം കാണിക്കുകയും കൽപനപ്രകാരം കഥകളിക്കു ചെണ്ടകൊട്ടുകയും ചെയ്തു. മഹാരാജാവു തിരുമനസ്സിലെ സേവന്മാരിലും കഥകളിയോഗത്തിലും പ്രധാനൻ ഈശ്വരപിള്ള വിചാരിപ്പുകാരദ്ദേഹമായിരുന്നുവല്ലോ. അതിനാൽ അദ്ദേഹത്തെത്തന്നെ ഒന്നബദ്ധമാക്കണമെന്നു മാരാർ നിശ്ചയിച്ചു. എന്നാൽ മാരാർക്കു ഇങ്ങനെയൊരപകട സ്വഭാവവും കരുതലുമുണ്ടെന്നുള്ളതു വിചാരിപ്പുകാരദ്ദേഹം അറിഞ്ഞിരുന്നില്ല. അതുകൊണ്ടും മാരാർ കരുതിക്കൂട്ടിക്കൊണ്ട് അപകടമായിട്ടു കൊട്ടിയതിനാലും വിചാരിപ്പുകാരദ്ദേഹത്തിന്റെ ഒരെടുത്തുകലാശം അവതാളത്തിലായിപ്പോയി. കഥകളി തൃക്കൺപാർത്തുകൊണ്ട് തിരുമനസ്സുകൊണ്ടു എഴുന്നള്ളിയിരിക്കുന്നുണ്ടായിരുന്നു. മാരാർ മനഃപൂർവ്വമായി വിചാരിപ്പുകാരദ്ദേഹത്തെ അബദ്ധത്തിലാക്കുകയാണു ചെയ്തതെന്ന് തിരുമനസ്സിലേക്ക് അപ്പോൾതന്നെ മനസ്സിലായി. എങ്കിലും അപ്പോൾ അതിനെക്കുറിച്ചൊന്നും കൽപിച്ചില്ല. ഒരിക്കൽ അബദ്ധം പറ്റിയതിനാൽ പിന്നെ വിചാരിപ്പുകാരദ്ദേഹം നല്ലപോലെ കരുതിയതുകൊണ്ടും, “ഒന്നു പറ്റിയല്ലോ, അതു മതി” എന്നു വിചാരിച്ചു മാരാർ പിന്നെ അപകടമായിട്ടു കൊട്ടാതെയിരുന്നതിനാലും വിചാരിപ്പുകാരദ്ദേഹത്തിന് ആ ഒരു പ്രാവശ്യമല്ലാതെ പിന്നെ അബദ്ധമൊന്നും പറ്റിയില്ല. പിന്നെ മാരാർ അപകടമൊന്നും കൂടാതെ കൊണ്ടു പിടിച്ചുകൊട്ടുകയും ചെയ്തു. വിചാരിപ്പുകാരദ്ദേഹത്തെ അവതാളത്തിലാക്കിയതു കൊണ്ട് തിരുമനസ്സിലേക്ക് ആദ്യം സ്വൽപം തിരുവുള്ളക്കേടുണ്ടായെങ്കിലും പിന്നെ മാരാരുടെ കൊട്ടു കേട്ട് അവിടുന്നു വളരെ സന്തോഷിക്കയും ചെയ്തു.

പിറ്റേ ദിവസം ഉച്ചതിരിഞ്ഞ സമയം മാരാർ തിരുമുമ്പാകെ ചെന്നു. അപ്പോൾ വിചാരിപ്പുകാരദ്ദേഹവും അവിടെയുണ്ടായിരുന്നു. മാരാരെ കണ്ടയുടനെ തിരുമനസ്സുകൊണ്ട് “ഇന്നലെ കൃഷ്ണൻ ഈശ്വരന്റെ ഒരു കലാശം പിഴപ്പിച്ചു, ഇല്ലേ?” എന്നു കൽപിച്ചു ചോദിച്ചു. അതിനു മറുപടിയായി മാരാർ തിരുമനസ്സിറിയിച്ചതു് “ഗുരുക്കന്മാരുടെ അടുക്കൽ അഭ്യസിച്ചു പഠിപ്പിച്ചുള്ളവർക്കും മറ്റൊരാൾ പിഴപ്പിച്ചാലും ഒന്നും പിഴയ്ക്കുകയില്ല” എന്നായിരുന്നു. അതു തിരുമനസ്സിലേക്കു നല്ല രസമായില്ല. എങ്കിലും തിരുവുള്ളക്കേടായിട്ടു ഒന്നും കല്പിച്ചില്ല. “ആട്ടെ, കൃഷ്ണൻ കുറച്ചു ദിവസംകൂടി ഇവിടെ താമസ്സിച്ചിട്ടേ പോയ്ക്കളയാവൂ, കൃഷ്ണന്റെ കൊട്ടു കേട്ടിട്ടു മതിയായില്ല” എന്നാണ് അവിടുന്ന് കൽപിചത്.

കൽപനപ്രകാരം മാരാർ ഏതാനും ദിവസം തിരുവനന്തപുരത്തു താമസിക്കുകയും പതിവായി കഥകളിക്കു വിചാരിപ്പുകാരദ്ദേഹം മുതലായ പ്രധാനവേഷക്കാരുടെ ആട്ടത്തിനു കൊട്ടുകയും ചെയ്തിരുന്നു. ഒടുക്കം മാരാർ യാത്രയറിയിച്ച സമയം ഒരു വീരശൃംഖലയെടുത്തു തൃക്കൈയിൽ പിടിച്ചുകൊണ്ട് കൈ നീട്ടാൻ കൽപിച്ചപ്പോൾ മാരാർ ഇടത്തുകൈ നീട്ടി. ഉടനെ വലത്തുകൈ നീട്ടാൻ കൽപിചു. അപ്പോൾ മാരാർ, “അത് അടിയന്റെ തമ്പുരാൻ വല്ലതും കൽപിച്ചുതരുമ്പോഴത്തേക്കിരിക്കട്ടെ” എന്നറിയിച്ചു. ഉടനെ തിരുമനസ്സുകൊണ്ട് ഒരു വീരശൃംഖലകൂടി തൃക്കൈയിലെടുത്തു. അപ്പോൾ മാരാർ രണ്ടുകൈയും നീട്ടിക്കൊടുത്തു. തിരുമനസ്സുകൊണ്ട് മാരാരുടെ രണ്ടു കൈയ്ക്കും വീരശൃംഖല ഇടുവിച്ചു കൊടുക്കുകയും മാരാർക്കു വഴിച്ചെലവിനായി നിത്യച്ചെലവുവകയിൽനിന്നു നൂറു രൂപാ കൽപിച്ചു കൊടുപ്പിച്ചു സന്തോഷിപ്പിച്ചയയ്ക്കുകയും ചെയ്തു.

പിന്നെ കൃഷ്ണമാരാർ 1055-ആമാണ്ടു നാടുനീങ്ങിയ ആയില്യം തിരുനാൾ തിരുമനസ്സിലെക്കാലത്തും 60-ആമാണ്ടു നാടുനീങ്ങിയ വിശാഖം തിരുനാൾ തിരുമനസ്സിലെക്കാലത്തും തിരുവനന്തപുരത്തു പോവുകയും മാരാരുടെ കൊട്ട്, പാട്ട് മുതലായവ കേട്ടു സന്തോഷിച്ച് ആ രണ്ടു മഹാരാജാക്കന്മാരും മാരാർക്കു പല സമ്മാനങ്ങൾ കൽപിച്ചു കൊടുക്കുകയുമുണ്ടായി. കൃഷ്ണമാരാർക്കു സാമൂതിരിപ്പാടു തമ്പുരാക്കന്മാരും വീരശൃംഖല മുതലായ സമ്മാനങ്ങൾ കൽപിച്ചുകൊടുക്കുകയുണ്ടായിട്ടുണ്ട്. ഇങ്ങനെ മൂന്നു സംസ്ഥാനത്തു നിന്നും രാജസംഭാവനകൾ ലഭിച്ചിട്ടുള്ള മാരാന്മാർ വേറെ ഉണ്ടായിരുന്നതായി കേട്ടിട്ടില്ല. ഇപ്പോൾ ഇല്ലെന്നുള്ള കാര്യം തീർച്ചയും ഇനി ഉണ്ടാകുന്ന കാര്യം സംശയവുമാണ്.

# 98

## മണ്ണാറശ്ശാല മാഹാത്മ്യം

കേരളഭൂമിയുടെ ഉത്ഭവവും അതിനെ സംബന്ധിച്ചുള്ള ചരിത്രവും ഏതു വിധമെങ്കിലും ആയിരുന്ന കൊള്ളട്ടെ. അതിനെക്കുറിച്ച ചിന്തിക്കുകയോ തീർച്ചപ്പെടുത്തുകയോ ചെയ്യണമെന്ന് ഇവിടെ വിചാരിക്കുന്നില്ല. മേൽപ്പറഞ്ഞിരിക്കുന്ന ക്ഷേത്രത്തെ സംബന്ധിച്ച പഴമ പരിചയമുള്ള വയോവൃദ്ധന്മാരിൽനിന്ന കേട്ടിട്ടുള്ള ഐതിഹ്യങ്ങൾ മാത്രം ചുരുക്കത്തിൽ വിവരിക്കണമെന്നേ ഇപ്പോൾ ഉദ്ദേശിക്കുന്നുള്ളൂ.



ശ്രീപരശുരാമൻ പരദേശങ്ങളിൽനിന്ന ബ്രാഹ്മണരെ കൊണ്ടുവന്ന കേരളത്തിൽ താമസിപ്പിച്ച കാലത്ത് ഇവിടെ സർവത്ര സർപ്പങ്ങളുടെ ഉപദ്രവമുണ്ടായിരുന്ന എന്നമാത്രമല്ല, ഓരില്ലാത്ത നല്ല വെള്ളം കേരളഭൂമിയിൽ ഒരിടത്തും കിട്ടുകയുമില്ലായിരുന്നു. അതിനാൽ ഇവിടെ താമസിക്കുന്ന കാര്യം പ്രയാസമാണെന്ന തോന്നുകയാൽ ബ്രാഹ്മണരെല്ലാവരും വന്ന വഴിയേ പരദേശങ്ങളിലേയ്ക്കുതന്നെ മടങ്ങിപ്പോയി. അപ്പോൾ പരശുരാമൻ ഏറ്റവും വിഷണ്ണനായിത്തീർന്നു. പിന്നെ അദ്ദേഹം കൈലാസത്തിൽച്ചെന്ന സർവ്വജ്ഞനും സർപ്പഭൂഷണനും തന്റെ ഗുരുനാഥനുമായ ശ്രീപരമേശ്വരനെ കണ്ടു വിവരമറിയിച്ചപ്പോൾ ശിഷ്യവത്സലനായ ഭഗവാൻ ശ്രീപരമേശ്വരൻ "സർപ്പരാജാവായ വാസുകിയെ സേവിച്ച പ്രസാദിപ്പിച്ചാൽ ഇതിനൊക്കെ സമാധാനമുണ്ടാക്കിത്തരും" എന്നരുളിച്ചെയ്തു. അതുകേട്ടു പരശുരാമൻ വീണ്ടും കേരളത്തിൽ വന്ന വാസുകിയെക്കുറിച്ച് തപസ്സുചെയ്തുകൊണ്ടിരുന്നു. പരശുരാമന്റെ തപസ്സ് അതികഠിനമായിരുന്നതിനാൽ വാസുകി അചിരേണ സന്തുഷ്ടനായിത്തീരുകയും പ്രത്യക്ഷമായി പരശുരാമന്റെ അടുക്കൽചെന്ന്, "അല്ലയോ മഹാത്മൻ! ഭവാന്റെ അതിഘോരമായ ഈ തപസ്സുകൊണ്ട് ഞാൻ അത്യന്തം പരിതുഷ്ടനായിരിക്കുന്നു. അവിടുത്തെ അഭീഷ്ടമെന്താണെന്ന പറഞ്ഞാൽ അപ്രകാരം ചെയ്‌വാൻ ഞാൻ സന്നദ്ധനായിരിക്കുന്നു" എന്ന പറഞ്ഞു. വാസുകിയുടെ ഈ വാക്കുകേട്ടു പരശുരാമൻ, "അലയോ സർപ്പകുലാധിപതേ! ഈ കേരളഭൂമിയിൽ ഭവാന്റെ വംശന്മാരും പരിജനങ്ങളും മറ്റുമായ സർപ്പങ്ങളുടെ സാർവ്വത്രികമായ സഞ്ചാരംകൊണ്ടും ഇവിടെയുള്ള വെള്ളമെല്ലാം ലവണരസപൂർണ്ണമായിരിക്കുന്നതിനാലും ഈ പ്രദേശത്തു മനുഷ്യർക്കു നിവസിക്കുവാൻ നിവൃത്തിയില്ലാതെയിരിക്കുന്നു. അതിനാൽ ഈ രണ്ടു സംഗതികൾക്കും പരിഹാരമുണ്ടാക്കി ഭവാൻ ഈ ഭൂഭാഗം മനുഷ്യവാസയോഗ്യമാക്കിത്തരണമെന്നാണ് എന്റെ അപേക്ഷ" എന്ന പറഞ്ഞു.

വാസുകി: ഭവാന്റെ ഇഷ്ടം പോലെ, ഈ കേരളഭൂമിയിലുള്ള വെള്ളത്തിൽ കലർന്നിരിക്കുന്ന ലവണരസമെല്ലാം ഞാൻ ആകർഷിച്ച സമുദ്രത്തിലും അതോടുചേർന്നുള്ള ജലാശയങ്ങളിലുമാക്കാം. സർപ്പങ്ങൾ മിക്കവയും ഭവാൻ തപസ്സുചെയ്തു കൊണ്ടിരുന്ന ഈ വനപ്രദേശത്തു വന്ന മനുഷ്യോപദ്രവം ചെയ്യാതെ താമസിച്ചുകൊള്ളുന്നതിനും അന്യത്ര താമസിക്കുന്നതായാലും ഭൂദ്വാരങ്ങളിൽ ഇരുന്ന കൊള്ളുന്നതിനും ചട്ടം കെട്ടാം. എന്നാൽ കേരളവാസികൾ അവരുടെ വാസഗൃഹങ്ങളുടെ സമീപത്ത് ഓരോ കാവിൻകൂട്ടങ്ങളുണ്ടാക്കി, അതാതു സ്ഥലങ്ങളിലുള്ള സർപ്പങ്ങളെ ആ കാവുകളിൽ കുടിയിരുത്തുകയും തങ്ങളുടെ കുലദൈവങ്ങളെന്ന വിചാരിച്ച് അവരെ ആദരിക്കുകയും ആചരിക്കുകയും പൂജിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നതിന കേരളത്തിൽ താമസിക്കുന്ന മനുഷ്യരോടു ഭവാനും ആജ്ഞാപിക്കണം. അവരെ ആദരിക്കുകയും ആചരിക്കുകയും പൂജിക്കുകയും ചെയ്യാതിരിക്കുകയോ ഏതെങ്കിലും വിധത്തിൽ ഉപദ്രവിക്കുകയോ ചെയ്താൽ അവർ ഉപദ്രവിക്കുമെന്നും സർപ്പങ്ങൾ സന്തോഷിച്ചാൽ സർവ്വൈശ്വര്യങ്ങളും ഉണ്ടാക്കിക്കൊടുക്കുന്നതിനും കോപിച്ചാൽ സകലവിധത്തിലുള്ള അനർത്ഥങ്ങളും ആപത്തുകളും ഉണ്ടാക്കിത്തീർക്കുന്നതിനും ശക്തിയുള്ള വകക്കാരാണെന്നും ഭവാൻ മനുഷ്യരെ ഗ്രഹിപ്പിക്കയും വേണം. ഇപ്രകാരമെല്ലാം ചെയ്താൽ ഈ ഭൂഭാഗം മനുഷ്യവാസയോഗ്യമായിത്തീരും.

ഇപ്രകാരം വാസുകി പറഞ്ഞതിനെ കേട്ട് അപ്രകാരമെല്ലാം ചെയ്തുകൊള്ളാമെന്ന പരശുരാമൻ സമ്മതിച്ചു. ഇങ്ങനെ അവർ തമ്മിൽ പറഞ്ഞു സമ്മതിച്ചതിന്റെ ശേഷം പരശുരാമൻ പിന്നെയും പരദേശങ്ങളിൽ പോയി ബ്രാഹ്മണരെയും മറ്റു കൂട്ടികൊണ്ടു കേരളത്തിൽ വന്നു. അപ്പോഴേക്കും ഇവിടെ വെള്ളത്തിനുണ്ടായിരുന്ന ലവണരസം മാറി സാർവ്വത്ര ശുദ്ധജലം കാണപ്പെട്ടു. സർപ്പങ്ങൾ മിക്കവയും പരശുരാമൻ തപസ്സുചെയ്തിരുന്ന വനത്തിൽച്ചെന്ന താമസമായി. ശേഷമുണ്ടായിരുന്നവ വിലേശയങ്ങളായും (വിലങ്ങളിൽ പൊത്തുകളിൽ കിടക്കുന്നവ) തീർന്നിരുന്നു. അതിനാൽ പരദേശങ്ങളിൽനിന്ന വന്നവരാരും മടങ്ങിപ്പോകാതെ കേരളത്തിൽത്തന്നെ ഗൃഹങ്ങളുണ്ടാക്കി താമസമുറപ്പിച്ചു. പരശുരാമന്റെ ആജ്ഞപ്രകാരം എല്ലാവരും ഒന്നും രണ്ടും അതിലധികവും കാവുകളുണ്ടാക്കി അവിടെയെല്ലാം സർപ്പങ്ങളെ കുടിയിരുത്തി (നാഗപ്രതിമകൾ പ്രതിഷ്ഠിച്ച്) പൂജയും മറ്റും നടത്തിത്തുടങ്ങുകയും ചെയ്തു. അനന്തരം പരശുരാമൻ താൻ തപസ്സുചെയ്തുകൊണ്ടിരുന്ന സ്ഥലത്തുചെന്ന് അവിടെ നാഗരാജാവിനെ (വാസുകിയെ)യും നാഗയക്ഷിയെയും പ്രതിഷ്ഠിക്കുകയും പരിവാരങ്ങളായ മറ്റനേകം സർപ്പങ്ങളെ കുടിയിരുത്തുകയും ചെയ്തു. ആ സർപ്പങ്ങൾ വസിക്കുന്ന ഏതാനും സ്ഥലം (ഇപ്പോഴത്തെ അളവുപ്രകാരം 14 ഏക്കർ) സർപ്പക്കാവാക്കി നിശ്ചയിച്ച് അതിരിട്ടു തിരിക്കുകയും, ശേഷം സ്ഥലത്തു കാടു വെട്ടിത്തെളിച്ച് ഗൃഹങ്ങളുണ്ടാക്കി ജനങ്ങൾ നിവസിച്ചുകൊള്ളാനനുവദിക്കുകയും ചെയ്തു. ഈ സർപ്പങ്ങൾക്കു പതിവായി പൂജ നടത്തുന്നതിനും ഈ കാവ് ആരും വെട്ടിയഴിക്കാതെ സൂക്ഷിക്കുന്നതിനും മറ്റുമായി കാവിന്റെ അതിരിനകത്തുതന്നെ ഒരു ഗൃഹം പണിയിച്ച ഒരു ബ്രാഹ്മണകുടുംബക്കാരെ അവിടെ താമസിപ്പിച്ചു. ഈ കാവുസംബന്ധിച്ചുള്ള സർവ്വാധികാരങ്ങളും അവകാശങ്ങളും ഈ കുടുംബക്കാർക്കായി കൊടുക്കുകയും ചെയ്തു. അവർ അക്കാലം മുതൽ സർപ്പങ്ങളെ തങ്ങളുടെ പരദേവതമാരാക്കി വെച്ചു പൂജിക്കുകയും സേവിക്കുകയും ചെയ്തുതുടങ്ങി. അതിന് ഇപ്പോഴും യാതൊരു ഭേദഗതിയും അവർ വരുത്തീട്ടില്ല. ആ ഇല്ലക്കാരെയാണ് ഇപ്പോൾ "മണ്ണാർശാല നമ്പ്യാതിരിമാർ" എന്ന പറഞ്ഞുവരുന്നത്.

മേൽപറഞ്ഞപ്രകാരം കേരളത്തിൽ സർപ്പങ്ങൾ നിമിത്തമുണ്ടായിരുന്ന ഉപദ്രവങ്ങൾ തീർക്കുകയും ജനങ്ങൾക്കു സുഖമായി താമസിക്കുന്നതിന വേണ്ടുന്ന സകല സകൗര്യങ്ങളും ഉണ്ടാക്കിക്കൊടുക്കുകയും ചെയ്തതിന്റെ ശേഷം പരശുരാമൻ തപസ്സിനായി പോയി. അനന്തരം അനേകകാലങ്ങൾ കഴിഞ്ഞതിന്റെ ശേഷം യുഗാന്തരത്തിലുണ്ടായ ചില സംഗതികളാണ് ഇനിയിവിടെ പറയാൻ ഭാവിക്കുന്നത്.

ഇപ്പോൾ അമ്പപ്പുഴത്താലൂക്കിലുൽപ്പെട്ടിരിക്കുന്ന മിക്ക ഭാഗവും പണ്ടു വലിയ വനമായിരുന്നു. ആ വനത്തെയാണ് "ഖാണ്ഡവ" വനമെന്നപറഞ്ഞിരുന്നത്. ഖാണ്ഡവവനം മധ്യമപാണ്ഡവനായ അർജ്ജുനൻ ചുട്ടു ദഹിപ്പിച്ചതിനാൽ ആ പ്രദേശത്തിന "ചുട്ടനാട്" എന്ന പേരുണ്ടായി. അതു കാലക്രമേണ "കുട്ടനാട്" എന്നായിത്തീർന്നു. ഖാണ്ഡവവനത്തിന പിടിച്ച തീയ് അവിടെനിന്ന കിഴക്കോട്ട് പടർന്ന പിടിച്ച പരശുരാമൻ പ്രതിഷ്ഠിച്ച സർപ്പങ്ങളുടെ വാസസ്ഥലമായ കാവുവരെയെത്തി. ആ കാവിന്റെ രക്ഷയ്ക്കായി അവിടെ പരശുരാമൻ സ്ഥാപിച്ച ഇല്ലത്തുണ്ടായിരുന്ന അമ്മമാർ അതു കണ്ടു കാവിന് അഗ്നി ബാധയുണ്ടാകാതെയിരിക്കാൻ അടുക്കലുള്ള കുളത്തിൽനിന്ന വെള്ളം കോരിയൊഴിച്ചുകൊണ്ടിരുന്നു. അതിനാൽ ആ കാവു നശിക്കാനിടയായില്ല. എങ്കിലും അഗ്നിജ്വാല തട്ടി മണ്ണിന ചൂടുപിടിക്കുകയും ചൂടു ദുസ്സഹമായിത്തീരുകയാൽ സർപ്പങ്ങൾ വളരെ കഷ്ടപ്പെടുകയും ചെയ്തു. അഗ്നി ശമിച്ചിട്ടും മണ്ണിന്റെ ചൂടാറുന്നതുവരെ അമ്മമാർ വെള്ളം കോരിയൊഴിച്ചുകൊണ്ടിരുന്നു. മണ്ണിന്റെ ചൂടാറിയപ്പോൾ "ഇപ്പോൾ മണ്ണാറി. അതിനാൽ ഈ സ്ഥലത്തിന്റെ നാമം മേലാൽ 'മണ്ണാറിശാല' എന്നായിരിക്കട്ടെ" എന്ന് ആരോ വിളിച്ചു പറഞ്ഞത് എല്ലാവരും കേട്ടു. അതു പറഞ്ഞത് ആരാണെന്ന് ആർക്കും അറിഞ്ഞുകൂടായിരുന്നു. എങ്കിലും ഇത് സാക്ഷാൽ വാസുകിയുടെ അരുളപ്പാടാണെന്നാണ് എല്ലാവരുംകൂടി തീർച്ചയാക്കിയത്. അതിനാൽ അക്കാലം മുതൽ ആ സ്ഥലത്തെ എല്ലാവരും 'മണ്ണാറിശാല' എന്നതന്നെ പറഞ്ഞുവന്നിരുന്നു; കാലക്രമേണ അതു "മണ്ണാർശാല" എന്നായിത്തീർന്നു. ഈ സ്ഥലം തിരുവിതാംകൂർ സംസ്ഥാനത്തു കാർത്തികപ്പള്ളിത്താലൂക്കിൽ അരിപ്പാട്ടു സുബ്രഹ്മണ്യക്ഷേത്രത്തിൽനിന്ന സ്വല്പം പടിഞ്ഞാറുമാറിയാണ്.

ഖാണ്ഡവദാഹാനന്തരം ഒരു കാലത്തു മണ്ണാർശാലയില്ലത്തു സഭർത്തൃകയായ ഒരമ്മയ്ക്കു പുരുഷസന്താനമുണ്ടാകാ ഒരു പുത്രനുണ്ടാകണമെന്നുള്ള ആഗ്രഹത്തോടുകൂടി കുടുംബപരദേവതകളായ സർപ്പങ്ങളെ ഭക്തിപൂർവ്വം ഭജിച്ചുകൊണ്ടിരുന്നു. അങ്ങനെ കുറച്ചു കാലം കഴിഞ്ഞപ്പോൾ ആ അമ്മ ഗർഭം ധരിക്കുകയും യഥാകാലം രണ്ട് ആൺകുട്ടികളെ ഒരുമിച്ചു പ്രസവിക്കുകയും ചെയ്തു. പക്ഷേ, അതിൽ ഒന്നു മാത്രമേ മനുഷ്യക്കുട്ടിയായിരുന്നുള്ളൂ. ആ സർപ്പശിശു മാത്രയ്ക്കിടയിൽ വളർന്ന സംസാരിച്ചുതുടങ്ങി. അത് അതിന്റെ മാതാവിനോട് താഴെക്കാണുന്നപ്രകാരം പറഞ്ഞു: "അല്ലയോ മാതാവേ! സർപ്പങ്ങൾക്കെല്ലാം ഈ കുടുംബക്കാരോട് ആകപ്പാടെ വളരെ സന്തോഷവും സ്നേഹവും വാത്സല്യവുമുണ്ട്. എന്നാൽ ഇവിടെയുള്ള സ്ത്രീജനങ്ങളോടാണു സർപ്പങ്ങൾക്കു അധികം സന്തോഷം. ഇവിടെയുള്ള സർപ്പങ്ങളെയെല്ലാം അഗ്നിബാധയിൽനിന്ന രക്ഷിച്ചത് ഈ കുടുംബത്തിലുള്ള സ്ത്രീകളാണല്ലോ. പ്രാണരക്ഷ ചെയ്തവരോടുണ്ടാകുന്ന കൃതജ്ഞതയും സന്തോഷവും എത്രമാത്രമായിരിക്കുമെന്നുള്ളതു വിശേഷിച്ചു പറയണമെന്നില്ലല്ലോ. അതിനാൽ ഇവിടെ സർപ്പങ്ങളുടെ പൂജയും മറ്റും അമ്മമാരിൽ അന്നന്നു മൂത്തയാൾ നടത്തണം. അങ്ങനെയാകുന്നതാണ് സർപ്പങ്ങൾക്കും അധികം സന്തോഷകരമായിരിക്കുന്നത്. എന്നാൽ മൂപ്പു സിദ്ധിച്ചു പൂജ നടത്താൻ അർഹകളായിത്തീരുന്ന അമ്മമാർ സഭർത്തൃകകളായിരുന്നാലും അവർ മൂപ്പുസിദ്ധിക്കുന്ന ദിവസം മുതൽ ബ്രഹ്മചര്യവ്രതത്തോടുകൂടി ഇരിക്കുകയും വേണം. സർപ്പങ്ങളുടെ പൂജയും മറ്റും ഇപ്പോൾ നടത്തിവരുന്ന രീതിക്കു സ്വല്പം ചില ഭേദഗതികൾ വരുത്താനുണ്ട്. അവയെല്ലാം എന്റെ അമ്മയ്ക്കു ഞാൻ ഉപദേശിച്ചുതരാം. ഇവിടെയുള്ള അമ്മമാരിൽ ഇപ്പോൾ മൂപ്പ് എന്റെ അമ്മയ്ക്കാണല്ലോ. അമ്മയ്ക്കു പ്രസവചികിത്സകളെല്ലാം കഴികയും ശരീരം ശുദ്ധമാവുകയും ചെയ്താൽ പിന്നെ അമ്മതന്നെ സർപ്പങ്ങളുടെ പൂജയും മറ്റും നടത്തിത്തുടങ്ങണം. അമ്മയ്ക്കു പൂജയും മറ്റും നടത്താൻ വയ്യാതെയാകുന്ന കാലത്ത് അടുത്ത മൂപ്പുസ്ഥാനം ആർക്കാണെന്നു വെച്ചാൽ അവർക്കു ഞാൻ അമ്മയ്ക്കു ഉപദേശിച്ചു തരുന്നതെല്ലാം അമ്മ ഉപദേശിച്ചുകൊടുക്കണം. അങ്ങനെ തലമുറതോറും ചെയ്തുകൊണ്ടിരിക്കണം. ഈ കുടുംബത്തിൽ ജനിച്ച ഞാൻ ഈ സ്ഥലം വിട്ടു കാവിലും മറ്റും പോയിരിക്കുകയില്ല. ഈ കുടുംബത്തിന്റെ രക്ഷയ്ക്കായി ഞാൻ ഇവിടെത്തന്നെ ഇരിക്കും. എന്നെ ആരും ഉപദ്രവിക്കരുത്. ഞാൻ ഇരിക്കുന്ന സ്ഥലത്ത് ആരും കയറിവരികയുമരുത്" എന്ന് പറഞ്ഞു, ആ സർപ്പബാലൻ പൂജാക്രമങ്ങളും മന്ത്രങ്ങളുമെല്ലാം തന്റെ അമ്മയ്ക്ക് ഉപദേശിച്ചുകൊടുത്തിട്ട് ഇല്ലത്തിന്റെ നിലവറയിൽ കയറി ഇരിപ്പായി.

ആ സർപ്പബാലന്റെ ഉപദേശപ്രകാരമുള്ള മന്ത്രതന്ത്രങ്ങളോടുകൂടി അക്കാലം മുതൽ അവിടെ അന്നന്നു മൂപ്പായിട്ടുള്ള അമ്മമാർ സർപ്പങ്ങളുടെ പൂജാദികളെല്ലാം നടത്തുകയും അവർ ബ്രഹ്മചര്യവ്രതത്തോടുകൂടി ഇരിക്കുകയും ചെയ്തുതുടങ്ങി. അതിന് ഇപ്പോഴും അവിടെ യാതൊരു വ്യത്യാസവും വരുത്തീട്ടില്ല.

സർപ്പബാലൻ കയറിയിരുന്ന നിലവറയ്ക്കകത്ത് അതിൽപിന്നെ മനുഷ്യരാരും കടന്നിട്ടില്ല. നിലവറയുടെ വാതിൽ അത്യാവശ്യപ്പെട്ട ചില പൂജാകർമ്മാദികൾക്കാല്ലാതെ തുറക്കാറില്ല. എല്ലായ്പ്പോഴും അടച്ചിട്ടേക്കുകയാണ് പതിവ്. ഇപ്പോൾ വാതിൽ തുറന്ന നോക്കിയാൽ അവിടെ പുറ്റുകളല്ലാതെ മറ്റൊന്നും കാൺമാനില്ല. ഇല്ലത്തിന പഴക്കംകൊണ്ടു കേടുകൾ സംഭവിക്കുന്ന കാലങ്ങളിൽ ജീർണ്ണോദ്ധാരണം ചെയ്യിക്കാറുണ്ടെങ്കിലും നിലവറ ഇളക്കാറില്ല. അടുത്ത കാലത്തുതന്നെ ഇല്ലം പുതുക്കിപ്പണിയിക്കുകയും അവിടെ ചില പരിഷ്കാരങ്ങളെല്ലാം വരുത്തുകയും ചെയ്തു. എങ്കിലും നിലവറ പൂർവ്വസ്ഥിതിയിൽ വെച്ചുകൊണ്ടാണ് അവ യെല്ലാം നടത്തിയത്.

സർപ്പശിശുവിനോടുകൂടി ജനിച്ച ബാലൻ പുരുഷപ്രായമ ശേഷം നാഗരാജാവിനും നാഗയക്ഷിക്കും മറ്റും പ്രത്യേകം അമ്പലങ്ങൾ പണിയിച്ചു കലശം മുതലായവ നടത്തിച്ചു. ആ അമ്പലത്തിനാണ "മണ്ണാർശ്ശാലക്ഷേത്ര"മെന്ന പറഞ്ഞുവരുന്നത്. ആ അമ്പലവും ചില കാലങ്ങളിൽ ജീർണ്ണോദ്ധാരണം ചെയ്യിക്കുക ഉണ്ടായിട്ടുണ്ട്. എങ്കിലും ബിംബങ്ങൾ ഇളക്കി പ്രതിഷ്ഠിക്കുക ഒരിക്കലും ഉണ്ടായിട്ടില്ലെന്നാണ് കേട്ടിട്ടുള്ളത്. അതു വാസ്തവമാണെന്ന അവ കണ്ടാൽ തോന്നുകയും ചെയ്യും. എന്തെന്നാൽ പ്രധാന ബിംബങ്ങളുടെ പീഠങ്ങൾ ബിംബങ്ങൾക്കു ചേർന്നവയായിട്ടല്ല അവിടെ കാണുന്നത്. ബിംബങ്ങൾ എപ്പോഴെങ്കിലും ഇളക്കി പ്രതിഷ്ഠിച്ചിരുന്നുവെങ്കിൽ ആ പീഠങ്ങൾ മാറാതെയിരിക്കാനിടയില്ലല്ലോ.

മണ്ണാർശ്ശാലയില്ലത്തുനിന്ന പണ്ടൊരിക്കൽ ഒരു കന്യകയെ കായംകുളത്തിന സമീപം വെട്ടിക്കോട്ടു ദേശത്തുള്ള മേപ്പള്ളി നമ്പ്യാതിരിയുടെ ഇല്ലത്തേക്കു വിവാഹം കഴിച്ചുകൊടുത്തു. അതിന മണ്ണാർശ്ശാലയില്ലത്തുനിന്ന സ്ത്രീധനമായി കൊടുത്തത് ഒരു സർപ്പത്തെയായിരുന്നു. സർപ്പത്തെ ഒരു ഓലക്കുടയുടെ മുളങ്കാലിനകത്തു കയറ്റിയാണത്രേ കൊടുത്തത്. വധുവിനായി കൊടുത്തതിനെ വരൻ സന്തോഷസമേതം സ്വീകരിച്ചു കൊണ്ടുപോയി. മേപ്പള്ളിയില്ലത്തു ചെന്നപ്പോൾ ആ സർപ്പം അവിടുത്തെ നിലവറയിൽ കയറിയിരിപ്പായി. എന്ന മാത്രമല്ല, ആ സ്ഥലത്തും മണ്ണാർശ്ശാലയിലെപ്പോലെ കാവും കുളവുമെല്ലാം ഉണ്ടാക്കി സർപ്പപ്രതിഷ്ഠകൾ നടത്തണമെന്ന നിർബന്ധപൂർവം ആ സർപ്പം ആവശ്യപ്പെടുകയും ചെയ്തു. അതിനാൽ ആ ഇല്ലക്കാർ അപ്രകാരമെല്ലാം ചെയ്തു. അതിനാൽ മേപ്പള്ളി മണ്ണാർശ്ശാലയുടെ ഒരു പ്രതിബിംബം പോലെയായിത്തീർന്നു. നൂറും പാലും കൊടുക്കുക, സർപ്പബലി, സർപ്പപ്പാട്ട് മുതലായവ നടത്തുക എന്നിവയൊന്നും ഇപ്പോൾ ഒരു സ്ഥലത്ത് (മണ്ണാർശ്ശാലയിലോ, മേപ്പള്ളിയിലോ) മാത്രമായി നടത്താൻ പാടില്ല. മേൽപ്പറഞ്ഞവയിലെന്തെങ്കിലും ഒരു സ്ഥലത്തു നടത്തുകയാണെങ്കിൽ മറ്റേ സ്ഥലത്തും നടത്തണം. അത് ഒരു ദിവസം തന്നെയായിരിക്കുകയും വേണം. ഒരു സ്ഥലത്തുമാത്രമായി വിശേഷിച്ചെന്തെങ്കിലും നടത്തിയാൽ സർപ്പകോപവും തന്നിമിത്തം വലിയ അനർത്ഥങ്ങളുമുണ്ടാവുക പതിവാണ്. അതിനാൽ ഇപ്പോൾ സർപ്പങ്ങളെ ഉദ്ദേശിച്ചു വിശേഷാൽ എന്തെങ്കിലും നടത്തുന്നുണ്ടെങ്കിൽ രണ്ടില്ലക്കാരും കൂടിയാലോചിച്ചു ദിവസം നിശ്ചയിച്ച് രണ്ടു സ്ഥലത്തും ഒരേ ദിവസം തന്നെ നടത്തുകയാണ് പതിവ്.

ഇനി മണ്ണാർശ്ശാലയിലെ ചില മാഹാത്മ്യവിശേഷങ്ങൾകൂടി പറഞ്ഞിട്ട് ഈ ഉപന്യാസം അവസാനിപ്പിക്കാമെന്ന വിചാരിക്കുന്നു.

സർപ്പങ്ങൾക്കു നൂറും പാലും കൊടുക്കുന്നതിന പാത്രങ്ങളിൽ നൂറും പാലും (അരിപ്പൊടിയും മഞ്ഞൾപ്പൊടിയും കൂടി പാലിൽ) കലക്കിവെച്ചു പൂജിച്ചിട്ടു തർപ്പിക്കുകയും തർപ്പിച്ചു കഴിഞ്ഞാൽ പാത്രങ്ങൾ കമഴ്ത്തുകയുമാണല്ലോ പതിവ്. എന്നാൽ മണ്ണാർശ്ശാലയിലെ നിലവറയിലുള്ള സർപ്പങ്ങൾക്കും നൂറും പാലും കൊടുക്കുമ്പോൾ തർപ്പിക്കയും പാത്രങ്ങൾ കമഴ്ത്തുകയും പതിവില്ല പൂജ കഴിഞ്ഞാൽ വാതിലടച്ചിട്ട് എല്ലാവരും പോരും. പിറ്റേദിവസം വാതിൽ തുറന്ന നോക്കുമ്പോൾ പാത്രങ്ങളിൽ യാതൊന്നും കാണുകയില്ല. ഇത് ഇപ്പോഴും കണ്ടുവരുന്ന ഒരത്ഭുതമാണ്. ആ നിലവറയിൽ ആദ്യം ഒരു സർപ്പം മാത്രമേ കയറിയിരുന്നുള്ളുവെങ്കിലും അവിടെയിപ്പോൾ അസംഖ്യം പുറ്റുകൾ കാണുന്നതു കൊണ്ട് അവിടെ വേറെയും ചില സർപ്പങ്ങൾ പിന്നീടു വന്നുചേരുകയും അവയ്ക്കു ക്രമേണ സന്തതികൾ വർദ്ധിക്കുകയും ചെയ്തിട്ടുണ്ടെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

മണ്ണാർശ്ശാലയില്ലത്തുള്ളവരെ സർപ്പങ്ങൾ കാരണം കൂടാതെ ദംശിക്കാറില്ല. അഥവാ ദംശിച്ചാലും അവരിൽ വിഷം വ്യാപിക്കുകയോ അതിന് എന്തെങ്കിലും പ്രതിവിധി ചെയ്യുകയോ പതിവില്ല. ചില കാരണങ്ങളാൽ അവിടെയുള്ളവരെ ചിലപ്പോൾ സർപ്പങ്ങൾ ദംശിക്കുകയുണ്ടായിട്ടുണ്ട്. ഒരിക്കൽ ഒരു സർപ്പം കാവിലുള്ള കാട്ടിൽ സഞ്ചരിച്ചപ്പോൾ ഒരു വെയ്യങ്കത മരത്തിന്മേൽ ചെന്നു കയറി. അപ്പോൾ ഒരു മുള്ള് അതിന്റെ വയറ്റത്തു കുത്തിക്കയറുകയാൽ അതിന് അവിടെനിന്ന പോകാനെന്നല്ല, ഇളകാൻപോലും വയ്യാതായി. ആ വിധത്തിൽ ആ സർപ്പം അവിടെ എത്ര ദിവസം കിടന്നുവെന്ന നിശ്ചയമില്ല. ഒരു ദിവസം ആ ഇല്ലത്തുള്ള ഒരാൾ സർപ്പം ഇപ്രകാരം അകപ്പെട്ടു കിടക്കുന്നതു കണ്ടിട്ട് ഒരു വിധത്തിൽ ആ മരത്തിന്മേൽ കയറിച്ചെന്ന മുള്ളിൽ നിന്ന സർപ്പത്തെ വലിച്ചെടുത്തു. അപ്പോൾ സർപ്പത്തിന വേദനയുണ്ടായിട്ടോ എന്തോ ഏതെങ്കിലും അതു നമ്പ്യാതിരിയെ ഒന്ന കടിച്ചിട്ടു താഴെ ചാടി ഓടിപ്പോയി. നമ്പ്യാതിരിയും താഴെയിറങ്ങി ഇല്ലത്തേക്കു പോയി. സർപ്പദംശനംകൊണ്ട് അദ്ദേഹത്തിന യാതൊരു സുഖക്കേടുമുണ്ടായില്ല. ഇങ്ങനെ ഓരോ കാരണവശാൽ ആ ഇല്ലത്തുള്ളവരെ പലപ്പോഴും സർപ്പം ദംശിച്ചിട്ടുണ്ട്. അടുത്തകാലത്തു തന്നെ ചില കാരണവശാൽ ആ ഇല്ലത്തുള്ള ചിലർക്കു സർപ്പദംശനമുണ്ടായി. അതുകൊണ്ട് അവിടെയാർക്കും ഇതുവരെ യാതൊരു സുഖക്കേടുമുണ്ടായിട്ടില്ല.

മണ്ണാർശ്ശാലയില്ലത്തു പാത്രങ്ങളും മറ്റും മറ്റുള്ള സ്ഥലങ്ങളിലെപ്പോലെ ശരിയായി സൂക്ഷിക്കാറില്ല. ഓട്ടുപാത്രങ്ങളും ചെമ്പുപാത്രങ്ങളും മറ്റും രാത്രിയിലും മുറ്റത്തു പറമ്പിലുമൊക്കെ കിടക്കാറുണ്ട്. എന്നാൽ അവിടെനിന്ന് ആരും ഒന്നും എടുത്തുകൊണ്ടു പോകാറില്ല. മോഷ്ടാക്കൾക്ക് ആ ഇല്ലത്തു കയറാൻതന്നെ ഭയമാണ്. ആരെങ്കിലും എന്തെങ്കിലും മോഷ്ടിച്ചെടുത്താൽ അപ്പോൾ അവിടെ സർപ്പങ്ങളെത്തും. ആ ഇല്ലത്തെ കാവൽക്കാർ സർപ്പങ്ങളാണെന്ന് എല്ലാവർക്കുമറിയാം. അതുകൊണ്ടാണ് അവിടെനിന്ന് ആരുമൊന്നും മോഷ്ടിക്കാത്തത്.

മണ്ണാർശ്ശാലയില്ലത്തു കറിക്കോപ്പുകളൊന്നും വിലയ്ക്കു മേടിക്കാറില്ല. ചക്ക, മാങ്ങ, വെള്ളരിക്ക, വഴുതനങ്ങ, മത്തങ്ങ, കുമ്പളങ്ങ, വാഴക്കുലകൾ മുതലായവയെല്ലാം അവിടെ വഴിപാടായി ധാരാളം വന്നുചേരും. അവ ഇല്ലത്തെ ആവശ്യങ്ങൾക്കു മതിയായിട്ടു വളരെയധികമുണ്ടായിരിക്കും. എന്നാൽ അവ അവിടെ ആരുമെടുത്ത് സൂക്ഷിക്കുകയും അന്യന്മാർ മോഷ്ടിച്ചു കൊണ്ടുപോവുകയും ചെയ്യാറില്ല. ഇങ്ങനെയുള്ള സാധനങ്ങൾ വഴിപാടുകാർ കൊണ്ടുവന്ന നടയിൽ വെച്ചാൽ നിവേദ്യം കഴിച്ചിട്ട് ഇല്ലത്തേക്കാവശ്യമുള്ളവയെടുത്തുകൊണ്ടു പോകും. ശേഷമുള്ളവയെല്ലാം അവിടെ കിടക്കും അങ്ങനെയാണ് പതിവ്.

ഒരിക്കൽ അവിടെ വഴിപാടു വന്ന ഒരു മത്തങ്ങ ഒരാൾ മോഷ്ടിച്ചു കൊണ്ടു പോയി. അയാളുടെ വീട്ടിൽ കൊണ്ടുചെന്ന അതു മുറിച്ചപ്പോൾ അതിൽനിന്ന് ഒരു സർപ്പം പുറത്തേക്കു ചാടി. അതു കണ്ടു വീട്ടിലുണ്ടായിരുന്നവരെല്ലാം പേടിച്ചു നാലുപുറത്തേക്കുമോടി. മോഷ്ടിച്ചയാൾ ദൂരെ മാറി നിന്ന തൊഴുതുകൊണ്ട്, "എന്റെ സർപ്പത്താനേ! എനിക്ക് ഇങ്ങനെ ഒരു ഭോഷത്വം പ്രവർത്തിക്കുവാൻ തോന്നുകയും ഞാനിങ്ങനെ പ്രവർത്തിച്ചു പോവുകയും ചെയ്തു. ഈ തെറ്റിന് അവിടുന്ന് സദയം ക്ഷമിച്ച് എന്നേയും എന്റെ കുടുംബത്തിലുള്ളവരേയും രക്ഷിക്കണം. ഞാൻ ഈ മത്തങ്ങയും ഇതെടുത്തതിന പ്രായശ്ചിത്തമായി പത്തു ചക്രവുംകൂടി ഇപ്പോൾതന്നെ നടയിൽ കൊണ്ടുചെന്ന വെച്ചേക്കാം" എന്ന പറഞ്ഞു. ഉടനെ ആ സർപ്പം അന്തർദ്ധാനം ചെയ്തു. അത് എങ്ങോട്ടാണ പോയതെന്ന് ആരും കണ്ടില്ല. മോഷ്ടാവ് ഉടനെ തന്നെ ആ മത്തങ്ങയും പത്തു ചക്രവുംകൂടി നടയിൽകൊണ്ടുചെന്ന വെച്ച തൊഴുതു പോന്നു. ഇങ്ങനെ അവിടെ അനേകം അത്ഭുതങ്ങളുണ്ടായിട്ടുണ്ട്. ഇപ്രകാരമുള്ള സ്ഥലത്ത് ആരും കയറി ഒന്നും മോഷ്ടിക്കാത്തത് ഒരത്ഭുതമല്ലല്ലോ.

ഈ അടുത്ത കാലത്ത് രണ്ടുമൂന്ന കൊല്ലം മുമ്പ് പന്തളത്തുകാരായ ഒരു നായർ കുടുംബക്കാർ മണ്ണാർശ്ശാലക്ഷേത്രത്തിൽ ഭജനത്തിനായി വന്നിരുന്നു. അവർ അവിടെ വന്നിട്ടു സ്വയം പാകംചെയ്ത് ഊണു കഴിച്ചാണ് താമസിച്ചിരുന്നത്. അരിയും കറിക്കോപ്പുകളും മറ്റും അവർ കൊണ്ടുവന്നിരുന്നു. രണ്ടു നേരവും വെയ്ക്കാനുള്ള അരി അളന്നെടുക്കാൻ ഒരു ചങ്ങഴി (അളവുപാത്രം) ഇല്ലത്തുനിന്ന മേടിച്ചാണ് അവർ ഉപയോഗിച്ചിരുന്നത്. അവർ ഭജനം കഴിഞ്ഞു മടങ്ങിപ്പോയ സമയം ചങ്ങഴി തിരിയെ ഇല്ലത്തു കൊടുത്തേൽപ്പിക്കാൻ മറന്നുപോവുകയാൽ ചെലവു കഴിച്ചു ബാക്കിയുണ്ടായിരുന്ന അരിയോടുകൂടി ചാക്കിനകത്തു കിടന്നിരുന്ന ചങ്ങഴിയും അവർ കൊണ്ടുപോയി. വീട്ടിലെത്തി അവർ അരിച്ചാക്കഴിച്ചപ്പോൾ അതിനകത്ത് ചങ്ങഴിയും ചങ്ങഴിക്കകത്ത് ഒരു സർപ്പവുമിരിക്കുന്നതു കണ്ടു. അപ്പോൾ ആ വീട്ടുകാർക്കുണ്ടായ ഭയം സീമാതീതമായിരുന്നു. ഉടനെ ആ വീട്ടുകാർ സർപ്പത്തെ തൊഴുതുകൊണ്ട് "ഈ ചങ്ങഴി ഞങ്ങൾ ഓർമ്മക്കേടുകൊണ്ടു കൊണ്ടുപോന്നതാണ്. ഇതിനെക്കുറിച്ച് കോപിക്കരുത്, ചങ്ങഴി ഇപ്പോൾതന്നെ കൊടുത്തയച്ച് ഇല്ലത്തെത്തിക്കാം. ഈ അന്ധാളിത്തത്തിന പ്രായശ്ചിത്തമായി നൂറ്റൊന്ന ചക്രം നടയ്ക്കു വയ്ക്കുകയും ചെയ്യാം"എന്ന പറഞ്ഞു. ഉടനെ സർപ്പം ചങ്ങഴിയിൽ നിന്നിറങ്ങി മുറ്റംവരെ പോകുന്നത് എല്ലാവരും കണ്ടു. പിന്നെ അത് എങ്ങോട്ടാണ് പോയതെന്ന് ആരും കണ്ടില്ല. വീട്ടുകാർ ചങ്ങഴി കൊടുത്തയച്ച് ഇല്ലത്തെത്തിക്കുകയും നടയ്ക്കു നൂറ്റൊന്നു ചക്രം വെയ്ക്കുകയും ചെയ്തു.

മണ്ണാർശ്ശാലക്ഷേത്രത്തിൽ വഴിപാടായി ചക്ക, മാങ്ങ മുതലായ സാധനങ്ങളും ധാരാളം വരുമെന്ന മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. അതും ചില പ്രാർത്ഥനകൾമൂലം വരുന്നതാണ്. ഒരിക്കൽ അമ്പലപ്പുഴയ്ക്കു സമീപം തകഴി എന്ന ദേശത്ത് ഒരു വീട്ടിൽ ഒരു പിലാവുണ്ടായി വളർന്ന കായ്ക്കാനുള്ള പ്രായമായിട്ടും കായ്ക്കാതെ നിന്നിരുന്നു. അത് കണ്ടിട്ട് ഒരയൽക്കാരൻ ആ വീട്ടിലെ കാരണവരോട് "ഈ പിലാവിന്മേൽ ആദ്യമുണ്ടാകുന്ന ചക്ക മണ്ണാർശ്ശാലയിലേക്കു കൊടുത്തയയ്ക്കാമെന്ന പ്രാർത്ഥിച്ചാൽ ഈ പിലാവു കായ്ക്കും" എന്ന പറയുകയും ആ കാരണവർ അപ്രകാരം പ്രാർത്ഥിക്കുകയും ചെയ്തു. ഇങ്ങനെ പറയുകയും പ്രാർത്ഥിക്കുകയും ചെയ്തത് ഇടവമാസത്തിലായിരുന്നു. ചിങ്ങമാസത്തിൽ ആ അയൽക്കാരൻ ആ കാരണവരോട് "നിങ്ങളുടെ പിലാവിൽ ചക്കയുണ്ടായോ? എന്ന ചോദിച്ചു. അതിനുത്തരമായിട്ട് ആ കാരണവർ "ഇതുവരെ ഒന്നും ഉണ്ടായിക്കണ്ടില്ല. ഇനി ഞാൻമണ്ണാർശ്ശാലയിലേയ്ക്കു കൊടുക്കുന്നത് ഇരട്ടച്ചക്കയാണ്" എന്ന പറഞ്ഞു. ചക്കയുണ്ടാവുന്നതു സാധാരണയായി മഞ്ഞുകാലത്താണെന്നും വർഷകാലത്തു ചുരുക്കമാണെന്നും ഓർക്കാതെയാണ് ആ കാരണവർ ഇപ്രകാരം പറഞ്ഞതെന്നുള്ളതു തീർച്ചയാണല്ലോ. എങ്കിലും വൃശ്ചികമാസമായപ്പോൾ ആ പിലാവിന്മേൽ നിറച്ചു ചക്കയുണ്ടായി. അതെല്ലാം ഇരട്ടച്ചക്കതന്നെയായിരിക്കുകയും ചെയ്തു. അതു കണ്ടപ്പോൾ ജനങ്ങൾ "ഇതു മണ്ണാർശ്ശാലയിലെ നാഗരാജാവിന്റെ വിദ്യ തന്നെയാണ്. ഈശ്വരന്മാരെ ആരും പരീക്ഷിക്കുകയും പരിഹസിക്കുകയും ചെയ്യരുത്. ഇരട്ടച്ചക്കയാണ് കൊടുക്കുന്നതെന്ന പറഞ്ഞപ്പോ! ഉണ്ടായതെല്ലാം ഇരട്ടച്ചക്കതന്നെ. ഈ ചക്ക മുഴുവനും മണ്ണാർശ്ശാലയിൽത്തന്നെ കൊണ്ടുപോയിക്കോട്ടക്കണം. ഇരട്ടച്ചക്കയ്ക്കു മറ്റാർക്കും അവകാശമില്ല" എന്നും മറ്റും പറഞ്ഞു തുടങ്ങി. ചക്കയുടെ ഉടമസ്ഥനും അതു ശരിയാണെന്ന തോന്നുകയാൽ അക്കൊല്ലമുണ്ടായ ചക്ക മുഴുവനും പറിച്ചു വള്ളങ്ങളിലാക്കി മണ്ണാർശ്ശാലയിൽ കൊണ്ടുപോയി നടയ്ക്കു വെച്ച് തൊഴുതുപോന്നു. പിന്നത്തെക്കൊല്ലം മുതൽ ആ പിലാവിന്മേൽ ഇരട്ടയും മറ്റുമല്ലാതെ സാമാന്യം പോലെയുള്ള ചക്ക ധാരാളമായിട്ടുണ്ടായിത്തുടങ്ങി. ആ വീട്ടുകാർ ആ പിലാവിന്മേൽ ആദ്യമുണ്ടാകുന്ന ചക്ക ആണ്ടുതോറും മണ്ണാർശ്ശാലയിൽ കൊണ്ടുപോയി കൊടുത്തുതുടങ്ങുകയും ചെയ്തു. അങ്ങനെ ഇപ്പോഴും നടന്നുവരുന്നു. ഇങ്ങനെ ഓരോ കാരണവശാലാണ് അവിടെ ജനങ്ങൾ കറിക്കോപ്പുകൾ കൊണ്ടുചെന്ന കൊടുക്കുന്നത്.

സന്താനാർത്ഥമായും രോഗശമനത്തിനായും ബാധോപദ്രവങ്ങൾ നീങ്ങാനായും മറ്റും മണ്ണാർശാലയിൽ പത്തും പതിനഞ്ചും അതിലധികവും ഭജനക്കാർ എന്നുമുണ്ടായിരിക്കും. അവിടെ ഭജനക്കാരും വഴിപാടുകാരുമില്ലാതെ ഒരു ദിവസം പോലും ഉണ്ടായിരിക്കുന്നില്ല. ഭജിക്കുന്നവർക്കാർക്കും ഫലസിദ്ധി ഉണ്ടാകാതെയുമിരിക്കുന്നില്ല. നാൽപ്പതും നാൽപ്പത്തഞ്ചും വയസ്സുവരെ പ്രസവിക്കാതെയിരുന്നിട്ടു മണ്ണാർശ്ശാലയിൽ ഭജിക്കുകയും വഴിപാടുകൾ കഴിക്കുകയും ചെയ്തതിന്റെ ശേഷം ഗർഭം ധരിച്ചു പ്രസവിച്ചിട്ടുള്ള സ്ത്രീകൾ ഇപ്പൊഴും ധാരാളമുണ്ട്. ബാധോപദ്രവങ്ങളുള്ള സ്ത്രീകളും മറ്റും അവിടെ പന്ത്രണ്ടോ നാൽപതോ ദിവസം ഭജനമിരിക്കുമ്പോൾ തുള്ളി സത്യം ചെയ്തു ബാധകളെല്ലാം ഒഴിഞ്ഞുപോവുക സാധാരണമാണ്. അപ്രകാരംതന്നെ അവിടെ ഭജിച്ചിട്ടു രോഗങ്ങൾ ശമിച്ചിട്ടുള്ള ജനങ്ങളും വളരെയുണ്ട്. മണ്ണാർശ്ശാലയിൽ ഭജിച്ചാൽ ഏതു ത്വക്കുരോഗവും ശമിക്കുമെന്നുള്ളതു പ്രസിദ്ധവും ഇപ്പോഴും കണ്ടുവരുന്നതുമാണ്. ഈ അടുത്ത കാലത്തുതന്നെ അതികഠിനമായ കുഷ്ഠരോഗം ബാധിച്ച പലർ മണ്ണാർശ്ശാലയിൽ ചെന്ന ഭജിച്ചു രോഗം നിശ്ശേഷം മാറി പൂർണ്ണസുഖത്തെ പ്രാപിച്ചുപോയിട്ടുണ്ട്. എന്തിന വളരെ പറയുന്നു.? ഭക്തിയോടും വിശ്വാസത്തോടും കൂടി മണ്ണാർശ്ശാലയിൽ ഭജിച്ചാൽ സകലാഭീഷ്ടസിദ്ധിയുമുണ്ടാകുമെന്നുള്ളതു തീർച്ചയാണ്. അതിനാൽ ഈ സ്ഥലത്തു ഹിന്ദുക്കൾ മാത്രമല്ല, ഇതരമതക്കാരും ധാരാളമായി വരികയും വഴിപാടുകൾ നടത്തുകയും ചെയ്തു വരുന്നുണ്ട്.

മണ്ണാർശ്ശാലയിൽ ആട്ടവിശേഷ (ആണ്ടുവിശേഷ) മായി പണ്ടേ തന്നെ നിശ്ചയിച്ചിട്ടുള്ളതു കന്നിമാസത്തിൽ ആയില്യമാണ്. ആയില്യം സർപ്പങ്ങളുടെ നാളാണല്ലോ. അന്ന് അവിടെ വിശേഷാൽ ചില പൂജകളും എഴുന്നള്ളിപ്പും സദ്യയും മറ്റും പതിവുണ്ട്. ആ ദിവസം ദർശനത്തിനായും എഴുന്നള്ളിപ്പും മറ്റും കാണുന്നതിനായും കച്ചവടത്തിനായും മറ്റും അസംഖ്യമാളുകൾ കൂടുക പതിവാണ്.

973-ആമാണ്ടു നാടുനീങ്ങിയ കാർത്തികതിരുനാൾ രാമവർമ്മ മഹാരാജാവു തിരുമനസ്സുകൊണ്ട് ചെറുപ്പത്തിൽ ഏതാനും കാലം കാർത്തികപ്പള്ളിക്കൊട്ടാരത്തിൽ എഴുന്നള്ളി താമസിച്ചിരുന്നുവല്ലോ. അക്കാലത്ത് ആ തിരുമനസ്സുകൊണ്ട് ആണ്ടുതോറും കന്നിമാസത്തിലായില്യത്തിന മണ്ണാർശ്ശാലയിലെഴുന്നള്ളി ദർശനം നടത്തുക പതിവായിരുന്നു. അങ്ങനെയിരുന്നപ്പോൾ ഒരാണ്ടിൽ കന്നിമാസത്തിൽ എന്തോ ഒരു അത്യാവശ്യകാര്യത്തിനായി നാഗരുകോവിലിലേക്കു എഴുന്നേള്ളണ്ടതായി വന്നു. ആയില്യമാകുമ്പോഴേക്കും തിരിച്ചെഴുന്നള്ളാമെന്ന വിചാരിച്ചാണ് എഴുന്നള്ളിയത്. എങ്കിലും കാര്യാന്തരഗൗരവം നിമിത്തം അതു സാധിച്ചില്ല. ആയില്യം കഴിഞ്ഞതിന്റെ ശേഷമാണ് കാർത്തികപ്പള്ളിയിൽ തിരിച്ചെഴുന്നള്ളിയത്. ആയില്യത്തിന മണ്ണാർശ്ശാലയിൽ എഴുന്നള്ളിദർശനം കഴിക്കാൻ സാധിക്കാഞ്ഞതു നിമിത്തം തിരുമനസ്സിൽ അസാമാന്യ കുണ്ഠിതമുണ്ടായി. അതിനാൽ ഒരു ദിവസം കൽപിച്ച് ഒരാളയച്ച നമ്പ്യാതിരിയെ തിരുമുമ്പിൽ വരുത്തി "ഈ കന്നിമാസത്തിൽ ആയില്യത്തിന നമുക്ക് അവിടെ വന്ന ദർശനം നടത്താൻ സാധിച്ചില്ല. അടുത്ത (തുലാമാസത്തിൽ) ആയില്യത്തിന്ന വന്ന ദർശനം നടത്തണമെന്നാണ്

വിചാരിക്കുന്നത്. അന്നു കന്നിമാസത്തിൽ ആയില്യത്തിനു പതിവുള്ള വിശേഷങ്ങളെല്ലാം അവിടെ ഉണ്ടായിരിക്കണം. അതിലേക്കു വിശേഷാൽ വേണ്ടിവരുന്ന ചെലവിനു കണക്കയച്ചാൽ പണമവിടെനിന്നു തന്നേക്കാം" എന്നു കൽപിച്ചു. നമ്പ്യാതിരി കൽപനപോലെ നടത്തി കൊള്ളാമെന്നു സമ്മതിക്കുകയും അപ്രകാരം നടത്തുകയും തിരുമനസ്സുകൊണ്ടു എഴുന്നള്ളി എല്ലാം തൃക്കൺപാർത്തു സന്തോഷിക്കുകയും നമ്പ്യാതിരിയുടെ കണക്കിൻ പ്രകാരമുള്ള പണം കല്പ്പിച്ചയയ്ക്കുകയും ചെയ്തു. അടുത്തകൊല്ലവും കന്നിമാസത്തിലെപ്പോലെതന്നെ തുലമാസത്തിലെ ആയില്യവും ആഘോഷിക്കണമെന്നും കൽപ്പിക്കുകയും നമ്പ്യാതിരി അപ്രകാരം നടത്തുകയും കണക്കനുസരിച്ചുള്ള പണം കൽപ്പിച്ചു കൊടുക്കുകയും ചെയ്തു. അങ്ങനെ ഏതാനും കൊല്ലം നടക്കുകയും കാലക്രമേണ അതു പതിവായിത്തീരുകയും ചെയ്തു. ഇപ്പോഴും അവിടെ കന്നി, തുലാം രണ്ടു മാസങ്ങളിലെ ആയില്യവും ഘോഷിച്ചു വരുന്നുണ്ട്. എന്നാൽ ഇപ്പോൾ കന്നിമാസത്തിലെ ആയില്യത്തേക്കാൾ കേമമാകുന്നത് തുലാമാസത്തിലെ ആയില്യമാണ്. കാഴ്ചക്കാരും കച്ചവടക്കാരും മറ്റും അധികം വന്നുകൂടുന്നതും നടവരവധികമുണ്ടാകുന്നതുമന്നാണ്. അതു മഹാഭാഗ്യനിധിയായിരുന്ന മഹാരാജാവു തിരുമനസ്സുകൊണ്ട് കൽപിച്ചു നിശ്ചയിച്ചതായതുകൊണ്ടായിരിക്കാം.

ഇനി ഇയ്യിടെയുണ്ടായ ചില വിശേഷങ്ങൾകൂടി പറയാം. ഇതെഴുതുന്ന ഞാൻ ഇക്കഴിഞ്ഞ വൃശ്ചിക മാസത്തിൽ ഒരു ദിവസം കോട്ടയത്തുള്ള മാന്യനായ ഒരു ക്രിസ്ത്യാനിയുടെ വീട്ടിൽ ഒരു കാര്യവശാൽ പോയിരുന്നു. അപ്പോൾ ആ മനുഷ്യൻ എന്നോട്, "സാറേ ഇവിടെ ഒരത്ഭുതമുണ്ടായിരിക്കുന്നു. "മണ്ണാറശ്ശാല മാഹത്മ്യം" എന്ന തലക്കെട്ടോടുകൂടി സാർ എഴുതിയതും, 'ഭാഷാപോഷിണി' മാസികയിൽ ചേർത്തു പ്രസിദ്ധപ്പെടുത്തിയിരുന്നതുമായ ലേഖനം വായിച്ചപ്പോൾ ഇതാ ഈ മുറ്റത്തു നിൽക്കുന്ന പിലാവിന്മേൽ ചക്കയുണ്ടായാൽ ആദ്യമുണ്ടാകുന്ന ചക്ക മണ്ണാർശ്ശാലയിലേക്കു കൊടുത്തയച്ചേയ്ക്കാമെന്നു ഞാൻ മനസ്സിൽ വിചാരിച്ചു. ഇതാ ഇപ്പോൾ ഇതിന്മേൽ നാലു ചക്ക ഉണ്ടായിരിക്കുന്നു. ഈ പിലാവു കായ്ക്കാനുള്ള കാലം കഴിഞ്ഞിട്ടു വളരെക്കാലമായി എന്ന് ഇതു കണ്ടാൽത്തന്നെ അറിയാമല്ലോ. ഇതിനേക്കാൾ പ്രായം കുറഞ്ഞ പിലാവുകൾ ഇവിടെ വേറെ അഞ്ചാറുണ്ട്. അവ കായ്ചുതുടങ്ങീട്ട് എട്ടും പത്തും കൊല്ലം വീതമായിരിക്കുന്നു. ഈ പിലാവിന്മേൽ ഇതിനു മുമ്പ് ഒരു ചക്കപോലും ഒരിക്കലുമുണ്ടായിട്ടില്ല. ഇങ്ങനെ ഞാനൊരു വഴിപാടു നിശ്ചയിച്ചു എന്നും, മണ്ണാർശ്ശാലയിലേക്കു ചക്ക കൊടുത്തയച്ചു എന്നും, ഞങ്ങളുടെ കൂട്ടുകാരറിഞ്ഞാൽ എന്നെ പരിഹസിക്കും. ഇങ്ങനെ ഉണ്ടായിരിക്കുന്ന സ്ഥിതിക്ക് ചക്ക കൊടുത്തയയ്ക്കാതെയിരിക്കുന്നത് ശരിയുമല്ല. അതുകൊണ്ട് എന്തുവേണ്ടു എന്നു സംശയിക്കുന്നു" എന്നു പറയുകയും, ആദ്യമായി ഉണ്ടായ ചക്ക എന്നെ കാണിക്കുകയും ചെയ്തു. അപ്പോൾ ഞാൻ, "ഈ ചക്കയ്ക്കു നാലുപേർ കണ്ടു നിശ്ചയിക്കുന്ന വിലയും, വിവരത്തിന് ഒരെഴുത്തുംകൂടി ഗൂഢമായി ഒരാളുടെ പക്കൽ കൊടുത്തു മണ്ണാർശ്ശാല നമ്പ്യാതിരിയുടെ അടുക്കൽ എത്തിച്ചുകൊടുത്താൽ മതി. അവിടെ ക്രിസ്ത്യാനികളും മുഹമ്മദീയരും മറ്റും ഇങ്ങനെ രഹസ്യമായി ഇപ്പോഴും വഴിപാടുകൾ കൊടുത്തയയ്ക്കാറുണ്ട്" എന്നു മറുപടിയും പറഞ്ഞു.

ഇതു കൂടാതെ ഇയ്യിടെതന്നെ ഒരു സംഗതികൂടിയുണ്ടായി. എന്തെന്നാൽ, ദേവസ്വം കമ്മീഷണറാപ്പീസിൽ ഒരു ഉദ്യോഗമായി തിരുവനന്തപുരത്തു താമസിക്കുന്ന എം.എ. ബിരുദം ലഭിച്ചിട്ടുള്ള ഒരു മഹാനും, "ഭാഷാപോഷിണി" മാസികയിൽച്ചേർത്തിരുന്ന മേൽപ്പറഞ്ഞ ലേഖനം വായിക്കുകയും, ഒരു കാര്യം സാധിക്കുന്നതിനായി മണ്ണാർശ്ശാലയിലേയ്ക്കു ഒരു വഴിപാടു നിശ്ചയിക്കുകയും, കാര്യം ഉടൻ സാധിക്കുകയും, പണം അയച്ചുകൊടുത്തു വഴിപാടു നടത്തിക്കുകയുമുണ്ടായി. വഴിപാടു നടത്തുന്നതിനുള്ള പണം അയച്ചുകൊടുക്കുന്നതിന് നമ്പ്യാതിരിയുടെ മേൽവിലാസം അറിയിച്ചുകൊടുക്കണമെന്ന് ആ ഉദ്യോഗസ്ഥൻ ആവശ്യപ്പെടുകയാൽ അതറിയിച്ചുകൊടുത്തതും ഇതെഴുതുന്നയാൾ തന്നെയാണ്.

# 99

## ഒരു സ്വാമിയാരുടെ ശാപം



തിരുവിതാംകൂറിലുള്ള ഭഗവതിക്ഷേത്രത്തിൽ പ്രഥമഗണനീയമായിരിക്കുന്ന കുമാരനല്ലൂർ കാർത്ത്യായനീക്ഷേത്രം കുമാരനെ (സുബ്രഹ്മണ്യസ്വാമിയെ) പ്രതിഷ്ഠിക്കണമെന്ന വിചാരിച്ച് ഒരു ചേരമാൻപെരുമാളാണ് ഇദംപ്രഥമായി പണിയിച്ചതെന്നും കുമാരനെ പ്രതിഷ്ഠിപ്പിക്കാനായി പണിയിച്ചതു് കൊണ്ടാണ് ആ ക്ഷേത്രത്തിന "കുമാരനല്ലൂർ" എന്ന നാമം സിദ്ധിച്ചതെന്നും മറ്റുമുള്ള ഐതിഹ്യങ്ങൾ പ്രസിദ്ധങ്ങളാണല്ലോ. ആ ക്ഷേത്രം പണികഴിപ്പിച്ച ചേരമാൻപെരുമാൾക്കു മൃഗയാവിനോദത്തിൽ വളരെ ഭ്രമമുണ്ടായിരുന്നു. അതിനാലദ്ദേഹം കുമാരനല്ലൂർ ദേശത്തു താമസിച്ചിരുന്ന കാലത്ത് ഒരു ദിവസം തെള്ളകം കുന്നിൻപുറത്തു നായാട്ടിനായിപോയി. ഏറ്റുമാന്നൂർക്കും കുമാരനല്ലൂർക്കും മദ്ധ്യേയുള്ള "തെള്ളകം" അക്കാലത്തു വലിയ വനപ്രദേശമായിരുന്നു. ആ വനത്തിൽ അന്ന് പുലി, കടുവ, പന്നി, മുതലായി ചില കാട്ടുമൃഗങ്ങൾ ഉണ്ടായിരുന്നതിനാലാണ് ചേരമാൻപെരുമാൾ വേട്ടയ്ക്ക് അങ്ങോട്ടുപോയതു്. അവിടെ ചെന്ന ചേരമാൻപെരുമാൾ അനുചരന്മാരെക്കൊണ്ടു കാടിളക്കുകയും പേടിച്ച പായുന്ന ദുഷ്ടമൃഗങ്ങളെ ലാക്കാക്കി വെടിവെച്ചു തുടങ്ങുകയും ചെയ്തു.

പെരുമാളുടെ അനുചരന്മാർ കാടിളക്കുന്ന കോലാഹലവും വെടികളുടെ ശബ്ദവുംകേട്ടു സമീപപ്രദേശത്ത് ഒരിടത്തു മേഞ്ഞുകൊണ്ടു നിന്നിരുന്ന ഒരു പശു വിരണ്ടു കാട്ടിലേക്കു പാഞ്ഞുകയറി. മൃഗയോൽസാഹം കൊണ്ട് മതിമറന്നു നിന്നിരുന്ന പെരുമാൾ ഓടുന്ന പശുവിനെ കാട്ടുമൃഗമാണെന്നു തെറ്റിദ്ധരിച്ചു വെടിവെയ്ക്കുകയും വെടിയേറ്റ പശു മരണ വേദനയോടുകൂടി കരഞ്ഞുകൊണ്ടു കുറച്ചുദൂരം കൂടെ ഓടിയതിന്റെ ശേഷം നിലത്തു വീണു കാലും കൈയുമടിച്ചു ക്ഷണത്തിൽ ചാകുകയും ചെയ്തു. പശുവിന്റെ ശബ്ദം കേട്ടിട്ടു സംശയം തോന്നുകയാൽ പിന്നാലെ ചെന്നു നോക്കിയപ്പോൾ തന്റെ വെടിയേറ്റു ചത്തതു പശുവാണെന്നറിഞ്ഞ് ചേരമാൻപെരുമാൾ വളരെ വ്യസനിച്ചു. ഉടനെ അദ്ദേഹം നായാട്ടു മതിയാക്കി കുമാരനല്ലൂർക്കുതന്നെ മടങ്ങിപ്പോകുകയും ചെയ്തു.

അനന്തരം ചേരമാൻപെരുമാൾ ഉഭയകുലപരിശുദ്ധന്മാരും രാഗദ്വേഷാദിരഹിതന്മാരും വേദശാസ്ത്രാദിനിപുണന്മാരുമായ അനേകം മഹാബ്രാഹ്മണരെ കുമാരനല്ലൂർ ക്ഷേത്രസന്നിധിയിൽ വരുത്തി ഒരു സഭ കൂട്ടിക്കൊണ്ട് തനിക്ക് പറ്റിയ അബദ്ധത്തെ പശ്ചാത്താപപൂർവം ആ ബ്രഹ്മസദസ്സിൽ അറിയിക്കുകയും തദ്ദോഷപരിഹാരാർത്ഥം എന്തെങ്കിലും പ്രതിവിധി കൽപിക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തു. ആ മഹാബ്രാഹ്മണരെല്ലാവരും കൂടിയാലോചിച്ച് ആ പശു കിടന്നു മരിച്ച സ്ഥലത്തു ഒരു ക്ഷേത്രം പണിയിച്ചു വിഷ്ണുപ്രതിഷ്ഠ നടത്തിക്കുകയും ആ ക്ഷേത്രത്തിൽ നിത്യനിദാനം, മാസവിശേഷം, ഉൽസവം, ആട്ടവിശേഷം മുതലായവക്കു വേണ്ടുന്നിടത്തോളം വസ്തുവകകൾ പതിച്ചു കൊടുത്തിട്ട് ആ ദേവസ്വം സകല വസ്തുക്കളോടു കൂടി മഹാബ്രാഹ്മണർക്കു ദാനം ചെയ്യുകയും യഥാവിധി ഗംഗാസ്നാനവും സേതുസ്നാനവും നടത്തുകയും ചെയ്താൽ ഈ ഗോഹത്യദോഷം തീരുമെന്നും വിധിച്ചു. പെരുമാൾ അതനുസരിച്ചു ക്ഷേത്രം പണിയും വിഷ്ണുപ്രതിഷ്ഠയും നടത്തിക്കുകയും ദേവസ്വത്തിലേക്കു നിത്യനിദാനാദികൾക്കു വേണ്ടുന്ന വസ്തുക്കൾ പതിച്ചുകൊടുക്കുകയും ചെയ്തതിന്റെ ശേഷം അവയെല്ലാം കൂടി ദാനം ചെയ്‌വാനായി ശ്രമിച്ചതിൽ ഓണന്തുരുത്ത്, കുമാരനല്ലൂർ, കിടങ്ങൂർ, കാടമുറി എന്നീ ഗ്രാമക്കാരാരും ആ ദാനം വാങ്ങുവാൻ വഴിപ്പെട്ടില്ല. പിന്നെ പെരുമാൾ മീനച്ചിൽത്താലൂക്കിൽ പുലിയന്നൂർ എന്ന ദേശത്തും കോട്ടയം താലൂക്കിൽ പാറമ്പുഴ ദേശത്തുമായി താമസിച്ചിരുന്ന നാൽപത്തിരണ്ടില്ലക്കാർക്കായി ആ ദേവസ്വം സർവ്വവസ്തുക്കളോടുകൂടി ദാനം ചെയ്തിട്ട് തീർത്ഥസ്നാനത്തിനായി പോയി. ഈ ദാനം വാങ്ങിയവർ മേൽപ്പറഞ്ഞ നാലു ഗ്രാമങ്ങളിലുമുൾപ്പെട്ടവരല്ലായിരുന്നുവെങ്കിലും അവർ നാൽപത്തിരണ്ടില്ലക്കാരും പരസ്പരം ഇണങ്ങരും വേദാർഹന്മാരുമായിരുന്നു. അവരിൽ പ്രാധാന്യം ചെമ്മുണ്ട, പിച്ചകശ്ശേരി എന്നീ രണ്ടില്ലക്കാർക്കായിരുന്നു. അതിനാൽ അവർക്കു ചേരമാൻപെരുമാൾ "പണിക്കർ" എന്ന സ്ഥാനംകൂടി കൽപിച്ചുകൊടുത്തിട്ടാണ് തീർത്ഥാടനത്തിനു പോയതു്. തന്നിമിത്തം അക്കാലം മുതൽ അവരെ എല്ലാവരും ചെമ്മുണ്ടപ്പണിക്കരെന്നും പിചകശ്ശേരിപ്പണിക്കരെന്നും പറഞ്ഞു തുടങ്ങുകയും തെള്ളകം ദേവസ്വം ലഭിച്ചതിനോടുകൂടി ആ നാൽപത്തിരണ്ടില്ലക്കാരും ആ ദേവസ്വത്തിലെ ഊരാളന്മാരായിത്തീരുകയാൽ അവരിൽ ചിലർ അവരുടെ ഇല്ലങ്ങൾ തെള്ളകം ദേശത്തേക്കു മാറ്റി സ്ഥാപിക്കുകയും സ്ഥിരവാസം അവിടെയാക്കുകയും ചെയ്തു. പണ്ടേതന്നെ ഡംഭം അഹങ്കാരവും ധാരാളമായിട്ടുണ്ടായിരുന്നു. അവർക്കു ഊരാൺമ സ്ഥാനംകൂടി കിട്ടിയപ്പോഴേക്കും അവരുടെ ഗർവ്വം ശതഗുണീഭവിച്ചു. കുമാരനല്ലൂർ ദേവസ്വം ഊരാൺമയോഗക്കാരും തങ്ങളും തുല്യന്മാരാണെന്നു അവർ ഭാവിക്കുകയും പരസ്യമായി പറയുകയും ചെയ്തിരുന്നു. എന്നാൽ അവരങ്ങനെ ഭാവിക്കുകയും പറയുകയും മാത്രമല്ല, ദേവസ്വം കാര്യങ്ങളെല്ലാം വളരെ ഭംഗിയായി നടത്തികൊണ്ടിരിക്കുകയും ചെയ്തിരുന്നു.

ഇനി ഇവിടെ മറ്റൊരു ക്ഷേത്രത്തിന്റെ ഉത്ഭവത്തെക്കുറിച്ചുകൂടി സ്വൽപം പറയേണ്ടിയിരിക്കുന്നു. ഒരിക്കൽ ഒരു വില്വമംഗലത്തു സ്വാമിയാർ (വില്വമംഗലത്തു സ്വാമിയാന്മാർ പല കാലങ്ങളിലായി പലരുണ്ടായിരുന്നുവത്രേ) വടക്കുനിന്നു തെക്കോട്ടു ജലമാർഗ്ഗമായി പൊയ്ക്കൊണ്ടിരുന്നപ്പോൾ വേമ്പനാട്ടു കായലിൽ കഴുക്കോൽ കുത്തിയ ഒരു സ്ഥലത്തു രക്തം പൊങ്ങിവരുന്നതായി കണ്ടു. തോണിക്കാരൻ ആ വിവരം സ്വാമിയാരെ ഗ്രഹിപ്പിച്ചു. ഉടനെ സ്വാമിയാർ "അവിടെ എന്തെങ്കിലും വിശേഷം കാണും, തോണി അവിടെ നിർത്തുക" എന്നു പറഞ്ഞു തോണി നിർത്തിക്കുകയും വെള്ളത്തിൽ ചാടി മുങ്ങി തപ്പിനോക്കുകയും ചെയ്തു. അപ്പോൾ സ്വാമിയാരുടെ കൈയിൽ ഒരു കൃഷ്ണവിഗ്രഹം കിട്ടി. സ്വാമിയാർ അതുകൊണ്ടു പിന്നെയും തോണിയിൽ കയറി കുറച്ചുകൂടി തെക്കോട്ടു പോയി. അപ്പോൾ സ്വാമിയാർക്കു മൂത്രവിസർജനം ചെയ്യണമെന്നു തോന്നുകയാൽ തോണി കരയ്ക്കടുപ്പിക്കുവാൻ കൽപിച്ചു. തോണിക്കാരൻ അതനുസരിച്ച് തോണി കിഴക്കേ കരയ്ക്കടുപ്പിച്ചു. ഉടനെ സ്വാമിയാർ ശ്രീകൃഷ്ണവിഗ്രഹവും കയ്യിലെടുത്തുകൊണ്ട് കരയ്ക്കിറങ്ങി. ബിംബം കയ്യിൽ വെച്ചുകൊണ്ടു മൂത്രവിസർജനം ചെയ്യുന്നതും, ദേവവിഗ്രഹം വെറും നിലത്തുവെയ്ക്കുന്നതും യുക്തമല്ല. അതിനാൽ എന്താണ് വേണ്ടതെന്നു വിചാരിച്ചു സ്വാമിയാർ കരയ്ക്കെല്ലാം നോക്കിയപ്പോൾ തോണിക്കടവിൽനിന്നു സ്വൽപ്പം അകലത്ത് ഒരു വാർപ്പ് ഇരിക്കുന്നതായിക്കണ്ട് അതിന്റെ അടുക്കൽ ചെന്ന് ബിംബം ആ വാർപ്പിനകത്തു വെച്ചിട്ടു മൂത്രവിസർജനവും ശൗചവും മറ്റും കഴിച്ചു വീണ്ടും ബിംബമെടുക്കാനായി ചെന്നു നോക്കിയപ്പോൾ വാർപ്പിനും ബിംബത്തിനും കേടുവരുത്താതെ ഇളക്കിയെടുക്കുവാൻ നിവൃത്തിയില്ലാത്ത വിധത്തിൽ ബിംബം വാർപ്പിനകത്തു വിളക്കിപ്പിടിപ്പിച്ചതുപോലെ കൂട്ടിച്ചേർത്തിരിക്കുന്നതായി കാണുകയാൽ സ്വാമിയാർക്കു വലിയ വിചാരമായി. യാതൊരു കേടുമില്ലാത്തതും ലക്ഷണമൊത്തതും ഒരു സുമുഹൂർത്തത്തിൽ ഒരു ഉത്തമസ്ഥലത്തു പ്രതിഷ്ഠിക്കാൻ യോഗ്യവുമായ ബിംബത്തിനു കേടുവരുത്തുന്നതു കഷ്ടവും അന്യന്റെ വാർപ്പു തല്ലിപ്പൊട്ടിക്കുന്നത് അന്യായവുമാകയാൽ ഇവിടെ എന്താണ് ചെയ്യേണ്ടതെന്നു വിചാരിച്ചു സ്വാമിയാർ ഇതി കർത്തവ്യതാമൂഢനായി അങ്ങനെ നിന്ന സമയം ഒരു മനുഷ്യൻ അവിടെ ചെന്നു സ്വാമിയാരെ കണ്ടു വന്ദിച്ചതിന്റെശേഷം സ്വാമിയാർ വിഷണ്ണനായി അവിടെ നിൽക്കുന്നതിന്റെ കാരണമെന്തെന്നു ചോദിക്കുകയും സ്വാമിയാർ വിവരമെല്ലാം ആ മനുഷ്യനെ ഗ്രഹിപ്പിക്കുകയും ചെയ്തു. ഉടനെ ആ മനുഷ്യൻ "തിരുമനസ്സുകൊണ്ട് ഇതിനെക്കുറിച്ച് ഒട്ടും വിചാരപ്പെടേണ്ട. ഈ വാർപ്പും ഇതിരിക്കുന്ന സ്ഥലവും അടിയന്റെ വകയാണ്. ഇവിടുത്തെ ഇഷ്ടംപോലെ എന്തു ചെയ്യുന്നതിനും അടിയനു വിരോധമില്ല. ഇനി എന്താണ് ഇവിടെ ചെയ്യേണ്ടതെന്ന് ആലോചിച്ചു തീർച്ചപ്പെടുത്താം. വാർപ്പും ബിംബവും ഇപ്പോൾ ഇവിടെത്തന്നെ ഇരിക്കട്ടെ. അടിയൻ ഇവിടെ കാവലിന് ആളുകളെയാക്കി സൂക്ഷിച്ചുകൊള്ളാം. തിരുമനസ്സുകൊണ്ട് തൽക്കാലം ഇവിടെ അടുത്തുള്ള സ്വാമിയാർ മഠത്തിലെഴുന്നള്ളി താമസിക്കുകയും ഇവിടെയുള്ള സ്വാമിയാന്മാരോടുകൂടി ഇതിനെക്കുറിച്ച് ആലോചിക്കുകയും ചെയ്താൽ കൊള്ളാമെന്നാണ് അടിയനു തോന്നുന്നതു്. ഇവിടെയുള്ള സ്വാമിയാർമഠം തൃശ്ശിവപേരൂർമഠത്തിലെ കീഴ്ക്കടായിട്ടുള്ളതാണ്" എന്നു പറഞ്ഞു. അതുകേട്ട് സ്വാമിയാർ "ബിംബം ഇവിടെ വെച്ചേക്കുന്നത് യുക്തമെന്നു തോന്നുന്നില്ല. ഇവിടെ അടുത്തുതന്നെ ഒരു സ്വാമിയാർ മഠമുള്ള സ്ഥിതിക്കു ബിംബം തൽക്കാലം വാർപ്പോടുകൂടി പിടിച്ച് അവിടെ കൊണ്ടുപോയി സൂക്ഷിച്ചു വെയ്ക്കുകയും പിന്നീടു വേണ്ടതു് ഇവിടെയുള്ള സ്വാമിയാന്മാരോടുകൂടി ആലോചിച്ചു തീർച്ചയാക്കുകയും ചെയ്താൽ കൊള്ളാമെന്നാണ് എന്റെ ആഗ്രഹം. പക്ഷേ ഈ വാർപ്പു പിടിച്ചെടുത്തു കൊണ്ടുപോകാൻ ബ്രാഹ്മണർതന്നെ വേണം. ബിംബത്തിനു തൽക്കാലം ഒരു പുണ്യാഹം കഴിച്ച് ഇന്നുതന്നെ പൂജ തുടങ്ങിയാൽ കൊള്ളാമെന്നുണ്ട്. ഈ വാർപ്പ് പിടിച്ചെടുത്തു കൊണ്ടുപോകുവാൻ നാലാളിൽ കുറഞ്ഞാൽ മതിയാവുമെന്നു തോന്നുന്നില്ല. അത്രയും മലയാളബ്രാഹ്മണരെ ഈ ദിക്കിൽ കിട്ടുമോ, എന്തോ? ഒന്നന്വേഷിച്ചാൽ കൊള്ളാം" എന്നരുളിച്ചെയ്തു. ഉടനെ വാർപ്പിന്റെ ഉടമസ്ഥനായ മനുഷ്യൻ, "മലയാളബ്രാഹ്മണർ നാലോ എട്ടോ വേണമെങ്കിലും സ്വാമിയാർ മഠത്തിലുണ്ടായിരിക്കും. അടിയൻതന്നെ പോയി വിളിച്ചുകൊണ്ടുവരാം" എന്നു പറഞ്ഞു് അവിടെ നിന്നു പോയി.

ആ മനുഷ്യൻ പോയതിന്റെശേഷം സ്വാമിയാർ "ഔദാര്യനിധിയായ ഈ മനുഷ്യൻ ആരാണ്? ഇയാളുടെ സ്ഥിതി ഏതു പ്രകാരമാണ്?" എന്നു ചിലരോടു ചോദിച്ചു. അപ്പോൾ അവിടെ നിന്നിരുന്നവർ, "ഈ മനുഷ്യൻ ഈ ദേശത്തുള്ള പ്രധാനന്മാരായ നായന്മാരിൽ ഒരാളാണ്. ഇവർ സ്ഥാനമാനങ്ങളും മറ്റുമുള്ള പുരാതന തറവാട്ടുകാരും വലിയ ധനവാന്മാരും യോഗ്യന്മാരുമാണ്. കുന്നങ്കരി എന്നാണ് വീട്ടുപേർ കുന്നങ്കരി മേനോൻമാരെന്നാണ് ഇവരെ സാധാരണയായി പറഞ്ഞുവരുന്നത്. ഈ പ്രദേശത്തുള്ള മിക്ക നിലം പുരയിടങ്ങളും അവരുടെ വകയാണ്. അവർ എന്തെങ്കിലും പറഞ്ഞാൽ സമ്മതിക്കാത്തവരായി ഈ ദേശത്താരുമില്ല." എന്നും മറ്റും സ്വാമിയാരെ ഗ്രഹിപ്പിച്ചു. അപ്പോഴേക്കും കുന്നങ്കരി മേനോൻ വാർപ്പു കെട്ടിയെടുക്കാനുള്ള തണ്ടും കയറുമെടിപ്പിച്ചു നാലു നമ്പൂരിമാരെയുംകൊണ്ട് അവിടെ എത്തിക്കഴിഞ്ഞു. ആ നാലു നമ്പൂരിമാരിൽ ഒരാൾ പിച്ചകശ്ശേരിപ്പണിക്കരായിരുന്നു. അദ്ദേഹം തലേദിവസം തന്നെ ദൈവഗത്യാ സ്വാമിയാർ മഠത്തിൽ വന്നുചേർന്നിരുന്നു. അദ്ദേഹം നല്ല ദേഹബലമുള്ള ആളായിരുന്നു. വാർപ്പിന്റെ മുകളിൽ തെക്കുവടക്കായി തണ്ടുവെച്ചു കെട്ടി. മൂന്നു നമ്പൂരിമാർകൂടി തണ്ടിന്റെ വടക്കേത്തലയും തെക്കേത്തല പിച്ചകശ്ശേരിപ്പണിക്കർ തനിച്ചും പിടിച്ചെടുത്തു. അപ്പോൾ പണിക്കർ തനിച്ചു പിടിച്ചതുകൊണ്ടു സ്വാമിയാർ തെക്കേത്തല പണിക്കർക്കു തെക്കേത്തലപ്പണിക്കർ എന്നുകൂടി ഒരു പേർ ഇരിക്കട്ടെ എന്ന് അരുളിച്ചെയ്തു. അങ്ങനെ അന്നു മുതൽ അദ്ദേഹത്തിന് തെക്കേത്തലപ്പണിക്കർ എന്നുകൂടി ഒരു നാമം സിദ്ധിച്ചു. എങ്കിലും അധികം പ്രസിദ്ധി പിച്ചകശ്ശേരിപ്പണിക്കരെന്നുള്ള പഴയ പേരിനു തന്നെയാണ്.

വാർപ്പോടുകൂടി ബിംബം സ്വാമിയാർ മഠത്തിൽ കൊണ്ടുചെന്നതിന്റെ ശേഷം അഞ്ചുപേർകൂടി പുണ്യാഹം കഴിച്ച് അന്നു മുതൽ തന്നെ ബിംബത്തിങ്കൽ പൂജ തുടങ്ങി. ഉടനെ സ്വാമിയാർ ഈ വിവരങ്ങളെല്ലാം അന്നു നാടുവാണിരുന്ന തെക്കുംകൂർ രാജാവിന്റെ പേർക്കു എഴുതിയയയ്ക്കുകയും അടുത്ത ദിവസം തന്നെ രാജാവു പരിവാരസമേതം അവിടെ എത്തുകയും പെട്ടെന്നു അമ്പലം പണിയും പ്രതിഷ്ഠയും കലശവും നടത്തിക്കുകയും ചെയ്തു. സ്വാമിയാർ നോക്കിയപ്പോൾ വാർപ്പിരിക്കുന്നതായി ആദ്യം കണ്ട സ്ഥലത്തുതന്നെയാണ് അമ്പലം പണിയിച്ചത്. ആ പുരയിടം കുന്നങ്കരിമേനോന്റെ വകയായിരുന്നു. അമ്പലം പണിയിക്കുന്നതിനായി അദ്ദേഹം ആ സ്ഥലം വില വാങ്ങാതെ സസന്തോഷം വിട്ടുകൊടുത്തു. ശ്രീകൃഷ്ണസ്വാമിയെ അവിടെ പ്രതിഷ്ഠിച്ചതു് ആ വാർപ്പോടുകൂടി ത്തന്നെയാണ്. അതിനാൽ ക്ഷേത്രത്തിനു തിരുവാർപ്പ് എന്ന നാമം സിദ്ധിച്ചു. പിന്നീട് ആ ദേശത്തിനും ആ പേരുതന്നെയായിത്തീർന്നു. ബിംബം പ്രതിഷ്ഠിക്കാൻ വാർപ്പോടുകൂടി എടുത്തു കൊണ്ടു പോയപ്പോഴും തെക്കേത്തല പിടിച്ചതു് തെക്കേത്തലപ്പണിക്കർ തന്നെയാണ്. പ്രതിഷ്ഠ നടത്തിയതു വാസ്തവത്തിൽ വില്വമംഗലത്തു സ്വാമിയാരായിരുന്നുവെങ്കിലും തന്ത്രിയുടെ സ്ഥാനം വഹിച്ചതു് ഭദ്രകാളിമറ്റപ്പള്ളി നമ്പൂരിപ്പാടായിരുന്നു.

പ്രതിഷ്ഠയും കലശവും കഴിഞ്ഞു നാലാം കലശദിവസം തന്ത്രിയും തെക്കുംകൂർ രാജാവും വില്വമംഗലത്തു സ്വാമിയാരും തിരുവാർപ്പിൽ സ്വാമിയാരും കുന്നങ്കരി മേനോനും കൂടി മേലാൽ നടക്കേണ്ടുന്ന ക്ഷേത്രകാര്യങ്ങളെല്ലാം നിശ്ചയിച്ചു. "ഇതൊരു അടിയന്തിരക്ഷേത്രമായിരിക്കണം. ഉഷഃപൂജ പതിവായി ഏഴര നാഴിക വെളുപ്പിനു കഴിയണം. പന്തീരടിപൂജ, ഉച്ചപൂജ മുതലായതിനും നേരനീക്കം വരുത്താൻ പാടില്ല. എന്നു മാത്രമല്ല, ഗ്രഹണസമയത്തുതന്നെ ഒരു പൂജ വിശേഷാൽ നടത്തണം. അതിന് ഗ്രഹണപൂജ എന്നു നാമമായിരിക്കണം. ക്ഷേത്രകാര്യങ്ങൾ നടത്താനുള്ള പ്രധാന ചുമതല എന്നും കുന്നങ്കരി മേനോന്റെ വീട്ടിൽ അന്നന്നു മൂത്തയാൾ നടത്തണം. ആ ഉദ്യോഗസ്ഥന്റെ പേർ വലിയ മേനോൻ എന്നായിരിക്കണം. എന്നും താമരപ്പൂകൊണ്ടു ദേവനു പുഷ്പാഞ്ജലി വേണം. ക്ഷേത്രത്തിൽപൂജാകാര്യങ്ങൾക്കു നേരനീക്കം വരാതിരിക്കുന്നതിന് അന്നന്നു സ്വാമിയാർമഠത്തിലുണ്ടായിരിക്കുന്ന സ്വാമിയാന്മാരും പ്രത്യേകം മനസ്സുവെയ്ക്കണം. ക്ഷേത്രത്തിലേക്ക് നെയ്യ്, ശർക്കര, അരി, താമരപ്പൂവ് മുതലായി എന്തെങ്കിലും ആവശ്യപ്പെട്ടാൽ സ്വാമിയാർമഠത്തിൽ നിന്നു കൊടുക്കണം. ക്ഷേത്രത്തിൽ ഒരു ദിവസത്തെ പൂജാദികൾക്കു വേണ്ടുന്ന സകല സാധനങ്ങളും സദാ മഠത്തിൽ തയ്യാറാക്കിവച്ചിരിക്കണം. പൂജാദികൾക്കു വേണ്ടുന്ന സാധനങ്ങൾ വീഴ്ചകൂടാതെ വലിയ മേനോന്റെ ആജ്ഞപ്രകാരം ശേഖരിച്ചു കൊടുക്കുന്നതിന് തെക്കേത്തല (തെക്കുംതല എന്നും ചിലർ പറയാറുണ്ട്) പണിക്കരെ ചന്തിരക്കാരനായി നിയമിക്കണം. ഇവിടെ ആണ്ടുതോറും മേടസ്സംക്രാന്തിക്കു കൊടിയേറി പത്തുദിവസത്തെ ഉത്സവം വേണം. ഉത്സവകാലത്തു ദേവനെ എഴുന്നെള്ളിക്കുന്നതിന്റെ മുന്നിൽ തെക്കേത്തലപ്പണിക്കർ കളഭം പൂശി, കട്ടിയും കവണിയുമുടുത്ത്, ഒരു വടിയും പിടിച്ച് അകമ്പടി സേവിക്കണം. ഈ ദേശത്തുള്ള നായന്മാരുടെ പെൺകുട്ടികളുടെ താലികെട്ടുകല്യാണത്തിനു മുമ്പായി വരുന്ന ഉത്സവകാലത്ത് എഴുന്നള്ളത്തിന്റെ മുമ്പിൽ അവരെക്കൊണ്ടു വിളവെട്ടപ്പിക്കണം. ഉത്സവം കൊടിയേറുന്നതിനു മുമ്പായി ഈ ദേശത്തുള്ള പുരകളെല്ലാം കെട്ടി മേച്ചിൽ കഴിപ്പിക്കണം. കൊടിയേറ്റുനാൾ ഒരാനയെ മതില്ക്കകത്തേക്ക് ഓടിച്ചുകയറ്റണം" എന്നും മറ്റുമാണ് അവർ നിശ്ചയിച്ചതു്. ഈ വകയ്ക്കെല്ലാം വേണ്ടുന്ന വസ്തുക്കൾ തെക്കുംകൂർ രാജാവു ദേവസ്വത്തിലേക്കു പതിച്ചുകൊടുത്തു. ഇങ്ങനെ അവിടെ വേണ്ടുന്നതെല്ലാം ഏർപ്പാടു ചെയ്തതിന്റെ ശേഷം വില്വമംഗലത്തു സ്വാമിയാർ അവിടം വിട്ട് പോവുകയും ചെയ്തു. അന്നു നിശ്ചയിച്ച ചട്ടപ്രകാരമാണ് ഇപ്പോഴും തിരുവാർപ്പിൽ ക്ഷേത്രകാര്യങ്ങൾ നടത്തിയും നടന്നും പോരുന്നതെന്നാണു വെച്ചിരിക്കുന്നത്. കാലഭേദം കൊണ്ടു സ്വല്പം ചില ഭേദഗതികൾ വന്നിട്ടില്ലെന്നുമില്ല. ഇങ്ങനെ ഏതാനും കാലം കഴിഞ്ഞപ്പോൾ തെക്കേത്തലപ്പണിക്കർക്കു തിരുവാർപ്പിൽനിന്ന് ഒരു സ്വാമിയാരെ ക്ഷണിച്ചു തനിക്കു കൂടി ഊരാണ്മയുള്ള തെള്ളകം ക്ഷേത്രത്തിൽ കൊണ്ടുപോയി ഒരു ഭിക്ഷയമൃതേത്തു നടത്തണമെന്ന് ഒരു മോഹം തോന്നുകയും ആ വിവരം ഒരു ദിവസം സ്വാമിയാരുടെ അടുക്കൽ അറിയിക്കുകയും ചെയ്തു. പണിക്കർ ക്ഷേത്രത്തിലെ ഒരു ജോലിക്കാരനും സ്വാമിയാരുടെ ഇഷ്ടനുമായിരുന്നതിനാൽ സ്വാമിയാർ അത് സസന്തോഷം സമ്മതിച്ചു. പിന്നെ പണിക്കർ അതിനൊരു ദിവസം നിശ്ചയിക്കുകയും വേണ്ടതെല്ലാം വട്ടം കൂട്ടുകയും ചെയ്തിട്ടു വിവരം സ്വാമിയാരെ അറിയിക്കുകയും നിശ്ചിത ദിവസം രാവിലെ സ്വാമിയാർ തെള്ളകം ക്ഷേത്രസന്നിധിയിൽ എത്തുകയും ചെയ്തു. മാധ്യന്ദിനം കഴിച്ചു സ്വാമിയാർ ചെന്നപ്പോഴേക്കും ഭിക്ഷയ്ക്ക് (ഭക്ഷണത്തിന്) എല്ലാം കാലമായിരുന്നു. വെയ്ക്കാനും വിളമ്പാനും പ്രധാനമായി പിച്ചകശ്ശേരിപ്പണിക്കർ തന്നെയായിരുന്നു.

അദ്ദേഹത്തെ സഹായിക്കാൻ ചെമ്മുണ്ടപ്പണിക്കരുമുണ്ടായിരുന്നു. ശേഷം നാല്പതില്ലക്കാർക്കും ഈ സ്വാമിയെക്കുറിച്ചു വളരെ പുച്ഛമായിരുന്നതിനാൽ അവരാരും യാതൊന്നും ഉത്സാഹിക്കാനായി പോയില്ല. എന്നുമാത്രമല്ല, അവർസ്വാമിയാരെ കുറേശ്ശെ പരിഹസിക്കുകയും ചെയ്തു. അതു പരസ്യമായിട്ടല്ലായിരുന്നുവെങ്കിലും സ്വാമിയാരറിയാതെയിരുന്നില്ല. എങ്കിലും പിച്ചകശ്ശേരിപ്പണിക്കരാണല്ലോ തന്നെ ക്ഷണിച്ചതെന്നു വിചാരിച്ച് സ്വാമിയാർ ഭിക്ഷയ്ക്കു ചെന്നിരുന്നു. പിച്ചകശ്ശേരിപ്പണിക്കർ മുറയ്ക്ക് ഓരോന്നു വിളമ്പിക്കൊടുത്തു തുടങ്ങി. ഭിക്ഷയ്ക്കുള്ള വിഭവങ്ങളിൽ പ്രധാനമായിട്ടുണ്ടായിരുന്നതു് വെളിന്താൾ (മടന്തത്താൾ) കൊണ്ടുള്ള എരിശ്ശേരിയായിരുന്നു. തെള്ളകം ദേശത്തു വെളിഞ്ചേമ്പു ധാരാളമായിട്ടുണ്ടായിരുന്നതിനാൽ അതിന്റെ താൾ കൊണ്ടുള്ള എരിശ്ശേരി ധാരാളമായിട്ടുണ്ടാക്കിയിരുന്നു. ഈ താൾ കൊണ്ടുള്ള കറി സ്വാമിയാർക്ക് ഒട്ടും ഇഷ്ടമല്ലായിരുന്നു. എന്നു മാത്രമല്ല, ഈ താൾകൊണ്ടു പുളികൂട്ടാതെ എന്ത് കറിയുണ്ടാക്കിയാലും ചൊറിയുകയും ചെയ്യും. സ്വാമിയാർക്കു ഭിക്ഷയ്ക്കു (ഭക്ഷണത്തിന്) എന്തൊരു പദാർത്ഥം കൊണ്ടു ചെന്നു വിളമ്പിയാലും വേണ്ടെന്നും മതിയെന്നും പറയരുതെന്നും വിളമ്പുന്നവയിൽ യാതൊന്നും ശേഷിച്ചുവയ്ക്കരുതെന്നുമാണ് പ്രമാണം. അതിനാൽ ഈ താളെരിശ്ശേരി വിളമ്പാൻ കൊണ്ടു ചെന്നിട്ടു സ്വാമിയാർ ഒന്നും മിണ്ടിയില്ല. ആ ഉപദ്രവം ആദ്യമേ തീരട്ടെ എന്ന് വിചാരിച്ചു സ്വാമിയാർ ആ എരിശ്ശേരി മുഴുവനും ക്ഷണത്തിൽ ഭക്ഷിച്ചു തീർത്തു. അതുകണ്ടിട്ടു സ്വാമിയാർക്ക് താളെരിശ്ശേരി ഏറ്റവും ഇഷ്ടമാണെന്നു നിശ്ചയിച്ചു പണിക്കർ പിന്നെയും വിളമ്പി. സ്വാമിയാർ അതും ഒരുവിധത്തിൽ തിന്നു തീർത്തു. ഇങ്ങനെ പിന്നെയും പിന്നെയും വിളമ്പി വിളമ്പി അവിടെയുണ്ടാക്കിയിരുന്ന എരിശ്ശേരി മുഴുവനും പണിക്കർ സ്വാമിയാരെ കുടിപ്പിച്ചു. അപ്പോഴേക്കും സ്വമിയാർക്കുണ്ടായ ബുദ്ധിമുട്ട് എത്രമാത്രമെന്നു പറവാൻ പ്രയാസം. ഭിക്ഷ കഴിഞ്ഞു കൈകഴുകി കല്പക്കഴിഞ്ഞിട്ടും സ്വാമിയാർക്ക് വായിലെ ചൊറിച്ചിൽ മാറിയില്ല. ആകപ്പാടെ സ്വാമിയാർ സാമാന്യത്തിലധികം വിഷമിച്ചു.

ഭിക്ഷയമൃതേത്തു കഴിഞ്ഞതിന്റെശേഷം ദക്ഷിണയായി. സ്വാമിയാർക്കു ദക്ഷിണയ്ക്കു വസ്ത്രവും യഥാശക്തി പണവും ചുക്കും കടുക്കയും കൂടി അവരുടെ മുമ്പിൽവെച്ചു നമസ്കരിക്കുകയാണു പതിവ്. വസ്ത്രവും പണവും മറ്റും കാഴ്ചവെയ്ക്കുന്നതു ഭിക്ഷ നടത്തിയ ആൾമാത്രമേ പതിവുള്ളുവെങ്കിലും നമസ്കരിക്കാൻ ആ സ്ഥലത്തുള്ള ബ്രാഹ്മണരെല്ലാം ചെല്ലുകയാണ് പതിവ്. ഇവിടെ നമസ്കരിക്കുന്നതിന് പിച്ചകശ്ശേരിപ്പണിക്കരും ചെമ്മുണ്ടപ്പണിക്കരും മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതിനാൽ ദക്ഷിണ കഴിഞ്ഞപ്പോൾ സ്വാമിയാർ അനുഗ്രഹിക്കുന്നതിനു പകരം ശപിക്കുകയാണ് ചെയ്തതു്. തന്നെ മടന്തത്താൾ തീറ്റി വിഷമിപ്പിച്ച പിച്ചകശ്ശേരിപ്പണിക്കർക്കും അതിനു സഹായിച്ച ചെമ്മുണ്ടപ്പണിക്കർക്കും ബ്രാഹ്മണ്യമില്ലാതായിപ്പോകട്ടെ എന്നും തെള്ളകം ദേശത്തു മടന്തചേമ്പു കിളുർക്കാതെയായിപ്പോകട്ടെ എന്നും ധിക്കാരികളായ മറ്റേ നാല്പതില്ലക്കാരും കാലക്രമേണ ക്ഷയിച്ചു നാമാവശേഷന്മാരായിപ്പോകട്ടെ എന്നുമായിരുന്നു സ്വാമിയാരുടെ ശാപം. ഈ ശാപം ശരിയായി ഫലിച്ചു. സ്വാമിയാരുടെ ശാപം നിമിത്തം മറ്റുള്ള ബ്രാഹ്മണർ കൂട്ടത്തിൽക്കൂടാതെയാവുക നിമിത്തം പിച്ചകശ്ശേരിപ്പണിക്കരും ചെമ്മുണ്ടപ്പണിക്കരും കുടുംബസഹിതം ഒരുവക അമ്പലവാസികളെപ്പോലെ അന്തരാള ജാതിക്കാരായിത്തീർന്നു. തെള്ളകം ദേശത്ത് ഇന്നും മടന്തചേമ്പ് കിളുർക്കുന്നില്ല. ധിക്കാരികളായ നാല്പതില്ലക്കാരും കാലക്രമേണ നശിച്ചു നാമാവശേഷന്മാരായിത്തീരുകയും ചെയ്തു. അഞ്ചെട്ടു കൊല്ലം മുമ്പു ചെമ്മുണ്ടപ്പണിക്കരുടെ കുടുംബം അന്യം നിന്നു.


സ്വാമിയാർ ശപിച്ചയുടനെ പിച്ചകശ്ശേരിപ്പണിക്കർ ശാപമോക്ഷത്തിനപേക്ഷിക്കുകയാൽ സ്വാമിയാർ "ആട്ടെ, പണിക്കരുടെ കടവിൽ ആറ്റിൽ ഓദ വരുന്ന കാലത്തു നിങ്ങളുടെ ശാപം തീർന്നു നിങ്ങൾക്കു ബ്രാഹ്മണ്യമുണ്ടാകും" എന്നരുളി ചെയ്തു. പിചകശ്ശേരിപ്പണിക്കരുടെ ഇല്ലം കോട്ടയം താലൂക്കിൽ വിജയപുരം പകുതിയിൽ പാറമ്പുഴദേശത്തു കൗണാറെന്നുകൂടി പേരുള്ള മീനച്ചിലാറ്റിന്റെ വക്കത്താണ്. അവിടെ ഇതുവരെ ഓദ വന്നു തുടങ്ങിയിട്ടില്ല. പിച്ചകശ്ശേരിപ്പണിക്കരുടെ കുടുംബത്തിൽ ഇപ്പോൾ കേശവൻ എന്ന പേരായിട്ട് ഒരു പുരുഷൻ മാത്രമേയുള്ളൂ. അയാൾക്ക് ഇപ്പോൾ പ്രായം എൺപത്തൊന്നു വയസ്സായിട്ടുണ്ട്. അതിനാൽ അവരുടെ കടവിൽ ഓദ വരുന്നതിനു മുമ്പ് ആ കുടുംബവും അന്യം നിന്നുപോകുമെന്നുള്ളതിനു സംശയമില്ല.

തെള്ളകം ദേവസ്വത്തിലെ ഊരാളന്മാർ മിക്കവരും അന്യം നിന്നതിന്റെ ശേഷം ശേഷമുണ്ടായിരുന്നവർ ആ ദേവസ്വം കുമാരനല്ലൂർ ദേവസ്വത്തിലേക്കു വിട്ടുകൊടുത്തു. കുമാരനല്ലൂർദേവസ്വക്കാർ അത് ആ ക്ഷേത്രത്തിലെ ഒരു ജോലിക്കാരനായ വട്ടപ്പള്ളി മൂത്തതിന് കൊടുത്തു. ഇപ്പോൾ ആ വിഷ്ണുക്ഷേത്രം വട്ടപ്പള്ളി മൂത്തതിന്റെ വകയായിട്ടാണിരിക്കുന്നത്.

# 100

## പുല്ലങ്കോട്ടു നമ്പൂരി

പണ്ട് ബ്രിട്ടീഷ് മലബാറിൽ തളിപ്പറമ്പിനു സമീപം (എന്നാണ് കേട്ടിട്ടുള്ളത്) പുല്ലങ്കോട്ടെന്നു പ്രസിദ്ധമായിട്ട് ഒരില്ലമുണ്ടായിരുന്നു. ആ ഇല്ലത്ത് ഒരുകാലത്ത് ഒരു നമ്പൂരിയും അദ്ദേഹത്തിന്റെ ധർമ്മപത്നിയും മാത്രമായിത്തീർന്നു. നമ്പൂരിക്കു ഷഷ്ടിപൂർത്തിയായിട്ടും പുരുഷസന്താനമുണ്ടാകാതെയിരുന്നതിനാൽ അദ്ദേഹം സന്താനാർത്ഥകമായി സേതു സ്നാനം, ഗംഗാസ്നാനം മുതലായി അനേകം സത്കർമ്മങ്ങൾ നടത്തി. അവയുടെയെല്ലാം ഫലമായിട്ടു നമ്പൂരിയുടെ അറുപത്തഞ്ചാമത്തെ വയസ്സിൽ അന്തർജനം ഗർഭം ധരിച്ചു. അപ്പോൾ ആ ദമ്പതിമാർക്കുണ്ടായ സന്തോഷം സീമാതീതമായിരുന്നു എന്നുള്ളതു പറയണമെന്നില്ലല്ലോ.



പിന്നെ നമ്പൂരി, അന്തർജനം പ്രസവിച്ചുണ്ടാകുന്നത് ഉത്കൃഷ്ട പുരുഷസന്താനം തന്നെയായിരിക്കുന്നതിന് വെണ്ണ മുതലായവ സ്വയമേവ സന്മന്ത്രങ്ങൾ ജപിച്ചും അനേകംപേരെക്കൊണ്ടു ജപിപ്പിച്ചും കൊടുത്തു കൊണ്ടിരിക്കുകയും അന്തർജനം യഥാകാലം പ്രസവിച്ചു പുരുഷപ്രജ തന്നെ ജനിക്കുകയും ചെയ്തു. നമ്പൂരി അന്നും അനേകം ദാനധർമ്മാദികൾ ചെയ്യുകയും കുളിച്ചുവന്നു പുത്രന്റെ ജാതകർമ്മം നടത്തുകയും ചെയ്തു.

പിന്നെ നമ്പൂരി പുത്രന്റെ നാമകരണം, അന്നപ്രാശനം, ചവുളം, ഉപനയനം, സമാവർത്തനം എന്നീ ക്രിയകൾ യഥാകാലം വേണ്ടപോലെ നടത്തുകയും അതിനിടയ്ക്കു വിദ്യാഭ്യാസത്തിനും വേദാദ്ധ്യായത്തിനും വേണ്ടുന്ന ഏർപ്പാടുകൾ ചെയ്തുകൊടുക്കുകയും ചെയ്തു. എന്നാൽ മകൻ നമ്പൂരിയുടെ മനസ്സ് അച്ഛൻനമ്പൂരി വിചാരിച്ച വഴിക്കെങ്ങുമല്ല പോയത്. അദ്ദേഹത്തിന് ഏകദേശം പുരുഷപ്രായമായപ്പോൾ മുതൽ ചില കൂട്ടുകാരോടുകൂടി ചീട്ട്, ചേക്ക, പാശി മുതലായ കളികൾ തുടങ്ങി. കളികളിൽ മകൻ നമ്പൂരിക്കു മിക്കപ്പോഴും തോൽവി തന്നെയാണ് ഉണ്ടായിക്കൊണ്ടിരുന്നത്. എങ്കിലും അവയിലുള്ള ഭ്രമം അദ്ദേഹത്തിനു പ്രതിദിനം വർദ്ധിച്ചുകൊണ്ടുതന്നെയിരുന്നു. അതിനാൽ ഒട്ടുവളരെ കടം വന്നു കൂടി. കടം കൊടുത്തവർ പണത്തിനായി ഇല്ലത്തു ചെന്നു മുട്ടിക്കൂടി. പുത്ര വാത്സല്യത്തിന്റെ ആധിക്യം കൊണ്ട് അച്ഛൻനമ്പൂരി വിരോധമൊന്നും പറയാതെ മകന്റെ കടമെല്ലാം തീർത്തു. പിന്നെയും മകൻ നമ്പൂരിക്ക് കളിയിലുള്ള ഭ്രമം നിലച്ചില്ല. അദ്ദേഹം പണം കടം വാങ്ങി കളി മുറയ്ക്കു നടത്തിക്കൊണ്ടിരുന്നു. കടംകൊടുക്കുന്നവർ വന്നു മകനെ ഞെരുക്കിത്തുടങ്ങുമ്പോൾ അച്ഛൻനമ്പൂരി പണം കൊടുത്തു കടം വീട്ടിക്കൊണ്ടുമിരുന്നു.

അങ്ങനെ കുറച്ചുകാലം കഴിഞ്ഞതിന്റെശേഷം ഒരു ദിവസം അച്ഛൻ നമ്പൂരി മകനെ അടുക്കൽ വിളിച്ച്, “ഉണ്ണീ, നിന്റെ നടപടി ഒട്ടും നന്നായിരിക്കുന്നില്ല. നിന്നോടഹിതം പറയാതെ കഴിച്ചുകൂട്ടണമെന്നു വിചാരിച്ചു ഞാനിതുവരെ ക്ഷമിച്ചു. ഇപ്പോൾ നിവൃത്തിയില്ലാതായിട്ടാണ് പറയുന്നത്. ഇപ്പോൾ നീ ഇഹലോകത്തിലും പരലോകത്തിലും യാതൊരു ഗുണത്തിനും വകയില്ലാത്ത കളികൾക്കായി അസംഖ്യം പണം നശിപ്പിച്ചു. ഇങ്ങനെയായാൽ ഇതിന്റെ അവസാനമെവിടെയാണ്? ഞാനിതു നിനക്കു വേണ്ടിപ്പറയുന്നതാണ്. എന്റെ കാര്യത്തെക്കുറിച്ച് ഇനി അധികമൊന്നും വിചാരിക്കാനില്ല. എനിക്കു വയസ്സിപ്പോൾ എൺപത്തഞ്ചു കഴിഞ്ഞിരിക്കുന്നു. ഇനി ജീവിച്ചിരുന്നാൽ എത്രനാളിരിക്കും? നിനക്കു ചെറുപ്പമാണല്ലോ. കുടുംബഹാനി സംഭവിക്കാതെയിരിക്കാനായിട്ടെങ്കിലും നിനക്കിനിയൊന്നു വേളി കഴിക്കാതിരിക്കാൻ നിവൃത്തിയില്ല. ഈശ്വര കാരുണ്യത്താൽ അതിൽ ചില സന്താനങ്ങളും ഉണ്ടാകുമെന്നുതന്നെ വിചാരിക്കാം. അപ്പോൾ അവരെയൊക്കെ സംരക്ഷിക്കാനുള്ള ചുമതല നിനക്കായിത്തീരും. കുടുംബത്തിലുള്ള സ്വത്തെല്ലാം ഇപ്രകാരം നീ നശിപ്പിച്ചാൽ അക്കാലത്തു നീ കഷ്ടപ്പെടുമല്ലോ എന്നു വിചാരിച്ചാണ് ഞാൻ പറയുന്നത്. എന്റെ ഓമനക്കുട്ടൻ ഇനിയെങ്കിലും ഈ നാശകരമായ കളിയിൽ ചേർന്നു കുടുംബസ്വത്തു നശിപ്പിക്കാതെയിരുന്നാൽക്കൊള്ളാമെന്ന് എനിക്കു വളരെ ആഗ്രഹമുണ്ട്” എന്നു പറഞ്ഞു. അതിനുത്തരമായി മകൻനമ്പൂരി “അച്ഛൻ ഇതിനെക്കുറിച്ച് ഇനി വിചാരിച്ചു വ്യസനിക്കാനും പറയാനും ഞാൻ ഇടയാക്കില്ല. വന്നതൊക്കെ വന്നു. ഇനി ഞാൻ നിമിത്തം ഈ കുടുംബത്തേക്ക് കാൽകാശിനുപോലും കടം വരികയില്ല, നിശ്ചയം തന്നെ” എന്നു പറഞ്ഞിട്ട് അവിടെ നിന്ന് ഇറങ്ങിപ്പോയി. മകന്റെ മറുപടി കേട്ട് അച്ഛൻനമ്പൂരി വളരെ സന്തോഷിക്കുകയും “എന്റെ ഉണ്ണി നന്നായി വരട്ടെ” എന്നു മനസ്സുകൊണ്ട് അനുഗ്രഹിക്കുകയും ചെയ്തു.

അച്ഛൻനമ്പൂരിയുടെ സന്തോഷം അധികം നീണ്ടുനിന്നില്ല. നമ്പൂരി ഇല്ലത്തു നിന്ന് ഇറങ്ങിപ്പോയിട്ടു പിന്നെ മടങ്ങിവന്നില്ല. അപ്പോൾ അച്ഛൻ നമ്പൂരിക്കു ദുസ്സഹമായ ദുഃഖമുണ്ടായിത്തീർന്നു. ഒരു ദിവസം കഴിഞ്ഞു, ഒരാഴ്ചവട്ടം കഴിഞ്ഞു, ഒരു മാസം കഴിഞ്ഞു; എന്നിട്ടും മകൻ നമ്പൂരി തിരിച്ചുവന്നില്ല. അപ്പോൾ അച്ഛൻനമ്പൂരിക്കു സർവ്വസ്വവും നശിച്ചാലും വേണ്ടില്ല, തന്റെ മകനെ ഒന്നു കണ്ടാൽമതി എന്നു തോന്നിത്തുടങ്ങി. ഒടുക്കം വ്യസനം ദുസ്സഹമായിത്തീരുകയാൽ അച്ഛൻനമ്പൂരി കുടയും വടിയുമെടുത്തുകൊണ്ട് മകനെ അന്വേഷിച്ചു പുറപ്പെട്ടു. അച്ഛൻനമ്പൂരിക്കു പ്രായാധിക്യം നിമിത്തമുള്ള ക്ഷീണം കൊണ്ടു നടക്കാൻ വളരെ പ്രയാസമുണ്ടായിരുന്നു. എങ്കിലും പുത്രവാത്സല്യത്തിന്റെ ശക്തി കൊണ്ട് അദ്ദേഹത്തിന് ഒരു ദിക്കിൽ അടങ്ങിപ്പാർക്കാൻ ധൈര്യമുണ്ടായില്ല. അതിനാലദ്ദേഹം മകനെ അന്വേഷിച്ചു പലദേശങ്ങളിലും അലഞ്ഞുനടന്നു.

മകൻനമ്പൂരി ഇല്ലത്തുനിന്ന് ഇറങ്ങീട്ടു നേരെ തെക്കോട്ടാണ് നടന്നത്. ഏതാനും ദിവസം കൊണ്ട് അദ്ദേഹം തിരുവനന്തപുരത്തു ചെന്നു ചേർന്നു. തിരുവനന്തപുരം വേദമോ ശാസ്ത്രമോ സംഗീതമോ സാഹിത്യമോ ചൂതുകളിയോ മദ്യപാനമോ മോഷണമോ എന്തു വേണമെങ്കിലും പഠിക്കാനും പഠിപ്പിക്കാനും ശീലിക്കാനും പ്രവർത്തിക്കാനും സൗകര്യമുള്ള ഒരു സ്ഥലമാണല്ലോ. മലയാള ബ്രാഹ്മണർക്ക് ഇത്രയും സുഖപ്രദമായ മറ്റൊരു സ്ഥലം കേരളത്തിലുണ്ടോ എന്നുതന്നെ സംശയമാണ്. മണ്ഡപത്തിൽ ജപം ചാർത്തിച്ചാൽ അതിനു പ്രതിദിനം ഒരു പണം വീതം ദക്ഷിണ നിശ്ചയമാക്കിക്കിട്ടും. പിന്നെ ഭാഗ്യമുണ്ടെങ്കിൽ ഇടയ്ക്കു തിരുവോണം, തിരുനാൾ, ദ്വാദശി, അമാവാസി മുതലായ വിശേഷ ദിവസങ്ങളിൽ വല്ല ഗോമൂല്യമോ പത്തുമഞ്ഞൂറും ആയിരവും അതിലധികവും പണമുള്ള വലിയ ദാനങ്ങളോ കിട്ടിയേക്കാം. അന്നു നാടു നീങ്ങിയ സ്വാതിതിരുനാൾ രാമവർമ്മ ഇരുപത്തിരണ്ടാമാണ്ടു മഹാരാജാവുതിരുമനസ്സിലെ കാലമായിരുന്നതിനാൽ വലിയ കൊട്ടാരത്തിൽ വലിയ വലിയ ദാനങ്ങൾ കൂടെക്കൂടെ ഉണ്ടാകുമായിരുന്നു. രണ്ടു നേരവും അഗ്രശാലയിൽ ഭക്ഷണവും കിട്ടുമല്ലോ. ഇതെല്ലാം വിചാരിച്ചായിരിക്കണം പുല്ലങ്കോട്ടു മകൻ നമ്പൂരി തിരുവനന്തപുരത്തു ചെന്നു ചേർന്നത്.

അദ്ദേഹം തിരുവനന്തപുരത്തു ചെന്നിട്ടും അദ്ദേഹത്തിന്റെ പതിവിനു യാതൊരു വ്യത്യാസവും വരുത്തിയില്ല. ചീട്ടുകളിയോ പാശി കളിയോ എന്തെങ്കിലും ഒരു കളി പതിവായി നടത്തിക്കൊണ്ടിരുന്നു. ചിലപ്പോൾ കൈവശം പണമില്ലാതെയും കടം കിട്ടാതെയും വന്നിട്ട് അദ്ദേഹം വളരെ വിഷമിക്കാറുണ്ടായിരുന്നു. അദ്ദേഹമൊരു സരസനും സുമുഖനും സമർത്ഥനുമായിരുന്നതിനാൽ സാമാന്യക്കാരൊക്കെ അദ്ദേഹം ചോദിച്ചാൽ കടം കൊടുക്കുമായിരുന്നു. അദ്ദേഹത്തിന്റെ കൈവശം പണം വരുന്ന സമയം ചെന്നു മുട്ടിക്കൂടിയാൽ കൊടുക്കാനുള്ളതു കുറേശ്ശെ അദ്ദേഹം കൊടുക്കാറുമുണ്ട്. പക്ഷെ അദ്ദേഹത്തിന്റെ കൈവശം പണമുണ്ടായിരിക്കുന്ന സമയം വളരെ ചുരുക്കമായിരിക്കും.

പുല്ലങ്കോട്ടു മകൻനമ്പൂരി തിരുവനന്തപുരത്തു ചെന്ന് ഏതാനും ദിവസം കഴിഞ്ഞപ്പോഴേക്കും അവിടെയുള്ള പുഷ്പാഞ്ജലി സ്വാമിയാരുടെ വലിയ സേവകനായിത്തീർന്നു. അപ്പോൾ മിക്ക ദിവസവും ഊണു സ്വാമിയാർമഠത്തിൽ തന്നെയായി. മകൻ നമ്പൂരി പിന്നെ അധികം അഗ്രശാലയിൽ പോകാറില്ല.

മകൻ നമ്പൂരിയുടെ താമസം മിക്കവാറും സ്വാമിയാരു മഠത്തിലായെങ്കിലും അദ്ദേഹം പതിവുള്ള കളി വേണ്ടെന്നുവെച്ചില്ല. അതു മുടങ്ങാതെ നടത്തിക്കൊണ്ടുതന്നെയിരുന്നു. അങ്ങനെയിരുന്നപ്പോൾ സ്വാമിയാരുടെ പെട്ടിയിലിരുന്ന കുറെ പണം കാണാതെയായി. അത് ഈ മകൻ നമ്പൂരി എടുത്തുകൊണ്ടുപോയി പാശികളിച്ചു കളഞ്ഞതാണെന്നു സ്വാമിയാരും മഠത്തിലുണ്ടായിരുന്ന മറ്റെല്ലാവരും ഊഹിക്കാതെയിരുന്നില്ല. എങ്കിലും പ്രത്യക്ഷമായിക്കാണാതെ ഒരു ബ്രാഹ്മണൻ ഒരു കളവു ചെയ്തുവെന്നു പറയുന്നതു യുക്തമല്ലല്ലോ എന്നു വിചാരിച്ച് അതിനെക്കുറിച്ച് ആരുമൊന്നും പറഞ്ഞുമില്ല. സ്വാമിയാർമഠത്തിലുള്ളവർ ഇതിനെക്കുറിച്ചൊന്നും പറഞ്ഞില്ലെങ്കിലും ഈ സംഗതി മഹാരാജാവു തിരുമനസ്സുകൊണ്ടറിയുകയും ഈ നമ്പൂരി മേലാൽസ്വാമിയാരു മഠത്തിൽ കയറുന്നതിനനുവദിക്കാതെയിരിക്കുന്നതിനും അദ്ദേഹത്തിന് അഗ്രശാലയിൽ ചോറ് കൊടുക്കാതെയിരിക്കുന്നതിനും കല്പിച്ചു ചട്ടം കെട്ടി. അതുനിമിത്തം നമ്പൂരിക്കു തിരുവനന്തപുരത്തു താമസിച്ചാൽ ഭക്ഷണം കിട്ടാൻ മാർഗ്ഗമില്ലാതെയായിത്തീർന്നു. അതിനാലദ്ദേഹം പിന്നെ അവിടെ താമസിക്കാതെ ശുചീന്ദ്രത്തേക്കു പോയി. അവിടെ നമ്പൂരിക്കു നല്ല തരം കിട്ടി. അദ്ദേഹം അവിടെ എത്തിയപ്പോൾ അവിടെ കീഴ്ശാന്തിക്ക് ഒരാൾ പോരാതെയായിരിക്കുന്നു. അതിനാൽ കീഴ്ശാന്തിക്കാരനായി താമസിക്കാമോ എന്ന് അദ്ദേഹത്തോട് ചോദിക്കുകയും അദ്ദേഹം സമ്മതിക്കുകയും അദ്ദേഹത്തെ അവിടെ ഒരു കീഴ്ശാന്തിക്കാരനായി നിയമിക്കുകയും ചെയ്തു. അതിനാലദ്ദേഹത്തിനവിടെ ശാന്തിക്കാരുടെ കൂട്ടത്തിൽ സുഖമായി ഭക്ഷണം കഴിക്കുന്നതിനും കുറേശ്ശെ പണം കിട്ടുന്നതിനും തരമായി. എന്നു മാത്രമല്ല, അക്കാലത്ത് അവിടെയുണ്ടായിരുന്ന ശാന്തിക്കാർ മിക്കവാറും ചീട്ടുകളിക്കാരായിരുന്നതിനാൽ അതിനും അദ്ദേഹത്തിനവിടെ ഒട്ടും ബുദ്ധിമുട്ടുണ്ടായില്ല. ക്ഷേത്രത്തിലെ ജോലി കഴിഞ്ഞാൽ പിന്നെ മിക്ക സമയത്തും കളി തന്നെയായിരുന്നു. കളിക്കാൻ കൂട്ടുകാർ ശാന്തിക്കാരും കളിസ്ഥലം ശാന്തിക്കാരുടെ മഠവുമായിരുന്നതിനാൽ വളരെ സൗകര്യമുണ്ടായി. കളിക്കാരെയും കളിസ്ഥലവുമന്വേഷിച്ചു ദൂരെയെങ്ങും പോകേണ്ടല്ലോ.

ഇങ്ങനെയിരുന്ന കാലത്ത് ഒരു ദിവസം രാത്രിയിൽ ക്ഷേത്രത്തിലെ ജോലികളും അത്താഴവും കഴിഞ്ഞു കളിക്കാരെല്ലാവരും ശാന്തിക്കാരുടെ മഠത്തിൽകൂടി മുറയ്ക്കു ചീട്ടുകളി തുടങ്ങി. കുറച്ചു കഴിഞ്ഞപ്പോൾ അതികഠിനമായ കാറ്റും മഴയുമാരംഭിച്ചു. കാറ്റിന്റെ ശക്തികൊണ്ട് വിളക്കു കെട്ടുപോകുമെന്നു തോന്നുകയാൽ വാതിലടച്ചു മുറിക്കകത്തിരുന്നാണ് കളിച്ചത്. അക്കാലത്തു നിലവിളക്ക്, മാടമ്പിവിളക്ക് മുതലായവയല്ലാതെ ചിമ്മിനിയുള്ള വിളക്കുകളധികമുണ്ടായിരുന്നില്ലല്ലോ.

പുല്ലങ്കോട്ടു മകൻനമ്പൂരിക്ക് വെറ്റിലമുറുക്കു കലശലായിട്ടുണ്ടായിരുന്നതിനാൽ അദ്ദേഹം മുറുക്കിക്കൊണ്ടാണ് കളിച്ചിരുന്നത്. കുറച്ചു കഴിഞ്ഞപ്പോൾ അദ്ദേഹത്തിനു തുപ്പാൻ വൈകി. വാതിൽ തുറന്നാൽ വിളക്ക് കെട്ടുപോയെങ്കിലോ എന്നു വിചാരിച്ച് അദ്ദേഹം വളരെ നേരം തുപ്പാതെ കഴിച്ചുകൂട്ടി. അങ്ങനെ കുറെ കഴിഞ്ഞപ്പോൾ തുപ്പൽ വായ്ക്കകത്തു നിറയുകയാൽ തുപ്പാതെയിരിക്കാൻ നിവൃത്തിയില്ലാതെയായി. അപ്പോഴേക്കും കാറ്റും മഴയും സ്വല്പം ശമിക്കുകയും ചെയ്തു. ഉടനെ നമ്പൂരി പെട്ടെന്നു വാതിൽ തുറന്ന് അകത്തുനിന്നുകൊണ്ട് മുറ്റത്തേക്ക് നീട്ടിയൊരു തുപ്പു വെച്ചുകൊടുത്തു. അതു കഴിഞ്ഞപ്പോൾ ആ മുറ്റത്തുനിന്ന് “ആരാണത്? ഉണ്ണിയല്ലേ?” എന്നൊരു ചോദ്യം കേട്ടു. മുറ്റത്തു വലിയ ഇരുട്ടായിരുന്നതിനാൽ ഒന്നും കാണാൻവയ്യായിരുന്നു. എങ്കിലും ശബ്ദം കേട്ടപ്പോൾ സംശയം തോന്നുകയാൽ മകൻനമ്പൂരി പെട്ടെന്നു വിളക്കെടുത്തു കൊണ്ടുചെന്നു നോക്കിയപ്പോൾ അദ്ദേഹം സംശയിച്ചതുപോലെ തന്നെ മുറ്റത്തു നിന്നിരുന്നത് അച്ഛൻ നമ്പൂരി തന്നെയായിരുന്നു. മകന്റെ തുപ്പലിൽ അച്ഛന്റെ ദേഹം മുഴുവനും മുഴുകിയിരുന്നു.

അച്ഛൻനമ്പൂരി മകനെ അന്വേഷിച്ചു പല സ്ഥലങ്ങളിൽ സഞ്ചരിച്ച് ഒടുവിൽ ഈ ദിക്കിൽ വന്നു ചേർന്നപ്പോൾ ഈ മഠത്തിൽ കാണുമെന്ന് ആരോ പറഞ്ഞറിയുകയാൽ ഇങ്ങോട്ടു പുറപ്പെട്ടു. അപ്പോൾ കാറ്റും മഴയും ഇരുട്ടും വരികയാൽ നനഞ്ഞൊലിച്ചും കിടുകിടാ വിറച്ചും തപ്പിത്തടഞ്ഞും ഒരുവിധത്തിൽ ആ മുറ്റത്തു വന്നു ചേർന്ന സമയത്തായിരുന്നു മകൻ നീട്ടിപ്പിടിച്ചു തുപ്പിയത്. തുപ്പൽ വായ്ക്കകത്തു നിറച്ചുണ്ടായിരുന്നതിനാൽ അച്ഛൻ നമ്പൂരിയുടെ ദേഹം മുഴുവനും തുപ്പലിൽ കുളിച്ചതുപോലെ ആയിത്തീർന്നു. അതു കണ്ട് മകൻ സാമാന്യത്തിലധികം വിഷണ്ണനായിത്തീർന്നു. അദ്ദേഹം ക്ഷണത്തിൽ പോയി വെള്ളം കോരിക്കൊണ്ടുവന്ന് അച്ഛനെ കുളിപ്പിച്ചു തുവർത്തിച്ച് ഈറൻമാറ്റിച്ചതിന്റെ ശേഷം “എന്റെ സമസ്താപരാധങ്ങളും അച്ഛൻസദയം ക്ഷമിച്ച് എന്നെ അനുഗ്രഹിക്കണം” എന്നു സഗദ്ഗദം പറഞ്ഞു പാദത്തിൽ വീണു നമസ്കരിച്ചു. വയോ വൃദ്ധനായ അച്ഛൻ നമ്പൂരി കരഞ്ഞുകൊണ്ട് മകനെ പിടിച്ചെഴുന്നേല്പിച്ചു മാറിലണച്ചു ഗാഢാശ്ലേഷം ചെയ്തിട്ട്, “എന്റെ ഉണ്ണി എന്തു ചെയ്താലും എന്റെ പോന്നോമനക്കുട്ടനോട് എനിക്ക് ഒരിക്കലും വിരോധം തോന്നുകയില്ല. എന്റെ തങ്കക്കുട്ടന് ഇനിയെങ്കിലും ഈശ്വരൻ നല്ലതു തോന്നിക്കട്ടെ” എന്നു പറഞ്ഞു തലയിൽ തൊട്ടനുഗ്രഹിച്ചു.

വാർദ്ധക്യം കൊണ്ടും വഴിനടപ്പു കൊണ്ടും വളരെ ക്ഷീണിച്ചിരുന്ന അച്ഛൻ നമ്പൂരിക്കു മകൻ നമ്പൂരി ശയനോപകരണങ്ങൾ കൊടുത്തു വേഗത്തിൽ കിടത്തുകയും അച്ഛൻ നമ്പൂരി കിടന്നിട്ടു ക്ഷണത്തിൽ ഉറങ്ങിത്തുടങ്ങുകയും ചെയ്തു. പിന്നെ മകൻ നമ്പൂരിയും പോയി കിടന്നു. എങ്കിലും അദ്ദേഹത്തിനു മനോവിചാരങ്ങൾ കൊണ്ട് ഉറക്കം വന്നില്ല. അച്ഛൻ അനേകം സത്കർമ്മങ്ങൾ ചെയ്തതിന്റെ ഫലമായിട്ടാണ് താനുണ്ടായതെന്നും അച്ഛനു തന്നെക്കുറിച്ച് അളവറ്റ വാത്സല്യമുണ്ടെന്നും അദ്ദേഹത്തിനറിയാമായിരുന്നു. നടക്കാൻ വയ്യാതെയായിരിക്കുന്ന ഈ വാർദ്ധക്യകാലത്തു തന്നെ അന്വേഷിച്ച് അനേക ദിവസത്തെ വഴി നടന്നു വന്ന അച്ഛന്റെ സ്നേഹാധിക്യത്തെക്കുറിച്ചും അദ്ദേഹം വിചാരിച്ചു. ഇപ്രകാരം ശ്രദ്ധാത്മാവായിരിക്കുന്ന അച്ഛന്റെ മുഖത്തു മനപൂർവ്വമായിട്ടല്ലെങ്കിലും തുപ്പാനിടയായതിനെക്കുറിച്ചുള്ള വിഷാദവും അദ്ദേഹത്തിനു സാമാന്യമായിട്ടുണ്ടായി. ഉത്തമ ബ്രാഹ്മണകുലത്തിൽ ജനിച്ച താൻ ബ്രാഹ്മണവൃത്തിയെ വിട്ട് കേവലം നീചനെപ്പോലെ ചൂതുകളിയിൽ ഭ്രമിച്ചു നടന്നു പോയതിനെക്കുറിച്ചുള്ള പശ്ചാത്താപവും അദ്ദേഹത്തിനു സാമാന്യത്തിലധികമുണ്ടായി. ഇവയെല്ലാം കൊണ്ടുമാണ് അദ്ദേഹത്തിന് ഉറക്കം വരാഞ്ഞത്. കഴിഞ്ഞുപോയ ജീവിതകാലം മുഴുവനും നിഷ്ഫലമായിപ്പോയതിനാൽ ആയുശ്ശേഷത്തെ ഈശ്വരസേവ കൊണ്ടു തന്നെ നയിക്കണമെന്ന് അദ്ദേഹം തീർച്ചയാക്കുകയും ചെയ്തു. അപ്പോഴേക്കും നേരം ഏഴര നാഴിക വെളുപ്പായതിനാൽ അദ്ദേഹമെണീറ്റു കുളിക്കാൻപോയി. കുളിയും നിത്യകർമ്മാനുഷ്ഠനവും കഴിച്ച് അദ്ദേഹം ക്ഷേത്രത്തിൽപ്പോയി ദിവ്യമന്ത്രങ്ങൾ ജപിച്ച് ഈശ്വരനെ സേവിച്ചുകൊണ്ടിരുന്നു. നേരം വെളുത്തതിന്റെ ശേഷം അച്ഛൻ നമ്പൂരിയും കുളിച്ച് നിത്യകർമ്മാദികൾ കഴിച്ചു ക്ഷേത്രത്തിൽ ചെന്നപ്പോൾ മകൻ ഈശ്വരനെ സേവിച്ചുകൊണ്ടിരിക്കുന്നത് കണ്ടു വളരെ സന്തോഷിച്ചു.

ക്ഷേത്രത്തിൽ ഉച്ചപൂജ കഴിച്ചതിന്റെ ശേഷം ശാന്തിക്കാരുടെ കൂട്ടത്തിൽ അച്ഛനും മകനും ഊണു കഴിച്ചു. പിന്നെ അച്ഛൻ നമ്പൂരി മകനെ വിളിച്ച് “ഉണ്ണീ! നമുക്കിനി വടക്കോട്ടു പോവുകയല്ലേ? നിന്റെ അമ്മ നിന്നെക്കാണാഞ്ഞിട്ടു വളരെ വ്യസനിക്കുന്നുണ്ട്” എന്നു പറഞ്ഞു. അപ്പോൾ മകൻ, “ഞാനിവിടെ ഇന്നു മുതൽ ഒരു സംവത്സര ഭജനം നടത്തണമെന്നു നിശ്ചയിച്ചിരിക്കുകയാണ്. അതു കഴിയാതെ ഇങ്ങോട്ടും പോകാൻ നിവൃത്തിയില്ല” എന്നു പറഞ്ഞു.

**അച്ഛൻ നമ്പൂരി:** ഈശ്വരനെ സേവിക്കുന്നതു നല്ലതു തന്നെ. നിന്റെ അമ്മയുടെ കഥ വിചാരിച്ചിട്ടാണ് ഞാൻ പറഞ്ഞത്. നീ ഇങ്ങനെ തീർച്ചപ്പെടുത്തിയിരിക്കുകയാണെങ്കിൽ ഒരു കൊല്ലം ഞാനുമിവിടെ താമസിക്കാം. നമുക്കൊരുമിച്ചുതന്നെ വേണം വടക്കോട്ടു പോകാൻ.

**മകൻ നമ്പൂരി:** അച്ഛൻ ഇക്കാര്യത്തിൽ നിർബന്ധം പിടിക്കരുത്. എന്റെ നിശ്ചയത്തെ ഭേദപ്പെടുത്താൻ നിവൃത്തിയില്ല. ഒരു കൊല്ലം മുഴുവനും അച്ഛനിവിടെ താമസിച്ചു ബുദ്ധിമുട്ടുന്നതിനെന്താണ്? അച്ഛനെയും കാണാതെയിരുന്നാൽ അമ്മയ്ക്കു വ്യസനമധികമാവുമല്ലോ. അതിനേക്കാൾ നല്ലത്, അച്ഛൻ ചെന്ന് എന്നെക്കണ്ടുവെന്നും സംവത്സര ഭജനം കഴിഞ്ഞാലങ്ങോട്ടു ചെല്ലുമെന്നും മറ്റും പറഞ്ഞ് അമ്മയെ സമാധാനപ്പെടുത്തുകയല്ലയോ? അച്ഛൻ ഉടനെ വടക്കോട്ടു പോവുകയാണ് നല്ലത്. ഇനിയും ഞാൻ യഥാപൂർവ്വം നീചവൃത്തി കൈക്കൊണ്ടേക്കുമെന്ന് അച്ഛൻ സംശയിക്കേണ്ട. എന്റെ മനസ്സ് ഈശ്വരസേവയിങ്കൽ ഉറച്ചുപോയി. അത് ഒരിക്കലും ഇളകുന്നതല്ല.

ഇങ്ങനെയൊക്കെപ്പറഞ്ഞു സമ്മതിപ്പിച്ച് അച്ഛനെ ഇല്ലത്തേക്ക് മടക്കി അയച്ചിട്ടു മകൻനമ്പൂരി ഭഗവാനെ സേവിച്ചുകൊണ്ടു ശുചീന്ദ്രത്തുതന്നെ താമസിച്ചു. ഒരുനേരം മാത്രം ഉണ്ടുകൊണ്ടാണ് അദ്ദേഹം ഭജനമാരംഭിച്ചത്. ആറു മാസം കഴിഞ്ഞപ്പോൾ അതും വേണ്ടെന്നുവെച്ചു. നാഴി പാലും രണ്ടോ മൂന്നോ പഴവും മാത്രം ഒരുനേരം കഴിച്ചുകൊണ്ടാണ് പിന്നെ ഭജിച്ചത്.

ഇങ്ങനെ ശുചീന്ദ്രത്ത് ഒരു സംവത്സരത്തെ ഭജനം നിർവ്വഹിച്ചതിന്റെ ശേഷം മകൻനമ്പൂരി തിരുവനന്തപുരത്തേക്ക് പോയി. അവിടെച്ചെന്നു പത്മനാഭസ്വാമി ക്ഷേത്രത്തിൽ ഭജനം തുടങ്ങി. അതു മൗനവ്രതത്തോടുകൂടിയായിരുന്നു. അന്നും ഭക്ഷണം പ്രതിദിനം മദ്ധ്യാഹ്നമാകുമ്പോൾ മാധ്യന്ദിനകർമ്മം കഴിച്ചതിന്റെ ശേഷം നാഴി പാലും രണ്ടോ മൂന്നോ കദളിപ്പഴവും മാത്രമായിരുന്നു. അത് തന്നെ വല്ലവരും കൊണ്ടു ചെന്നു കൊടുത്താൽ കഴിക്കുമെന്നല്ലാതെ വേണമെന്നു നിർബന്ധമില്ലായിരുന്നു.

സ്വാമിയാരുടെ പെട്ടിയിലിരുന്ന പണം തട്ടിയെടുത്തു കൊണ്ടു പോയി പാശി കളിച്ചു കളഞ്ഞു എന്നു കേട്ടപ്പോൾ പെട്ടെന്നുണ്ടായ കോപം നിമിത്തം ആ നമ്പൂതിരിക്ക് അഗ്രശാലയിൽ ചോറ് കൊടുക്കരുതെന്നു കല്പിച്ചു ചട്ടം കെട്ടിയെങ്കിലും പിന്നീട് തിരുമനസ്സിലേക്ക് അതിനെക്കുറിച്ച് പശ്ചാത്താപമുണ്ടായി. ഒരു ബ്രാഹ്മണകുലത്തിൽ ജനിച്ചയാൾ എങ്ങനെയിരുന്നാലും അദ്ദേഹത്തിനു ചോറ് കൊടുക്കരുതെന്നു താൻ വിരോധിച്ചത് വലിയ സാഹസവും കഷ്ടവുമായിപ്പോയി എന്നാണ് പിന്നീട് തിരുമനസ്സിൽ തോന്നിയത്. അദ്ദേഹത്തെ വരുത്തി മനസ്താപം തീർത്തു സന്തോഷിപ്പിക്കണമെന്നും തിരുമനസ്സിൽ വിചാരിച്ചു. കാര്യാന്തരങ്ങൾകൊണ്ട് അത് സാധിച്ചില്ലെന്നു മാത്രമേ ഉള്ളൂ. അങ്ങനെ ഇരുന്നപ്പോഴാണ് ആ നമ്പൂതിരി സന്യാസവൃത്തി സ്വീകരിച്ചുകൊണ്ട് തിരുവനന്തപുരത്തുവന്നു പത്മനാഭസ്വാമിക്ഷേത്രത്തിൽ ഭജനം തുടങ്ങിയിരിക്കുന്നു എന്നു തിരുമനസ്സിലേക്ക് അറിവുകിട്ടിയത്.

അടുത്ത ദിവസം കൊവിലെഴുന്നള്ളത്തു സമയത്ത് അദ്ദേഹം ഒറ്റക്കല്ലുമണ്ഡപത്തിൽ കണ്ണുമടച്ചിരുന്നു ജപിക്കുന്നതു കല്പിച്ചു കാണുകയും ചെയ്തു. താപസ വേഷത്തെ ധരിച്ചും ബ്രഹ്മതേജസ്സിൽ മുഴുകിയുമിരുന്ന അദ്ദേഹത്തെ കണ്ടിട്ടു തിരുമനസ്സിലേക്ക് അസാമാന്യമായ ഭക്തിയും ബഹുമാനവും തോന്നി. തിരുമനസ്സുകൊണ്ട് അദ്ദേഹത്തെ സൂക്ഷിച്ചു നോക്കിക്കൊണ്ട് കുറച്ചു നേരം അവിടെ എഴുന്നള്ളി നിന്നു. അതിനിടയ്ക്കു നമ്പൂതിരി കണ്ണുതുറക്കുകയും തിരുമേനിയെ കാണുകയും സ്വല്പമായി മന്ദസ്മിതം ചൊരിയുകയും ചെയ്തു. ഉടനെ തിരുമനസ്സുകൊണ്ട് മന്ദഹാസത്തോടുകൂടി “അവിടേക്കു വല്ലതും ആവശ്യമുണ്ടെങ്കിൽ പറയണം. എന്നാൽ കഴിയുന്നതൊക്കെ ചെയ്‌വാൻ ഞാൻ സന്നദ്ധനാണ്” എന്നു കല്പിച്ചു. അപ്പോൾ നമ്പൂതിരി, “എനിക്ക് ആവശ്യമായിട്ടുള്ളത് ഈശ്വരനെ കാണുകയാണ്. വേറെ യാതൊന്നും എനിക്കാവശ്യമില്ല” എന്നു നിലത്തെഴുതിക്കാണിച്ചു. അതു കണ്ടിട്ട് തിരുമനസ്സുകൊണ്ട് “അതിനു ഞാനൊന്നും ചെയ്യേണ്ടതായിട്ടില്ലല്ലോ” എന്നു കല്പിച്ചിട്ടു കൊട്ടാരത്തിലേക്കെഴുന്നള്ളി. നമ്പൂരിക്കു പതിവായി നാഴി പാലും മൂന്നു കദളിപ്പഴവും മാത്രമേ ആഹാരമുള്ളൂ എന്നറിയുകയാൽ പതിവായി മദ്ധ്യാഹ്നമാകുമ്പോൾ അത്രയും പാലും പഴവും ഒറ്റക്കല്ലു മണ്ഡപത്തിൽ കൊണ്ടുചെന്നു വെച്ചുകൊടുക്കുന്നതിന് കല്പിച്ചു ചട്ടം കെട്ടുകയും ഒരു ബ്രാഹ്മണൻ പതിവായി അതു കൊണ്ടുചെന്നു കൊടുക്കുകയും നമ്പൂരി അതെടുത്തു കഴിക്കുകയും ചെയ്തു കൊണ്ടിരുന്നു. നമ്പൂരി ഇപ്രകാരം പത്മനാഭസ്വാമിയെസ്സേവിച്ചുകൊണ്ടിരുന്ന കാലത്ത് ക്ഷേത്രത്തിൽ സ്വാമിദർശനത്തിനായി ചെല്ലുന്നവർ യഥാശക്തി ഒന്നും രണ്ടും നാലും അതിലധികവും പണം വീതം നമ്പൂരിയുടെ മുമ്പിലും വെച്ചു വന്ദിച്ചിരുന്നു. നമ്പൂരി ആ പണമെല്ലാമെടുത്തു ശേഖരിച്ചു വെച്ചു സ്വാമിയാർ പതിവായി പത്മനാഭസ്വാമിക്കു പുഷ്പാഞ്ജലി കഴിക്കാനായി ക്ഷേത്രത്തിൽച്ചെല്ലുമ്പോൾ അതെടുത്തുകൊണ്ടു പൊയ്ക്കൊള്ളുവാൻ കൈകൊണ്ടു ആംഗ്യം കാണിക്കുകയും സ്വാമിയാർ എടുത്തുകൊണ്ടു പോകുകയും പതിവായി. അങ്ങനെ സ്വാമിയാർക്കു മുമ്പു കാണാതെപോയ സംഖ്യ കഴിഞ്ഞു പത്തിരട്ടി അധികമായിട്ടും നമ്പൂരി ആ പതിവിനെ ഭേദപ്പെടുത്തിയില്ല. നമ്പൂരിക്കു പതിവായി വളരെ പണം കിട്ടുകയും കിട്ടുന്നതെല്ലാം സ്വാമിയാർക്കു കൊടുക്കുകയും ചെയ്തു കൊണ്ടിരുന്നു. അങ്ങനെ ഒരു സംവത്സരം കഴിഞ്ഞപ്പോൾ നമ്പൂരി ഭജനവും മൗനവ്രതവും മതിയാക്കീട്ടു സ്വാമിയാരുമഠത്തിൽച്ചെന്നു സ്വാമിയാരെ കണ്ടു നമസ്കരിച്ചിട്ട് സന്യാസം കൊടുക്കണമെന്നപേക്ഷിച്ചു. അപ്പോൾ സ്വാമിയാർ “അങ്ങേക്കു സന്യാസം തരുവാൻ തക്കവണ്ണം യോഗ്യത എനിക്കില്ല. തപശ്ശക്തി കൊണ്ടും ഈശ്വരഭക്തി കൊണ്ടും അങ്ങ് എന്നെ അതിശയിച്ചിരിക്കുന്നു. അതിനാൽ ഇക്കാര്യം എന്നെക്കാൾ യോഗ്യതയുള്ളവരുടെ അടുക്കൽ അപേക്ഷിക്കേണ്ടതാണ്” എന്നു പറഞ്ഞു. ഉടനെ നമ്പൂരി “അവിടുന്ന് ഇങ്ങനെ അരുളിച്ചെയ്യുന്നത് സങ്കടമാണ്. അവിടുത്തേ ഞാൻ എന്റെ ശ്രീഗുരുക്കളായി മനസ്സുകൊണ്ടു സ്വീകരിച്ചു കഴിഞ്ഞിരിക്കുന്നു. ഇനി ഞാൻ ഇക്കാര്യത്തിനായി മറ്റൊരാളുടെ അടുക്കൽ അപേക്ഷിക്കണമെന്നു വിചാരിക്കുന്നില്ല” എന്നു പറഞ്ഞു നിർബന്ധപൂർവ്വം മുട്ടിക്കൂടുകയാൽ ഒടുക്കം സ്വാമിയാർ സമ്മതിച്ചു നമ്പൂരിക്കു യഥാവിധി സന്യാസം കൊടുത്തു. അപ്പോൾ മുതൽ അദ്ദേഹത്തിനു “പുല്ലങ്കോട്ടു മകൻ നമ്പൂരി ” എന്നുണ്ടായിരുന്ന പേരു പോയി “പുല്ലങ്കോട്ടു സ്വാമിയാർ” എന്ന നാമം സിദ്ധിച്ചു.

അനന്തരം പുല്ലങ്കോട്ടു സ്വാമിയാർ തന്റെ ശ്രീഗുരുക്കളായി പുഷ്പാഞ്ജലി സ്വാമിയാരെ വന്ദിച്ച് അനുവാദം വാങ്ങിക്കൊണ്ടു അവിടെ നിന്നു പോയി. പൂർവ്വാശ്രമമായ പുല്ലങ്കോട്ടില്ലത്തെത്തി മാതാപിതാക്കന്മാരെ കണ്ടു താൻ സന്യസിച്ചിരിക്കുന്നുവെന്നും ഗംഗാസ്നാനത്തിനു പോവുകയാണെന്നുമുള്ള വിവരം അറിയിച്ചു. അപ്പോൾ അച്ഛൻ നമ്പൂരി “ഇനി ഞങ്ങളിവിടെ താമസിക്കുന്നതെന്തിനാണ്? കുടുംബം നാമാവശേഷമാകുക എന്നുള്ളത് ഇപ്പോൾത്തന്നെ കഴിഞ്ഞിരിക്കുന്നു. ഞങ്ങൾ ഇവിടെക്കിടന്നു മരിച്ചാൽ ശേഷക്രിയ ചെയ്‌വാനും ആരുമില്ലല്ലോ. അതിനാൽ ഞങ്ങളും ഗംഗാസ്നാനത്തിനു തന്നെ പോരികയാണ്” എന്നു പറയുകയും സ്വാമിയാർ അതു പൂർണ്ണമായി സമ്മതിക്കുകയും ചെയ്തു.

അവർ മൂന്നുപേരും കൂടി സ്വദേശത്തു നിന്നു പുറപ്പെട്ടു യഥാക്രമം കാശിയിലെത്തി. മുറയ്ക്കു ഗംഗാസ്നാനവും വിശ്വനാഥദർശനവും നടത്തിക്കൊണ്ടു സസുഖം അവിടെ താമസിച്ചു. അങ്ങനെ കുറച്ചുകാലം കഴിഞ്ഞപ്പോൾ അച്ഛൻ നമ്പൂരിയും തദനന്തരം അദ്ദേഹത്തിന്റെ ധർമ്മപത്നിയും കാലധർമ്മത്തെ പ്രാപിക്കുകയും അവരുടെ മൃതശരീരം സ്വാമിയാർ ചില ബ്രാഹ്മണരെക്കൊണ്ടെടുപ്പിച്ചു ഗംഗയിലിടുവിക്കുകയും ചെയ്തു. പിന്നെ യഥാകാലം സ്വാമിയാരും സ്വർഗ്ഗാരോഹണം ചെയ്തു. പുല്ലങ്കോട്ട് അച്ഛൻ നമ്പൂരി തന്റെ സഹധർമ്മചാരിണി ഗർഭം ധരിച്ചിരുന്ന കാലത്തു വെണ്ണ മുതലായവ ജപിച്ചും പലരെക്കൊണ്ടു ജപിപ്പിച്ചും കൊടുത്തതുകൊണ്ടാണല്ലോ ഒടുക്കം അദ്ദേഹത്തിന്റെ പുത്രൻ സദ്വൃത്തനും സന്യാസിയുമായിത്തീർന്നത്. അതിനാൽ ദിവ്യമന്ത്രങ്ങളുടെ ശക്തി എപ്പോഴെങ്കിലും ഫലിക്കുമെന്നുതന്നെ വിശ്വസിക്കാം.

Please write to ⟨info@sayahna.org⟩ to file bugs/problem reports, feature requests and to get involved.
Sayahna Foundation • JWRA 34, Jagathy • Trivandrum 695014 • INDIA